Date of Publication: 9 ഏപ്രിൽ 2020
വോള്യം 18/ലക്കം 7 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത




# പൗരത്വം




# സംഘടിത

സംഘടിത/ ഏപ്രിൽ 2020/വോള്യം 18/ലക്കം 7

കവർ ചിത്രം: ഇൻർനെറ്റ്


ഹിന്ദു/വ്യക്തിയുടെ നിർമ്മാണം സുപ്രീം കോടതിയുടെ ചില പുരോഗമന വിധി ന്യായങ്ങൾ 6
**മൈത്രി പ്രസാദ് – ഏലിയാമ്മ**

ലിംഗാധിഷ്ഠിത പൗരത്വവും ഭരണമനോഭാവവും 9
**നോയൽ മറിയം ജോർജ്ജ്**

പൗരത്വ സമരങ്ങളിലെ മുസ്‌ലിം സ്ത്രീസാന്നിധ്യങ്ങൾ 14
**ഗസാല ജമീൽ**

സുദൃഢബന്ധങ്ങൾക്കായി 16
വാസ്തവം/**ഡോ. ജാൻസി ജോസ്**

പൗരത്വവും അപരവൽക്കരണവും – ക്വീയർ ജീവിത യാഥാർത്ഥ്യങ്ങൾ 17
**പ്രിജിത്ത് പി.കെ.**

ദലിത്ബഹുജൻ സ്ത്രീകളും പൗരത്വ നിയമവും 22
**കാർമൽ ക്രിസ്റ്റി കെ.ജെ.**

പൗരത്വ നിഷേധ സമരത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ 25
**ബിന്ദു ലക്ഷ്മി പി.**

പൗരത്വവും ലിംഗനീതിയും 27
**സിന്ധു മരിയ നെപ്പോളിയൻ**

ഹിന്ദുത്വ കാലത്തെ ലിംഗഭേദ രാഷ്ട്രീയത്തെക്കുറിച്ചുള്ള ആലോചനകൾ 29
**സിമി സലീം**

ബഹുജൻ സ്ത്രീകളും 'പൊതു' രൂപീകരണവും 37
**ഷൈമ പി.**

ഇന്ത്യൻ ദേശീയതയിലെ മാതൃബിംബങ്ങളും ഷഹീൻ ബാഗ് എന്ന പ്രതിരോധവും 41
**ബാസിമ മുഹമ്മദ്**

"മർദ്ദിതരന്നീ നാടു ഭരിക്കും, ദൈവത്തിന്റെ നാടു പിറക്കും അത്യുച്ചത്തിൽ നമ്മൾ വിളിക്കും, ഞാനാണുടയോൻ, ഞാനാണുടയോൻ!" 45
**ഗാർഗി ഹരിതകം**

പൗരത്വവും കശ്മീരിസ്ത്രീകളും 47
**ആയിഷ നൗറിൻ**

പൗരത്വ സമരം: ഷഹീൻ ബാഗിലെ സ്ത്രീ മുന്നേറ്റം 50
**ആദില ടി.**

പൗരത്വ സമരങ്ങളിലെ മുസ്‌ലിംസ്ത്രീ: ചരിത്രവും വർത്തമാനവും 55
**ഫൗസിയ ഷംസ്**

പൗരത്വ പ്രക്ഷോഭവും മുസ്‌ലിംസ്ത്രീ ആക്ടിവിസവും 58
**ലദീദ ഫർസാന/അസ്മ മൻഹാം**

രാജ്യത്തെ തൊട്ടിലാട്ടുന്നവർ 61
കവിത/**ബഹിയ**

വിഷാദരോഗവും ഞാനും 62
വഴിത്താരകൾ/**ജാനകി**

ഫാബിയോള ജനോട്ടി കണഭൗതികത്തിലെ വിസ്മയ വനിത ശാസ്ത്രം/**സീമാ ശ്രീലയം** 64




ഫോട്ടോ ഫീച്ചർ : **'പൗരത്വനിയമം, വല്ലാത്ത പഹയത്തരം"** **മർവ റംല ഖാദർ**


**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** ഉമ്മുൽ ഫായിസ **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

**കോ**വിഡ് മഹാമാരിക്ക് മുന്നിൽ സ്തംഭിച്ചു പോയ പലതിനോടുമൊപ്പം സംഘടിതയുടെ പ്രസിദ്ധീകരണവും നിലച്ചു പോയി. ഏപ്രിൽ ലക്കം തയ്യാറായി വന്നെങ്കിലും മുന്നോട്ട് പോവാൻ കഴിഞ്ഞില്ല. പക്ഷേ പിൻവാങ്ങലുകളിൽ നിന്ന് പൂർവ്വസ്ഥിതി പ്രാപിച്ച് മുന്നോട്ട് പോവാനുള്ള കഴിവാണ് ഏതൊരു രാഷ്ട്രീയപ്രവർത്തനത്തിന്റെയും ശക്തിയെങ്കിൽ അത്തരമൊരു ഊർജ്ജത്തിലേക്ക് ഉയരാൻ ശ്രമിക്കുകയാണ് സംഘടിത. വൈകിയാണെങ്കിലും ഈ പതിപ്പ് പുറത്തിറക്കുവാനാണ് ഇവിടെ ശ്രമം.

ഈ വർഷം ആരംഭിച്ചതു തന്നെ കഴിഞ്ഞ വർഷത്തെ സമരങ്ങളുടെ തുടർച്ചകളുമായാണ്. ദേശം, ദേശീയത, പൗരത്വം തുടങ്ങിയ സങ്കല്പനങ്ങൾ നിലനിൽപ്പിനായി നടന്ന തീവ്രസമരങ്ങളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മവിശകലനങ്ങൾക്ക് വിധേയമാവുകയുണ്ടായി. ആധുനികതയുടെ വരവോടെ യൂറോപ്പിൽ ഉടൽകൊണ്ട ദേശരാഷ്ട്രങ്ങൾ സാമ്രാജ്യത്വ അധികാരവാഴ്ചകൾക്കെതിരായ ബദലുകൾ ആയാണ് രൂപപ്പെട്ടത്. ഈ കാലഘട്ടത്തിന് ഏറ്റവും അനുയോജ്യമായ രാഷ്ട്രീയഘടനെയെന്ന നിലയിൽ അത് വാഴ്ത്തപ്പെട്ടുവെങ്കിലും ഈ ദേശരാഷ്ട്രം വിഭാവനം ചെയ്യപ്പെട്ടത് അനേകം വിളക്കിച്ചേർക്കലുകളോടും ഒഴിച്ചു നിർത്തലുകളോടും കൂടിയാണ്. ദേശവും ദേശീയ ബോധബോധ്യങ്ങളും തോറ്റിയെടുത്ത് ഏക സ്വഭാവമുള്ളൊരു 'ഭാവനാ സമൂഹം' നിർമ്മിച്ചെടുക്കുകയാണുണ്ടായത്. നാനാത്വത്തിൽ ഏകത്വം എന്ന മുദ്രാവാക്യം ഫലത്തിൽ വൈവിധ്യങ്ങൾ തമസ്ക്കരിക്കപ്പെടാനും ചില അധീശത്വസ്വഭാവമുള്ള സാംസ്ക്കാരികമാനദണ്ഡങ്ങളെ മാത്രം ആശ്രയിക്കുന്ന ദേശീയ മാതൃകകൾ സൃഷ്ടിക്കപ്പെടാനും കാരണമായി. ഒരു ജനതയ്ക്ക് മുഴുവൻ സമാനമായി തിരിഞ്ഞു നോക്കി ആശ്രയിക്കാനാകുന്ന ഒരു ഭൂതകാലവും പാരമ്പര്യവും ദേശീയബോധനിർമ്മിതിക്ക് അനിവാര്യമായ ചേരുവകളാണ്. അങ്ങനെ തമ്മിൽ പങ്കുചേരുന്ന ഭൂതത്തിലും വർത്തമാനത്തിലും ഭാവിയെക്കുറിച്ചുള്ള ആലോചനകളിലുമാണ് ദേശരാഷ്ട്രത്തിൽ ഒരു ജനത മുഴുവൻ ഉൾക്കൊള്ളിച്ചു നിർത്തപ്പെട്ടത്.

ഒരു രാഷ്ട്രത്തിൽ എല്ലാവർക്കും ഒരുപോലെ കൈയാളാൻ സാധിക്കുന്ന ജനാധിപത്യ അവകാശങ്ങളുടെ വാഗ്ദാനങ്ങൾ ജീവിതത്തിൽ അനുഭവപ്പെടുന്നേടത്താണ് പൗരത്വം എന്ന സങ്കല്പനത്തിന് പ്രസക്തിയുണ്ടാവുന്നത്. എന്നാൽ ഈ പൗരത്വാനുഭവം അത്യന്തം ദുർബലമായ ഒരു യാഥാർത്ഥ്യമായി ജനങ്ങൾക്ക് അനുഭവപ്പെടുമ്പോൾ നിലനില്പിനായുള്ള സമരങ്ങളിൽ അവർക്ക് അണിനിരക്കേണ്ടതായി വരുന്നു. തങ്ങൾ ജീവിച്ച, ജീവിക്കുന്ന മണ്ണിൽ തുടർന്നും സ്വസ്ഥമായ പൊറുതിയുണ്ടാവാൻ പൊരുതേണ്ടി വരുന്ന അവസ്ഥ. അരികുവൽക്കരിക്കപ്പെടുക എന്നാൽ പൗരത്വാവകാശം നിഷേധിക്കപ്പെടുക എന്നതു തന്നെയാണ്. ദലിത്, ആദിവാസി, സ്ത്രീ, സ്ത്രീപുരുഷമാനകരതിക്കുപുറത്തുള്ള ലിംഗലൈംഗികസ്വത്വങ്ങൾ, മുസ്ലീംങ്ങൾ, വടക്ക്കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ, കാശ്മീരികൾ – ഇങ്ങനെ പൗരത്വത്തെ ഏറ്റവും പിന്നോക്കാവസ്ഥയിൽ അനുഭവിക്കുന്നവർ പൗരത്വം എന്ന സങ്കല്പനത്തെ തന്നെ ചോദ്യമുനയിൽ നിർത്തുന്നു. ഈ രാജ്യത്ത് എല്ലാ പൗരരും ഒരുപോലെയോ ? വർഗ്ഗ, വർണ്ണ ,മത, ജാതി, ലിംഗസ്വത്വ, പ്രദേശ വ്യത്യാസങ്ങൾ പൗരത്വത്തിൽ അധികാരത്തിന്റെ ശ്രേണികളുണ്ടാക്കുന്നതെങ്ങനെ? ഭരണകൂട താൽപര്യങ്ങൾ, നയങ്ങൾ എങ്ങനെ ഈ അവസ്ഥകളെ രൂക്ഷമാക്കുന്നു?

കഴിഞ്ഞ കുറേ മാസങ്ങളായി പൗരത്വ രജിസ്റ്റർ ഉണ്ടാക്കിയും പൗരത്വ ഭേദഗതി നിയമം പാസ്സാക്കിയും ജനങ്ങളെ, പ്രത്യേകിച്ചും മുസ്ലീംങ്ങളെ, തെരുവിലിറക്കിയിരിക്കയാണ് കേന്ദ്ര സർക്കാർ. തുടർന്നു ഉയർന്നു വന്ന പ്രതിരോധങ്ങൾ സ്ത്രീകളുടേയും കുട്ടികളുടേയും നേതൃത്വത്തിലുള്ള ഉജ്ജ്വലമായ സമരമാതൃകകളാണ് തുറന്നു വെച്ചത്. അവ പൗരത്വ സങ്കല്പനങ്ങളെ മാത്രമല്ല, നിലനിൽക്കുന്ന ദേശീയതാരൂപങ്ങളെയും രാഷ്ട്രമാതൃകകളെയും സമരങ്ങളുടെ ലിംഗഭേദ വ്യാഖ്യാനങ്ങളെയും തിരുത്തിക്കുറിക്കുന്നതായിത്തീർന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ 'പൗരത്വം' എന്ന വിഷയം സൂക്ഷ്മവിശകലനത്തിന് വിധേയമാക്കുന്ന ഉമ്മുൽ ഫായിസ അതിഥിപത്രാധിപയായ ഏപ്രിൽ മാസം സംഘടിത വായനയ്ക്കായി സമർപ്പിക്കുന്നു.

■



**ഉമ്മുൽ ഫായിസ**
പി.എച്ച്.ഡി. ഗവേഷക
സെന്റർ ഫോർ പൊളിറ്റിക്കൽ സ്റ്റഡീസ്
ജെ.എൻ,യു.

# പൗരത്വവും ലിംഗഭേദവും

*"പൗരാവകാശം എന്നത് സ്വാതന്ത്ര്യത്തെക്കാളും നീതിയെക്കാളും മൗലികമായതാണ്".*

പൗരത്വത്തെയും അതിലൂടെ മാത്രം കൈവരുന്ന മൗലികാവകാശങ്ങളെയും കുറിച്ച് രാഷ്ട്രീയ തത്വചിന്തകയായ ഹന്നാ അരന്റിന്റെ നിരീക്ഷണമാണിത്. ആധുനിക ദേശരാഷ്ട്രങ്ങളുടെ രൂപീകരണത്തോടെ മനുഷ്യാവകാശവും പൗരാവകാശവും വേർതിരിക്കാനാകാത്ത വിധം ഒന്ന് മറ്റൊന്നിനു മേൽ ചേർന്നിരിക്കുന്നുവെന്നു അവർ വാദിക്കുന്നു. ആധുനിക ദേശരാഷ്ട്ര വ്യവസ്ഥ നിർണയിക്കുന്ന ലോകക്രമത്തിൽ പൗരത്വത്തിലൂടെ മാത്രമേ ഒരു വ്യക്തിയുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകപ്പെടുകയുള്ളൂ. അതായത് പൗരത്വം എന്നത് അവകാശങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമാണ് (right to have rights). അതിനാൽ രാഷ്ട്ര രാഹിത്യവും ദേശീയത പദവി നഷ്ടപ്പെടുകയും ചെയ്യുന്നത് എല്ലാ മനുഷ്യാവകാശങ്ങളും നഷ്ടപ്പെടുന്നതിനു സമാനമാണ്. രാഷ്ട്രരഹിതർക്ക് പൗരാവാകാശം മാത്രമല്ല, മനുഷ്യാവകാശം കൂടിയാണ് ഇല്ലാതാകുന്നത്. മാത്രമല്ല, മനുഷ്യ പദവിയുടെ നഷ്ടം അവരെ മൃഗതുല്യമായ അവസ്ഥയിലെത്തിക്കുകയും വംശീയ ഉന്മൂലനത്തിനു പ്രാപ്തമാക്കുകയും ചെയ്യുന്നു. പൗരത്വവും അവകാശങ്ങളുമായി ബന്ധപ്പെട്ട ഈ കാഴ്ചപ്പാട് സമകാലിക ഇന്ത്യൻ സാഹചര്യം വിശകലനം ചെയ്യുമ്പോൾ പ്രധാനമാണ്.

പൗരത്വ ഭേദഗതി നിയമം, ദേശീയ പൗരത്വ പട്ടിക, ദേശീയ ജനസംഖ്യ പട്ടിക, ട്രാൻസ്ജെൻഡർ അവകാശ നിയമം, ഇന്ത്യൻ ഭരണഘടനയിലെ മുന്നൂറ്റി എഴുപതാം വകുപ്പ് ഒഴിവാക്കൽ തുടങ്ങി മത-ലിംഗ- ലൈംഗിക ന്യൂനപക്ഷ വിരുദ്ധവും മനുഷ്യാവകാശ വിരുദ്ധവും ജാതീയവും വംശീയവുമായ നിയമനിർമ്മാണവും നടപടി ക്രമങ്ങളുമാണ് ഹിന്ദുത്വ ഭരണകൂടം ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പൗരത്വ നിഷേധത്തിലേക്കു നയിക്കുന്ന ഇത്തരം നടപടികൾ ഇന്ത്യയിലെ പാർശ്വവത്കൃതരായ സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ, മുസ്ലിംകൾ, ദലിത് - ബഹുജൻ ആദിവാസി സമൂഹങ്ങൾ, കാശ്മീരിലും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും ജീവിക്കുന്നവർ തുടങ്ങിയ ജന വിഭാഗങ്ങളുടെ നിലനില്പിനാണ് പ്രത്യക്ഷത്തിൽ തന്നെ ഭീഷണിയാകുന്നത്. പൗരാവകാശങ്ങൾക്കായി നിരന്തരം പോരാടുകയും പൗരത്വത്തെയും അവകാശങ്ങളെയും നിരന്തരം പുനർനിർണയിക്കുകയും ചെയ്യുന്ന ഈ വിഭാഗം ഒരേ സമയം ദേശരാഷ്ട്രത്തിനകത്തും പുറത്തും നിൽക്കുന്നവരാണ്. നേരത്തെ തന്നെ ആധുനിക ദേശരാഷ്ട്രത്തിന്റെ അതിർത്തിയിൽ ജീവിക്കുന്നവരാണിവർ. അതിനാൽ പൗരന്മാരായിരിക്കുമ്പോൾ തന്നെ ഏത് സമയവും രാഷ്ട്രരഹിതരാക്കി പുറന്തള്ളപ്പെടാൻ വിധിക്കപ്പെട്ടവരാണ് ഈ വിഭാഗങ്ങൾ. ഇത് പൂർണ്ണമായ പൗരാവകാശങ്ങൾ ഇല്ലാത്ത, വിവേചനം നേരിടുന്ന, ദേശ വിരുദ്ധരായി മുദ്രകുത്തപ്പെട്ട പൗരന്മാരിൽ നിന്നും അവകാശങ്ങളും മനുഷ്യപദവിയും തന്നെ നിഷേധിക്കപ്പെടുന്ന ഭീകരമായ വംശഹത്യയിലേക്കാണ് ഈ ജന വിഭാഗങ്ങളെ കൊണ്ടെത്തിക്കുന്നത്.

ഇങ്ങനെ സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ പാർശ്വവത്കൃതരായ ലിംഗ-ലൈംഗിക-മത-ജാതി ന്യൂനപക്ഷ വിഭാഗങ്ങൾ പൗരത്വവുമായി ബന്ധപ്പെട്ടു അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ലിംഗഭേദ വ്യവഹാരങ്ങളെ മുൻനിർത്തി അടയാളപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ പതിപ്പ്.

അതോടൊപ്പം തന്നെ പ്രധാനമാണ് ഈ ജന വിഭാഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ചെറുത്തുനിൽപ്പുകളെയും പ്രതിരോധങ്ങളെയും കുറിച്ചുള്ള ചർച്ചകൾ. മനുഷ്യത്വ വിരുദ്ധവും വംശീയവുമായ നിയമ-ഭരണകൂട നടപടികൾക്കെതിരെ ഇന്ത്യയിലെ പ്രമുഖ സർവകലാശാലകളിലും നഗരങ്ങളിലും ഗ്രാമങ്ങളിലും വ്യത്യസ്ത ലിംഗ-ലൈംഗിക-മത-ജാതി ന്യൂനപക്ഷങ്ങൾ ഐക്യദാർഢ്യപ്പെട്ടുകൊണ്ടും അല്ലാതെയും ഒക്കെ വ്യത്യസ്ത സമര മാതൃകകളിലൂടെ ചെറുത്തു നിൽപ്പുകൾ നടത്തിയിരുന്നു. ഇത് മുഖ്യധാരാ ആഖ്യാനങ്ങളെ പുനർനിർണയിക്കുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല.

അതിനാൽ പൗരത്വവും ലിംഗഭേദ വ്യവഹാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പ്രതിസന്ധികളും വെല്ലുവിളികളും വിശകലനം ചെയ്യുന്നതോടൊപ്പം തന്നെ അതുമായി ബന്ധപ്പെട്ട ഉയർന്നു വന്ന പ്രതിരോധങ്ങളും പോരാട്ടങ്ങളും പ്രതിഷേധങ്ങളും കൂടി ഈ ചർച്ചയുടെ ഭാഗമാണ്. ഇവിടെ രേഖപ്പെടുത്തിയതിനേക്കാൾ വളരെ വിപുലവും സങ്കീർണവുമാണ് പൗരത്വവും ലിംഗഭേദവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ എന്ന് കൂടി ഓർമ്മിപ്പിക്കട്ടെ. കൂടുതൽ ചർച്ചകൾക്കും വിശകലങ്ങൾക്കുമായി ഈ പതിപ്പ് വായനക്കാർ ഏറ്റു വാങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. ■



**മൈത്രി പ്രസാദ് - ഏലിയാമ്മ**
പോസ്റ്റ് ഡോക്ടറൽ ഫെല്ലോ
ഗ്രാജ്വേറ്റ് സെന്റർ
സിറ്റി യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്ക്

# ഹിന്ദു/വ്യക്തിയുടെ നിർമ്മാണം: സുപ്രീം കോടതിയുടെ ചില പുരോഗമന വിധിന്യായങ്ങൾ

പൗരത്വ നിയമത്തിന്റെ ഭേദഗതിയുടെയും അതിനെതിരെയുള്ള പ്രതിഷേധങ്ങളുടെയും പശ്ചാത്തലത്തിൽ ഇന്ത്യയിലെ പൗരത്വ സങ്കല്പവും അടുത്ത കാലത്തുണ്ടായ ചില 'പുരോഗമനപരമായ' സുപ്രീംകോടതി വിധികളും പരിശോധിക്കാനുള്ള ശ്രമം ആണ് ഈ കുറിപ്പ്. രണ്ടു കാര്യങ്ങളാണ് ഇതിൽ പറയാൻ ശ്രമിക്കുന്നത്. ഒന്ന്, പല വിഷയങ്ങളെ അഭിസംബോധന ചെയ്യുന്നതിലൂടെ ഈ കോടതി വിധികൾ ഉത്പാദിപ്പിയ്ക്കുന്ന വ്യക്തി എന്ന സംവർഗം ഉന്നം വെക്കുന്ന പൗരൻ ഹിന്ദു പുരുഷനും സ്ത്രീയുമാണ്. രണ്ടാമതായി, ഈ വിധികളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന ലിംഗപദവിയെക്കുറിച്ചുള്ള വ്യവഹാരം ഭൂരിപക്ഷ മതത്തിനെതിരെ, അതായത്, ഹിന്ദുയിസത്തിനെതിരെ നടന്ന രാഷ്ട്രീയ സാമൂഹ്യ പരിവർത്തനങ്ങൾക്കു ജൂറിഡിക്കൽ രൂപം നൽകി ആ മതത്തിനുള്ളിലെ വൈരുദ്ധ്യങ്ങളെ നിർവീര്യമാക്കാനുള്ള ശ്രമം ആണ്.

മൂന്നു വിധികളാണ് ഇതിനായി ഇവിടെ തിരഞ്ഞെടുക്കുന്നത്.

1) പ്രൈവസി വിധിന്യായം
2) സെക്ഷൻ 377 ന്റെ നീക്കം ചെയ്യൽ
3) ശബരിമലവിധിന്യായം.

ഈ വിധി ന്യായങ്ങളെല്ലാം തന്നെ ഹിന്ദു മതത്തിനു മുതലാളിത്ത വ്യവസ്ഥയുമായി ഉള്ള വൈരുദ്ധ്യങ്ങളെ പരിഹരിക്കാൻ ലക്ഷ്യം വച്ചുള്ളവയാണ്.

മുതലാളിത്തത്തിന്റെ യുക്തിയിൽ വ്യക്തിക്കും വ്യക്തി എന്ന ആശയത്തിനും ഉള്ള ചരിത്രപരമായ സ്ഥാനം ഹിന്ദുമതത്തിന്റെ obscurantism നു വിരുദ്ധമാണ്. ഈ കുറവ് പരിഹരിക്കുക എന്ന ദൗത്യമാണ് ഈ കോടതി വിധികൾക്കുള്ളത്. ആധുനികതയുമായി ഹിന്ദുയിസത്തിനുള്ള വൈരുദ്ധ്യങ്ങളെ, ജാതിവ്യവസ്ഥക്ക് പരിക്കേൽപ്പിക്കാതെ, അതിജീവിക്കാൻ പത്തൊൻപതാം നൂറ്റാണ്ടു മുതൽ ഹിന്ദു ഉപരിവർഗം (സവർണ, നാഗരിക, ലിബറൽ) നടത്തുന്ന ശ്രമങ്ങളുടെ തുടർച്ചയാണിവ. എന്നാൽ മുൻപ് നടന്ന ഇത്തരം ശ്രമങ്ങൾ സമുദായങ്ങളും അവയുടെ പ്രാതിനിധ്യവും പരിഷ്കരണവും ആയിരുന്നു അവയുടെ object ആയി സ്വീകരിച്ചിരുന്നത്; നിയമനിർമ്മാണവും ജനാധിപത്യ പ്രക്രിയയും ഒക്കെ ഇതിന്റെ മാധ്യമങ്ങളായി. പ്രാദേശികമായ, ജാതിവിരുദ്ധ, സമുദായ പരിഷ്കരണ ആവേഗങ്ങളെ ക്രമീകരിക്കുകയും ഭരണീയമാക്കുകയും (governable) ചെയ്യുക എന്നതായിരുന്നു ഈ ഉപരിവർഗം സ്വയം ഏറ്റെടുത്ത ധർമം. എന്നാൽ ഈ മണ്ഡലങ്ങളൊക്കെ ഹിന്ദുത്വത്തിന് വിധേയമായതോടു കൂടി പൂർണമായും അപ്രസക്തരായ ഈ ഹിന്ദു ഉപരിവർഗം ജൂറിഡിക്കൽ പ്രതലത്തിലേക്ക് ചുരുക്കപ്പെട്ടു. ആക്ടിവിസ്റ്റുകളും അക്കാഡമിക്കുകളും മെട്രോപൊളിറ്റൻ നഗരങ്ങളിലെ വക്കീലന്മാരും ജഡ്ജിമാരും അടങ്ങിയ ഈ വർഗം ഒന്നാം എൻ.ഡി.എ. സർക്കാരിന്റെ കാലയളവിൽ നേടിയെടുത്ത ഈ പുരോഗമന വിധിന്യായങ്ങൾ മൊത്തത്തിൽ ഹിന്ദുത്വം പ്രതിനിധാനം ചെയ്യുന്നു എന്ന് കരുതപ്പെടുന്ന regressive സാമൂഹ്യ പ്രവണതകളിൽ നിന്നുള്ള വ്യതിചലനമായിരുന്നു. എങ്കിലും പിൻവായനയിൽ ഈ വിധിന്യായങ്ങളെ ഹിന്ദു കർതൃത്വത്തിന്റെ രൂപീകരണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന സങ്കേതങ്ങളായി അടയാളപ്പെടുത്താവുന്നതാണ്.

### പ്രൈവസി വിധിന്യായം

ആധാറിനെതിരെ പൊതുപ്രവർത്തകരും ഗവേഷകരും ചേർന്ന് ഫയൽ ചെയ്ത കേസുകൾ കേൾക്കുമ്പോളാണ് സ്വകാര്യത ഒരു മൗലികാവകാശമാണോ എന്ന ചോദ്യം സുപ്രീം കോടതിയുടെ മുൻപിൽ ഉയർന്നു വരുന്നത്. അതൊരു ഭരണഘടനാ പ്രശ്നമായി പരിഗണിച്ച കോടതി ഭരണഘടനാ ബഞ്ച് രൂപീകരിച്ചു ആധാർ കേസുകളിൽ നിന്ന് അതിനെ വേർപ്പെടുത്തുകയും സ്വകാര്യത ഒരു മൗലികാവകാശം ആണെന്ന് തീർപ്പ് കല്പിക്കുകയും ചെയ്തു. 2017 ൽ പുറത്തു വന്ന ഈ വിധിയാണ് സുപ്രീം കോടതിയുടെ 'പുരോഗമന' കാലയളവിനു തുടക്കം കുറിച്ചത്. സ്വകാര്യത ഒരു മൗലികാവകാശമാണെന്ന് പ്രസ്താവിച്ച കോടതി പക്ഷെ 2018 ൽ ആധാർ സ്വകാര്യതയുടെ ലംഘനമല്ല എന്ന് വിധിച്ചു.

വ്യക്തിയും വ്യക്തി സ്വാതന്ത്ര്യവും സ്വകാര്യതയും ഭരണകൂടത്തിന്റെ പരിമിതികളും തമ്മിലുള്ള അതിർ വരമ്പുകൾ നിർണ്ണയിക്കാൻ ഇന്ത്യൻ ലിബറലുകൾ നടത്തിയ പോരാട്ടമായി ഈ കേസുകളെ കാണാവുന്നതാണ്.

സ്വകാര്യതയെ മൗലികാവകാശമായി കണ്ട കോടതി പക്ഷെ വ്യക്തിയുടെ ബയോമെട്രിക് വിവരങ്ങൾ ഭരണകൂടം ശേഖരിക്കുന്നതും മറ്റു ഏജൻസികൾക്ക് കൈമാറുന്നതും സ്വകാര്യത ലംഘനമായി കണ്ടില്ല. ആധാറിനെതിരെയുള്ള ഹർജികളെല്ലാം തള്ളിയ കോടതിയുടെ സന്ദേശം വ്യക്തമാണ്. ഭരണകൂടത്തിന്റെ അമിതാധികാര പ്രയോഗങ്ങളെ ചെറുക്കാൻ അത് ദുർബലമായിരിക്കുമ്പോഴും സ്വകാര്യത എന്ന അമൂർത്തമായ സങ്കല്പ്പത്തിന്റെ ബൂർഷ്വാ വിനിമയ മൂല്യത്തെ അത് മാനിക്കുന്നു. സമുദായങ്ങളും അവയുടെ പ്രാതിനിധ്യവും എന്ന അടിസ്ഥാന പോസ്റ്റ് കൊളോണിയൽ സമവായത്തിൽ നിന്നുള്ള വ്യതിചലനവും കൂടിയാണ് ഈ വിധികൾ. വ്യക്തി എന്ന മുതലാളിത്ത പദ്ധതിയുടെ ആഗമനം വിളിച്ചറിയിക്കുന്ന ഈ വിധിക്കുള്ളിലെ 'വ്യക്തി'ക്ക് ഹിന്ദു കർതൃത്വരൂപീകരണവുമായി ഗാഢമായ ബന്ധമുണ്ട്. സ്വകാര്യതാ വിധിയിൽ ഹിന്ദു മതത്തിലെ ശ്രുതി സ്മൃതികളിലും ഇസ്ലാമിൽ ശരിയയിലും 'സ്വകാര്യത' എന്ന മൂല്യത്തിനുള്ള പ്രാധാന്യം പരിശോധിക്കുന്ന കോടതി പക്ഷേ ഈ വിധിയിലൂടെ നിർമ്മിക്കുന്ന വ്യക്തി സമുദായബാഹ്യയായി നിലനിൽക്കുന്നവരാണ്. ഈ രണ്ടുമതങ്ങളെയും വ്യാഖ്യാനിക്കുന്നതിന് കോടതി അവലംബിക്കുന്ന ലേഖനങ്ങളും ഉറവിടങ്ങളും സ്ത്രീശരീരവും സ്വകാര്യതയുടെ മതപരമായ മൂല്യവും തമ്മിലുള്ള ബന്ധം പരിശോധിക്കുന്നുണ്ട്. ലൈംഗികമായ സ്വയംനിർണ്ണയാവകാശവും ലിംഗപദവിയും സ്വകാര്യതയും തമ്മിലുള്ള ബന്ധവും പരാമർശ വിധേയമാകുന്നുണ്ട്. സമുദായബാഹ്യരായോ സമുദായവിരുദ്ധരായോ നിലനിൽക്കുന്ന[1] വ്യക്തിയാണ് സ്വകാര്യതാ വിധിയുടെ വിഷയം.

ആധാർ സാമൂഹ്യസുരക്ഷാപദ്ധതികളുമായി ലിങ്ക് ചെയ്യുന്നത് കാരണം ഈ പദ്ധതികളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ട ജനവിഭാഗങ്ങളോ, ആധാർ ഡാറ്റ ഉപയോഗിച്ച് കോർപറേറ്റുകൾ നടത്താൻ സാധ്യതയുള്ള അഴിമതികളോ ആത്യന്തികമായി സുപ്രീം കോടതിയെ ആധാറിന് അനുമതി നൽകുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തിയില്ല. ഒരു ഘട്ടത്തിൽ ഭരണകൂടത്തിന്റെ സ്വാഭാവത്തെക്കുറിച്ചുള്ള ആഴത്തിലുള്ള ചോദ്യങ്ങളെ മറികടക്കാൻ പ്രൈവസിയെ തന്ത്രപരമായി ഉപയോഗിച്ച ആധാർ ഹർജിക്കാർ സുപ്രീം കോടതി തന്നെ പ്രൈവസിയെ ഒരു ഭരണഘടനാ പ്രശ്നമായി കണ്ടതോടു കൂടി സ്വകാര്യതാലംഘനങ്ങൾക്കെതിരെ ടെക്നോക്രാറ്റിക് ആയ പരിഹാരങ്ങൾ implicit ആയി അംഗീകരിക്കുകയായിരുന്നു. പൗരനും കേന്ദ്ര സർക്കാരും തമ്മിൽ സാമൂഹ്യസുരക്ഷാ പദ്ധതികൾ വഴി നേരിട്ടുള്ള ബന്ധം സ്ഥാപിച്ച് പ്രാദേശിക സർക്കാരുകളെയും, സമുദായങ്ങളെയും അപ്രസക്തമാക്കുക എന്ന ബിജെപിയുടെ governance തന്ത്രത്തിലേക്ക് ആധാർ ചേർക്കപ്പെടുകയാണുണ്ടായത്. ബിജെപിയുടെ governance ലും developmentalism ലും ഫെഡറൽ വിരുദ്ധതയിലും അടിസ്ഥാനപ്പെടുത്തിയ തന്ത്രങ്ങൾക്ക് ആധാർ അത്യന്താപേക്ഷികമായിരുന്നു.

**സെക്ഷൻ 377 നീക്കംചെയ്യൽ**

അടുത്ത പ്രധാനപ്പെട്ട പുരോഗമന പരമായ വിധി ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ സെക്ഷൻ 377 നീക്കം ചെയ്തതാണ്. സ്വകാര്യതാ വിധിന്യായമായിരുന്നു ഇതിന് പ്രധാനമായും ഉപോദ്ബലകമായി കോടതി ഉപയോഗിച്ചത്. ഈ വിധിയിലും ക്വിയർ സമുദായങ്ങളുടെ അവകാശങ്ങളേക്കാൾ വിധിക്കു പ്രേരകമായതും വിഷയമായതും ക്വിയർ വ്യക്തികളുടെ അവകാശങ്ങളാണ്. സ്വവർഗ്ഗരതിയുടെ ക്രിമിനൽവത്കരണം എന്നത്, ക്വിയർ സമുദായങ്ങൾ നേരിടുന്ന പ്രശ്നത്തേക്കാളുപരി, വ്യക്തികളുടെ ഒരു വിഷയമായി മാറി. സ്വകാര്യഇടത്തിൽ ഉഭയസമ്മത പ്രകാരമുള്ള രതി നടത്തുന്ന വ്യക്തികളാണ് കോടതിയുടെ വിഷയം. ഉപരിവർഗ്ഗത്തിൽ പെട്ട സ്വവർഗ്ഗ പ്രണയികളുടെ അവകാശങ്ങളാണ് വിധിയുടെ കാതൽ എന്നും സ്വകാര്യത എന്ന ക്ലാസ്സിസ്റ്റ് ആശയം ഹിജ്റകളെയോ മറ്റു കീഴാള ക്വിയർ സമുദായങ്ങളെയോ അഭിസംബോധന ചെയ്യുന്നില്ല എന്നും ആഷ്ലി ടെല്ലിസ് ചൂണ്ടിക്കാണിക്കുന്നുണ്ട്[2]. വിക്വീറാം ആദിത്യ സഹായിയും ലൈംഗികസ്വകാര്യത എന്ന ആശയം റൊമാന്റിക് വികാരങ്ങളുടെ നിഘണ്ടുവിൽ നിന്ന് ക്വിയർ ഉത്തമ- അമൂർത്ത പൗരന്റെ നിർമാണത്തിനായി അടർത്തിയെടുക്കുകയായിരുന്നു സെക്ഷൻ 377 ഉം ആയി ബന്ധപ്പെട്ട കോടതിവിധികൾ എന്ന് നിരീക്ഷിക്കുന്നുണ്ട്[3].

ക്വിയർ സ്വത്വം ഭാരതീയമാണെന്നും ഹോമോഫോബിയ തുർക്കികളും മറ്റു ആക്രമണകാരികളും കൊളോണിയൽ ഭരണകൂടങ്ങളും ഇറക്കുമതി ചെയ്തതാണെന്നും ആർഎസ്എസിന് ഇക്കാര്യത്തിൽ പുരോഗമന നിലപാട് ആണുള്ളതെന്നും ചൂണ്ടിക്കാട്ടിക്കൊണ്ട് ഒരു ആർഎസ്എസ് അംഗം എഴുതിയ ലേഖനം[4] ഈ ഉത്തമ ക്വിയർ പൗരൻ സ്വന്തം വീട്ടിലെയോ ഹോട്ടൽമുറിയിലെയോ നാലു ചുവരുകൾക്കുള്ളിൽ രതിയിലേർപ്പെടുന്ന ആൾ മാത്രമല്ല, ഒരു ഹിന്ദു കൂടിയാണെന്ന് വ്യക്തമാക്കുന്നു. പലതരത്തിലുള്ള പുരോഗമന പ്രവണതകൾക്കും ഹിന്ദുത്വത്തിനുള്ളിൽ സ്ഥാനം ഉണ്ടെന്നും ഈ ലേഖനത്തിലൂടെ നമുക്ക് മനസ്സിലാകുന്നു. ഹിന്ദുയിസത്തിന്റെ പല obscurantism ങ്ങളും മറി കടക്കാനുള്ള ശേഷി ഹിന്ദുത്വത്തിനുണ്ട് എന്ന് മറ്റു പല സന്ദർഭങ്ങളിലും എന്നത് പോലെ ഇവിടെയും നാം തിരിച്ചറിയുന്നു.

**ശബരിമലവിധി**

മൂന്നാമത്തെ 'പുരോഗമന' വിധി ന്യായം ശബരിമല വിധി ആണ്. ഇവിടെയും വ്യക്തിയുടെ ആരാധനാസ്വാതന്ത്ര്യവും പൊതുസ്ഥലത്തിനു മേലുള്ള അധികാരങ്ങളും ആണ് കോടതിയുടെ വിഷയം. ഈ വിധിയിൽ വളരെ തുറന്നു തന്നെ അതിന്റെ സമുദായവിരുദ്ധത പ്രകടിപ്പിക്കുന്ന കോടതി സ്ത്രീകൾക്ക് ആരാധനനടത്താനുള്ള തുല്യാവകാശം

ഉയർത്തിപ്പിടിച്ചു. പ്രാദേശികമായ മത-വിശ്വാസ സമുച്ചയങ്ങളെ ലിംഗപദവിയുടെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും ലെൻസിലൂടെ നോക്കുക വഴി ഈ വിധി ഉണ്ടാക്കിയ വ്യവഹാരികതയ്ക്കു ശബരിമല യിൽ കയറുക എന്ന പ്രയോഗികക്രിയയുടെ ആവശ്യം ഉണ്ടായിരുന്നില്ല. അത് കൊണ്ട് തന്നെ രണ്ടു സ്ത്രീക ളുടെ പ്രവേശനം തന്നെ ഈ വ്യാവഹാരികതക്ക് ധാരാളമായിരുന്നു. ജെനി റൊവീന ശബരിമല വിധി യെക്കുറിച്ചുള്ള സംവാദങ്ങളെ ജാതി ഹിന്ദു പരിഷ്ക രണമായും ഉത്തമഹിന്ദുവിനെ പുനർനിർണയിക്കാ നുള്ള ജാതി ഹിന്ദു ആധനികതയുടെ ശ്രമമായും അടയാളപ്പെടുത്തുന്നുണ്ട്.[5]

'വ്യക്തി' എന്ന സമുദായത്തെയും ജാതി കളെയും ഉല്ലംഘിക്കുന്ന ഒരു സംവർഗത്തിന്റെ, ജൂറിഡിക്കൽ വഴി ഉപയോഗിച്ചുള്ള, നിർമ്മാണം 'സ്ത്രീ' എന്ന സാർവ്വജനിക ലിംഗപദവിയുടെ നിർമ്മാണം കൂടിയാണ്. ഇത് അക്ഷരാർത്ഥത്തിൽ പുരോഗമനപരമാണ്.

**പുരോഗമനവും ഹിന്ദുത്വവും**

പ്രതി-രാഷ്ട്രീയപരമായ ഈ പുരോഗമന പരതയുടെ സമുദായ ബാഹ്യമായ/സമുദായ വിരുദ്ധ മായ ചലനാത്മകത അഭൂതപൂർവ്വമാണ്. ഈ ചലനാ ത്മകത ഹിന്ദുമതത്തിന്റെ മതമാകാനുള്ള പരിമിതി കളെ അതിജീവിക്കാൻ അതിനെ സഹായിക്കുന്നുണ്ട്. ആധുനികതയോടും മുതലാളിത്ത-കമ്പോള വ്യവ സ്ഥിതിയോടും സമുദായങ്ങളും ജാതികളും നടത്തിയ കൈമാറ്റങ്ങൾ 'ഹിന്ദു' എന്ന വിളവ് കൊയ്യാനുള്ള ഉപകരണങ്ങളായി മാറുന്നുണ്ട്. ഈ ജൂറിഡിക്കൽ പ്രക്രിയയിൽ ഏറ്റവും 'ഏജൻസി' ഉള്ളത് ഹിന്ദു ലിബറലുകൾക്കാണ് എന്ന് കാണാവുന്നതാണ്.

സ്വകാര്യത-വ്യക്തി സ്വാതന്ത്ര്യം-ലിംഗ പദവി-സാർവ്വജനികത എന്ന വ്യാവഹാരിക-ജൂറി ഡിക്കൽ ഇടം ഹിന്ദുമത രൂപീകരണത്തെ സഹായി ക്കുന്നത് ഈ സമുദായബാഹ്യതയിലൂടെയാണ്. സമുദായസഞ്ചയം എന്ന അവസ്ഥയിൽ നിന്ന് മതം എന്ന സാക്ഷാത്ക്കാരത്തിലേക്കുള്ള പ്രയാണം ഹിന്ദു യിസം നടത്തുന്നത് വളരെ പുരോഗമനപരമായാണ് എന്ന് ചുരുക്കം. ഇതിന്റെ മറുഭാഗം ഈ 'മതമാകൽ' ഇസ്ലാമിനോ ക്രിസ്തീയതക്കോ അപ്രാപ്യമാണ് എന്ന താണ്, കാരണം അവ മുൻപേ തന്നെ മതങ്ങളാണ്. മതം ആയിത്തീരലിന്റെ ഈ ജൂറിഡിക്കൽ പ്രതലം കൂടുതൽ പഠന വിധേയമാക്കേണ്ടതാണ്.

1991 -ലെ സാമ്പത്തിക പരിഷ്കരണങ്ങളും അതുണ്ടാക്കിയ ചലനങ്ങളും പല കീഴാള സമൂഹ ങ്ങളെയും ഗ്രാമീണമായ ജാതിഅടിമത്തത്തിൽ നിന്ന് ഭാഗീകമായെങ്കിലും പുറത്തുകടക്കാൻ സഹായിച്ചി ട്ടുണ്ട്. ചെറു ബിസിനസ്സുകളും നഗരങ്ങളിലെ കൂലി പ്പണിയും തുടങ്ങി പലായനവും കുടിയേറ്റവും ഉൾ ച്ചേർന്ന ഈ അതിജീവനപ്രക്രിയകളെ രാഷ്ട്രീയമായി ഉപയോഗിക്കാൻ സാധിച്ചത് സംഘപരിവാറിനാണ്. ജാതി സമൂഹങ്ങളോടുള്ള ഈ തുടർച്ചയായ ഇട പെടലും ഇടപാടും ഹിന്ദുത്വം നടത്തുന്നത് വൈരുദ്ധ്യ ങ്ങളെ കീഴടക്കിയും സ്വന്തമാക്കിയും മാത്രമല്ല, അവയെ പ്രതിനിധാനം ചെയ്തു കൂടിയാണ്. പ്രതിനിധാനം മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് സംഘപരിവാർ നിഷേധിക്കു മ്പോൾ, ആ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ അംഗങ്ങൾ തന്ത്രപരമായി ഈ ജൂറിഡിക്കൽ പ്രതലത്തിലേക്ക് പിൻവാങ്ങുകയും 'ലിബറൽ' അല്ലെങ്കിൽ ഭരണഘടനാവകാശങ്ങൾ ആവശ്യപ്പെടുന്ന 'governable' ആയ ഒരു സംഘമായി ചുരുങ്ങുകയും ചെയ്യുന്നു.

ഗ്രാമീണജാതി സമൂഹങ്ങളിൽ മുതലാളിത്ത ത്തിന്റെയും കമ്പോളത്തിന്റെയും വികാസം മൂലം ഉണ്ടായ അയവും കീഴാള സമൂഹങ്ങളിൽ ഉണ്ടായ രാഷ്ട്രീയമായ ഉണർവുകളും ഹിന്ദു (ഇടത്) ലിബറൽ ഉപരിവർഗ്ഗത്തിന്റെ താൽപര്യങ്ങൾക്കു എതിരായിരുന്നു. മുൻപുണ്ടായിരുന്നവിധം മെട്രോപൊളിറ്റൻ/കേന്ദ്ര ഭര ണസംവിധാനങ്ങളിൽ ഇടം കിട്ടാതായ ഇവർക്ക് ഹിന്ദു ത്വത്തിനോടുള്ള എതിർപ്പും കീഴാള രാഷ്ട്രീയത്തോ ടുള്ള ഈ ജാതിവെറുപ്പും കൃത്യമായി വേർതിരിക്കാൻ കഴിയാറില്ല. അതേസമയം കീഴാള വിമോചന രാഷ്ട്രീ യവും കീഴാള ഹിന്ദുത്വ രാഷ്ട്രീയവും തമ്മിലുള്ള സ്പർശരേഖകളും സുപ്രധാനമായ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ഹിന്ദുലിബറൽ ഉപരിവർഗ്ഗത്തിന്റെ അതിബ്രാഹ്മണ്യമാണോ ഹിന്ദുത്വമാണോ കൂടുതൽ എതിർക്കപ്പെടേണ്ടത് എന്ന് തീരുമാനിക്കുന്നതും കീഴാ ളജാതി ജനതകളെ സംബന്ധിച്ച് സങ്കീർണ്ണമായ ഒരു ചോദ്യമാണ് എന്ന് തോന്നുന്നു. ഈ അധികാര സമ രത്തിൽ വിമതസ്വരങ്ങളും ന്യൂനപക്ഷങ്ങളും ഭരണഘ ടനയെയും നിയമത്തെയും കൂടുതൽ കൂടുതൽ ആശ്ര യിക്കുകയും പലപ്പോഴും സ്വന്തം ആഗ്രഹത്തിനും സ്വയം നിർവ്വചനത്തിനും (ഉദാഹരണം മാവോയിസ്റ്റു കൾ) വിരുദ്ധമായി 'ലിബറൽ' ആയിത്തീരുകയും ചെയ്യുന്നുണ്ട്. അധീശ ഇന്ത്യൻ ദേശീയതയും ഹിന്ദു ത്വവും ലിബറലുകളും തമ്മിലുള്ള ഈ ഇടപാടുക ളിൽ ചിലത് രേഖപ്പെടുത്താനുള്ള ഒരു ശ്രമം ആയി രുന്നു ഈ കുറിപ്പ്.


1. https://www.genderit.org/feministtalk/resisting-aadhaar-resisting-islamophobia-critical-look-debates-and-litigation-around

2. https://www.edexlive.com/people/2018/sep/06/verdict-on-sec-377-is-rubbish-says-lgbtqia-activist-and-academic-ashley-tellis-3888.html

3. https://sxpolitics.org/article-newsletter-n-14-vqueeram-aditya-sahay/9407

4. https://theprint.in/opinion/rss-has-changed-its-position-on-homosexuality-can-islamic-clerics-do-the-same/81529/

5.http://utharakalam.com/sabarimala+women+entry


■



**നോയൽ മറിയം ജോർജ്**
ഗവേഷക, പൊളിറ്റിക്കൽ
സയൻസ് വിഭാഗം
ഹൈദരാബാദ്
കേന്ദ്ര സർവ്വകലാശാല

# ലിംഗാധിഷ്ഠിത പൗരത്വവും ഭരണമനോഭാവവും

പൗരത്വത്തിലൂടെ സമത്വത്തിനു വേണ്ടി നിലകൊള്ളുന്ന സ്ത്രീവാദം മുന്നോട്ടു വെക്കുന്നത് ആധുനിക ലിബറൽ ജനാധിപത്യത്തിന്റെ ചട്ടക്കൂടിലൂന്നിയുള്ള ലിംഗഭേദ രാഷ്ട്രീയമാണ്. അങ്ങനെ ഉപാധികളില്ലാതെ വിമർശനാതീതമായി സമത്വത്തിനുവേണ്ടി വാദിക്കാൻ മാത്രം രേഖീയമായ ഒന്നാണോ പൗരത്വം? അതോ ലിംഗാധിഷ്ഠിത വിഷയിയെ നിർമ്മിക്കുന്ന ഭരണക്രമമായി പൗരത്വത്തെ മനസ്സിലാക്കാമോ? ഭരണകൂടം നിയന്ത്രിക്കുന്ന പ്രധാന ജൈവ രാഷ്ട്രീയ (Bio Political) ഇടങ്ങളായി സ്ത്രീശരീരങ്ങളെ പരിപാലിക്കാനും കയ്യാളാനും ഉതകുന്ന വ്യവസ്ഥയല്ലേ ജനാധിപത്യ ഘടനയിലെ പൗരത്വം? ജനാധിപത്യ വ്യവസ്ഥിതിക്കുള്ളിൽ പൗരത്വം ക്രമരാഹിത്യത്തിലൂടെ കടന്നുപോകുകയും അതുവഴി ഏകാധിപത്യ ഭരണകൂടങ്ങൾ ജാനാധിപത്യത്തിന്റെ കാവലാളായി നടിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ എങ്ങനെ ലിംഗഭേദത്തെ രാഷ്ട്രീയ-നിയമ ആശയമായി മനസിലാക്കാം? ആരാണ് പൗരത്വത്തിന്റെ മാനങ്ങൾ നിശ്ചയിക്കുന്നത്? അധിനിവേശം, ജനാധിപത്യം, അതിന്റെ മറ്റൊരു രൂപമായ ഏകാധിപത്യ അധികാര ഘടന തുടങ്ങിയവയിലൂന്നിയ ഇന്ത്യയിലെ ലിംഗഭേദ വ്യവഹാരങ്ങളെ മറികടന്ന്, ലിംഗഭേദത്തെ ഭരണ നിയന്ത്രണ ഉപകരണമായി കൂടി വായിക്കാനാണു ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

**ലിംഗഭേദവും നിയമ വ്യവഹാരവും**

സാമൂഹിക പ്രതിബദ്ധത ഉൾക്കൊണ്ടുകൊണ്ടുള്ള നിയമാധിഷ്ഠിത പ്രവർത്തനങ്ങൾ ഇന്ത്യയിലെ സ്ത്രീവാദത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ത്യയിൽ സ്ത്രീ അവകാശങ്ങളുടെ സംരക്ഷണത്തിന്റെ തന്നെ അടിസ്ഥാനമായി ഭരണഘടനയെ പ്രതിഷ്ഠിച്ച ഒരു വംശാവലി ഈ കാര്യത്തിൽ കാണാവുന്നതാണ്. ഇതിലൂടെ ആൺകോയ്മയിലധിഷ്ഠിതമായ നിയമങ്ങളെ ചോദ്യം ചെയ്യുകയും ചെറിയൊരളവിലെങ്കിലും മാറ്റത്തിനു സാധ്യത നൽകുന്ന ഒരു ജീവസ്സുറ്റ രേഖയായി ഭരണഘടന വർത്തിച്ചു. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി (2015-2020) സുപ്രീം കോടതിയിൽ ലിംഗഭേദത്തെക്കുറിച്ച് നടന്ന ചർച്ചകൾ ആകർഷണീയമായ നിയമനടപടികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് ലിംഗഭേദത്തെക്കുറിച്ചുള്ള മത സാമൂഹിക ആശയങ്ങളെ പുനർവായിച്ചു.

ശബരിമലയിൽ സ്ത്രീ പ്രവേശനത്തിനുള്ള അനുമതി, സ്ത്രീയെ സ്വതന്ത്ര വ്യക്തിയായി പരിഗണിച്ചു കൊണ്ടുള്ള വിവാഹേതര ലൈംഗിക ബന്ധത്തെ സംബന്ധിച്ച വിധി, സ്ത്രീകളുടെ മതപരിവർത്തനത്തിനും സ്വന്തം ഇഷ്ടപ്രകാരം ഇണയെ തിരഞ്ഞെടുക്കാനുമുള്ള അവകാശങ്ങൾ വകവെച്ചു കൊടുത്തുകൊണ്ടുള്ള ഹാദിയ കേസിലെ തീർപ്പ്, സ്വകാര്യതയെ പുനർവായിച്ചു കൊണ്ടു സ്വർഗാനുരാഗത്തിനു മേലുള്ള നിയമ വിലക്ക് ഒഴിവാക്കി, ദുരഭിമാനക്കൊലയും ഖാപ് പഞ്ചായത്തുകളും കുറ്റകരമാക്കി, മുത്തലാഖ് അസാധുവാക്കി തുടങ്ങിയ കോടതി നടപടികൾ സ്ത്രീകളെ തുല്യപൗരരായി വീണ്ടെടുക്കുന്നതിനുള്ള നിയമാധിഷ്ഠിത പ്രവർത്തനങ്ങളുടെ വിജയമായി സ്ത്രീവാദികൾ കണക്കാക്കി. ചരിത്ര വിധികളായി രേഖപ്പെടുത്തിയ ഈ കോടതി വിധികളെല്ലാം തന്നെ അടിസ്ഥാനപരമായി സ്ത്രീകളെ തുല്യപൗരരായി പരിഗണിച്ചു കൊണ്ടുള്ളതാണെന്നു എസ്. കെ വർമ്മ ചൂണ്ടിക്കാട്ടുന്നു. അതിനാൽ സ്ത്രീവാദത്തെ ശക്തിപ്പെടുത്താനുള്ള ഏറ്റവും മികച്ച ഇടം പൗരത്വമാണെന്ന് അവർ വാദിക്കുന്നു. ഇത്തരത്തിൽ സ്ത്രീവാദവും പൗരത്വവും ഇന്ന് ഇഴചേർന്ന് കിടക്കുകയാണ്. പക്ഷേ, സ്ത്രീകൾക്ക് പൗരത്വം പൂർണ്ണാർത്ഥത്തിൽ അവകാശപ്പെടാൻ കഴിയുന്നുണ്ടോ എന്നത് സ്ത്രീവാദം കാലങ്ങളായി നേരിടുന്ന പ്രതിസന്ധിയാണ്. സ്ത്രീ

വാദം എന്നത് പൗരത്വ അവകാശങ്ങളിലൂടെ സാധ്യമാകുന്ന പദ്ധതിയാണെന്നു വാദിക്കുന്നവർ, മറ്റു ചരിത്ര കാലഘട്ടത്തിൽനിന്ന് ഭിന്നമായി സ്ത്രീകൾക്ക് എത്തിച്ചേരാൻ സാധിച്ച സാർവലൗകിക മാതൃകയായാണ് ആധുനികതയെ അടയാളപ്പെടുത്തുന്നത്. ആധുനിക സ്ത്രീവാദികൾ വോട്ടവകാശം, സ്വത്തവകാശം, തുല്യ വേതനത്തിനുള്ള അവകാശം തുടങ്ങിയ രാഷ്ട്രീയ സമത്വത്തിനു വേണ്ടിയുള്ള വാദങ്ങളിലൂടെയാണ് പൗരത്വം അവകാശപ്പെട്ടത്. സ്ത്രീ പ്രസ്ഥാനങ്ങളുടെ മുന്നേറ്റമെന്നത് സ്ത്രീകളുടെ പൗരാവകാശങ്ങൾ ശക്തിപ്പെടുത്തൽ കൂടിയാണ്. ഇത്തരത്തിലുള്ള സ്ത്രീപക്ഷ ഇടപെടലുകളെ ഉദാര സ്ത്രീവാദമായി മനസ്സിലാക്കാം.

പക്ഷെ, ചില പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത് പൗരത്വവും ലിംഗഭേദവും അത്ര എളുപ്പം കൂട്ടിച്ചേരില്ല എന്നാണ്. കാരണം പൗരത്വം അടിസ്ഥാനപരമായി സ്ത്രീകളെ ദേശീയ ഭരണകൂടത്തിന്റെ അതിർവരമ്പുകളിൽ തളയ്ക്കുന്ന ലിംഗാധിഷ്ഠിത ആശയമാണ്. ഈ പഠനങ്ങൾ ആധുനികതയുടെ ചട്ടക്കൂടിൽ സ്ത്രീവാദങ്ങളുടെ പരിമിതി തുറന്നു കാട്ടുന്നുണ്ട്. ആദ്യമായി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ സാർവലൗകിക വാദങ്ങൾ ഉന്നയിച്ചു കൊണ്ട് ആധുനികതക്ക് തുടക്കമിട്ട ഫ്രഞ്ച് വിപ്ലവം ചില ചരിത്ര സത്യങ്ങൾ മറച്ചു വെക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ചാണ് ദേശ രാഷ്ട്രങ്ങൾ രൂപപ്പെട്ടത്. ഈ സാർവലൗകിക വാദങ്ങൾ ദേശ രാഷ്ട്രത്തിന്റെ ഭൂഅതിർത്തികളിലൂടെ മാത്രമേ സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് ആധുനിക പൗരത്വത്തിൽ വൈരുധ്യം നിലനിൽക്കുന്നുണ്ട്.

ആധുനികത സാർവലൗകികമാണെങ്കിൽ (universal) ദേശ രാഷ്ട്രം സവിശേഷമായാണ് (particular) നിലനിൽക്കുന്നത്. അതിനാലാണ് മേരി വോൾസ്റ്റാൻഡിക്രഫ്ട് തന്റെ “സ്ത്രീ അവകാശങ്ങളുടെ സമർഥനം” എന്ന പുസ്തകത്തിൽ ഫ്രാൻസിന്റെ മൂർത്ത (concrete) യാഥാർഥ്യത്തിൽ നിന്നാണ് സ്ത്രീകളെ ദേശരാഷ്ട്രങ്ങൾക്കതീതമായ അമൂർത്ത (abstract) വിഭാഗമായി അവർ സ്ഥാനപ്പെടുത്തുന്നത്. ദേശരാഷ്ട്രത്തിലൂടെ സാധ്യമാകുന്ന സ്ത്രീ അവകാശങ്ങൾക്കാണ് അവർ വാദിച്ചത്.

രണ്ടാമതായി, സ്ത്രീവാദികൾ ആധുനിക പൗരത്വത്തിന്റെ വംശാവലി അന്വേഷിച്ചത് ഗ്രീക്ക് ജനാധിപത്യത്തിലും റോമൻ പുരോഗമന ചിന്താഗതിയിലുമാണ്. എന്നാൽ അവിടങ്ങളിൽ സ്ത്രീകൾ രണ്ടാംതരം പൗരന്മാരോ അല്ലെങ്കിൽ പൗരത്വം നിഷേധിക്കപ്പെട്ടവരോ ആയിരുന്നു. ഗ്രീക്ക് രാഷ്ട്രത്തിൽ സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ തുടങ്ങിയവർ രാഷ്ട്രീയത്തിന് പുറത്തു നിർത്തപ്പെട്ടവരായിരുന്നു. കഴിവുറ്റ പുരുഷ ശരീരങ്ങൾക്ക് മാത്രമാണ് ഭരണ ചട്ടക്കൂടിൽ പൗരാവകാശം അർഹിക്കപ്പെട്ടവർ.

**ലിംഗഭേദത്തിന്റെ രൂപത്തിൽ അവതരിച്ച വെളുത്ത രക്ഷകൻ തവിട്ടു നിറമുള്ള പുരുഷന്മാരുടെ സ്വേച്ഛാധിപത്യത്തിൽ നിന്നും തവിട്ടു നിറമുള്ള സ്ത്രീകളെ രക്ഷിക്കാനുള്ള കടമ ഉൾകൊണ്ട രൂപമായിരുന്നു. സതി നിർത്തലാക്കൽ, ബാല വിവാഹനിരോധനം, വിധവാപുനർ വിവാഹം എന്നിവ ഇത്തരം ലിംഗഭേദ വ്യവഹാരങ്ങളുടെ ഭാഗമായിരുന്നു. അത് സതിയെ, ലിംഗഭേദ വ്യവഹാരങ്ങളിലൂടെ ക്രിമിനൽവത്കരിക്കുകയും സുരക്ഷവത്കരിക്കുകയുമാണ് ചെയ്തത്. വ്യത്യസ്ത സമുദായങ്ങളുടെ വ്യക്തി നിയമത്തിലൂടെ കൊളോണിയൽ ഭരണകൂടം സ്ത്രീകളെ മുൻനിർത്തിക്കൊണ്ടു നിയമ നിർമ്മാണം നടത്തി. പിന്നീട് സ്വാതന്ത്രാനന്തര ഇന്ത്യൻ ഭരണകൂടം ഈ നിയമങ്ങൾ നിലനിർത്തി. ഹോമോനാഷണലിസം കൊളോണിയൽ പാരമ്പര്യത്തിനുപരി, ദേശത്തിലൂടെ സാർവലൗകികത അവകാശപ്പെടാനാകുന്ന ആധുനികതയുടെ സംക്ഷിപ്ത രൂപമായാണ് ഇന്ത്യയിൽ പൗരത്വത്തെ കാണുന്നത്.**

സാർവലൗകികതയുടെ മറവിലുള്ള ആധുനിക നിയമത്തിന്റെ വേരുകൾ ചെന്നെത്തുന്നത് ഇത്തരം ആൺകോയ്മയിലധിഷ്ഠിതമായ ആശയങ്ങളിലാണ്.

മൂന്നാമതായി, എല്ലാ സ്ത്രീകൾക്കും പൂർണ്ണ അർത്ഥത്തിൽ അവകാശം ലഭിക്കുമെന്ന വാദം അംഗീകരിച്ചാൽ തന്നെ, ഏത് സ്ത്രീകളാണ് ഇതിൽ ഉൾപ്പെടുക എന്ന ചോദ്യം ബാക്കിയാകുന്നുണ്ട്. പൗരത്വമെന്നത് ലിംഗാധിഷ്ഠിതമാകുമ്പോൾ തന്നെ എല്ലാ ദേശ രാഷ്ട്രങ്ങളിലുമുള്ള അധീശ വിഭാഗത്തിന്റെ ആധിപത്യത്തിലൂന്നിയാണ് പൗരത്വത്തെ വായിക്കേണ്ടതെന്നു അന്തർവിഭാഗീയതയെ (intersectional) കുറിച്ചുള്ള വിശകലന

ങ്ങൾ ചൂണ്ടിക്കാട്ടുന്നത്. അതിനാൽ അന്തർവിഭാഗീയത പരിഗണിക്കാതെയുള്ള ലിംഗഭേദ വ്യവഹാരങ്ങൾ പൗരത്വത്തിലൂടെ അവകാശങ്ങൾ ഉന്നയിക്കുന്നതിലൂടെ സഹായിക്കുന്നത് വ്യത്യാസങ്ങളെ നിരാകരിക്കുന്ന ദേശീയ ഉദ്ഗ്രഥന അജണ്ടയെയാണ്.

നാലാമതായി, പൗരന്മാരെ കുടിയേറ്റക്കാരായും അഭയാർഥികളുമാക്കി പുറന്തള്ളുകയും ജനാധിപത്യം ഏകാധിപത്യമായി രൂപാന്തരപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ എങ്ങനെയാണു ലിംഗാധിഷ്ഠിത പൗരത്വത്തെ സ്ഥാനപ്പെടുത്തേണ്ടത്? ഇന്ത്യയിലെ സി.എ.എ, എൻ.ആർ.സി. തുടങ്ങിയ വിവേചന നിയമങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന കുടിയേറ്റക്കാരായ മുസ്‌ലിം സ്ത്രീ എന്ന പുതിയൊരു വിഭാഗത്തെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്?

**ലിംഗഭേദവും കൊളോണിയൽ ഭരണമനോഭാവവും**

ആർക്ക് ഇന്ത്യൻ പൗരനാകാം എന്നതിന്റെ ചട്ടക്കൂട് നിർമ്മിച്ചത് അധിനിവേശ ഭരണാധികാരികളും തദ്ദേശീയ വരേണ്യവർഗ്ഗവും തമ്മിലെ ചർച്ചയിലൂടെയാണ്. അപരിഷ്കൃതരെ പൗരന്മാരാക്കി മാറ്റുന്നതിന് അടിത്തറയിട്ടത് കൊളോണിയൽ നിയമങ്ങളാണ്. കൊളോണിയൽ പാരമ്പര്യം കണക്കിലെടുത്താൽ ഇന്ത്യ ഒരു ദേശ രാഷ്ട്രം (nation-state) എന്നതിനേക്കാൾ രാഷ്ട്ര ദേശമായിരുന്നു (state - nation). ഉപേന്ദ്ര ബക്ഷി നിരീക്ഷിക്കുന്നത് പോലെ ഭരണം നടത്തേണ്ടത് ആരാണ് എന്ന സാധുതയിൽ മാറ്റം സംഭവിച്ച കൊളോണിയൽ മർദ്ദനോപകരണത്തിന്റെ തുടർച്ച മാത്രമാണ് കോളനിയാനന്തര ഇന്ത്യൻ രാഷ്ട്രം. അതോടൊപ്പം ഇന്ത്യയിലെ ലിംഗഭേദ വ്യവഹാരങ്ങൾ ബ്രിട്ടീഷ് സ്ത്രീവാദികളുടെയും കൊളോണിയൽ ഭരണകൂടത്തിന്റെയും തദ്ദേശീയ വരേണ്യവർഗത്തിന്റെയും ചട്ടക്കൂടുകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതുകൊണ്ട് തന്നെ കോളനിയാനന്തര ഇന്ത്യയിലെ ലിംഗാധിഷ്ഠിത പൗരത്വത്തെ കൂടുതൽ സങ്കീർണമാക്കുന്നുണ്ടെന്നു റോയ് ചൗധരി വാദിക്കുന്നു.

ഇന്ത്യയിൽ ഒരു ആധുനിക വ്യവഹാരമെന്ന രീതിയിൽ ലിംഗഭേദത്തിനു ഇന്ത്യൻ സ്ത്രീ പൗരത്വം കെട്ടിപ്പൊക്കിയിരിക്കുന്ന പൗരസ്ത്യ ബ്രാഹ്മണിക്കൽ ചായ്‌വുകളെ തള്ളിക്കളയുക സാധ്യമല്ല എന്ന് നിവേദിത മേനോൻ സൂചിപ്പിക്കുന്നുണ്ട്. സ്ത്രീ വിമോചനം എന്നത് കോളനിവത്കരണത്തെ സാധൂകരിക്കാൻ വേണ്ടി കൊളോണിയൽ ഭരണകൂടം കോളനിവത്കൃത സമൂഹത്തിനെതിരെ ഉപയോഗിച്ചു.

ലിംഗഭേദത്തിന്റെ രൂപത്തിൽ അവതരിച്ച വെളുത്ത രക്ഷകൻ തവിട്ടു നിറമുള്ള പുരുഷന്മാരുടെ സ്വേച്ഛാധിപത്യത്തിൽ നിന്നും തവിട്ടു നിറമുള്ള സ്ത്രീകളെ രക്ഷിക്കാനുള്ള കടമ ഉൾകൊണ്ട രൂപമായിരുന്നു. സതി നിർത്തലാക്കൽ, ബാലവിവാഹനിരോധനം, വിധവാപുനർവിവാഹം എന്നിവ ഇത്തരം ലിംഗഭേദ വ്യവഹാരങ്ങളുടെ ഭാഗമായിരുന്നു. അത് സതിയെ, ലിംഗഭേദ വ്യവഹാരങ്ങളിലൂടെ ക്രിമിനൽവത്കരിക്കുകയും സുരക്ഷവത്കരിക്കുകയുമാണ് ചെയ്തത്. വ്യത്യസ്ത സമുദായങ്ങളുടെ വ്യക്തി നിയമത്തിലൂടെ കൊളോണിയൽ ഭരണകൂടം സ്ത്രീകളെ മുൻനിർത്തിക്കൊണ്ടു നിയമനിർമ്മാണം നടത്തി. പിന്നീട് സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ഭരണകൂടം ഈ നിയമങ്ങൾ നിലനിർത്തി.

**ഫെമോനാഷണലിസം**

കൊളോണിയൽ പാരമ്പര്യത്തിനുപരി,



ദേശത്തിലൂടെ സാർവലൗകികത അവകാശപ്പെടാനാകുന്ന ആധുനികതയുടെ സംക്ഷിപ്ത രൂപമായാണ് ഇന്ത്യയിൽ പൗരത്വത്തെ കാണുന്നത്. ജാതി, മത, ലിംഗ, വർഗ ഭേദമന്യേ ഇന്ത്യൻ ഭൂപ്രദേശത്തുള്ള എല്ലാവർക്കുമായിട്ടാണ് ഇന്ത്യൻ പൗരത്വം ഘോഷിക്കപ്പെട്ടത്. ചരിത്രത്തിൽ ആദ്യമായായിരിക്കും പൗരത്വവുമായി ബന്ധപ്പെട്ട സാർവലൗകികമായ പ്രഖ്യാപനം ഉണ്ടായത്. എങ്കിലും ഈ പൗരത്വം ലിംഗാധിഷ്ഠിതമായിരുന്നു. 1955ലെ ആദ്യത്തെ പൗരത്വ ഭേദഗതി നിയമത്തിലൂടെ ഇതു ഒരു പരിധിവരെ പരിഹരിക്കാൻ ശ്രമിച്ചു. അതിലൂടെ ഇന്ത്യൻ പൗരനായ പിതാവിലൂടെ മാത്രം പൗരത്വം കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷത്തിനു മാറ്റം വന്നു.

ലിംഗാധിഷ്ഠിത പൗരത്വം വ്യക്തിനിയമങ്ങളിൽ പ്രകടമായി കാണാവുന്നതാണ്. ഭരണഘടനാ ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് ഇതു പരിഹരിക്കാൻ ശ്രമിച്ച ആദ്യകാല ചിന്തകരിൽ ഒരാൾ അംബേദ്കർ ആയിരുന്നു. അദ്ദേഹത്തിന്റെ ഹിന്ദു കോഡ് ബിൽ ഒരു സ്ത്രീപക്ഷ ബില്ലായിരുന്നു. സാമ്പ്രദായിക ഹിന്ദു കോഡിൽ ഇല്ലാതിരുന്ന സ്വത്തവകാശം, വിവാഹമോചനാവകാശം, മിശ്രവിവാഹത്തിനുള്ള സ്വാതന്ത്ര്യം എന്നിവ അതിലു

ശ്പ്പെട്ട കാര്യങ്ങളാണ്. പക്ഷെ, ഇത് യാഥാർഥ്യമാക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെടുകയും പകരം, 1955–56 കാലങ്ങളിലായി ഹിന്ദു വിവാഹ നിയമം, ഹിന്ദു പിന്തുടർച്ചാവകാശ നിയമം, ഹിന്ദു ന്യൂന പക്ഷ രക്ഷാകർതൃത്വ നിയമം, ഹിന്ദുദത്തു-വ്യവഹാര നിയമം എന്നീ നാല് ബില്ലുകളായി ഇത് നടപ്പിലായി. അർച്ചന പരാഷാർ ചൂണ്ടിക്കാട്ടുന്നത് പോലെ ഹിന്ദു വ്യക്തിനിയമ നവീകരണത്തെ തുടർന്ന് ദേശീയതാ ചട്ടക്കൂടിൽ നിന്ന് ഇതര സമുദായങ്ങളുടെ വ്യക്തിനിയമങ്ങളെ മനഃപൂർവം മാറ്റുന്നതിനായി ഏകീകൃത സിവിൽ കോഡിനായി ആവശ്യം ഉയരാൻ തുടങ്ങി. ഹിന്ദു – ഇതര സമുദായങ്ങളുടെ വ്യക്തിനിയമങ്ങൾ അളക്കാനുള്ള സ്ത്രീപക്ഷ മാനദണ്ഡമായി ഹിന്ദു കോഡ് മിക്കപ്പോഴും സ്ഥാപിക്കപ്പെട്ടതായി ഫ്ളാവിയ ആഗ്നസ് നിരീക്ഷിക്കുന്നുണ്ട്. പുരോഗമന ഹിന്ദു നിയമത്തിനു വിപരീതമായി, ജീവനാംശം ആവശ്യപ്പെട്ടു കൊണ്ടുള്ള ഷാബാനു കേസും, മുത്തലാഖ് അസാധുവാക്കാനുള്ള ഷെയറാ ബാനു കേസും മുസ്ലിം സമുദായത്തിലെ ആൺകോയ്മയെ സത്തവത്കരിച്ചു. ദേശീയതാ വ്യവഹാരങ്ങളിൽ മുസ്ലിംകളുടെയും ഇതര ന്യൂനപക്ഷ സ്ത്രീകളുടെയും അവകാശങ്ങളെ മുൻനിർത്തിയുള്ള ഭരണമനോഭാവ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു. ഇത് ഒരു തരത്തിൽ ഫെമോനാഷണലിസമായി വായിക്കാവുന്നതാണ്.

ഇന്ത്യയിൽ മതേതര നിയമങ്ങൾക്കുപരിയായി, ക്രൈസ്തവ, മുസ്ലിം, ജൂത, പാഴ്സി വിഭാഗങ്ങൾക്ക് വ്യത്യസ്തമായ വ്യക്തിനിയമങ്ങളുണ്ട്. ഇത് വ്യക്തികളുടെ മേൽ 'വർഗീയമായ' പൗരത്വം അടിച്ചേല്പിക്കുന്നുണ്ട്. ശബ്നം തേജാനി ചൂണ്ടിക്കാട്ടുന്നത് പോലെ ഇന്ത്യൻ പൗരന്മാർ, മതം ജാതി തുടങ്ങിയ ഒന്നിലധികം അസ്തിത്വങ്ങളുള്ളവരാണ്. ദേശരാഷ്ട്രത്തിന്റെ രൂപീകരണം പൗരത്വത്തെ അടിസ്ഥാനപരമായി അധീശ ഭൂരിപക്ഷത്തിന്റെ ആധിപത്യമുള്ളതാക്കി. എന്നാൽ മുസ്ലിം ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കെതിരായി ദേശീയതാ വ്യവഹാരങ്ങളിലൂടെയാണ് ഈ കൃത്രിമമായ ഭൂരിപക്ഷം വിവക്ഷിക്കപ്പെട്ടത്. അംബേദ്കർ ഇതിനെ 'അജൈവ' വർഗീയ ഭൂരിപക്ഷം എന്നാണ് വിളിച്ചത്. യാഥാർഥ്യത്തിൽ അത് ജാതി സമൂഹങ്ങൾ മാത്രമായിരുന്നു. ഏകീകരണത്തിന്റെ കാതൽ എപ്പോഴും അധീശ ഭൂരിപക്ഷ ദേശീയത വ്യവഹാരമായിരുന്നു. അത് ഏതു നിയമവ്യവസ്ഥയുടെയും അളവുകോലായി ഹിന്ദു വിഭാഗത്തെ (പുരോഗമനവും ആധുനികതയും കൈവരിച്ചതുമായ) പ്രതിഷ്ഠിച്ചതായി പാർത്ഥ എസ് ഘോഷ് വായിക്കുന്നുണ്ട്.

മതേതര രാഷ്ട്രത്തിലെ നിയമ വ്യവഹാരങ്ങൾ നേരത്തെ തന്നെ മതാചാരങ്ങളെ അടയാളപ്പെടുത്താൻ ശ്രമിച്ചിരുന്നു. ഈ അർത്ഥത്തിൽ പുതിയൊരു മാനമാണുണ്ടായത്. കോടതി വ്യവഹാരങ്ങളിലൂടെ (മിക്കപ്പോഴും ഹിന്ദു ഉന്നത കുലജാതരായ ന്യായാധിപന്മാരിലൂടെ) എന്തൊക്കെയാണ് മതപരമായതെന്നും മതേതരമായതെന്നും വിവക്ഷിക്കാനുള്ള മേൽക്കൈ മതേതരത്വത്തിനു കൈവന്നിരുന്നു. എങ്കിലും, നിരവധി വിശകലനങ്ങളിലൂടെ സത്താപരമായ ആചാരങ്ങളുടെ ചട്ടക്കൂടിനുപരിയായി സമത്വത്തിലൂന്നിയുള്ള നിയമവ്യവഹാരമാണ് ഇന്ന് നിലനിൽക്കുന്നത്. സത്താപരമായ ആചാരങ്ങളെ അത്തരത്തിൽ മനസ്സിലാക്കുന്നതിൽ ലിംഗഭേദവുമായി ബന്ധപ്പെട്ട ചർച്ചകൾ പ്രധാനമാണ്. സമത്വത്തിലൂന്നിയുള്ള ആശയങ്ങളാകട്ടെ ദേശീയ ഏകീകരണ വ്യവഹാരങ്ങളുടെ ഭാഗമായാണ് പലപ്പോഴും ഉയർത്തിക്കാട്ടിയിട്ടുള്ളത്. ഏകീകൃത സിവിൽ കോഡ്, മുത്തലാഖിന്റെ ക്രിമിനൽവത്ക്കരണം എന്നിവയിൽ ഇത് കാണാവുന്നതാണ്. ന്യൂനപക്ഷ സമുദായങ്ങളിലെ സ്ത്രീകളെ തീർത്തും ആൺകോയ്മയിലധിഷ്ഠിതമായ വ്യവസ്ഥയിൽനിന്നും രക്ഷപ്പെടുത്താനുള്ള സ്ത്രീപക്ഷ പദ്ധതിയായാണ് ഏകീകൃത സിവിൽ കോഡ് എന്ന ആശയം മുന്നോട്ട് വയ്ക്കപ്പെട്ടത്. തവിട്ടുസ്ത്രീകളെ സ്വതന്ത്രരാക്കാൻ കൊളോണിയൽ ഭരണകൂടം നടത്തിയ ശ്രമങ്ങൾക്ക് സമാനമായി, ലിംഗാധിഷ്ഠിത പൗരത്വത്തിനു പുതിയ മാനങ്ങൾ ഇതിലൂടെ നിർമ്മിക്കപ്പെടുന്നുണ്ട്. അങ്ങനെ മുസ്ലിം സ്ത്രീയെ ആൺകോയ്മയുടെ ഇരയായി മാത്രം ചിത്രീകരിച്ചു മുസ്ലിം പുരുഷന്മാരെ ക്രിമിനൽ കുറ്റവാളികളാക്കിക്കൊണ്ടു ഫെമോനാഷണലിസം എന്ന പദ്ധതി വികസിപ്പിക്കുകയാണ് ചെയ്യുന്നത്.

ലിംഗാധിഷ്ഠിത കുടിയേറ്റക്കാർ എന്നത് കേന്ദ്ര സർക്കാർ അവതരിപ്പിച്ച പുതിയ പൗരത്വ ഭേദഗതി നിയമവും ദേശീയ ജനസംഖ്യ രജിസ്റ്ററും (എൻ. ആർ. സി) കുടിയേറ്റക്കാർ, അഭയാർഥികൾ എന്നീ വിഭാഗങ്ങളെ കുറിച്ച് സാമ്പ്രദായികമായ വായനകളെ പുനഃ പരിശോധിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രതിഷേധങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിൽ, ഇതിനെ ഭരണഘടനാ വിരുദ്ധമായാണ് അധീശ വായനകൾ ചൂണ്ടിക്കാട്ടിയത്. യുക്തിക്കു നിരക്കാത്ത രീതിയിൽ പൗരത്വത്തിൽ വിവേചനം കാണിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 14ന്റെ ലംഘനമാണെന്ന് അവർ വാദിക്കുന്നു. നിയമ നിർമ്മാണത്തിൽ വിവേചനം നടത്തിയിട്ടും വീണ്ടും ഭരണഘടനയുടെയും നിയമത്തിന്റെയും ഭാഷയിലാണ് സംവാദങ്ങൾ നടക്കുന്നത്. 2019 ലെ പൗരത്വഭേദഗതി നിയമത്തിൽ, മുസ്ലിംകൾ ഭൂരിപക്ഷമുള്ള അയൽരാജ്യങ്ങളിൽ, വേട്ടയാടപ്പെടുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള അഭയാർഥികളിൽ മുസ്ലിംകൾ ഒഴികെയുള്ളവർക്കാണ് പൗരത്വം




ലഭിക്കുക. ഇതോടൊപ്പം നിർദ്ദേശിക്കപ്പെട്ട ദേശീയ ജനസംഖ്യ രജിസ്റ്റർ പ്രകാരം ഒരാൾക്ക് പൗരനായി തുടരുന്നതിനായി പൗരത്വം തെളിയിക്കേണ്ട സ്ഥിതി വിശേഷത്തിലേക്കു നയിക്കുന്നുണ്ട്. ചരിത്രത്തിൽ ആദ്യമായാണ് ഒരു ഭരണകൂടം ഇത്തരമൊരു വലിയ ജൈവ രാഷ്ട്രീയ പദ്ധതി വഴി രേഖകൾ ഇല്ലാത്ത വരെ തടങ്കൽ പാളയത്തിലേക്കയക്കാനും നിയമ പരിരക്ഷയില്ലാത്ത കുടിയേറ്റക്കാരായി അടയാള പ്പെടുത്തി പുറന്തള്ളാനും പോകുന്നത്. പ്രത്യേക ആവശ്യത്തിനായി പുറത്ത് നിന്ന് വന്ന വിദേശി എന്ന പഴയ രീതിയിലല്ല, മറിച്ചു ദേശത്തിനകത്ത് ജീവിക്കുന്ന പൗരത്വം തെളിയിക്കാനുള്ള രേഖകൾ കൈവശമില്ലാത്തവരെയാണ് കുടിയേറ്റക്കാരായി വിവക്ഷിക്കുന്നത്. ഇവരെ പൗരത്വത്തെ നിർണയി ക്കുന്ന നാല് മണ്ഡലങ്ങളിൽ (രാഷ്ട്രീയം, സാമ്പ ത്തികം, നിയമം, ഭൂപ്രദേശം) നിന്നും പുറന്തള്ളുന്നു.

പിന്മുറ തെളിയിക്കാൻ ആവശ്യപ്പെടുന്ന എൻ.ആർ.സിയുടെ നടപടിക്രമങ്ങൾ ലിംഗാധി ഷ്ഠിതമാണ്. മറ്റു പ്രദേശങ്ങളിലേക്ക് വിവാഹം ചെയ്തു പോയ സ്ത്രീകൾ, സ്വന്തം പേര് മാറ്റി യവർ, ഒറ്റ രക്ഷിതാവ് മാത്രമുള്ളവർ, അനാഥർ തുടങ്ങിയവർക്ക് പിന്മുറ തെളിയിക്കാൻ മതിയായ രേഖകൾ കൈവശമില്ലാത്തവരാണ്. എൻ.ആർ. സിയും സി.എ.എയും കൂടി ചേരുമ്പോൾ മുസ്ലി ങ്ങൾ മാത്രമായിക്കും പുറന്തള്ളപ്പെടുന്ന വിഭാഗം. അതാകട്ടെ ഏറ്റവും മോശമായി ബാധിക്കുന്നത് മുസ്‌ലിം സ്ത്രീകളെയായിരിക്കും. ഇന്ത്യയ്ക്ക് പുറത്തുനിന്ന് വരുന്നവരുടെ (പ്രത്യേകിച്ചും ബംഗ്ലാ ദേശിൽ നിന്നുള്ളവരുടെ) സാന്നിധ്യത്തെയും അനിയന്ത്രിതമായ വ്യാപനത്തെയും കുറിച്ചുള്ള ഭയമാണ് എൻ.ആർ സിയെ പിന്തുണക്കുന്നവർ അത് നടപ്പിലാക്കാനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നത്. പാർശ്വവത്കൃത ന്യൂനപക്ഷ ത്തിനെതിരെയുള്ള ജൈവരാഷ്ട്രീയ ഭരണത്തിന്റെ പുതിയ രീതിയായി ഇതിനെ വായിക്കാം. പ്രത്യുത് പാദനം, ജനസംഖ്യ പെരുപ്പം തുടങ്ങിയവ ദേശ രാഷ്ട്രത്തിന്റെ ഉന്നമനത്തിനു വെല്ലുവിളിയാണെന്ന് ചൂണ്ടിക്കാട്ടി ലിംഗഭേദ വ്യവഹാരങ്ങളിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. പരിഷ്കൃതരും ഉയർന്ന വംശജരുമായ സവർണ്ണ ഹിന്ദുക്കളാണ് ഇന്ത്യയുടെ യഥാർത്ഥ അവകാശികളെന്ന വാദമാണ് ഇതിന്റെ മർമ്മം. വിവേചനപരമായ നിയമ നടപടി ക്രമങ്ങളി ലൂടെ പ്രത്യുത്പാദകർ മാത്രമായോ അല്ലെങ്കിൽ അതിലും മോശമായ രീതിയിൽ ചിത്രീകരിക്കുന്ന കുടിയേറ്റക്കാരായ സ്ത്രീകളായിരിക്കും ഈ ജൈവരാഷ്ട്രീയത്തിന്റെ പ്രധാന ഇരകൾ. സി.എ.എ, എൻ.ആർ.സി, എൻ.പി.ആർ. എന്നിവ കേവലം വിവേചനപരമായ നിയമങ്ങൾ മാത്രമല്ല. അതിലൂടെ ആധുനിക യൂജെനിക് (EUGENIC) വ്യവഹാരങ്ങളി ലൂടെ ജനസംഖ്യയെ നിയന്ത്രിക്കുകയും അടിമത്ത ത്തിലും അടിച്ചമർത്തലിലും അധിഷ്ഠിതമായ തൊഴിൽ ശക്തിയും പൗരന്മാരുടെതിനു തുല്യമായ രാഷ്ട്രരഹിത വിഭാഗത്തെയും സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ഇത് രാഷ്ട്രത്തിന്റെ ബോഡി സ്കേ പ്പിൽ (body scape) നിന്നും മുസ്ലിം സ്ത്രീകളുടെ പ്രത്യുത്പാദന ശേഷിയുള്ള ശരീരങ്ങളെ തുടച്ചു നീക്കുന്ന പ്രക്രിയ കൂടിയാണ്. സാറാ ഫാരിസ് ചൂണ്ടിക്കാട്ടിയത് പോലെ ഇത് പുതിയ കാര്യമല്ല. കൊളോണിയൽ ഭരണകൂടമോ മതേതര രാഷ്ട്രമോ അല്ലെങ്കിൽ ഏകാധിപത്യ ഭരണക്രമമോ ഇവയിൽ ഏതായാലും മുസ്ലിം സ്ത്രീയുടെ ശരീരവും അവ നിയന്ത്രിക്കാനും മെരുക്കാനുമുള്ള നിരവധി വഴി കളുമാണ് ഇതിന്റെയൊക്കെ അടിസ്ഥാനം.

***References***


Achille Mbembe. "Necropolitics." In Foucault in an Age of Terror: Essays on Biopolitics and the Defence of Society (152-182), edited by Stephen Morton and Stephen Bygrave. Palgrave Macmillan, 2008.

Archana Parashar. Gender Inequality and Religious Personal Laws in India. The Brown Journal of World Affairs, Vol. 14, No. 2 (2008): 103-112.

Diana H Coole. "Feminist Political Theory: An Introduction." Women's Studies International Forum, Vol 16, No.3 (1993): 298-299.

Flavia Agnes. "Triple Talaq - Gender Concerns and Minority Safeguards within a Communalised Polity: Can Conditional Nikahnama Offer a Solution". NUJS Law Review, Vol. 10, No. 3 (2017): 1-17.

Govt. of India. Constitutional and Legal Provisions for Women in India. BEST: International Journal of Humanities, Arts, Medicine and Sciences, 2015.

Jasbir Puar. "Rethinking Homonationalism " International Journal of Middle East Studies, Vol. 45, No. 2 (2013): 336-339.

Nivedita Menon. Sexuality, Caste, Governmentality: Contests over Gender in India. Feminist Review, Vol.19, No. 1 (2009): 94-112.

Partha S Ghosh. "Politics of personal law in India: The Hindu-Muslim Dichotomy." South Asia Research, Vol.29, No.1 (2009): 1-17.

Sara Farris. In the Name of Women's Rights: The Rise of Femonationalism. Duke University Press, 2017.

Sirma Bilge. "Beyond Subordination vs. Resistance: An Intersectional Approach to the Agency of Veiled Muslim Women. Journal of Intercultural Studies, Vol. 31, No. 1 (2010): 9-28.

Upendra Baxi. "Postcolonial Legality: A Postscript from India." Law and Politics in Africa, Asia and Latin America, Vol. 45, No. 2 (2012): 178-194.


■



**ഗസാല ജമിൽ**
അസിസ്റ്റന്റ് പ്രൊഫസർ
സെന്റർ ഫോർ ലോ ആന്റ്
ഗവേണൻസ്, ജവഹർലാൽ
നെഹ്റു സർവ്വകലാശാല

**അവർക്ക് രക്ഷകരെ ആവശ്യമില്ല, അവർ തന്നെയാണ് രക്ഷകർ**

# പൗരത്വസമരങ്ങളിലെ മുസ്ലിം സ്ത്രീസാന്നിധ്യങ്ങൾ

**2019**ലെ അവസാന മാസത്തിലെത്തി നിൽക്കുമ്പോൾ 'വർഗീയത' വ്യാപിക്കുന്നുണ്ടെന്ന വാർത്തകൾ (വർഗീയത പ്രചരിപ്പിക്കുന്ന 'വാർത്തകളും') കേട്ട് ഞാൻ മടുത്തിരിക്കുന്നു എന്ന് പറയുമ്പോൾ എന്താണ് ഞാൻ ഉദ്ദേശിക്കുന്നതെന്ന് പല ഇന്ത്യക്കാർക്കും മനസ്സിലാകും. ഇന്ത്യൻ മുസ്ലിങ്ങൾക്ക് വരാനിരിക്കുന്ന രാഷ്ട്രനിഷേധത്തെയും നാസി ജർമ്മനിയെയും കോൺസൻട്രേഷൻ ക്യാമ്പുകളെയും സാമ്യപ്പെടുത്തിയുള്ള വ്യാപകമായ ചർച്ചകൾ പല തരത്തിൽ ആശങ്കയുളവാക്കുന്നുണ്ട്. തങ്ങളുടെ സ്വന്തം ദേശക്കാരിൽ ഒരു വിഭാഗത്തിന്റെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും വളരെ മോശമായ വിധിക്കു വിധേയരാവുകയും ചെയ്യപ്പെടുമ്പോൾ സ്വന്തം കാര്യം മാത്രം നോക്കി ബഹുഭൂരിപക്ഷം വരുന്ന ഇന്ത്യക്കാർ ഇത്രയും വെറുപ്പ് കാത്ത് സൂക്ഷിക്കുന്നുണ്ടെന്ന അവസ്ഥ സത്യത്തിൽ പരിതാപകരമാണ്. ഇന്ത്യൻ മുസ്ലിങ്ങൾക്ക് ആദ്യം നിയമപരിരക്ഷയും സാമൂഹിക സുരക്ഷയും നിഷേധിക്കുന്നു. ഈ സാഹചര്യം അവരെ ഡിറ്റൻഷൻ ക്യാമ്പുകളിലേക്ക് പറഞ്ഞയക്കാൻ സൗകര്യം നൽകുന്നു.

പക്ഷെ, ആ സമയത്താണ് പ്രക്ഷോഭങ്ങൾ ആരംഭിച്ചത്. പൗരത്വ ഭേദഗതി ബിൽ രാജ്യ സഭയിൽ പാസ്സായ ദിവസം തന്നെ ആദ്യം ഡൽഹിയിലെ കേന്ദ്ര സർവകലാശാലയായ ജാമിയ മില്ലിയ്യ ഇസ്ലാമിയ സംസാരിച്ചു. മഴയും തണുപ്പും വകവെക്കാതെ വിദ്യാർത്ഥിനികൾ അവരുടെ ഹോസ്റ്റലിൽ നിന്നും പുറത്തേക്കിറങ്ങി റാലി നടത്തി. അതിൽ മൂന്നുപേരായ ആയിഷ റെന്ന, ലദീദ ഫർസാന, ചന്ദ യാദവ്, എന്നിവർ മുഷ്ടിചുരുട്ടി മുദ്രാവാക്യം വിളിക്കുന്ന ചിത്രം ഈ സമരത്തിന്റെ ഐക്കണായി ഫ്രെയിം ചെയ്യപ്പെട്ടു. രാജ്യമെമ്പാടുമുള്ള വലിയൊരുകൂട്ടം പൗരന്മാരുടെയും വിദ്യാർത്ഥികളുടെയും ശ്രദ്ധ ആദ്യം പിടിച്ചുപറ്റിയത് ഈയൊരു പ്രതിരോധത്തിന്റെ ചിത്രമാണ്. ആയിഷയും ലദീദിയും പറഞ്ഞത് അവരുടെ ശബ്ദം എല്ലായിടത്തും എത്തണമെന്നാണ്. അങ്ങനെതന്നെ സംഭവിച്ചു.

ഉടനെ തന്നെ പോലീസിന്റെ അടിച്ചമർത്തൽ ഉണ്ടായി. ആദ്യം, വിദ്യാർഥികൾ വിളിച്ചുചേർത്ത പൗരത്വറാലിക്കു നേരെയായിരുന്നു. പിന്നീട്, ലൈബ്രറിയിലും പള്ളിയിലും പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന വിദ്യാർത്ഥികളെ അതിക്രമിച്ചു കൊണ്ട് ജാമിയ കാമ്പസിനുള്ളിൽ നടത്തിയ അക്രമം വിവരണാതീതമാണ്. അവിടുത്തെ കാഴ്ചകൾ ഞെട്ടിക്കുന്നതും ദയനീയവുമായിരുന്നു. അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയിൽ നിന്നും യു.പി യുടെ മറ്റു ഭാഗങ്ങളിൽ നിന്നും അതിലും കൂടുതൽ മോശമായ കാര്യമാണ് നമ്മൾ കേട്ടത് (പിന്നീട്, ഇന്റർനെറ്റ് പ്രവർത്തനരഹിതമായതിനു ശേഷമുള്ള ദൃശ്യം പുറത്തു വന്നപ്പോൾ, പോലീസ് അവിടെ സ്വകാര്യ ഗുണ്ടാസംഘത്തെപ്പോലെ പെരുമാറിയത് എന്നാണു മനസ്സിലായത് ('വീട്ടിനുള്ളിൽ കയറി കടന്നാക്രമിക്കും' എന്നത് വെറും ഭീഷണിയല്ലാതായി). മറ്റൊരു ദൃശ്യം അടുത്ത ദിവസം കണ്ടു. അത് പ്രതീക്ഷയുടേതായിരുന്നു. ജാമിയയിലെ നിയമ വിദ്യാർത്ഥിയായ അനുഗ്യ, നിലവിലെ ഗവൺമെന്റിനു വേണ്ടി വോട്ടു ചെയ്ത എല്ലാ പൗരന്മാരെയും ടിവിയിലൂടെ അഭിസംബോധന ചെയ്തുകൊണ്ട് വേദനയോടെയും സഹാനുഭൂതിയോടെയും പറഞ്ഞു: 'എന്റെ പരീക്ഷക്ക് വേണ്ടി ഇനി ഞാൻ എങ്ങനെ ഭരണഘടന പഠിക്കും? എന്റെ സഹപാഠികളോട് അനീതി ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ അവരുടെ കൂടെ നിൽക്കണം.

'രണ്ടു ദിവസത്തിനിടയിൽ നടന്ന രണ്ടു പ്രതീ


ആയിഷ റെന്ന

കാത്മക നിമിഷങ്ങളാ യിരുന്നു അത്.നേരത്തെ തന്നെ ചില കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്.

മുസ്ലിങ്ങളടക്കമുള്ള ജാമിയയിലെ വിദ്യാർ ഥിനികളാണ് പ്രക്ഷോഭ ങ്ങളുടെ മുന്നണിയിലും പിന്നണിയിലും. മാധ്യമ ങ്ങളോട് സംസാരിക്കു ന്നത്, മുദ്രാവാക്യങ്ങൾ ഉയർത്തുന്നത്, പ്ലക്കാർ ഡുകൾ നിർമ്മിക്കുന്നത്, സ്വയം പ്രാതിനിധ്യം വഹിച്ചു കൊണ്ട് ആഴമുള്ള തീരുമാനങ്ങളെടുത്ത് മുന്നോട്ടു വരുന്നത്, അവരുടെ ശബ്ദവും യൗവനാത്മക ആദർശവാദവുമാണ് ഒരു പാട് ദൂരം സഞ്ചരിച്ചത്.

അത് സന്തോഷിക്കേണ്ട സമയമാവുന്നു. ഇന്ത്യയിൽ മതേതരത്വ തകർന്നിട്ടില്ല, മതേതരത്വത്തിന് അകാലചരമം സംഭവിക്കുകയുമില്ല. അതിനു വേണ്ടി എഴുന്നേറ്റു നിന്ന് സംസാരിച്ചത് അങ്ങനെ ചെയ്യുമെന്ന് ആരും പ്രതീക്ഷിക്കാത്തവരായിരുന്നു: സർവകലാശാല വിദ്യാർഥികൾ, കുറച്ചെങ്കിലും അധികാരവും പദവിയുമുള്ള വിഭാഗം. ഒട്ടും സ്വാർത്ഥരല്ലാത്ത പുതിയ തലമുറ പഴയ തലമുറയിലെ പൗരാവകാശ, മനുഷ്യാവകാശ പ്രവർത്തകരെ ആശ്ചര്യപ്പെടുത്തി. അവർ രാഷ്ട്രീയ അവബോധമുള്ളവരും ഉച്ചത്തിൽ സംസാരിക്കുന്നവരുമാണെന്നു തെളിയിച്ചു. ചില ആദർശങ്ങളിലും ചില വിശ്വാസങ്ങളിലും ചില ശരികളിലും അവർ ബദ്ധശ്രദ്ധരായിരുന്നു. അത് പടരുകയായിരുന്നു. അവർ കേവല ആദർശങ്ങളായ ഭരണഘടനാ മൂല്യങ്ങളെയും ഐക്യദാർഢ്യത്തെയും ഒരിക്കൽ കൂടി താല്പര്യമുള്ള ആശയങ്ങളാക്കി പരിവർത്തിപ്പിച്ചു.

പിന്നീട് സമരത്തിനുള്ള മറ്റൊരു വഴി ഷഹീൻബാഗ് കാണിച്ചു തന്നു. ഞാൻ ഇതെഴുതുമ്പോൾ ഇന്ത്യയുടെ പല ഭാഗത്തതായി നിരവധി ഇരുപ്പു സമരങ്ങൾ മുസ്ലിം സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. നേതാവ് ആരാണെന്നു തിരിച്ചറിയാനാവാത്ത വിധം സ്പഷ്ടമായ ആശയവും ദൃഢ നിശ്ചയവുമുള്ള ഒരുപാട് മുസ്ലിം സ്ത്രീ സാന്നിധ്യമുണ്ട്. അവരുടെ മനോദാർഢ്യവും നിർഭയത്വവും കേന്ദ്രമായി വർത്തിച്ചു കൊണ്ട്. അതിനു ചുറ്റുമുള്ള ഇടങ്ങൾ വിവേചനപരമായ നിയമത്തിനെതിരെയുള്ള പ്രക്ഷോഭങ്ങൾക്കും ഐക്യദാർഢ്യ പ്രകടനത്തിനും വേദിയൊരുക്കുന്നുണ്ട്. അവരുടെ നിശ്ചയദാർഢ്യം മുസ്ലീങ്ങളുടെ അവസ്ഥയോർത്ത് ഭയപ്പെട്ടിരിക്കുന്നവർക്കു ആശ്വാസം നൽകുന്നുണ്ട്. ഇസ്ലാമിക തീവ്രവാദത്തെക്കുറിച്ചുള്ള ഭീതി ഉത്പാദനത്തിൽ മനം മടുത്ത യുവ മുസ്ലിങ്ങൾക്ക് പൗരത്വ പ്രക്ഷോഭം പ്രതിരോധത്തിന്റെ പുതിയ വഴികൾ തുറന്നു. വിദ്യാർത്ഥികൾ, സർവകലാശാലകൾ, ജനാധിപത്യത്തിന്റെയും ഇന്ത്യയുടെയും ഭാവി തുടങ്ങിയ സാർവലൗകിക മൂല്യങ്ങൾക്ക് വേണ്ടിയായിരുന്നു അവരുടെ മുദ്രാവാക്യം.

എല്ലാറ്റിലുമുപരി തങ്ങൾക്ക് രക്ഷകരെ ആവശ്യമില്ലെന്നു ആ സ്ത്രീകൾ വ്യക്തമാക്കുന്നുണ്ട് (മാധ്യമങ്ങൾ ഏതായാലും ജനാധിപത്യത്തിന്റെ കാവലാളാകാതെ അധികാരികളുടെ വളർത്തു നായയെ പോലെയാണ് പെരുമാറുന്നത്). ഭരണഘടനയെ സംരക്ഷിക്കാൻ വേണ്ടി ഇറങ്ങിത്തിരിച്ച അവരാണ് രക്ഷകർ. 'മുസ്ലിം സ്ത്രീകളെ മുത്തലാഖിൽ നിന്നും വിമോചിപ്പിക്കണമെന്ന്' ഭരണകൂടത്തിന്റെ വാചകമടിയെ അവർ ചോദ്യം ചെയ്യുന്നു. മുസ്‌ലിങ്ങളെ പുറത്താക്കുന്ന ഭൂരിപക്ഷ ദേശീയതയെ അവർ മറികടക്കുന്നു. അവർ അതി തീവ്രമായ ദേശസ്നേഹത്തോടെയും ഈ നാടിനോടുള്ള വിട്ടുപിരിയാനാവാത്ത കൂറും കൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. അവർ പറയുന്നു: 'നമ്മുടെ മുൻഗാമികൾ ഇവിടെയാണ് മറവു ചെയ്യപ്പെട്ടിട്ടുള്ളത്, നമ്മൾ അഞ്ചു നേരം ഈ മണ്ണിൽ നിസ്കരിക്കുന്നു.'

എല്ലാ പീഡനങ്ങൾക്കും ലക്ഷ്യം വെക്കലുകൾക്കുമുപരി, പരാതികളില്ലാതെ കാലങ്ങളായി പ്രയാസങ്ങൾ അനുഭവിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന മാതൃകാ പൗരരായാണ് അവർ മുസ്ലിങ്ങളെ സ്ഥാനപ്പെടുത്തുന്നത്. തൊഴിലാളി പ്രസ്ഥാനങ്ങൾ, കർഷക സംഘടനകൾ, ദലിത് സാമൂഹ്യ പ്രവർത്തകർ തുടങ്ങി പൗരത്വത്തിൽ പ്രശ്നമനുഭവിക്കുന്ന എല്ലാ വിഭാഗങ്ങളെയും അവർ പ്രതിനിധീകരിക്കുകയും, അവർക്ക് പ്രചോദനമാവുകയും, അവരോട് ഐക്യദാർഢ്യപ്പെടുകയും ചെയ്യുന്നുണ്ട്. പ്രധാനമായും അവർ മുസ്ലിം പുരുഷന്മാരെയും പ്രതിനിധീകരിക്കുന്നു. അതിലൂടെ മുസ്‌ലിം പുരുഷന്മാരും (ഇസ്ലാമും) മുസ്ലിം സ്ത്രീകളെ അടിച്ചമർത്തുന്നുവെന്ന കാല്പനിക കഥ ഭേദിക്കുന്നു. പാവപ്പെട്ടവൻ/പ്രതാപി, നല്ല/ചീത്ത മുസ്ലിം എന്നീ വ്യത്യാസങ്ങളില്ലാതെ ദൈനംദിന ജീവിതത്തിൽ പല മുൻവിധികൾക്കും ലക്ഷ്യം വെച്ചുള്ള

*(ശേഷം പേജ് 24)*



വാസ്തവം



ഡോ.ജാൻസി ജോസ്

# സുദൃഢബന്ധങ്ങൾക്കായി

**സൈ**ബർ ക്രൈം വർദ്ധിച്ചു വരുന്നത് നമ്മെ ഏറെ ആശങ്കാകുലരാക്കുന്നുണ്ടല്ലോ. എന്നാൽ അടുത്തകാലത്തായി സൈബർ വിധവകൾ (cyber widows) വർദ്ധിച്ചു വരുന്നതിനെക്കുറിച്ച് ആരും ആശങ്കപ്പെട്ടു കാണുന്നുമില്ല. ഇന്റർനെറ്റ് സാർവ്വത്രികമായി പ്രചാരത്തിൽ വന്ന ഘട്ടം മുതൽ ഇന്റർനെറ്റ് അഡിക്ഷന് വിധേയരായവരുടെ ഭാര്യമാരാണ് (മനശാസ്ത്ര പരമായി) സൈബർ വിധവകൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. സ്നേഹവും കരുതലും അടുപ്പവും ഷെയറിംഗുമില്ലെങ്കിൽ ഭർത്താവ് കൂടെയുണ്ടെങ്കിലും വൈധവ്യം അനുഭവിക്കുന്നവരാകുന്നു ഭാര്യമാർ. അങ്ങനെയുള്ള അനേകം സ്ത്രീകൾ നമ്മുടെ ഇടയിലുണ്ട്. ഇന്റർനെറ്റോ മറ്റു താത്പര്യങ്ങളോ ഒന്നുമില്ലെങ്കിലും സ്നേഹവും കരുതലും പകർന്നു കൊടുക്കാൻ മടി കാണിക്കുന്ന, ഭാര്യയോടടുപ്പം കാണിച്ചാൽ ആണത്തം താഴെ പോകുമെന്നു കരുതുന്നവരുടെ ഭാര്യമാരും ഒരർത്ഥത്തിൽ ഒറ്റപ്പെടൽ തന്നെയാണ് അനുഭവിക്കുന്നത്.

ഇതൊന്നുമില്ലാതെ നല്ല ബന്ധങ്ങൾ സൂക്ഷിക്കാൻ കഴിയാത്തവർ എന്നും പ്രശ്നത്തിലാണ് മുന്നോട്ടു പോകുന്നത്. നല്ല ബന്ധം എന്നതുകൊണ്ടുദ്ദേശിക്കുന്നത് അതിർവരമ്പുകൾ ക്ലിയറായിരിക്കുക എന്നതാണ്. അതിർവരമ്പുകൾ സൂക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ ഫലം യുദ്ധമായിരിക്കുമല്ലോ.

ഭാര്യാഭർതൃ ബന്ധത്തിൽ അതിർവരമ്പിന്റെ ആവശ്യമില്ല എന്നു വിശ്വസിക്കുന്നവരാണ് നമ്മൾ. എന്നാൽ ഓരോ വ്യക്തിക്കും അവരുടെ വ്യക്തിത്വത്തിന്റെ പ്രഭാവങ്ങളുണ്ടെന്നിരിക്കെ അവയെ നിഷ്പ്രഭമാക്കാനോ ഒന്നാക്കി മാറ്റാനോ ശ്രമിക്കുമ്പോഴാണ് കുടുംബം യുദ്ധക്കളമാകുന്നത്. കുടുംബ ജീവിതത്തിൽ വ്യക്തി സ്വാതന്ത്ര്യം അത്ര അത്യാവശ്യമാണ് എന്നു സാരം. പഴയ കാലത്തിൻ നിന്ന് മാറി തന്റെ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞ സ്ത്രീകളാണ് ഇന്ന് ഏറെയും ഉള്ളത്.

നല്ല ബന്ധങ്ങൾ ഇല്ലാതാവുമ്പോഴാണ് സാധാരണ മൂന്നാമിടങ്ങൾ തേടിപ്പോകേണ്ടി വരുന്നത്. ഒരുമിച്ചു താമസിച്ച് വൈകാരിക അകലം പാലിക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്. അതു കൊണ്ടു തന്നെ ഇക്കാലത്ത് രണ്ടു തരത്തിലുള്ള വിവാഹമോചനമാണ് നടക്കുന്നതെന്നു കാണാം. വൈകാരിക വിവാഹ മോചനവും നിയമം മൂലമുള്ള വിവാഹമോചനവും. പരസ്പരം മനസിലാക്കി, അംഗീകരിച്ച് പങ്കുവെച്ച് മുന്നോട്ടു പോകാൻ കഴിയുന്നില്ലെങ്കിൽ നിയമം മൂലം വിവാഹമോചനം നേടുക തന്നെയാണ് ഓരോരുത്തർക്കും നല്ലത്. വിവാഹം ഒരു കൊടുക്കൽ വാങ്ങൽ ചടങ്ങു മാത്രമല്ല, മനസിലാക്കിയുള്ള, ആഴത്തിലുള്ള ബന്ധം കൂടിയാവണം. ബന്ധങ്ങളിലെല്ലങ്കിൽ ജീവിതം വിരളമാവും. അതു കൊണ്ട് ഓരോ ബന്ധവും (വിവാഹബന്ധം?) സുദൃഢമാവട്ടെ.

■



പ്രിജിത്ത് പി.കെ.
ക്വിയറിതം സ്ഥാപക അംഗം

# പൗരത്വവും അപരവൽക്കരണവും ക്വീയർ ജീവിത യാഥാർത്ഥ്യങ്ങൾ




ഇന്ത്യൻ സ്വാതന്ത്ര്യസമര ശേഷം ബഹുജനപങ്കാളിത്തസമരവും ജനരോഷവും രാജ്യമാകെ ഉയർന്ന മറ്റൊരു സാഹചര്യം ഉണ്ടായിട്ടില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലടക്കം പ്രതിഷേധങ്ങളും വിമർശനങ്ങളും ഉയർന്നിട്ടും സ്വജനപക്ഷ പാതപരമായി ഒരു സർക്കാർ മുന്നോട്ട് പോയി എന്നതുതന്നെയാണ് രാജ്യം നേരിടുന്ന ഏറ്റവും വലിയ ജനാധിപത്യ വെല്ലുവിളി. പൗരത്വം; ഏതൊരു വ്യക്തിയും ജീവിക്കുന്ന ഭരണഘടനാപരമായ രാജ്യാതിർത്തിയിലെ അംഗീകൃത പദവി ആണെന്നിരിക്കെ ആ പദവിയുടെ അവകാശികൾ ആരൊക്കെ എന്നത് സങ്കീർണ്ണമാകുന്നത് ദൗർഭാഗ്യകരമാണ്. രാജ്യം, ഭരണകർത്താക്കൾ, അവരുടെ രാഷ്ട്രീയം, അവയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ, സാമ്പത്തിക താല്പര്യങ്ങൾ എന്നിങ്ങനെ നിയന്ത്രണഘടകങ്ങൾ രൂപപ്പെട്ടുവരുമ്പോൾ പൗരത്വത്തിനുള്ള അർഹത ചിലരിലേക്ക് ചുരുങ്ങുന്ന സവിശേഷ സാഹചര്യം ഇന്ത്യയിലും വന്നിരിക്കുന്നു. പൗരരിൽ നിന്നും അഭയാർഥികളിലേക്ക് കൂടുമാറേണ്ടുന്ന സവിശേഷ രാഷ്ട്രീയ സാഹചര്യം കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നു എന്നത് തന്നെയാണ് ഇന്ത്യയുടെയും ലോകത്തിന്റെയും ഇന്നത്തെ അവസ്ഥയും ഗതികേടും. അവിടെയാണ് സാമൂഹ്യഘടനയിൽ പരിഗണകളിൽ ഇല്ലാതെ, സാമൂഹ്യ വ്യവഹാരങ്ങളിൽ നിന്നും അദൃശ്യരാക്കപ്പെട്ട ട്രാൻസ്ജെൻഡർ മനുഷ്യരും സ്വവർഗ്ഗാനുരാഗികളും അടങ്ങുന്ന ലിംഗത്വ ലൈംഗിക ന്യൂനപക്ഷങ്ങളുടെ പൗരത്വ നിയമ നിലകൾ ചർച്ചയാകേണ്ടത്.

ബ്രിട്ടീഷ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ അപരവത്കരണവും സാമൂഹികഭ്രഷ്ടും നേരിടേണ്ടി വന്നത് ഇവിടത്തെ തദ്ദേശീയ ഹിജഡാ പാരമ്പര്യത്തിൽ ജീവിച്ചിരുന്ന ട്രാൻസ്ജെൻഡർ മനുഷ്യർക്കാണ്. വിഭവ വിതരണത്തിലോ, അധികാര വിനിമയങ്ങളിലോ അവസരസമത്വങ്ങളിലോ ഒരിക്കൽ പോലും പരിഗണനകൾക്ക് പാത്രമാകാതിരുന്ന ഒരു കൂട്ടം മനുഷ്യർ ചരിത്രാതീത കാലം മുതലേ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉണ്ടായിരുന്നു എന്നതാണ് വസ്തുത. 1860 കാലഘട്ടത്തിൽ ബ്രിട്ടീഷ് സർക്കാർ അവതരിപ്പിച്ച ഐപിസി 377, 1871 ലെ ഹിജ്റ ട്രൈബ്സ് ക്രിമിനൽ ആക്ട് എന്നിവയെല്ലാം നീതിനിഷേധവും ഇടങ്ങളുടെ അപഹരണവും മാത്രമാണ് ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങളോട് നടത്തിയത്, ചരിത്രം സാക്ഷി!

ഉത്തരേന്ത്യയിലെ ഹിജഡാ പാരമ്പര്യത്തിന് പുരാണങ്ങളുടെ പകിട്ടും മേമ്പൊടിയും ചാർത്തി സാമൂഹികാകലം ട്രാൻസ്ജെൻഡർ മനുഷ്യരോട് പുലർത്തിയിരുന്നു. ട്രൈബൽ ക്രിമിനൽ ആക്ടിന്റെ വരവോടെ രാഷ്ട്രീയമായും അവർ മോഷ്ടിക്കപ്പെട്ടു, ട്രാൻസ്ജെൻഡർ മനുഷ്യരുടെ സ്വത്തുക്കൾ കണ്ടുകെട്ടാനും അവരെ ജയിലിൽ അടക്കാനും ആ നിയമം അധിക അധികാരങ്ങൾ പ്രാദേശിക




ആഘോഷിക്കാനോ തുടർന്ന് റിപ്പബ്ലിക് ആയശേഷം ഭരണഘടനാവകാശങ്ങൾ ഉറപ്പാക്കുവാനോ അവസരം ലഭിക്കാത്തവരായി ക്വീയർ മനുഷ്യർ മാറി. ഇന്ത്യക്കാരുടെ പൊതുഇടങ്ങളിൽ നിന്നും അവർ നിഷ്കാസിതരായി മാറി.

ലിംഗത്വ ലൈംഗിക ന്യൂനപക്ഷങ്ങളുടെ ദൃശ്യതയും സ്വീകാര്യതയും വിഭിന്നഘടകഭരണകൂടങ്ങൾക്ക് നൽകി. ഇതിനർഥം ബ്രിട്ടീഷ് ഇന്ത്യയിൽ സ്വത്തവകാശമുള്ള മനുഷ്യരായിരുന്നു ട്രാൻസ്ജെൻഡർ സമൂഹം എന്നതാണ്.

അന്യർ എന്ന രീതി എപ്പോഴൊക്കെ ഇന്ത്യൻ സാഹചര്യങ്ങളിൽ പൊന്തിവന്നിട്ടുണ്ടോ അപ്പോഴൊക്കെ മാറ്റിനിർത്തപ്പെട്ട വിഭാഗം തന്നെയാണ് ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങൾ.

അതിഭീകരമായ ഹോമോഫോബിയയും ട്രാൻസ്ഫോബിയയും ഇന്ത്യൻ സമൂഹത്തിൽ വേരോടിയതിനു ബ്രിട്ടീഷ് ഭരണവും അവരുടെ സദാചാര സങ്കല്പങ്ങളും നൽകിയ സംഭാവനകൾ ചെറുതല്ല, ഇന്ത്യൻ ശുദ്ധി-വൃത്തി-ജാതി സങ്കലനങ്ങളിൽ ഏറിയും കുറഞ്ഞും ആ ഭീതി നല്ലരീതിയിൽ വളർന്നു എന്നതാണ് യാഥാർഥ്യം. ബ്രിട്ടീഷ് ഭരണത്തിൽ ക്രിമിനലുകൾ ആയി മാത്രം കണക്കാക്കപ്പെട്ടിരുന്ന ക്വീയർ മനുഷ്യർ തങ്ങളുടെ സ്വത്വം ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങളുടേതല്ല എന്ന് സമൂഹത്തെയും കുടുംബത്തെയും ബോധ്യപ്പെടുത്താൻ നടത്തിയ ശ്രമങ്ങളുടെ ദുരന്തമാണ് ഇന്നും ഇന്ത്യയിലെ ക്വീയർ മനുഷ്യർ അനുഭവിക്കേണ്ടി വരുന്നത്. പക്ഷെ അന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ മറ്റുവഴികളൊന്നും തന്നെ ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. ബ്രിട്ടീഷ് ഇന്ത്യയിൽ നിന്നും സ്വതന്ത്ര ഭാരതത്തിലേക്കും റിപ്പബ്ലിക്കിലേക്കും ഇന്ത്യ ചലിച്ചിട്ടും നിയമപരമായ അംഗീകാരം, ഭരണഘടനാവകാശങ്ങൾ, തുല്യനീതി എന്നിവ അനുവദിച്ചുകിട്ടാൻ യഥാക്രമം ട്രാൻസ്ജെൻഡർ മനുഷ്യർക്ക് 2014ഉം സ്വവർഗാനുരാഗികൾക്ക് 2018ഉം വരെ ക്ഷമയോടെ കാത്തിരിക്കേണ്ടതായി വന്നു. എന്തൊരു വിരോധാഭാസമാണ് ഇന്ത്യൻ റിപ്പബ്ലിക് LGBTIQ മനുഷ്യരോട് കാണിച്ചതെന്നത് ചിന്തനീയമാണ്. 1947ന് സ്വാതന്ത്ര്യദിനം

ങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്, ട്രാൻസ്ജെൻഡർ മനുഷ്യർക്ക് അവരുടെ ലിംഗത്വ സ്വത്വം (Gender Identity) അധികനാൾ പൊതുസമൂഹത്തിൽ നിന്നും ഒളിപ്പിച്ചുവയ്ക്കുവാൻ സാധിക്കുകയില്ല, എന്നാൽ സ്വവർഗാനുരാഗികൾക്ക് സ്വത്വ പ്രതിസന്ധി (ബാഹ്യകാരണങ്ങൾ ഇല്ലെങ്കിൽ) മറ്റുള്ളവർ അറിയാതെ തുടരുവാനും ചിലർക്കെങ്കിലും പൊതുബോധത്തെ തൃപ്തിപെടുത്തുവാനായി നിർബന്ധിത വിവാഹങ്ങളിൽ അടക്കം ഏർപ്പെടുവാനും സാധിക്കുന്നു. അതുകൊണ്ടാണ് ഇവിടത്തെ ക്വീയർ ജനസംഖ്യ എത്രയെന്ന കൃത്യമായ കണക്ക് കമ്മ്യൂണിറ്റി സംഘടനകൾക്ക് പോലും മനസ്സിലാകാത്തത്. അപമാനവും, വീട്ടുകാരും നാട്ടുകാരും ഒഴിവാക്കുമെന്ന ഭയവും, വിഷാദരോഗവും ഒറ്റപ്പെടലുമടക്കം നിരവധി പ്രതിസന്ധിഘട്ടങ്ങളെ ഒറ്റക്ക് മാത്രം തരണം ചെയ്യേണ്ടവരാണ് ക്വീയർ മനുഷ്യർ.

**നൽസ വിധി വഴിത്തിരിവാകുന്നു**

2014 ഏപ്രിൽ 15 ന് ബഹുമാനപെട്ട സുപ്രീം കോടതി നാഷണൽ ലീഗൽ സർവ്വീസസ് സൊസൈറ്റിയും കേന്ദ്ര സർക്കാരും മറ്റു കക്ഷികളുമായി നടന്നുവന്ന (NALSA Vs Union of India) കേസിലെ സുപ്രധാന വിധിന്യായത്തിൽ ഇന്ത്യയിലെ പൗരന്മാരായി അംഗീകാരം നൽകിയ വിഭാഗമാണ് ട്രാൻസ്ജെൻഡർ മനുഷ്യർ; ഭരണഘടനാപരമായും ചരിത്രപരമായും അവർ ഇന്ത്യൻ പൗരരാണെന്ന് കോടതി കണ്ടെത്തി. എത്രത്തോളം വിരോധാഭാസമാണ് ഈ വിധി സമൂഹത്തോട് ചോദ്യരൂപേണ ഉന്നയിക്കുന്നത്, സമൂഹത്തോട് മാത്രമല്ല ഇത്രയും നാൾ നീതിനിഷേധം നടത്തിയ ഇവിടത്തെ ജനാധിപത്യപ്രക്രിയകളോടും കൂടിയാണ്.

ലക്ഷക്കണക്കിനുവരുന്ന ട്രാൻസ്ജെൻഡർ

മനുഷ്യർക്ക് വോട്ടവകാശവും മറ്റ് പൗരത്വാവകാശ ങ്ങളും അത്രയും നാൾ നിഷേധിക്കപ്പെട്ടിരുന്നു എന്ന വിരുദ്ധതയും കോടതിവിധിയിലൂടെ പുറത്തു വന്നു. ലിംഗനീതിയുടെ മാഗ്നാകാർട്ട എന്ന് നൽസാവിധിയെ പുകഴ്ത്തുമ്പോഴും അടിസ്ഥാന മൗലികാവകാശങ്ങളിൽ ഏതൊക്കെ ഒഴിവാക്കപ്പെട്ടു എന്നതും ചർച്ചയാക്കപ്പെടേണ്ടതാണ്. നൽസാ വിധിയിലൂടെ പൗരന്മാർക്ക് ലഭിക്കേണ്ട അടിസ്ഥാന അവകാശങ്ങളിൽപ്പെട്ട വിദ്യാഭ്യാസത്തിലെയും ജോലിയിലെയും സംവരണമടക്കം നിരവധി അവ കാശങ്ങൾ ഇന്നും ചോദ്യങ്ങളായി മാത്രം അവശേ ഷിക്കുന്നു. നൽസാ വിധി ട്രാൻസ്ജെൻഡർ മനു ഷ്യരുടെ സ്വത്തവകാശം, വിവാഹം, ദത്തവകാശം, ആരോഗ്യസംരക്ഷണം തുടങ്ങി മിക്ക അവകാശ ങ്ങളെക്കുറിച്ചും മൗനം പാലിക്കുന്നു. എന്നാൽ വ്യക്തി എന്ന നിലയിൽ ഒരാളുടെ ലിംഗത്വം




(gender) പ്രസ്താവിക്കാനും നിർണയിക്കുവാനു മുള്ള പരിപൂർണമായ അവകാശം ആ വ്യക്തിയിൽ നിക്ഷിപ്തമാണെന്ന് വിധിച്ചു. തത്വത്തിൽ ഇന്ത്യ യിലെ ട്രാൻസ്ജെൻഡർ മനുഷ്യർക്ക് പൗരത്വവും അടിസ്ഥാനാവകാശങ്ങൾക്കായി ശബ്ദമുയർത്താ നൊരു നിയമബലവും നൽസ വിധി നൽകി. തുടർന്ന് കേരളമടക്കം നിരവധി സംസ്ഥാനങ്ങൾ ട്രാൻസ്ജെൻഡർ ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. എന്നാൽ ആശ്വാസങ്ങൾക്കും പ്രതീ ക്ഷകൾക്കും മുകളിൽ വലിയൊരു നിഴലായി ദേശീയ പൗരത്വ പട്ടികയുടെ തയ്യാറെടുപ്പും പൗരത്വ ഭേദഗതി നിയമവും വന്നുപതിച്ചു, അട ങ്ങാത്ത ആശങ്കകളും ചോദ്യങ്ങളും ഇവ രണ്ടും മുന്നോട്ട് വച്ചുകൊണ്ട് തന്നെ.

ഇന്ത്യൻ ക്രിമിനൽ ശിക്ഷാനിയമത്തിലെ 377 വകുപ്പ് സ്വവർഗാനുരാഗികളെ കുറ്റക്കാരാക്കുന്ന വകുപ്പാണെന്നൊരു കാഴ്ചപ്പാട് പൊതുസമൂഹ ത്തിനും നിയമ വ്യവസ്ഥക്കും കുറെ അധികം നാൾ ഉണ്ടായിരുന്നു. എന്നാൽ വ്യക്തികളുടെ സ്വകാര്യ തയെയും ലൈംഗികതകളെയും ആകമാനം ബാധിച്ചിരുന്ന ബ്രിട്ടീഷ് സദാചാരമാണ് ക്യാൻസർ പോലെ ഈ വകുപ്പിലൂടെ ഇന്ത്യയാകമാനം പടർന്നുപിടിച്ചത്. എന്നാൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ട 377 വകുപ്പിലെ കേസുകളിൽ അധി കവും ട്രാൻസ്ജെൻഡർ മനുഷ്യരെയും സ്വവർഗാ നുരാഗികളെയും ഉന്നം വെച്ചുള്ളതായിരുന്നു. സുപ്രീം കോടതിയുടെ 2018 സെപ്റ്റംബർ 6 ലെ സുപ്രധാനമായ ഭരണഘടനാ ബെഞ്ചിന്റെ വിധി സ്വവർഗാനുരാഗത്തെ നിയമവിധേയമാക്കുന്നതായി ത്തീർന്നു. തത്വത്തിൽ സ്വാതന്ത്ര്യശേഷം ഇന്ത്യ എന്ന രാജ്യത്ത് സ്വാഭിമാനത്തോടെ അസ്തിത്വ വിഷമമില്ലാതെ സ്വാതന്ത്ര്യ ത്തോടെ ജീവിക്കാൻ സാധി ക്കുമെന്ന ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങളുടെ ആഗ്രഹ ങ്ങൾക്കുമേൽ പതിച്ച കനത്ത ആഘാതമാണ് ദേശീയ പൗരത്വ രജിസ്റ്റർ നടപടി കളും പൗരത്വ ഭേദഗതി നിയമവും.

**അധികബാധ്യതയാകുന്ന നിയമം**


ആരാണ് പൗരൻ എന്ന് നിശ്ചയിക്കുന്ന പട്ടിക തയ്യാറാക്കൽ പ്രക്രിയയിൽ മാത്രം അസമിൽ 2000 ലധികം ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് പൗരത്വം നഷ്ടപെട്ടത്. സ്വത്വം തുറന്നു പറഞ്ഞവർ മാത്രം രണ്ടാ യിരം ഉണ്ടെങ്കിൽ പലവിധ ഭയങ്ങളിൽ സ്വത്വം പുറത്തുപറയാത്ത എത്രായിര ങ്ങൾ അവിടെ മാത്രം ഉണ്ടാകും. തുടർന്ന് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പൗരത്വ ഭേദഗതി നിയമം മതകേന്ദ്രീകൃതമായപ്പോഴും സാമൂഹ്യ ഭ്രഷ്ട് നേരി ടുന്ന ട്രാൻസ്ജെൻഡർ മനുഷ്യർ, ജനന രേഖകളോ മറ്റ് അടിസ്ഥാന രേഖകളോ കൈവശം ഇല്ലാത്ത ലക്ഷക്കണക്കിന് ട്രാൻസ് മനുഷ്യർ അനിശ്ചിതമായ ഭാവിമുന്നിൽ കണ്ടാണ് ഓരോ ദിനവും മുന്നോട്ട് കൊണ്ടുപോകുന്നത്. നൽസ വിധിക്ക് ശേഷം ഉണ്ടായ സ്വീകാര്യത പൗരത്വ ഭേദഗതി നിയമത്തി ലൂടെ ഇല്ലാതാകും എന്നതാണ് ഏറ്റവും വലിയ വിരോധാഭാസം.

2019 ൽ കേന്ദ്ര സർക്കാർ പാസാക്കിയ ട്രാൻസ്ജെൻഡർ അവകാശ നിയമം പൗരത്വ ഭേദഗതി നിയമം പോലെ ആശങ്കയുണ്ടാക്കുന്ന

മറ്റൊരു വിവാദ നിയമമാണ്. ട്രാൻസ്ജെൻഡർ അവകാശ നിയമം കേവലം ട്രാൻസ് മനുഷ്യരുടെ നിലനിൽപ്പും അവരുടെ മാത്രം പ്രശ്നവുമായി കണ്ട പൊതുസമൂഹം പൗരത്വഭേദഗതി നിയമം പ്രശ്ന മായപ്പോൾ ഏവരുടെയും പിന്തുണ കൈപ്പറ്റി; എന്നാൽ രണ്ടുനിയമങ്ങളും അപകടകരമാം വിധം തലക്കുമുകളിലെ വാളുപോലെ നില്ക്കുന്നത് ഇവി ടത്തെ ക്വീയർ ജീവിതങ്ങളുടെ മേലാണ്. എന്ത് അടിസ്ഥാന രേഖയാണ് ഒരു ട്രാൻസ്ജെൻഡർ വ്യക്തിയുടെ പക്കൽ ഉണ്ടാകാൻ സാധ്യത. ബാല്യ കാലത്ത് വീടുകളിൽ നിന്നും പുറത്താക്കപ്പെടുന്ന, ജാതിയുടെയോ മതത്തിന്റെയോ പ്രിവിലേജുകൾ ലഭിക്കാതെ സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടു കളിൽ മാത്രം അഭിരമിക്കാൻ വിധിക്കപ്പെടുന്ന മനുഷ്യർ. മുഖ്യധാരയുടെ ഭാഗം ആകില്ല എന്ന് പൊതുജനം കരുതിയ ഒരു വിഭാഗം. അസമിലെ ആദ്യ ട്രാൻസ്ജെൻഡർ ന്യായാധിപ സ്വാതി ബിദാൻ ബറുവയുടെ വാക്കുകളിൽ 1971നു മുൻപ് ഇവിടെ ജീവിച്ചിരുന്നതിന് എന്ത് തെളിവാണ് ട്രാൻസ്ജെൻഡർ മനുഷ്യർ സമർപ്പിക്കുക, എല്ലാ വരും ഉപേക്ഷിക്കപ്പെട്ടവരാണ് അവരുടെ കൈക ളിൽ എന്ത് രേഖയാണ് ഉള്ളത്? അപേക്ഷകൾ തള്ളിക്കളഞ്ഞുള്ള അറിയിപ്പിൽ മറ്റുള്ളവർ (others) എന്ന കോളം പോലും ഉണ്ടായിരുന്നില്ല. എത്ര ത്തോളം നിരുത്തരവാദപരമായാണ് ഇവിടത്തെ ഭരണ സംവിധാനങ്ങൾ നിസ്സഹായരായ, ഇവിടത്തെ പൗരന്മാരെന്ന് സുപ്രീം കോടതി കണ്ടെത്തിയ ട്രാൻസ്ജെൻഡർ മനുഷ്യരോട് പെരുമാറുന്നത് എന്നതിന് മറ്റൊരു ഉദാഹരണം ആവശ്യമുണ്ടോ? സ്വവർഗാനുരാഗികളെ, ബൈസെക്ഷ്വൽ മനുഷ്യരെ, വൈവിധ്യമാർന്ന ജെന്റർ വ്യത്യാസങ്ങളുള്ള മനു ഷ്യരെ ഈ നിയമം അംഗീകരിക്കുമോ?

ഇന്ത്യയുടെ അടിസ്ഥാനതത്വങ്ങളിൽ ഒന്ന് എന്നത് ബഹുസ്വരതയാണ്, ആ വൈവിധ്യങ്ങളിൽ വ്യത്യസ്ത ലൈംഗികതകളും ലിംഗത്വ സ്വത്വങ്ങളും അടങ്ങിയിക്കുന്നു. എന്നാൽ പൗരത്വ ഭേദഗതി നിയമം അത്തരം എല്ലാ ബഹുസ്വരതകളെയും റദ്ദ് ചെയ്യുന്നുണ്ട്, മുന്നോട്ട് പോകുന്ന സമൂഹത്തിന്റെ കാലിൽ മുറിവുണ്ടാക്കി വേഗത കുറക്കുന്ന ക്രൂരൻ മണ്ടത്തരങ്ങൾ പോലെയാണ് ഇന്നീ നിയമം പെരു മാറുന്നത് എന്ന് ലിംഗത്വ ലൈംഗിക ന്യൂനപക്ഷ ങ്ങളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന ക്വീയറിഥം സംഘടനയുടെ വൈസ് പ്രസിഡന്റു കൂടിയായ ഭരതൻ അഭിപ്രായപ്പെടുന്നു. അതായത് എല്ലാത്തരം പ്രതീക്ഷകളും ഇല്ലാതാക്കുന്ന ഒരു അടവുനയം മാത്രമാണ് ഈ നിയമം. ബഹുസ്വരത എന്നതിന് ഏകമാനമായ മുഖം മാത്രമാണെന്ന് ഭരണകൂടം തിട്ടൂരമിറക്കിയാൽ ഇല്ലാതാകുന്ന ചരിത്രമാണോ നമുക്കുള്ളത്?

സ്വാതി ബിദാൻ ബറുവ സുപ്രീം കോടതി യിൽ ഹർജി നൽകികൊണ്ട് അറിയിച്ചത് NRC പ്രക്രിയയിൽ അധികൃതർ ട്രാൻസ്ജെൻഡർ മനു ഷ്യരോട് ഒന്നുകിൽ ആൺ അല്ലെങ്കിൽ പെൺ എന്ന കോളത്തിൽ പേരുകൾ നൽകാനാണ് ആവ ശ്യപ്പെട്ടതെന്നും, അപ്പോൾ ട്രാൻസ്ജെൻഡർ മനുഷ്യരെ എവിടെ കണ്ടെത്താനാകും എന്നുമാണ്? നൽസ വിധി, വിവിധ സംസ്ഥാന പോളിസികൾ, കേന്ദ്ര സർക്കാരിന്റെ ട്രാൻസ്ജെൻഡർ അവകാശ നിയമം എന്നിങ്ങനെ ട്രാൻസ്ജെൻഡർ മനുഷ്യരെ ഒരു വശത്തുകൂടി അംഗീകരിക്കുമെന്ന് അവകാശ പ്പെടുന്ന സർക്കാരുകൾ മറ്റൊരു വശത്തുനിന്നും അവരുടെ സ്വത്വം തന്നെ ഇല്ലാതാക്കുന്ന വൈരു ധ്യാത്മക നിലപാടുകൾ സ്വീകരിക്കുമ്പോൾ ഭരണ കൂട ഭീകരതയെന്നല്ലാതെ എന്ത് വിളിക്കാനാകും.




അതായത് ഈ രാജ്യത്ത് ആൺ/പെൺ ദ്വന്ദ്വങ്ങൾ മാത്രം മതിയെന്ന വിക്ടോറിയൻ സങ്കൽപം അതേ പടി പകർത്താൻ അഭിനവ ഭാരതീയർ ശ്രമിക്കാ നൊരുങ്ങുന്നു എന്ന് സാരം.

നാസി ജർമനിയിൽ ജൂതന്മാരെ തിരിച്ചറിയാ നായി ഭരണകൂടം വിവിധ അടയാളങ്ങൾ അവരുടെ മേൽ പതിച്ചതുപോലെ ഇന്ത്യയിലും പൗരന്മാരെ വേർതിരിച്ചശേഷം ചിഹ്നങ്ങൾ അടയാളപ്പെടുത്തു മായിരിക്കും. നിങ്ങൾ ഒന്നാം തരം പൗരൻ മറ്റുള്ള വർ രണ്ടും മൂന്നും നാലും, അപ്പോഴെല്ലാം ആ പട്ടികകളിൽ പെടാതെ പോകുന്ന മനുഷ്യരും ഉണ്ടാകും എന്നതാണ് യാഥാർഥ്യം. കോൺസൻ ട്രേഷൻ ക്യാമ്പുകൾ പോലെ രാജ്യത്ത് വിവിധ ഇടങ്ങളിൽ ഒരുങ്ങുന്ന ഡീറ്റെൻഷൻ സെന്ററുകൾ മുന്നോട്ടുവയ്ക്കുന്ന തരംതിരിയ്ക്കലുകൾ ഭയം വിതറുന്നവ കൂടിയാണ്. കേവലം മതയുക്തി മാത്രമല്ല ഇത്തരം പുറംതള്ളലുകൾക്ക് ആധാര മെന്നത് വ്യക്തവും ദൃശ്യവുമാണ്; സമൂഹത്തിലെ പ്രിവിലേജ്ഡ് അല്ലാത്ത ആദിവാസി, ബഹുജൻ,

ക്വീയർ മനുഷ്യരെ ആകമാനം ഏതൊരു മനുഷ്യനെയും ഇൻഡ്യാക്കാരല്ല എന്ന് വരുത്തിത്തീർക്കാൻ സാധിക്കുന്ന നൂതന പുറംതള്ളൽ ബുദ്ധിയായികൂടി വേണം ഇതിനെ കാണാൻ.

ഡീറ്റെൻഷൻ സെന്ററുകളിൽ നടക്കാനിരിക്കുന്നതെന്ത് എന്നുള്ളതും ആശങ്കയുളവാക്കുന്നതാണ്. കോൺസൻട്രേഷൻ ക്യാമ്പുകളിൽ നാസി പട്ടാളത്തിന്റെ പരീക്ഷണങ്ങൾക്കും ക്രൂരമായ പീഡനങ്ങൾക്കും ഇരയായി മരണപ്പെട്ട ലക്ഷക്കണക്കിന് സ്വവർഗാനുരാഗികളും ട്രാൻസ്ജെൻഡർ മനുഷ്യരും ഇന്നും അടയാളമായി നമുക്ക് മുന്നിൽ ഉണ്ട് എന്നത് ഭീതി വർധിപ്പിക്കുന്ന വസ്തുതയാണ്. രാജ്യത്തെ പരമോന്നത കോടതി ജെന്റർ സ്വയം നിർണയാവകാശമെന്ന് വിധിച്ചിട്ടും പൗരൻ ആണെന്ന് അംഗീകരിച്ചിട്ടും ഭരണകൂടം നിങ്ങൾ ആണാണോ പെണ്ണാണോ എന്നും പൗരർ അല്ല എന്നും പറയുമ്പോൾ സാങ്കേതികതകളുടെ സങ്കീർണ്ണതകളിൽ ബ്രിട്ടീഷുകാരുടെ ഹിജ്റ ട്രൈബൽ ക്രിമിനൽ നിയമവും ജനാധിപത്യ ഇന്ത്യയുടെ പൗരത്വ ഭേദഗതി നിയമവും തമ്മിൽ എന്താണ് വ്യത്യാസം.



മുസ്ലിം മതത്തിലെ വലിയൊരു വിഭാഗവും പൗരത്വം നിഷേധിക്കപ്പെട്ട് തെരുവിലാക്കപ്പെടുമ്പോൾ ക്വീയർമുസ്ലിം മനുഷ്യരുടെ ആശങ്കകൾ എത്രത്തോളം ഭീതിദമായിരിക്കും. ഇന്ത്യയിലെ ട്രാൻസ്ജെൻഡർ ഹിജ്റ പാരമ്പര്യം അതിന്റെ ചടങ്ങുകളും രീതികളും ഏറെക്കുറെ ഇസ്ലാം പാരമ്പര്യത്തിൽ നിന്നും ഉൾക്കൊണ്ടിട്ടുള്ളവയാണ്, നിലനിൽപ്പുതന്നെ സാങ്കേതികമാകുമ്പോൾ എന്തിനെയൊക്കെ തള്ളാനും കൊള്ളാനും അവർ നിർബന്ധിതരാകും എന്നതും ചോദ്യമായി അവശേഷിക്കും.

ട്രാൻസ്ജെൻഡർ മനുഷ്യർക്കിടയിലെ ഹിന്ദു മത പാരമ്പര്യ പ്രയോക്താക്കളായ കിന്നര വിഭാഗം ഏറെക്കുറെ പൗരത്വ ഭേദഗതിയെ അംഗീകരിക്കുന്ന മനുഷ്യരാണ്, അയോധ്യയിലെ രാമക്ഷേത്ര നിർമാണത്തിന് ഇന്ത്യയിലെ ട്രാൻസ്ജെൻഡർ മനുഷ്യർ പിന്തുണക്കുന്നു എന്നവകാശപ്പെട്ട കിന്നർ വിഭാഗം നേതാവുകൂടിയായ ലക്ഷ്മി നാരായൺ ത്രിപാഠി വിവാദത്തിൽ ഉൾപ്പെട്ടിരുന്നു എന്നതും ഇതിനോടൊപ്പം കൂട്ടി വായിക്കാവുന്നതാണ്. സ്വവർഗാനുരാഗികളിലെ തീവ്ര മുസ്ലിം വിരുദ്ധരും ഹിന്ദുത്വവാദികളും പൗരത്വ ഭേദഗതി നിയമത്തെ അനുകൂലിച്ചുകൊണ്ട് മുന്നോട്ട് വന്നിട്ടുണ്ട്. ഡേറ്റിംഗ് അപ്പുകളിൽ പോലും മുസ്ലീം വിരുദ്ധത ഇതിനൊക്കെ അടിസ്ഥാനമായി മിക്കവാറും കൊണ്ടുനടക്കുന്നു എന്നതാണ് വൈവിധ്യങ്ങളുടെ ഇന്ത്യയിലെ ആധുനിക പ്രതിസന്ധി!

സ്വതവേ ലിംഗത്വം, ലൈംഗികത (Sexualtiy) എന്നിവ തുറന്നുപറഞ്ഞു ജീവിക്കുവാൻ സമൂഹം അനുവദിക്കാത്ത/അംഗീകരിക്കാത്ത സാഹചര്യത്തിൽ പൗരത്വം തെളിയിക്കുക എന്നത് അധികബാധ്യത കൂടിയാണ്. പൗരത്വം റദ്ദാക്കപ്പെടുന്നവരുടെ സ്വത്തുവകകൾ ഭരണകൂടം എങ്ങനെയാണു കൈയാളുക എന്നതും കണ്ടുതന്നെ അറിയണം. രാജ്യം ആവശ്യപ്പെടുന്ന അടിസ്ഥാന രേഖകൾ ആർക്കൊക്കെ ഉണ്ട് എന്നതും നമ്മൾ ചർച്ചയാക്കേണ്ടതല്ലേ, 2014ൽ മാത്രം സ്വത്വം അംഗീകരിക്കപ്പെട്ട ട്രാൻസ്ജെൻഡർ മനുഷ്യരോടാണ് 1971 മുൻപുള്ള രേഖ ഭരണകൂടം ആവശ്യപ്പെടുന്നത്; ലോകത്ത് മറ്റെവിടെയെങ്കിലും ഇത്തരം അവഹേളനം നടക്കുമോ? കുടുംബം, വിദ്യാഭ്യാസം, അടിസ്ഥാന രേഖകൾ, സ്വത്ത്, നിയമ പിൻബലം എന്നിവയൊന്നുമില്ലാത്ത ഒരു സമൂഹത്തോട് ഭരണകൂടം നാണമില്ലാതെ ചോദിക്കുന്നതും തെളിവുകളാണ്. കാടുകളിൽ നിന്നും ആദിവാസി വിഭാഗക്കാരെ പുറത്താക്കാൻ പ്രാപ്തമായ പുതിയ ട്രൈബൽ ആക്ട് കൂടി തയ്യാറെടുക്കുന്നുണ്ട് എന്നതും ചേർത്ത് വായിക്കുമ്പോഴാണ് നിലവിൽ പ്രാബല്യത്തിൽ വരുന്ന മൂന്ന് നിയമങ്ങളും ആരെയൊക്കെ മുന്നിൽ കണ്ടാണ് നിർമാണം നടത്തിയതെന്ന് മനസിലാക്കാൻ. ട്രാൻസ്ജെൻഡർ അവകാശ നിയമം, പൗരത്വ ഭേദഗതി നിയമം, വരാനിരിക്കുന്ന ട്രൈബൽ ബിൽ - ഉത്തരം ലളിതമാണ്.

ഉത്തരവാദിത്തപരമായ ഭരണസംവിധാനത്തിൽ പൗരന്മാരെ അപരവത്കരിക്കുകയാണോ അതോ സംരക്ഷിക്കുകയാണോ ഭരണസംവിധാനങ്ങൾ ചെയ്യേണ്ടതെന്ന ചോദ്യം പ്രസക്തവും യുക്തിഭദ്രവുമാണ്. എന്നാൽ നിലവിലെ ഇന്ത്യൻ സംവിധാനങ്ങൾ ഒരു വിഭാഗം മനുഷ്യരെ അകറ്റുവാനും അനാഥരാക്കുവാനും മാത്രം വഴിവെക്കുന്നതാണ്. ബ്രിട്ടീഷ് ഭരണ സംവിധാനം ഇന്ത്യൻ ജനങ്ങളോട് കാണിച്ച വിവേചനവും അവമതിയും നാസി ജർമനി ഭരണകൂടം കാണിച്ച വെറുപ്പും വിദ്വെഷവും ആധുനീകരിച്ചുകൊണ്ട് ജനാധിപത്യ ഇന്ത്യയിൽ നിരപരാധികളോട് തെളിവുകൾ ചോദിക്കുന്നു. മുസ്ലിം മതവിഭാഗം മാത്രമല്ല ക്രൂശിക്കപ്പെടുന്നത്. അസ്തിത്വപ്രശ്നങ്ങൾ നേരിടുന്ന സ്ഥിരമായി ക്രൂരമായ കാലിയാക്കലുകൾക്ക് പാത്രമായിരിക്കുന്ന ലിംഗത്വലൈംഗിക ന്യൂനപക്ഷങ്ങളും ഇരയാക്കപ്പെടുന്നു എന്നത് ചരിത്രത്തിലെ ഏറ്റവും വലിയ നീതിനിഷേധത്തിന്റെ ഉദാഹരണമാണ്. ■



**കാർമൽ ക്രിസ്റ്റി കെ.ജെ.**
എഴുത്തുകാരി
ജേർണലിസം അദ്ധ്യാപിക,
കമല നെഹ്റു കോളേജ്
ഡൽഹി യൂണിവേഴ്സിറ്റി

# ദലിത്ബഹുജൻ സ്ത്രീകളും പൗരത്വനിയമവും




**പൗ**രത്വം എന്നാൽ നിയമപരമായ അംഗീകാരം എന്നതിലുപരിയായി ഒരു മനുഷ്യന് നിലനിൽക്കാൻ ആവശ്യമായ നിരവധി അംഗീകാരങ്ങളിൽ ഒന്നാണ്. ആരാലും അംഗീകരിക്കപ്പെടാത്ത ജീവിതം ആരും ആഗ്രഹിക്കുന്നില്ല, അതൊരു മനുഷ്യജീവൻ അർഹിക്കുന്ന അന്തസ്സുള്ള ജീവിതവുമല്ല. നിയമപരവും രാഷ്ട്രീയപരവും സാമൂഹ്യപരവും സർവ്വോപരി വ്യക്തിപരവുമായ അംഗീകാരം മനുഷ്യന് പൂർണമായ ഒരു ജീവിതം നയിക്കാൻ ആവശ്യമായ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ്.

ഹിന്ദു വലതുപക്ഷ സർക്കാരിന്റെ പൗരത്വ നിയമം മുസ്ലിം ജനതയെ ഒന്നടങ്കം ഈ രാജ്യത്തെ പൗരർ എന്ന നിയമപരമായ അവകാശത്തിൽ നിന്ന് വ്യക്തമായി പുറന്തള്ളുന്ന ഒന്നാണ്. ഈ അധീശത്വ നിയമത്തിനെതിരെ മുസ്ലിം സ്ത്രീകളടക്കം വലിയ പ്രക്ഷോഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട സമയമാണിത്. എന്നാൽ നമുക്കറിയാവുന്നതുപോലെ ഈ പൗരത്വ നിയമം ഇവിടെ സ്വാതന്ത്ര്യത്തിനു ശേഷം നിലനിന്നു പോന്ന പല നിറങ്ങളിലും ഭാവങ്ങളിലും ഉള്ള ഹിന്ദു അധീശത്വത്തിന്റെ ഏറ്റവും പുതിയ അടിച്ചേല്പിക്കലാണ്. അതായത്, സാംസ്കാരികമായും സാമൂഹ്യമായും ഇവിടെ നിലനിൽക്കുന്ന മതന്യൂനപക്ഷ വിരുദ്ധതയും ഹിന്ദു ബ്രാഹ്മണ്യത്തിലധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥിതിയുമാണ് ഇത്തരമൊരു നിയമനിർമാണത്തിന് വലതുപക്ഷ ഹിന്ദുത്വ പാർട്ടിക്ക് പ്രചോദനമായത് എന്നതിൽ സംശയമില്ല.

ബ്രാഹ്മണ്യ ഹിന്ദുത്വം കാലാകാലങ്ങളായി അടിച്ചമർത്തിയതിന്റെ ഫലമായി സാമൂഹ്യമായും സാമ്പത്തികമായും അരികുകളിലേക്കു തള്ളപ്പെട്ടവരാണ് ഇവിടുത്തെ ദലിത് ബഹുജനങ്ങൾ. വലിയൊരു വിഭാഗം ദലിത്ബഹുജനങ്ങൾ സ്വന്തമായി ഭൂമിയില്ലാത്തവരും തങ്ങളുടെ പൂർവ്വികരുടെ യാതൊരു എഴുതപ്പെട്ട ചരിത്രവും കൈയിൽ ഇല്ലാത്തവരും ആണ്. ചരിത്രരേഖകൾ പൗരത്വത്തിനു നിദാനമാകുമ്പോൾ ബഹുഭൂരിപക്ഷം ദലിത് ബഹുജനങ്ങൾ ഉൾപ്പെടുന്ന മുസ്ലിങ്ങൾ ഇന്ത്യക്കാരല്ലാതായി മാറും. ഇന്നാട്ടിലെ മുസ്ലിങ്ങൾ മാത്രമല്ല ഹിന്ദു, ക്രിസ്ത്യൻ, സിഖ് എന്നിങ്ങനെ എല്ലാ മതങ്ങളിലെയും ദലിത്ബഹുജനങ്ങൾക്ക് എതിരെയുള്ളതാണ് പുതിയ പൗരത്വ നിയമം. യാതൊരു നീതിയുമില്ലാത്ത ഹിന്ദു ദേശീയതയുടെ വക്താക്കളായ ഈ കേന്ദ്ര സർക്കാരിന്റെ നീക്കം ന്യായീകരിക്കാനാവാത്ത തെറ്റാണ്.

മുസ്ലിങ്ങൾ മാത്രമല്ല ഇവിടുത്തെ ഭൂമിക്ക് അധികാരമില്ലാത്ത ദലിത്ബഹുജനങ്ങളും ആദി

വാസികളും പൗര ത്വത്തിന് അർഹ രാകാൻ വളരെ നീണ്ട പ്രക്രിയ കളിലൂടെ കടന്നു പോകേണ്ടി വരും. ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ പൗരത്വ നിയമ ത്തിനെതിരെ നട ക്കുന്ന സമരങ്ങ ൾക്കു കാരണം ഇതാണ്.



ധന്യാമാധവൻ

നേരത്തെ സൂചിപ്പിച്ചതുപോലെ ഈ തെറ്റ് ഇതിനു മുന്നേ മറ്റു സർക്കാരുകളും ഇവിടുത്തെ ഹിന്ദു ബ്രാഹ്മണ്യ ത്തിലധിഷ്ഠിതമായ സമൂഹവും പിന്തുടർന്നിരുന്ന ഒരുപാട് തെറ്റുകളുടെ തുടർച്ചയാണ്.

ദലിത്ബഹുജൻ സ്ത്രീകളാകട്ടെ ജാതിയു ടേയും വർഗത്തിന്റേയും പേരിൽ അംഗീകാരമുള്ള പൊതു പരിസരങ്ങളിൽ നിന്നും പണ്ട്മുതൽക്കേ മാറ്റിനിർത്തപ്പെട്ടവരും.

മറ്റൊരു തരത്തിൽ പറഞ്ഞാൽ ദലിത്ബഹു ജൻ സ്ത്രീകൾ നിയമപരമായ പൗരത്വത്തിൽ നിന്ന് മാത്രമല്ല, ചരിത്രപരമായി തന്നെ സാമൂഹ്യമായ പൗരത്വത്തിൽ നിന്നും അകറ്റിനിർത്തപ്പെട്ടവരാണ്. ഈ പുതിയ നിയമം ഇപ്പോൾ തന്നെ സമൂഹ ത്തിന്റെ അരികുകളിലേക്ക് മാറ്റപ്പെട്ട ദലിത്ബഹു ജൻ സ്ത്രീകളെ പൂർണമായും പൊതുമണ്ഡല ത്തിൽ അപ്രസക്തരാക്കാൻ വഴിതെളിക്കും.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ദലിത്ബഹു ജൻ സ്ത്രീകൾ എന്തെങ്കിലും അവകാശങ്ങൾക്ക് അർഹരാകുന്നത് ഡോ.അംബേദ്കർ എഴുതിയ ഭരണഘടന ഉറപ്പു വരുത്തുന്ന സംവരണം, പട്ടിക ജാതി/പട്ടികവർഗ അക്രമ നിരോധന നിയമം എന്നീ വകുപ്പുകളിലൂടെയാണ്. ഈ അവകാശങ്ങൾ തന്നെ ദലിത്ബഹുജൻ പുരുഷന്മാരുടെ അത്രപോലും ഉപയോഗിക്കാനുള്ള സാഹചര്യം ദലിത്ബഹുജൻ സ്ത്രീകൾക്ക് ഇന്നുമില്ല.

ഇങ്ങനെ പരിമിതമെങ്കിലും ദലിത്ബഹുജൻ സ്ത്രീകൾ 1990കൾക്ക് ശേഷം ഇന്ത്യയുടെ പൊതു മണ്ഡലത്തിൽ, പ്രത്യേകിച്ച് നിയമത്തിന്റെ പരിമിതി കൾക്കുള്ളിൽ നിന്നുകൊണ്ട് പല പ്രധാന ഇട പെടലുകളും നടത്തിയിട്ടുണ്ട്. തങ്ങൾക്കു നീതി കിട്ടാതിരുന്നിട്ടു പോലും ഭൻവാരി ദേവി, മഥുര എന്നീ സ്ത്രീകൾ നടത്തിയ നിയമ പോരാട്ടങ്ങൾ അവരുടെ ബ്രാഹ്മണ്യ ആൺമേൽക്കോയ്മയ്ക്കെ തിരെയുള്ള ചെറുത്തുനിൽപ്പിന്റെ പ്രതീകങ്ങളാണ്. ഭൻവാരി ദേവി രാജസ്ഥാനിലെ ഒരു ഗ്രാമത്തിലുള്ള സാമൂഹിക പ്രവർത്തകയായിരുന്നു. ശൈശവ വിവാഹം തടയുന്നതിനുള്ള അവരുടെ ശ്രമങ്ങളിൽ രോഷാകുലരായ ഉയർന്ന ജാതിക്കാ രായ പുരുഷന്മാർ ഭൻവാരിയെ 1992ൽ കൂട്ടബലാത്സംഗം ചെയ്തു. ജില്ലാ ക്കോടതി ഉയർന്ന ജാതിയിലുള്ള പുരുഷന്മാർ കീഴ് ജാതിക്കാരിയായ അവരെ ബലാ ത്സംഗം ചെയ്യാ നുള്ള സാധ്യത ഇല്ലെന്നു പറഞ്ഞു പ്രതികളെ വിട്ട യച്ചു. ഭൻവാരി ദേവിയുടെ പോരാട്ടം ഇന്ത്യയിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് വലിയ ഉണർവ് നൽകി. പിന്നീടാണ് ജോലി സ്ഥലങ്ങളിലെ സുരക്ഷ ഉറപ്പു വരുത്താനായുള്ള വിശാഖ രൂപരേഖയുടെ നിർമ്മാ ണത്തിന് ഭൻവാരിയുടെ പോരാട്ടം പ്രചോദന മാകുന്നത്. മഥുര എന്ന ആദിവാസി പെൺകുട്ടി 1972ൽ പോലീസുകാരാൽ ബലാത്സംഗം ചെയ്യ പ്പെടുകയും പിന്നീട് കോടതി പ്രതികളെ വെറുതെ വിടുകയും ചെയ്തു. എന്നാൽ ഈ നീതിനിരാസം ഇന്ത്യൻ ഫെമിനിസത്തിനു പുതിയ ഉണർവ് നൽകു കയുണ്ടായി. സഹേലി പോലുള്ള ഫെമിനിസ്ററ് സംഘടനകളുടെ രൂപീകരണത്തിനും ലൈംഗിക ആക്രമണ കേസുകളിലെ അനുവാദത്തെ (consent) പറ്റിയുള്ള ചർച്ചകൾക്കും മഥുര സംഭവം വഴി തെളിച്ചു.

ഇത്തരത്തിൽ ഒരു ചെറുത്തുനില്പ് ദലിത് ബഹുജൻ സ്ത്രീകൾക്ക് ആധുനിക നിയമ വ്യവ സ്ഥിതിയുടെ പരിമിതികൾക്കുള്ളിൽ നിന്ന് സാധ്യ മായതാണ്. മറിച്ച്, ഫ്യൂഡൽ വ്യവസ്ഥയിൽ വേരു കളുള്ള ജാതിവ്യവസ്ഥയുടെ അപരിഷ്കൃത രൂപ ങ്ങൾ നിലനിന്നിരുന്ന പാരമ്പര്യ സമ്പ്രദായത്തിൽ ഇത്തരമൊരു ചെറുത്തുനില്പിനു പോലും സാധ്യത ഇല്ലെന്നുള്ളതാണ് വസ്തുത. പുതിയ പൗരത്വ നിയമം രേഖകൾ പൗരത്വത്തിനു നിദാനമാക്കു മ്പോൾ ഭൂമിക്കും എന്തിന് ശരിയായ ഒരു പേരിനോ സ്വന്തം ശരീരത്തിന് മേലോ അധികാരമില്ലാതിരുന്ന ദലിത്ബഹുജൻ സ്ത്രീകൾ നിയമപരമായ അവ കാശങ്ങളിൽ നിന്ന് വീണ്ടും പുറത്താകും. തെളിയി ക്കാനാവശ്യമായ രേഖകളില്ലാത്ത ദലിത്ബഹുജന ങ്ങളുടെ പൗരത്വം പുനഃസ്ഥാപിക്കാനെടുക്കുന്ന സമയത്തു ഒരു പൗരന് കിട്ടുന്ന പല അടിസ്ഥാന അവകാശങ്ങളും 'താൽക്കാലികമായി' നിർത്തി വയ്ക്കും. ഇത് എത്ര കാലത്തേക്കാണെന്നോ ഈ ഇടവേളയിൽ അവർ തടങ്കൽ പാളയങ്ങളിൽ കഴി യേണ്ടി വരുമോ എന്നുമുള്ള കാര്യങ്ങളിൽ യാതൊരു വ്യക്തതയുമില്ല. ഇത്തരമൊരു സമീപ ഭാവി വിരൽ ചൂണ്ടുന്നത് ദലിത്ബഹുജനങ്ങൾ




നിരന്തര സമരങ്ങളിലൂടെയും ഡോ.അംബേദ്കർ ഭരണഘടനയിലൂടെയും ജാത്യാധിഷ്ഠിതമായ ഉച്ചനീചത്വങ്ങൾക്ക് എതിരെ നേടിയ ചെറിയ വിജയങ്ങൾ പോലും ഇല്ലാതാകും എന്നതാണ്. ഫലത്തിൽ, പഴയ രീതിയിലുള്ള ജാതിയുടെ പേരിലുള്ള വിവേചനങ്ങൾ പൗരത്വ നിയമത്തിന്റെ മറവിലൂടെ നടപ്പിലാക്കാൻ ഹിന്ദു ദേശീയവാദി സർക്കാരിന് സാധിക്കും. പേരിനെങ്കിലും ഭരണഘടനയുടെ സംരക്ഷണം ഇല്ലാത്ത അവസ്ഥ ദലിത്ബഹുജൻ സ്ത്രീകൾക്ക് ജാതിവ്യവസ്ഥയിലൂന്നിയ യാതൊരു അവകാശങ്ങളോ ജീവിതാന്തസ്സോ ഇല്ലാത്ത ഒരു കാലത്തേക്കുള്ള തിരിച്ചുപോക്കായിരിക്കും.

ഒരേ ഒരു പ്രതീക്ഷ ഈ രാജ്യത്ത് ജാതിവ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള ചെറിയ മാറ്റങ്ങൾ പോലും സ്ത്രീകൾ ഉൾപ്പെടുന്ന ദലിത്ബഹുജൻ സമുദായത്തിന്റെ ചെറുത്തുനില്പിൽ നിന്ന് മാത്രം ഉണ്ടായിട്ടുള്ളതാണ്. ഒരിക്കലും ബ്രാഹ്മണ്യമൂല്യം ഒളിഞ്ഞും തെളിഞ്ഞും നടപ്പിലാക്കുന്ന ഇടതു രാഷ്ട്രീയത്തിന്റെയോ വലതു രാഷ്ട്രീയത്തിന്റെയോ ഔദാര്യങ്ങളല്ല. വളരെ നീണ്ട ഐക്യദാർഢ്യത്തിലൂന്നിയ സമരങ്ങളിലൂടെ മാത്രമേ ദലിത്ബഹുജനങ്ങൾക്ക് പൗരത്വ നിയമത്തിന്റെ പേരിലുള്ള അവകാശ ലംഘനങ്ങൾക്ക് എതിരെ മുന്നോട്ട് പോകാൻ കഴിയൂ. ഈ രാജ്യത്തെ സമരങ്ങളിലൂടെ ആധുനികതയുടേയും ജനാധിപത്യത്തിന്റേയും മൂല്യങ്ങൾ നടപ്പിലാക്കാൻ പ്രേരകമായ ജാതീയതക്കെതിരെയുള്ള സമരങ്ങൾ ഇനിയും ദലിത്ബഹുജനങ്ങൾ നടത്തേണ്ടി വരും. ഇത്തരം സമരങ്ങളിലൂടെ ഈ സമൂഹത്തെയും രാജ്യത്തെയും അക്രമങ്ങളും തരംതിരിവുകളും നിറഞ്ഞ ബ്രാഹ്മണ്യമൂല്യങ്ങളുടെ അപരിഷ്കൃത ചുറ്റുപാടിൽ നിന്നും മാറ്റിയെടുക്കേണ്ടതിന്റെ വലിയ ഉത്തരവാദിത്തമാണ് ദലിത്ബഹുജനങ്ങൾക്ക് മേലുള്ളത്. ഷഹീൻബാഗിലെ മുസ്ലിം സ്ത്രീകൾ മുന്നോട്ട് വയ്ക്കുന്ന ചെറുത്തുനില്പ്പിന്റെ പാതയാണ് ദലിത്ബഹുജൻ സ്ത്രീകളുടെയും മുന്നിലുള്ളത്.

*(2017ൽ പുറത്തിറങ്ങിയ 'Sexuality and Public Space in India: Reading the Visible' എന്ന പുസ്തകത്തിന്റെ രചയിതാവു കൂടിയാണ് ലേഖിക.)*

■

---

*(തുടർച്ച പേജ് 15)*

അതിക്രമങ്ങൾക്കും മുസ്ലിങ്ങൾ ഇരയാകുന്നുണ്ട് എന്ന വസ്തുത അവരുടെ വിവരണങ്ങളിൽ വ്യക്തമാകുന്നുണ്ട്.

വികസനവുമായി ബന്ധപ്പെട്ട പരിസ്ഥിതി വിമർശനത്തെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനു നർമദാ ബച്ചാവോ ആന്ദോളൻ വിജയിച്ചത് പോലെ തന്നെ പൊതുസമൂഹത്തിൽ സ്വന്തമായി ഒരിടം ഉണ്ടാക്കിയെടുത്ത ഷഹീൻബാഗിലെ മുസ്ലിം സ്ത്രീകൾ ഈ സമരത്തിൽ നേരത്തെ തന്നെ വിജയിച്ചു കഴിഞ്ഞു. യുവ ജനങ്ങൾ, പ്രത്യേകിച്ചും മുസ്ലിം സ്ത്രീകൾ മതേതരത്തിന്റെ ആഴമേറിയ അർത്ഥമെന്താണെന്നു വ്യക്തമാക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്ന നിമിഷത്തിലാണ് നമ്മൾ ജീവിക്കുന്നത്. അവരെ സൂക്ഷ്മമായി കേൾക്കുകയും അവരുടെ അസ്വസ്ഥതകൾ ഉൾക്കൊള്ളുകയും അവരുടെ മാർഗനിർദ്ദേശങ്ങൾ വിനയത്തോടെ സ്വീകരിക്കുകയും ചെയ്യണം.

ഒരുപാട് മുസ്ലിംസ്ത്രീകൾ അണിനിരന്ന തുല്യ പൗരത്വത്തിനു വേണ്ടിയുള്ള സമരത്തിലാണ് നാം ഭാഗമായിട്ടുള്ളത്. ഇങ്ങനെയൊക്കെയാണ് സംഭവിക്കുക എന്ന് ആരും മുൻകൂട്ടി പ്രവചിച്ചിരുന്നില്ല. ഡൽഹിയിലെ നിർഭയ കേസുമായി ബന്ധപ്പെട്ടു യാദൃച്ഛികമായി ഉയർന്നു വന്ന ലൈംഗിക അതക്രമങ്ങൾക്ക് എതിരായ പ്രക്ഷോഭം പെട്ടെന്ന് തന്നെ ആൺകോയ്മയാട് രാജിയായിരുന്നു. സമത്വത്തിനു വേണ്ടിയുള്ള സമ്മർദ്ദം, സത്യസന്ധമായ രീതിയിൽ മതേതരത്വം നടപ്പിലാക്കാനുള്ള ആഗ്രഹം, അന്തർലീനമായ ഇസ്ലാമോഫോബിയയും വർഗീയതയെയും നേരിടാനുള്ള ആവശ്യകത തുടങ്ങിയവ എല്ലാം ഈ പ്രക്ഷോഭങ്ങളുടെ ഭാഗമാണ്.

ഈ സാഹചര്യത്തിൽ പ്രക്ഷോഭങ്ങളിൽ മുസ്ലിങ്ങൾ അവരുടെ സ്വത്വം പ്രകടിപ്പിക്കുന്നത് കണ്ടു ഭയപ്പെടുന്നവർ തുല്യ പൗരന്മാരെന്ന നിലയിൽ മുസ്ലിങ്ങളുടെ രാഷ്ട്രീയ നിലപാട് ഉയർത്തുന്നതിനുള്ള ചരിത്രാവസരം നിഷേധിക്കുകയാണ് ചെയ്യുന്നത്. അവർക്കുമേൽ അനീതി നടത്തപ്പെട്ടിട്ടുണ്ടെന്നു പരാതിപ്പെടാനുള്ള ശബ്ദമാണത്. ഇപ്പോഴും മുസ്ലിങ്ങൾ 'വിവേകപൂർവ്വം' നിശ്ശബ്ദരായി സഹിഷ്ണുതയുടെയും ഒത്തൊരുമയുടെയും ചട്ടക്കൂടിൽ നിന്നുകൊണ്ട്, വിഭാഗീയത ഉണ്ടാക്കുന്നതിനെ ഭയന്ന്കൊണ്ട്, ശരിയെ കുറിച്ച് മാത്രം സംസാരിക്കുന്ന വിധേയത്വമുള്ള വിശ്വാസിയായി ചുരുങ്ങണമെന്ന നിലപാടാണ് നമ്മൾ സ്വീകരിക്കുന്നതെങ്കിൽ അത് വലിയൊരു ദുരന്തമാണ്.

മാർക്സ് പറഞ്ഞത് അതാത് കാലത്തെ ഭരിക്കുന്ന ആശയം ഭരണവർഗത്തിന്റെ ആശയങ്ങളാണ്. എന്നാൽ അടിച്ചമർത്തപ്പെട്ടവർക്കും അതാത് കാലത്തെ ആശയങ്ങൾ സ്വായത്തമാക്കാം എന്നാണു ഈ പ്രക്ഷോഭം തെളിയിച്ചിരിക്കുന്നത്. അതെങ്ങനെ ഫലപ്രദമാക്കാം എന്നതാണ് മുസ്ലിം സ്ത്രീകൾ നേരിടുന്ന വെല്ലുവിളി.

*കടപ്പാട്: ഔട്ട്ലുക്ക് മാസിക (17 ഫെബ്രുവരി 2020)*

■



**ബിന്ദു ലക്ഷ്മി പി.**
അസോസിയേറ്റ് പ്രൊഫസർ,
സെന്റർ ഫോർ വിമൻസ് സ്റ്റഡീസ്,
റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
സോഷ്യൽ സയൻസ്, മുംബൈ

# പൗരത്വനിഷേധ സമരത്തിലെ സ്ത്രീമുന്നേറ്റങ്ങൾ

**2019** ഡിസംബർ 11 നു ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ പൗരത്വ ഭേദഗതി നിയമം രാജ്യവ്യാപകമായി ഒരു പാട് പ്രതിഷേധങ്ങൾക്കു വഴിവെച്ചു. മതവിശ്വാസം ഒരു പ്രധാന മാനദണ്ഡം ആയി ഭേദഗതി ചെയ്ത ഈ നിയമം 1955 ലെ പൗരത്വനിയമത്തിൽ കാര്യമായ മാറ്റം വരുത്തി. ഹിന്ദു, സിഖ്, ബുദ്ധിസ്റ്റ്, ജൈന, പാർസി, ക്രിസ്ത്യൻ എന്നീ മതവിശ്വാസികൾക്ക് അവർ ന്യൂന പക്ഷം ആയിട്ടുള്ള അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് നിയമപ്രകാരം കുടിയേറാനും, പൗരത്വം ലഭിക്കാനും ഈ പുതിയ ഭേദഗതി അനുവദിക്കുന്നു. അതേസമയം മുസ്ലിങ്ങളെ നിയമാനുസൃതം കുടിയേറാൻ ഈ നിയമം അനുവദിക്കുന്നുമില്ല. അങ്ങേയറ്റം വിവേചനപരവും ഇസ്ലാമോഫോബിക്കുമായ ഈ നിയമത്തെക്കുറിച്ച് ഒരുപാട് നിരീക്ഷണങ്ങൾ പൊതുമണ്ഡലത്തിലുണ്ട്. അതുകൊണ്ടു തന്നെ ഈ ലേഖനം പൗരത്വ ഭേദഗതി നിയമം ചർച്ച ചെയ്യാൻ മുതിരുന്നില്ല. മറിച്ചു ഈ നിയമം തുറന്നു വച്ച പ്രക്ഷോഭങ്ങളും അവ മുന്നോട്ടു വെക്കുന്ന ആശയങ്ങളുടെ കാലിക പ്രസക്തിയും ഒരു സ്ത്രീപക്ഷ വായനയിലൂടെ വിശകലനം ചെയ്യാനാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

**വിമോചനം, പ്രതിരോധം: ഒരു പുനർവായന**

പൗരത്വ ഭേദഗതി നിയമത്തിനെതിരെ ആദ്യമായി നടന്ന പ്രതിഷേധങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ഡൽഹിയിലെ ജാമിയ ഇസ്ലാമിയ യൂണിവേഴ്സിറ്റിയിൽ നടന്ന വിദ്യാർത്ഥി പ്രക്ഷോഭം. ബുള്ളറ്റ്സും ടീയർ ഗ്യാസും ഉപയോഗിച്ച് വിദ്യാർത്ഥി പ്രക്ഷോഭത്തെ അടിച്ചമർത്താൻ ശ്രമിച്ച പോലീസിനെതിരെ വിദ്യാർഥികൾ കരുത്തുറ്റ ശബ്ദം ഉയർത്തുന്നതാണ് കണ്ടത്. ഇതിൽതന്നെ നിർണായകമായ ഒരു ചിത്രം ആയിരുന്നു ലാത്തിയോങ്ങി അടിക്കാനോങ്ങുന്ന പോലിസിനു നേരെ നിവർന്നു നിന്ന് കൈ ചൂണ്ടി കൂടെ ഉണ്ടായിരുന്ന പുരുഷ സഹപ്രവർത്തകനെ സംരക്ഷിക്കുന്ന ഹിജാബ് ധരിച്ച ആയിഷ റന്ന എന്ന വിദ്യാർത്ഥിയുടേത്. ആ ചിത്രം പൗരത്വ ഭേദഗതിക്കെതിരെയുള്ള സമരങ്ങളുടെ ഐക്കൺ (icon) ആയി തന്നെ രൂപപ്പെട്ടു എന്ന് പറയാം. ഒരു പക്ഷെ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ആദ്യ നാളുകളിൽ ഏറ്റവും കൂടുതൽ പ്രചരിച്ച ചിത്രവും ഇതാവാം. അക്രമാസക്തരായ പോലീസിനെതിരെ ഉയർന്ന ആ ശബ്ദത്തിനു കാലികമായും ചരിത്രപരമായും ഒരുപാട് പ്രസക്തി ഉണ്ട്.

അധികാര ദുർവിനിയോഗത്തിനും ഭരണകൂട ഭീകരതക്കുമെതിരെയുള്ള ആ കൈചൂണ്ടൽ മുന്നോട്ടു വെക്കുന്ന രാഷ്ട്രീയ ഭാഷ ഫെമിനിസ്റ്റ് സമര മാതൃകകളിൽ പ്രതീക്ഷ ഉണർത്തുന്ന ഒന്നാണ്.

വിമോചനം (liberation), ഐക്യം (solidartiy) എന്നീ ആശയ സങ്കൽപ്പങ്ങൾക്ക് കുറച്ചു കൂടി ഉൾക്കൊള്ളലിൽ അധിഷ്ഠിതമായ വിവക്ഷ നല്കാൻ പൊതുമണ്ഡലം അവകാശപ്പെടുന്ന മുസ്ലിം സ്ത്രീക്ക് കഴിയുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് പൊതുമണ്ഡലത്തെ സംബന്ധിച്ച മുഖ്യധാരാ ഫെമിനിസ്റ്റ് വ്യവഹാരങ്ങളെ ചോദ്യം ചെയ്യുന്നുണ്ട്. Home Place: a Site of Resistance എന്ന ലേഖനത്തിൽ വെള്ള വംശീയാധിപത്യത്തിൽ ജീവിക്കുന്ന ആഫ്രോ അമേരിക്കൻ സ്ത്രീകൾ എങ്ങിനെ 'ഹോം പ്ലെയ്സ്' (Home Place) എന്ന ആശയത്തെ നോക്കി കാണുന്നു എന്ന്

പ്രശസ്ത ആഫ്രോ അമേരിക്കൻ ഫെമിനിസ്റ്റ് ബെൽഹൂക്സ് വിവരിക്കുന്നുണ്ട്. വംശീയത നില നിൽക്കുന്ന ഒരു സമൂഹത്തിൽ എങ്ങിനെയാണ് ആഫ്രോ അമേരിക്കൻ സ്ത്രീകൾ തങ്ങളുടേതായ പ്രതിരോധം തീർക്കുന്നതെന്നും അതിലൂടെ എങ്ങിനെ ഐക്യമുണ്ടാക്കുന്നു എന്നും ബെൽ ഹൂക്സ് ചൂണ്ടിക്കാണിക്കുന്നു.

സവർണ ഹിന്ദു വംശീയത ഉച്ചസ്ഥായിൽ നിൽക്കുന്ന ഇന്ത്യയിൽ ബെൽഹൂക്സിന്റെ പുനർ വായന അനിവാര്യമാണ്. ഈ പുനർവായന വിമോചനം, ഐക്യം, പ്രതിരോധം എന്നീ സങ്കല്പ നങ്ങളെ മുഖ്യധാര ഫെമിനിസ്റ്റ് സാമാന്യ വിവക്ഷ കളിൽ നിന്നും പുറത്തേക്കു കൊണ്ടുവരുന്നു. ഉൾക്കൊള്ളലിന്റെ രാഷ്ട്രീയം (politics of inclusion) സാധ്യമാണെന്ന് ഇത്തരം പ്രതിരോധങ്ങൾ വ്യക്ത മാക്കുന്നുണ്ട്. ഈ ഉൾക്കൊള്ളലിന്റെ രാഷ്ട്രീയം അരികുവത്കരിക്കപെട്ട ജനതയുടെ 'കെയർ എത്തിക്സിന്റെത്' (care ethics) കൂടിയാണ്. പ്രത്യേ കിച്ചും ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ഇത്തരം കെയർ എത്തിക്സ് സമകാലീന ഫെമി നിസ്റ്റ് മുന്നേറ്റങ്ങളെ ഭാഗമാകേണ്ടതുണ്ട്. കൂടെ യുള്ള പുരുഷ മുസ്ലിം സുഹൃത്തിനെ ഭരണകൂട ഭീകരതയിൽ (state terror) നിന്നും രക്ഷിക്കുന്ന മുസ്ലിംസ്ത്രീയുടെ ചിത്രം ഈ കെയർ എത്തി ക്സിനെ ഉറപ്പിക്കുന്നുണ്ട്.

**നിരാകരിക്കുന്ന രക്ഷാകർതൃത്വം**

ഇതിനോട് തുടർച്ചയായി കാണേണ്ട ഒന്നാണ് ഷഹീൻബാഗിലെ സ്ത്രീകളുടെ പോരാട്ടം. 101 ദിവസം നീണ്ടുനിന്ന സിറ്റി സ്പേസ് (city space) ഏറ്റെടുത്തുള്ള അവരുടെ പോരാട്ടം രാജ്യമെമ്പാടും സമാനമായ സമരമുറകൾക്ക് പ്രചോദനമായി. സാധാരണക്കാരായ മുസ്ലിം സ്ത്രീകൾ സമര രംഗത്തേക്ക് ഇറങ്ങുന്നതിനു ഷാഹീൻ ബാഗിലെ സ്ത്രീ സമരം നിർണായക പങ്കു വഹിച്ചിരുന്നു. എന്താണ് ഈ സമരത്തിന്റെ കാലിക പ്രസക്തി? കഴിഞ്ഞ കുറെ വർഷങ്ങളായി മുസ്ലിം സ്ത്രീകളുടെ രക്ഷാകർതൃത്വം ഏറ്റെടു ക്കാൻ കിണഞ്ഞു പരിശ്രമിക്കുകയാണ് സംഘ പരിവാർ ഭരണകൂടം. ഈ ഏറ്റെടുക്കൽ ശ്രമത്തിന്റെ ഒരു പ്രധാന ഉദാഹരണമാണ്, മുത്തലാഖ് കുറ്റ കരമാക്കി (criminalise) മുസ്ലിം പുരുഷനെ പ്രതി സ്ഥാനത്തു നിർത്തി മുസ്ലിം സ്ത്രീകളെ സംരക്ഷി ക്കുകയാണെന്ന് വരുത്തി തീർക്കുന്ന ഹിന്ദുത്വ അജണ്ട. മുത്തലാഖ് നിയമത്തിലൂടെ ക്രിമിനൽ കുറ്റമായി പ്രഖ്യാപിച്ച ഉടനെതന്നെ നരേന്ദ്ര മോദിയെ 'മഹാനായ സാമൂഹിക പരിഷ്കർത്താവ്' എന്ന് അമിത്ഷാ വിശേഷിപ്പിച്ചു! മോദിയെ മഹാ നായ സാമൂഹ്യ പരിഷ്കർത്താവായി അവരോധി ക്കുന്നത് വിരോധാഭാസമായി വായിക്കുമ്പോഴും ഓർമിക്കേണ്ട ഒരു കാര്യം ചില അപവാദങ്ങൾ ഒഴിച്ച് നിർത്തിയാൽ സാമൂഹ്യ പരിഷ്കരണം എന്നും ഇന്ത്യയിൽ രക്ഷാധികാര രാഷ്ട്രീയത്തിന്റെ (ptaronising politics) ഭാഗം ആയിരുന്നു. സ്ത്രീകളെ ഇര സ്ഥാനത്തു പ്രതിഷ്ഠിച്ചു കൊണ്ടാണ് ഇത്തരം വ്യവഹാരങ്ങൾ തുടർന്നത്. ആ തുടർച്ചയെ തകർ ക്കുന്നതാണ് ഇന്ന് കാണുന്ന സ്ത്രീ മുന്നേറ്റങ്ങൾ. മുസ്ലിം സ്ത്രീകളെ വാർപ്പ് മാതൃകയിൽ ഒതുക്കി, അതേസമയം ഇസ്ലാമോഫോബിയ ഔദ്യോഗിക അജണ്ടയായി കൊണ്ട് നടക്കുകയും ചെയ്യുന്ന സംഘ പരിവാറിന് ഈ സ്ത്രീ മുന്നേറ്റങ്ങൾ നിർണായകമായ പ്രതിരോധം തീർക്കുന്നുണ്ട്. 'നിങ്ങൾ ഞങ്ങളുടെ രക്ഷാകർത്താവ് ആവാൻ ശ്രമിക്കേണ്ട' എന്ന് ഉറക്കെ വിളിച്ചു പറയുന്നുണ്ട് ഈ സ്ത്രീ മുന്നേറ്റങ്ങൾ. അതേസമയം തന്നെ വളരെ കണിശമായിതന്നെ രക്ഷാധികാര രാഷ്ട്രീ യത്തെ നിരാകരിക്കുകയും ചെയ്യുന്നുണ്ട്. ആ പോരാട്ട വീര്യമാണ് ഷാഹീൻബാഗിലെ സ്ത്രീ കളും ജാമിയയിലെ വിദ്യാർത്ഥിനികളും മുന്നോട്ടു വെക്കുന്നത്. അതുകൊണ്ടു തന്നെ സ്വാതന്ത്ര്യാ നന്തര ഇന്ത്യയിൽ എടുത്തു പറയേണ്ട സ്ത്രീ മുന്നേറ്റങ്ങളിൽ ഒന്നായി ഈ മുന്നേറ്റങ്ങളെ കാണേ ണ്ടതുണ്ട്. അത് ഫെമിനിസ്റ്റ് മുന്നേറ്റങ്ങൾക്ക് കൂടു തൽ കരുത്തേകുന്ന ഒന്നാണ്. ദുർബലമായ ഒരു ഭരണകൂടത്തിന്റെ തന്ത്രങ്ങളെ അത് തുറന്നു കാണിക്കുന്നു.

**ശക്തമായ ഭരണകൂടം എന്ന മിഥ്യ**

നിയന്ത്രണങ്ങൾ ശക്തമാക്കുന്ന ഒരു ഭരണ കൂടം ശക്തമായിരിക്കും എന്ന മിഥ്യധാരണയെ പൊളിച്ചെഴുതുന്നതാണ് പുറത്തു നിന്ന് നോക്കു മ്പോൾ ദൃഢം (stringent) എന്ന് തോന്നുന്ന പൗരത്വ നിയമ ഭേദഗതി. ഈ ഭേദഗതി എങ്ങിനെയാണ് ഇന്ത്യൻ പൗരന്മാരെ ബാധിക്കുന്നതെന്നും, പല തരത്തിൽ വേർതിരിക്കുന്നതെന്നും ഇതിനകം ഒരു പാട് ചർച്ചകൾ നടന്നു കഴിഞ്ഞു. എന്തുകൊണ്ടാണ് നിർദ്ദയമായ നിയമങ്ങൾ കൊണ്ടുവരുന്ന ഒരു ഭരണ കൂടത്തെ ദുർബലം എന്ന് വിശേഷിപ്പിക്കേണ്ടി വരു ന്നത്? പൗരത്വം തെളിയിക്കാൻ രേഖകൾ ആവശ്യ പ്പെടുന്ന ഒരു ഭരണകൂടം അധികാരക്കൊതിയും മുൻവിധിയും നിറഞ്ഞ ഉദ്യോഗസ്ഥഭരണ ശൃംഖല കൾക്കുള്ളിൽ നിന്ന് കൊണ്ട് കൂടുതൽ ഹിംസകൾ ഉണ്ടാക്കുന്നതായിരിക്കും വരും കാലങ്ങളിൽ കാണാൻ കഴിയുക. ആ ഹിംസാത്മകത ആയി രിക്കും ദുർബല ഭരണകൂടത്തിന്റെ ഭരണതന്ത്രം. അതിന്റെ പരിണതഫലം അങ്ങേയറ്റം അപകട കരവും ആയിരിക്കും. അത് എളുപ്പത്തിൽ ബാധി ക്കുന്നതു പാർശ്വവൽക്കരിക്കപെട്ട ജനതയെയാണ്. അതുകൊണ്ടുതന്നെ ഇന്ന് സ്ത്രീകൾ ഏറ്റെടുത്ത പൗരത്വനിഷേധത്തിനെതിരെയുള്ള സമരം ഇന്ത്യ യുടെ ഭാവി നിർണയിക്കുന്നതിൽ പ്രധാനമാണ്.

■



**സിന്ധു മരിയ നെപ്പോളിയൻ**
റേഡിയോ മൺസൂണിൽ
തിരുവനന്തപുരത്തെ
മത്സ്യത്തൊഴിലാളികൾക്കായി
ആരംഭിച്ച കമ്മ്യൂണിറ്റി റേഡിയോ
പ്രോഗ്രാം പ്രൊഡ്യൂസറാണ്

# പൗരത്വവും ലിംഗനീതിയും

പ്രമുഖ സാമൂഹ്യശാസ്ത്രജ്ഞനായ
ടി.എച്ച്. മാർഷലിന്റെ നിർവ്വചനമനുസരിച്ച് ഒരു
സമൂഹത്തിന്റെ/സമുദായത്തിന്റെ പൂർണ്ണ അംഗ
മായവർക്ക് നൽകുന്ന പദവിയാണ് പൗരത്വം. ഈ
പദവിക്കൊപ്പം എത്തുന്ന അവകാശങ്ങളെയും
ഉത്തരവാദിത്വങ്ങളെയും അതിന്റെ ശരിയായ
അർത്ഥത്തിൽ ഉൾക്കൊള്ളാൻ സാധിക്കുന്നവരെ
യാണ് പൗരന്മാരായി കണക്കാക്കേണ്ടതെന്നും
അദ്ദേഹം പറയുന്നു. ഈ നിർവചനത്തെ സാമാന്യ
യുക്തിക്കനുസരിച്ച് കീറി മുറിക്കാൻ ഒരു ശ്രമം
നടത്തുകയാണ്. എന്താണ് സമൂഹം അഥവാ
സമുദായം? അംഗത്വം എന്ന ആശയത്തെ ഏത്
മാനദണ്ഡങ്ങളുപയോഗിച്ചാണ് നിർവചിക്കാനാ
വുക? ഈ സംവിധാനത്തിലെ തുല്യതാ സങ്കല്പ
ത്തിന്റെ അളവുകോൽ എന്താണ്? സി.എ.എ,
എൻ.ആർ.സി പ്രതിഷേധങ്ങളുടെ ഭാഗമായി
അടുത്തിടെ രാജ്യമെമ്പാടും ചർച്ച ചെയ്ത വിഷയ
മാണ് പൗരത്വം. ഇത് പോലുള്ള കുറച്ച് കട്ടിയുള്ള
വിഷയങ്ങൾ പൊതുവെ ചർച്ച ചെയ്യപ്പെടാറുണ്ടാ
യിരുന്നത് നമ്മുടെ നിയമ ക്ലാസുകളിലും നിയമ
നിർമാണ സഭകളിലും ഒരു പരിധിവരെകാമ്പസു
കൾ പോലുള്ള ഇടങ്ങളിലുമായിരുന്നു. എന്നാൽ
പൗരത്വം എന്ന, സാധാരണ മനുഷ്യരുടെ ചിന്താ
മണ്ഡലങ്ങളിൽ വിദൂരമായി പോലും പൊങ്ങി
വരാത്തൊരു വിഷയത്തെ നമ്മുടെ കവലകളിലും
കടപ്പുറങ്ങളിലും അയൽക്കൂട്ടങ്ങളിലും ഒക്കെ
എത്തിക്കാൻ ഈ പ്രതിഷേധങ്ങൾക്കും പോരാട്ട
ങ്ങൾക്കും കഴിഞ്ഞു. രണ്ടുവരി ഫെയ്സ്ബുക്ക്
എഴുത്തുകാർക്കും വാരികപ്പേജുകളിൽ ഖണ്ഡം
ഖണ്ഡമായി എഴുതുന്നവർക്കും വാർത്താ ചാന
ലിലെ ചർച്ചാപ്രേമികൾക്കും ഇന്ത്യയിൽ അടു
ത്തിടെ പതഞ്ഞു പൊന്തിയ പൗരത്വ വിഷയം
വലിയ ഉള്ളടക്ക നിർമിതിക്ക് സഹായകരമായി.
ജീവിതത്തിലാദ്യമായി ഞാനും ഞാനുൾപ്പെടുന്ന
എന്റെ കുടുംബവും (മുക്കുവ ജാതിക്കാരായ
ലത്തീൻ കത്തോലിക്ക കുടുംബം) ഞങ്ങളുടെ
പൗരത്വത്തെപ്പറ്റി ചിന്തിച്ച സമയമായിരുന്നു
അത്. അല്ലെങ്കിൽത്തന്നെ ചർച്ചിനും സ്റ്റേറ്റിനും
ഇടയിൽപ്പെട്ട് ഭരിക്കപ്പെടാനുള്ള അവകാശം ആർക്ക്
പതിച്ച് നൽകണമെന്ന് അറിയാതെ ആശയക്കുഴപ്പ
ത്തിലായൊരു ജനതയാണ്! ആത്മീയവും സാമു
ദായികവുമായ അധികാരം പ്രാഥമികമായി പള്ളിക്ക്
മേൽ അന്തർലീനമായിരിക്കുമ്പോഴും, ഒരു പൗരൻ
(പൗരനും മനുഷ്യനും വഴിപോക്കനും പോലെ
സ്ത്രീരഹിത സങ്കല്പത്തിൽ ഉണ്ടായി വന്ന പദങ്ങ
ളിൽ നിന്ന് മുക്തി നേടാൻ ഒരു പകരം ഭാഷ
കണ്ടെത്തേണ്ടിയിരിക്കുന്നു) എന്ന നിലയിൽ
രാഷ്ട്രീയമായും സാമ്പത്തികമായുമെല്ലാം സ്റ്റേ
റ്റിനോട് ബന്ധപ്പെട്ടു നിൽക്കേണ്ടി വരുന്നതിന്റെ
ധർമ്മസങ്കടം ആവോളമുള്ള സമുദായത്തിലെ
ഒരംഗമാണ്. ബെനഡിക്ട് ആൻഡേഴ്സണിന്റെ
'സാങ്കല്പിക സമുദായം' (Imagined Communities)
എന്ന ആശയം ആദ്യമായി വായിക്കുമ്പോഴുണ്ടാ
വുന്ന ചില തിരിച്ചറിവുകൾ പൗരത്വ സംവാദങ്ങ
ളിലും പ്രസക്തമാണെന്ന് തോന്നുന്നു. സാമൂഹിക
മായി നിർമിച്ചെടുക്കപ്പെട്ട ഒരു ജനത, തങ്ങളൊരു
ഗ്രൂപ്പിന്റെ ഭാഗമാണെന്ന് സ്വയം സങ്കല്പിക്കപ്പെ
ടുമ്പോൾ ആണല്ലോ അവിടെ ദേശീയതയും
അതിന്റെ ഉപോല്പന്നമായ പൗരത്വവും നിലവിൽ
വരുന്നത്. ഇന്ത്യാപാക് ക്രിക്കറ്റ് മത്സര സായാഹ്ന
ങ്ങളിൽ വല്ലാതെ ഉണ്ടായിപ്പോവുന്ന 'ഇന്ത്യൻ
ദേശീയത'യുടെ കാതലിൽ നിന്ന് വ്യത്യസ്തമായ
താണ് സി.എ.എ പ്രതിഷേധങ്ങൾക്കിടെ മുസ്ലീം
മുസ്ലിംഇതര വിഭാഗങ്ങൾ ഒറ്റയ്ക്കോ കൂട്ടായോ

ഉയർത്തിപ്പിടിച്ച പൗരത്വബോധം എന്നത് ഈ സാങ്കല്പിക സമുദായങ്ങളുടെ പൗരത്വത്തെ ക്കുറിച്ചുള്ള വൈവിധ്യം വ്യക്തമാക്കുന്നു. കൂട്ടങ്ങൾ രൂപപ്പെടുന്നതിനേക്കാൾ താനൊരു കൂട്ടത്തിന്റെ ഭാഗമാണെന്ന സങ്കല്പത്തിലധിഷ്ഠിതമായി രൂപ പ്പെടുന്ന കൂട്ടങ്ങളെപ്പറ്റിയാണ്, അവർ സ്റ്റേറ്റിന്റെ വാലിഡിറ്റിക്ക് അർഹരാണോ അല്ലയോ എന്ന കൗതുകകരമായ സംവാദമാണ് നാം ഇന്ത്യ എന്ന സാങ്കല്പിക സമുദായങ്ങളുടെ വിവിധ ഭാഗങ്ങളിൽ കണ്ടത്. മുൻപ് സൂചിപ്പിച്ചതു പോലെ പൗരത്വ പദവി നേടിയവരെ വിശേഷിപ്പിക്കാൻ പൗരൻ എന്ന ആൺനിർമ്മിത പദം മാത്രമേ നമ്മുടെ നിഘണ്ടുവി ലുള്ളൂ. മലയാളത്തിൽ മാത്രമല്ല ലോകത്തെ ഒട്ടു മിക്ക ഭാഷകളിലും ഇത്തരത്തിലുള്ള പദങ്ങൾ മാത്രം കാണാനാവുന്നത്, ഈ സംവാദങ്ങളിൽ തുടക്കം മുതലേ സ്ത്രീകളുടെ സ്ഥാനം എവിടെ യായിരുന്നു എന്നതിന്റെ ദിശ വ്യക്തമാക്കുന്നുണ്ട്. (സാങ്കല്പിക) സമുദായത്തിൽ/ രാജ്യത്തിൽ ഉൾപ്പെടുന്നവരെന്ന ധാരണയിൽ പൗരത്വ പദവി നേടിയ ആണുങ്ങളുടെ പിന്നിൽ ആ പൗരത്വത്തിന് പങ്കുപറ്റി ഓരം ചേർന്നു നിന്നവരായിരുന്നു പെണ്ണു ങ്ങൾ എന്നാണ് യാഥാസ്ഥിതിക വിവരണങ്ങളിൽ നിന്ന് നമുക്ക് എത്തിച്ചേരാവുന്ന നിഗമനം. പ്രാതി നിധ്യമില്ലായ്മയുടെ വിവിധ പാളികളാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. സി.എ.എ സമരവു മായി ബന്ധപ്പെട്ട് ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട, ഒരുപക്ഷേ പൗരത്വ പ്രതിഷേധങ്ങളിൽ ഏറ്റവും ദൈർഘ്യമേറിയ സമരമായി ഇന്നും തുടരുന്ന ഷഹീൻ ബാഗിലെ സ്ത്രീകളുടെ പോരാട്ടം ഇക്കൂ ട്ടത്തിൽ പ്രത്യേകം ചർച്ച ചെയ്യേണ്ട ഒന്നാണ്. ഇതിനോടകം ഷഹീൻബാഗുമായി ബന്ധപ്പെട്ട നിരവധി തലങ്ങളിലെ വായനകൾ വന്നതുകൊണ്ടു തന്നെ ഈ വിഷയത്തെ ഗഹനമായി ഇഴകീറി പരിശോധിക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഷഹീൻബാഗുൾപ്പെടെ പൗരത്വ സമര മുഖത്ത് അണിനിരന്ന സ്ത്രീകളെ പ്രതി ഉണ്ടായ സംവാദങ്ങൾ, 'സ്ത്രീകൾ പോലും' സമരത്തിനി റങ്ങി എന്നിവ പോലുള്ള പ്രയോഗങ്ങൾ, പൗരത്വം എന്ന വിശാല സങ്കല്പത്തെ എങ്ങനെയാണ് ലിംഗഭേദത്തിന്റെ പ്രശ്നം കൂടി ആക്കുന്നതെന്ന് വ്യക്തമാക്കും. പൗരത്വ പ്രശ്നം ഒരു രാഷ്ട്രീയ സമൂഹത്തിലെ ആൺപെൺ ഭേദമില്ലാതെ എല്ലാ വരെയും സാരമായി ബാധിക്കുന്ന വിഷയമാണെ ന്നിരിക്കെ, എങ്ങനെയാണ് സ്ത്രീകൾക്ക് ഈ പ്രശ്നത്തിന്റെ സ്റ്റേക്ക്ഹോൾഡർമാർ ആവാൻ സാധിക്കാതെ പോവുന്നത്? രാജ്യത്തെ പൗരർ ആയിരിക്കാനുള്ള അവകാശസമരങ്ങളിൽ സ്ത്രീ കളുടെ കൂടി കർതൃത്വം (Agency) ഏറ്റെടുത്ത് പ്രതിഷേധിക്കാനുള്ള അധികാരം പുരുഷൻമാർക്ക് ലഭിക്കാനിടയായ സാഹചര്യത്തെ ഏതൊക്കെ തലങ്ങളിലാണ് പരിശോധിക്കേണ്ടത്? ഈ ലേഖന ത്തിൻറെ തുടക്കത്തിൽ ടി.എച്ച്. മാർഷലിന്റെ പൗരത്വ വിർവചനവുമായി ബന്ധപ്പെടുത്തി ഉന്ന യിച്ച ചോദ്യങ്ങൾ വീണ്ടും ആവർത്തിക്കേണ്ടി വരുകയാണ്. വിഭവവും അധികാരവും പ്രാതിനിധ്യ വുമുള്ള ഒരു വിഭാഗം മാത്രം സമുദായത്തിന് അഥവാ സമൂഹത്തിന് വേണ്ടിയുള്ള സംഘർഷ ങ്ങളുടെ ഭാഗമാവുന്നതിൽ തുടങ്ങുകയാണ് ലിംഗ പരമായ അനീതി. ലൈംഗിക ന്യൂനപക്ഷങ്ങളും സ്ത്രീകളും ഉൾപ്പെടുന്ന ഒരു സമൂഹത്തിൽ, ഈ വിഭാഗങ്ങൾ സ്വന്തം സ്വത്വത്തിന്മേൽ പ്രതിസന്ധി നേരിടുന്നു എന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ തന്നെയാണ് ഇവർ പൗരത്വ പ്രതിഷേധങ്ങളിൽ പങ്കാളികളാവുന്നതും. പൗരത്വ സമരങ്ങളിൽ പങ്കെടുത്ത സ്ത്രീകൾക്കും ലൈംഗിക ന്യൂനപക്ഷ ങ്ങൾക്കും ഇരട്ട ഉത്തരവാദിത്വമാണുണ്ടായിരുന്നത്. ഒരു വശത്ത് ലിംഗ പ്രാതിനിധ്യം ഉറപ്പുവരുത്താനും മറുവശത്ത് പൗരത്വം എന്ന രാഷ്ട്രീയ നിലനിൽപ്പിന് വേണ്ടിയുള്ള ചെറുത്തുനിൽപ്പിൽ പങ്കാളികളാ വാനും. ഇതേ സമരമുഖത്ത് ഇറങ്ങിയ പുരുഷനു ണ്ടായിരുന്നതും ഈ പ്രിവിലേജ് തന്നെ. കുട്ടിക ളെയും വയോധികരെയും പരിചരിക്കുകയെന്ന വൈകാരിക ജോലി ചെയ്യാൻ നിർബന്ധിതരായി ത്തീരുന്ന സ്ത്രീകളെ, അതൊരു ശമ്പളമില്ലാത്ത ജോലിയാണെന്ന് തീർപ്പുകല്പിക്കപ്പെട്ട സമൂഹ ത്തിൽ എങ്ങനെയാണ് തുല്യ അംഗമായി പറഞ്ഞു വയ്ക്കുക? സ്നേഹം, പരിചരണം എന്നിങ്ങനെ വിപണിയിൽ പണരഹിത മൂല്യമുള്ള (സ്നേഹം പൈസ കൊടുത്താൽ വാങ്ങാൻ കിട്ടുന്നതല്ലെന്ന സംഗതി) ഭാരങ്ങളെ സ്ത്രീകളിലേൽപ്പിച്ച് പൗരത്വം നേടിയെടുക്കാൻ ഇറങ്ങുന്ന പുരുഷന്മാർ ഏറെ യുള്ള സമൂഹത്തിലിരുന്നാണ് നമ്മൾ മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം കല്പിക്കുന്ന സ്റ്റേ റ്റിന്റെ നീതിരാഹിത്യത്തെപ്പറ്റി സംസാരിക്കുന്നത്. പുരുഷ കേന്ദ്രീകൃത വ്യവസ്ഥിതിയിലെ പൗരത്വ പ്രതിസന്ധികൾ മറികടക്കാൻ സ്ത്രീകൾക്കിടയിൽ പുതു സഖ്യങ്ങൾ രൂപപ്പെടേണ്ടത് അനിവാര്യമായി രിക്കുന്നു. ജാതിക്കും മതത്തിനും വർഗത്തിനും വംശത്തിനും അതീതമായി ഇത്തരം മാതൃകകൾ രൂപപ്പെട്ടാലേ തുല്യനീതി എന്നത് സങ്കല്പത്തിൽ നിന്ന് പുറത്തു കടന്ന് യാഥാർത്ഥ്യമാവുകയുള്ളൂ. എഴുത്തിലും സിനിമയിലും മറ്റ് കലാ പ്രകടന ങ്ങളിലും പ്രതിനിധീകരിക്കപ്പെടുന്ന സ്ത്രീപക്ഷ വിവരണങ്ങൾ രാഷ്ട്രീയസാമൂഹിക തലങ്ങളിലും നടപ്പിൽവരണം. പൗരത്വമെന്നത് സാങ്കല്പിക രാഷ്ട്രങ്ങളെ ചുറ്റിപ്പറ്റിയുള്ള ആശയമാവുമ്പോൾ ലിംഗനീതിക്ക് സങ്കല്പേതര ലോകത്തിലും പ്രാധാ ന്യമേറെ ഉണ്ടെന്ന തിരിച്ചറിവാണ് ഉണ്ടാവേണ്ടത്. അതിന്മേലുള്ള നയരൂപീകരണത്തിന് ഒരു പരിധി വരെയെങ്കിലും ലിംഗനീതി ഉറപ്പു വരുത്താനാ യേക്കും. ■



**സിമി സലിം**
ഗവേഷക,
ഐ.ഐ.ടി., മദ്രാസ്

# മുസ്ലിം ഗാർഹികതയും ആണത്തങ്ങളും

# ഹിന്ദുത്വകാലത്തെ ലിംഗഭേദ രാഷ്ട്രീയത്തെക്കുറിച്ചുള്ള ആലോചനകൾ

ദേശീയ പൗരത്വ രജിസ്റ്ററിനും (എൻ. ആർ.സി) പൗരത്വ ഭേദഗതി നിയമത്തിനുമെതിരെ (സി.എ.എ) മുസ്ലിംസ്ത്രീകൾ നേതൃത്വം നൽകിയ സമരങ്ങളെല്ലാം തന്നെ ഇസ്ലാമിക ഫെമിനിസത്തിന്റെ ഭാഷയിലാണ് വായിക്കപ്പെട്ടത്. ഈ പശ്ചാത്തലത്തിൽ മുസ്ലിം സ്ത്രീയുടെ മതപരതയോ (religiostiy)/ ഇസ്ലാമോ പ്രക്ഷോഭങ്ങളെക്കുറിച്ചുള്ള വിശകലനങ്ങളിൽ കടന്നു വന്നിട്ടുണ്ടോ എന്ന അന്വേഷണം പ്രധാനമാണെന്ന് തോന്നുന്നു. അതോടൊപ്പം തന്നെ ദേശീയഹിന്ദുത്വ വിവരണങ്ങൾ മുസ്ലിം സ്ത്രീയെയും പുരുഷനെയും സ്ഥാനപ്പെടുത്തിയിരിക്കുന്നത് എങ്ങനെയാണെന്നും പരിശോധിക്കേണ്ടതുണ്ട്. മുസ്ലിം സ്ത്രീയുടെ ശരീരവും മതപരതയും ആഗോള വലതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളും നവലിബറൽ സ്ത്രീവാദികളും വ്യക്തിഗത സ്ത്രീവാദത്തിലേക്ക് മാത്രമായി ചുരുക്കി എന്ന് സാറാ ഫാരിസ് തന്റെ In the Name of Women's Rights: The Rise of Femonationalism എന്ന പഠനത്തിൽ നിരീക്ഷിക്കുന്നുണ്ട്. സമാനമായി മുസ്ലിംസ്ത്രീയെ ദേശശരീരത്തിലേക്ക് സ്വാംശീകരിക്കപ്പെട്ട ദേശീയവാദിയായും (the ideal Muslim citizen) സ്ത്രീവാദഭാഷ കൈവരിക്കാത്തവരുമായാണ് ഇന്ത്യയിലെ സവർണ ഹിന്ദു ലിബറൽ വ്യവഹാരങ്ങൾ സ്ഥാനപ്പെടുത്തുന്നത് (മുത്തലാഖ് ബില്ലുമായി ബന്ധപ്പെട്ട ചർച്ചകൾ ശ്രദ്ധിക്കുക). ലിംഗനീതിയുടേയും സ്ത്രീവാദത്തിന്റേയും ഭാഷ മുസ്ലിംസ്ത്രീകൾ സ്വീകരിക്കുമ്പോഴാകട്ടെ അവ മുസ്ലിം പുരുഷന്റെ അപരവത്കരണവുമായി ബന്ധപ്പെട്ട ഇസ്ലാമിക ആൺകോയ്മയെക്കുറിച്ചുള്ള വിവരണങ്ങളിലേക്കാണ് ചെന്നെത്താറുള്ളത്. സി.എ.എ/എൻ.ആർ.സി വിരുദ്ധ പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട വിവരണങ്ങളിൽ മതപരതയും, സാമുദായികതയും (communtiy), പുരുഷനെയും മറികടക്കുന്ന മുസ്ലിം സ്ത്രീയുടെ ചിത്രമാണ് പ്രചരിക്കപ്പെട്ടത്. ഇത് 'ജ്ഞാനോദയം' (enlightenment) ലഭിച്ച് ഒടുവിൽ പൊതുയിടവും പ്രക്ഷോഭയിടങ്ങളും അവകാശപ്പെടുന്ന മുസ്ലിം സ്ത്രീകളുടെ കൂട്ടായ്മ എന്ന രീതിയിലുള്ള ലിബറൽ മാനവികവാദവുമായി ഇഴചേർന്നു കിടക്കുന്നുണ്ട്. ഇത്തരത്തിൽ കീഴാള സ്ത്രീകളെയും പോരാട്ടങ്ങളെയും അവരുടെ മതം/പുരുഷന്മാർ/ സാമുദായികത എന്നിവയിൽ നിന്നും അടർത്തിമാറ്റി, ലിബറൽ വ്യക്തിവാദത്തിന്റെ ചട്ടക്കൂടിലൂടെ വായിക്കുന്നതിനെ അപകോളനീകരണവാദികളും (decolonial) അന്തർവിഭാഗീയവാദികളുമായ (intersectional) കറുത്ത സ്ത്രീവാദികൾ (black feminists) വിമർശിച്ചിട്ടുണ്ട്.

മുസ്ലിം ഗാർഹികതയുടെ അഫക്റ്റീവ് (affective) ഇടങ്ങൾ ബുർഖയും ഹിജാബും ധരിച്ച മുസ്ലിം സ്ത്രീകൾ പ്രക്ഷോഭങ്ങളുടെ ഭാഗമാക്കുന്ന കാഴ്ചയാണ് സി.എ.എ, എൻ.ആർ.സി വിരുദ്ധ പ്രക്ഷോഭങ്ങൾ വലിയ തോതിൽ അടയാളപ്പെടുത്തിയത്. പല മുഖ്യധാര സ്ത്രീപക്ഷ എഴുത്തുകളും ദേശരാഷ്ട്രത്തിനെതിരായി പൊതുമണ്ഡലത്തിലേക്ക് കടന്നു വരാനും സ്ത്രീവാദത്തെ ഉൾക്കൊള്ളാനും പ്രാപ്തിയുള്ളവരായി മുസ്ലിം സ്ത്രീകളെ സ്ഥാനപ്പെടുത്തി. എന്നാൽ ഈ വിവരണങ്ങൾ എല്ലാം തന്നെ മുസ്ലിം സ്ത്രീകളുടെ സാമുദായികവും (communitarian) വിശുദ്ധവുമായ (sacred)


പ്രകടനാത്മകതയെ അവഗണിച്ചുകൊണ്ട് മുസ്ലിം പൗരോഹിത്യത്തിൽ നിന്നും വിടുതൽ നേടിയ മുസ്ലിം സ്ത്രീയുടെ ഒരു 'ഫെമിനിസ്റ്റ് മോമെന്റ്' (feminist moment) ആയാണ് വായിക്കപ്പെട്ടത്.[1] അതിലൂടെ അരാഷ്ട്രീയ സ്വകാര്യ മണ്ഡലത്തിൽ (the apolitical domestic) നിന്നും മതേതര/യുക്തിയുടെ പൊതു മണ്ഡലത്തിലേക്കുള്ള മുസ്ലിം സ്ത്രീകളുടെ രേഖീയമായ (teleological) ചലനങ്ങളായാണ് രേഖപ്പെടുത്തിയത്.

ആധുനികതയിലൂന്നിയുള്ള സ്ത്രീപക്ഷ പൊതുമണ്ഡലം/അരാഷ്ട്രീയ ഇസ്‌ലാമിക സ്വകാര്യ മണ്ഡലം (the apolitical Muslim domestic) എന്ന ദ്വന്ദത്തിലൂന്നിയുള്ള ഇത്തരം വായനകൾ മുസ്ലിം സമുദായത്തിന്റെ സ്ഥലപരമായ രൂപത്തെ (spatial configuration) മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നുണ്ട്. മുസ്ലിം സമുദായത്തിലെ ഗാർഹിക മണ്ഡലത്തെക്കുറിച്ചുള്ള പഠനങ്ങൾ, 'മുസ്ലിം ഗാർഹികതയെ' (domestictiy) സാമൂഹികവും സാമ്പത്തികവും മതപരവുമായ മുസ്ലിം സമുദായിക രൂപത്തിന്റെ കേന്ദ്രമായി സ്ഥാനപ്പെടുത്തുന്നുണ്ട്. മുസ്ലിം ഗാർഹികതയും സ്ത്രീകളുടെ ഇടങ്ങളും മുസ്ലിങ്ങളുടെ പൊതു മണ്ഡലത്തെ നിർവചിക്കുന്നതിൽ/രാഷ്ട്രീയം എന്ന പൊതു സഞ്ജയെ പുനർനിർമ്മിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ടെന്നു മക്ലാർണേ Soft Force: Women in Egypts Islamic Awakening എന്ന പഠനത്തിൽ സൂചിപ്പിക്കുന്നുണ്ട്. മുസ്ലിം സംഘടനകൾ വഴിയും അല്ലാതെയും ഉള്ള സ്ത്രീകളുടെ സംഘാടനവും പുരുഷന്മാർ പ്രക്ഷോഭങ്ങളിൽ പങ്കെടുക്കുമ്പോൾ മുസ്ലിം സ്ത്രീകൾ വീടുകളിരുന്നു വ്രതമനുഷ്ഠിക്കുന്നതും മതപരതയുള്ള മുസ്ലിം സ്ത്രീകൾ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതും മുസ്ലിം ഗാർഹികതയുടെ പദസങ്കേതവുമായി ബന്ധപ്പെട്ടു കിടക്കുന്ന കാര്യങ്ങളാണ്.

സ്വകാര്യ മണ്ഡലത്തിൽ നിന്നും പൊതു മണ്ഡലത്തിലേക്കുള്ള രേഖീയമായ പുരോഗതി എന്നതിനപ്പുറം മുസ്ലിം സ്ത്രീകൾ പ്രക്ഷോഭങ്ങളുടെ ഭാഗമാകുന്നത് മുസ്ലിം ഗാർഹികതയുടെ വ്യാപനമായിട്ടു കൂടിയാണെന്ന് വായിക്കേണ്ടതുണ്ട്. ഈ പ്രക്ഷോഭങ്ങളിലെ മുസ്ലിം സ്ത്രീകളുടെ പ്രകടനാത്മകതയിലെ മതപരമായ മുഹൂർത്തം നിർമ്മിക്കുന്ന പുതിയൊരു ഭാഷ പൊതു മണ്ഡലത്തിലെ സവർണ യുക്തിയിൽ വിള്ളലുണ്ടാക്കുന്നുണ്ട്. കേരളത്തിൽ ഗെയിൽ പൈപ്പ് ലൈനിന് എതിരായ പ്രക്ഷോഭങ്ങളിൽ ഭാഗമായ മുസ്ലിംസ്ത്രീകൾ പറഞ്ഞത് 'ഇത് അല്ലാഹുവിന്റെ ഭൂമിയാണ്, ഇവിടെ നിന്നും ഞങ്ങളെ ആർക്കും പുറത്താക്കാനാകില്ല എന്നാണ്.' ഇത്തരം അട്ടറൻസസ് (utterances) രാഷ്ട്രാനന്തര (post - state) വൈകാരിക മുഹൂർത്തങ്ങൾ നിർമ്മിക്കുന്നുണ്ട്. ജാമിയയിലെ സി.എ.എ, എൻ.ആർ.സി വിരുദ്ധ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ലദീദ സഖലൂൻ ബർഖ ദത്തുമായുള്ള അഭിമുഖത്തിൽ പറഞ്ഞതും ഇതിനോട് ചേർത്ത് വായിക്കാം: 'ഞങ്ങൾ അല്ലാഹുവിനെ മാത്രമേ ഭയക്കുന്നുള്ളൂ, അവനെ മാത്രമേ വണങ്ങുകയുമുള്ളൂ.'

ദേശ രാഷ്ട്രത്തെയും നിയമപരതയെയും ഭൗമാതിർത്തികളെയും ഭേദിക്കുന്ന വിമോചനത്തിന്റെ ഭാഷ ഈ മുസ്ലിം സ്ത്രീകളുടെ മതപരമായ ആവിഷ്കാരങ്ങളിൽ ഉണ്ട്. ഇത്തരത്തിൽ വാചികവും ശാരീരികവുമായ ഭാഷയിലെ ഇസ്‌ലാമികതയുടെ അടിസ്ഥാനം എന്നത് ജെൻഡേർഡ് (gendered) ആയ മുസ്ലിം ഗാർഹികതയും പള്ളികളുടെ വിശുദ്ധ മണ്ഡലവുമാണ്. (പൊതു മണ്ഡലത്തിൽ 'പ്രത്യക്ഷപ്പെടാത്ത') മുസ്ലിം വീടുകളിലെ ഉമ്മമാർ ഷഹീൻ ബാഗിലെയും മറ്റും പ്രക്ഷോഭക്കാർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതും പ്രവാചക ചരിത്രത്തിലെ ചില സംഭവങ്ങൾ ഓർത്തെടുത്ത് വിവരിക്കുന്നതും പ്രവാചകന്റെ മക്കയിൽ നിന്നുള്ള പലായനത്തെ കുറിച്ച് വിവരിക്കുന്നതും വ്രതമനുഷ്ഠിക്കുന്നതും അല്ലാഹുവിന്റെ ഭൂമിയിൽ അധിവസിക്കാനുള്ള അവരുടെ അവകാശത്തെ ദൃഢീകരിക്കാനാണ്. ഇതൊക്കെ മുസ്ലിം പ്രക്ഷോഭ മണ്ഡലങ്ങളുടെ രൂപീകരണത്തിന്റെ ചില സൂചകങ്ങളാണ്. ഷഹീൻ ബാഗിലെ മുസ്ലിം സ്ത്രീകൾ വ്രതമെടുത്തപ്പോൾ പള്ളികളിലെ വെള്ളിയാഴ്ച ഖുതുബകളിൽ പ്രവാചകൻ മൂസയുടെയും ഏകാധിപതി ഫറോവയുടെയും ചരിത്രമാണ് വിവരിച്ചത്. ഇങ്ങനെ പ്രത്യക്ഷത്തിലുള്ള മുസ്ലിം ഗാർഹികതയുടേയും പ്രക്ഷോഭമണ്ഡലങ്ങളുടേയും പരസ്പര ബന്ധം പൊതുമണ്ഡലത്തെ ക്കുറിച്ച് വായനകൾ പുനരാലോചിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്.

ഹിന്ദുത്വ ദേശരാഷ്ട്രത്തിനെതിരായ പ്രക്ഷോഭങ്ങളെ നിർണയിക്കുന്ന മുസ്ലിം മതപരതയും ഇസ്ലാമിക പ്രകടനാത്മകതയും സൂചിപ്പിക്കുന്നത് സവിശേഷമായ അപകോളനീകരണ മുഹൂർത്തമാണ്. അടിമത്തത്തിനെതിരായ പ്രക്ഷോഭങ്ങളിൽ ഭാഗമായ കറുത്തവരുടെ ആത്മീയതയെക്കുറിച്ചുള്ള In the Morning, When I Rise My Hands in Spiritual Soil എന്ന പഠനത്തിൽ ഫ്ളെട മാസ്ക് ജാക്സൺ ആഫ്രിക്കയിലെ വിശുദ്ധമായ ഗാർഹിക മണ്ഡലത്തെ ('the sacred domestic') കുറിച്ച് പ്രതിപാദിക്കുന്നുണ്ട് ആചാരങ്ങളും ആഫ്രിക്കൻ വിശ്വാസ പ്രമാണങ്ങളും പൗരാവകാശത്തെക്കുറിച്ചുള്ള ഉപായങ്ങളും കൂടിച്ചേർന്ന സ്ത്രീകൾ ഭാഗമായ ആത്മീയ സങ്കേതം (spiritual sanctuary) എന്നാണു അവർ അതിനെ വിശേഷിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ആഫ്രിക്കൻ/മുസ്ലിം വീടുകളിലെ ആത്മീയമായ ഗാർഹിക മണ്ഡലം പ്രക്ഷോഭ മണ്ഡലങ്ങളെ നിർണയിക്കുന്ന ഘടകമായി ഉയർന്നു വരുന്നത് കീഴാള/ന്യൂനപക്ഷ സമുദായികതയുടെ സവിശേഷ ഘട്ടത്തെ സൂചിപ്പിക്കുന്നുണ്ട്. ഇത്തരത്തിലുള്ള





വായനകൾ അപനിർമ്മിക്കുന്നത് (സമുദായികതയുടെ) സ്വകാര്യ മണ്ഡലത്തിൽ നിന്നും വിമോചനപരമായ പൊതു മണ്ഡലത്തിലേക്കുള്ള സ്ത്രീകളുടെ പുരോഗമന ചലനത്തെ കേന്ദ്രീകരിച്ചുള്ള സ്ത്രീവാദ സംജ്ഞകളെ കൂടിയാണ്.

**ഹിന്ദുത്വവും ന്യൂനപക്ഷ ആണത്തങ്ങളും**

മേൽ സൂചിപ്പിച്ചതു പോലെ സമുദായികതയുടേയും മുസ്ലിം ഗാർഹികതയുടേയും ഉള്ളടക്കമുള്ള സി.എ.എ, എൻ.ആർ.സി വിരുദ്ധ പ്രക്ഷോഭങ്ങൾ മുസ്ലിം പുരുഷനെ സൂചകമായും (signifier) സൂചിതമായും (signified) സ്ഥാനപ്പെടുത്തുന്നു. മുസ്ലിം സ്ത്രീകൾ പ്രക്ഷോഭങ്ങൾ നയിക്കുകയും ശാരീരിക അതിക്രമങ്ങൾ നേരിടുകയും ചെയ്യുമ്പോൾ തന്നെ മറ്റൊരു തലത്തിൽ മുസ്ലിം പുരുഷനും സമുദായികതയും ദുർബലമാകുന്നുണ്ട്. ഇത് മുസ്ലിം സ്ത്രീയെയും പുരുഷനെയും മുസ്ലിം സാമൂഹികതയുടെ ഒരൊറ്റ അച്ചുതണ്ടായി (single axis) വായിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. ഇങ്ങനെ പല സന്ദർഭങ്ങളിൽ മുസ്ലിം പുരുഷന്റെ ശരീരം ദുർബലമാക്കപ്പെടുന്നതിനെ/unmanly ആയി നിർമ്മിക്കപ്പെടുന്നതിനെ കുറിച്ച് ബറൂച്ചയുടെ Terror and Performance എന്ന പഠനത്തിൽ സൂചിപ്പിക്കുന്നുണ്ട്. എമസ്കലേറ്റഡ് (emasculated) മുസ്ലിം പുരുഷൻ എന്നത് ഹിന്ദുത്വയുടെ പോസ്റ്റ് സി.എ.എ. ആഖ്യാനങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഒരു രൂപകമാണ്. മുസ്ലിം സ്ത്രീകൾ പൊതു മണ്ഡലത്തിന്റെ ഭാഗമാകുന്നതിനെ ലിബറൽ വിവരണങ്ങൾ ഊന്നൽ നൽകുമ്പോൾ, മുസ്ലിം പുരുഷന്മാരെ ആണത്തം നഷ്ടപ്പെട്ടവരായിട്ടാണ് ഹിന്ദുത്വ ചിത്രീകരിക്കുന്നത്. 'സ്ത്രീകളെ പുറത്തിറക്കി, പുരുഷന്മാർ അകത്തിരിക്കുകയാണ്' എന്ന് ഷഹീൻ ബാഗിലെ പ്രക്ഷോഭകാരികളോട് അമിത് ഷാ പറഞ്ഞ വാചകം അനുബന്ധമായി വായിക്കാം. സമാനമായി ജാമിയയിലെ വിദ്യാർത്ഥിനിയായ ആയിഷ റെന്ന പോലീസിനെതിരെ വിരൽ ചൂണ്ടിയ ചിത്രം പൊതു ശ്രദ്ധ നേടിയപ്പോൾ, ബിജെപി, ഐ ടി സെൽ ശ്രദ്ധ കേന്ദ്രീകരിച്ചത് ആ ചിത്രത്തിലുണ്ടായ ഷഹീൻ അബ്ദുല്ലയെ കുറിച്ചാണ്. ഹിന്ദുത്വ ഫാലിക് സ്റ്റേറ്റിനും (Hindutva phallic state) പോലീസിന്റെ ആണത്തത്തിനും വിപരീതമായി സ്ത്രീകൾക്ക് പിന്നിൽ മറഞ്ഞിരിക്കുന്ന സ്ത്രൈണവത്കരിക്കപ്പെട്ടവരായാണ് മുസ്ലിം പുരുഷന്മാരെ ചിത്രീകരിക്കുന്നത്. എന്നാൽ മുസ്ലിം ശരീരത്തിലെ ആണത്തത്തിന്റെ ആധിക്യത്തെ (excessive masculintiy) നിർമ്മൂലനം ചെയ്യുന്നത് (ഇപ്പോൾ ഡൽഹിയിൽ എത്തിനിൽക്കുന്ന) വംശഹത്യയിലൂടെയും, അതിക്രമത്തിലൂടെയും തുറുങ്കിലടച്ചുമാണ് (ഷാർജീൽ ഇമാമാണ് അതിന്റെ ഒടുവിലത്തെ ഇര).

മുസ്ലിംപുരുഷന്മാർക്ക് നേരെ ആൾക്കൂട്ട ആക്രമണം നടത്തിയും മുസ്ലിം സ്ത്രീകളെ റേപ്പ് ചെയ്തും ന്യൂനപക്ഷ ശരീരങ്ങളെ വേട്ടയാടിയുമാണ് ഹിന്ദുത്വ അവരുടെ 'ആണത്തത്തെ' പ്രകടിപ്പിക്കുന്നത്. ഇങ്ങനെ ഹിന്ദുത്വ ആക്രമണങ്ങളെ ലിംഗവത്കരിക്കുന്നത് മുസ്ലിം/ന്യൂനപക്ഷലിംഗഭേദ രാഷ്ട്രീയത്തിന്റെ പുനർവായനക്ക് വഴിയൊരുക്കുന്നുണ്ട്. തങ്ങളുടെ കുട്ടികളുടേയും പുരുഷൻമാരുടേയും അതിജീവനം ഉറപ്പുവരുത്താനുള്ള കറുത്ത സ്ത്രീകളുടെ സാമുദായിക പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്ന പാട്രീഷ്യ ഹിൽ കോളിൻസിന്റെ പഠനം (2019) ഈ വിഷയത്തിൽ ചില പാഠങ്ങൾ നൽകുന്നുണ്ട്. അങ്ങനെയുള്ള കറുത്ത സ്ത്രീവാദ ചിന്തയെ വികസിപ്പിച്ചു കൊണ്ട് മുസ്ലിം ലിംഗഭേദ രാഷ്ട്രീയത്തെ പുനർവായിക്കുമ്പോൾ, 'ജയ് ശ്രീരാം' എന്ന് ഉരുവിടാൻ വിസമ്മതിക്കുകയും അതിന്റെ പേരിൽ ആൾക്കൂട്ട അതിക്രമത്തിനിരയാകുകയും ചെയ്യുന്ന മുസ്ലിം പുരുഷന്മാരുടെ പ്രതി

രോധവും വിശകലനം ചെയ്യേണ്ടത് പ്രധാനമാണ്. മരണത്തെ മുന്നിൽ കണ്ടു കൊണ്ടുള്ള മുസ്ലിം പുരുഷന്മാരുടെ ഈ വിസമ്മതം/നിഷേധം മരണത്തെക്കുറിച്ച് പദ സങ്കേതത്തെ നിഷ്ക്രിയമായ മരണം എന്നതിൽ നിന്നും സക്രിയമായ പ്രതിരോധമായി പരിവർത്തിപ്പിക്കുന്നുണ്ട്. ന്യൂ ഒർലാൻസിലെ പരിസരപ്രദേശങ്ങളിൽ വെളുത്ത പുരുഷന്റെ വംശീയ ആൾക്കൂട്ട ആക്രമണത്തിനിരയാകുന്ന കറുത്ത പുരുഷന്മാരുടെ മരണത്തെ ഇഡാ ബി വെൽസ് (2014) അടയാളപ്പെടുത്തുന്നത് ഒരു 'എനേബിലെർ' (enabler) ആയാണ്. കറുത്ത പുരുഷന്മാരുടെ ലൈംഗികതയെ കുറിച്ച ഉൽകണ്ഠയാണ് അത്തരം ആൾക്കൂട്ട ആക്രമണങ്ങൾക്ക് കാരണമാകുന്നതെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. അതെ സമയം കറുത്ത പുരുഷന്മാർക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ നടത്തുന്നത് വെള്ളക്കാരുടെ ഭരണകൂടവും ആണത്തവും ആണെന്ന് അവർ കൂട്ടിച്ചേർക്കുന്നു. വെൽസ് സൂചിപ്പിക്കുന്നത് പോലെ, കറുത്ത പുരുഷന്മാർക്കെതിരെയുള്ള ആൾക്കൂട്ട അതിക്രമങ്ങളെ നിർണയിക്കുന്ന സ്ഥലപരമായ അന്യത്വവും (spatial ghettoization) ഭൂരിപക്ഷ/ 'ഭരണകൂട ആണത്തവും' മുസ്ലിംപുരുഷനെതിരെ ഇന്ത്യയിൽ നടക്കുന്ന അതിക്രമങ്ങളെ വിശകലനം ചെയ്യുന്നതിനുള്ള ലിംഗഭേദപരമായ പദസങ്കേതം വികസിപ്പിക്കാൻ സഹായിക്കുന്നുണ്ട്.




വികലമാക്കപ്പെട്ട മുസ്ലിം പുരുഷ ശരീരത്തോടുള്ള ലിബറൽ സഹാനുഭൂതിയും ഹിന്ദുത്വയുടെ ആണത്ത ആനന്ദങ്ങളും ചൂണ്ടിക്കാട്ടുന്നത് ഇസ്ലാമിക ആൺകോയ്മയെക്കുറിച്ചും മുസ്ലിം പുരുഷനെ മുസ്ലിം സ്ത്രീയുടെ അപരനായും ചിത്രീകരിക്കുന്ന സ്ത്രീപക്ഷ വായനയുടെ പരിമിതിയാണ്. സാമുദായികതയിലൂന്നിയുള്ള മുസ്ലിം ലിംഗഭേദ രാഷ്ട്രീയം (communitarian gender politics) മതവും ജാതിയും സമുദായവും സ്ത്രീയെ അസ്ഥിരമാക്കുന്നുണ്ടെന്ന ഇന്ത്യയിലെ മുഖ്യധാരാ സ്ത്രീപക്ഷ ചിന്തയെ[2] വിമർശന വിധേയമാക്കുന്നുണ്ട്. ഇത് ഹിന്ദുത്വ നിർമ്മിച്ച 'മുസ്ലിം ആണത്തങ്ങളെ' സ്ഥാനപ്പെടുത്തേണ്ട ആവശ്യകത പ്രതിപാദിക്കുന്നുണ്ട്.അതിലൂടെ സി.എ.എ/എൻ.ആർ.സി വിരുദ്ധ പ്രക്ഷോഭങ്ങളിൽ നിർണ്ണായകമായ (മുസ്ലിം) സാമുദായികതയെ അടയാളപ്പെടുത്താനും മുസ്ലിം പുരുഷനിൽ നിന്നും ഇസ്ലാമിൽ നിന്നും അടർത്തി മാറ്റിയുള്ള 'ജ്ഞാനോദയം ലഭിച്ച' മുസ്ലിം സ്ത്രീകളെ കുറിച്ച ലിബറൽ സ്ത്രീ വായന തിരുത്താനും സാധ്യമായേക്കാം.

***പിൻകുറിപ്പ് :*** *ഡൽഹിയിൽ മുസ്ലിം വിരുദ്ധ വംശഹത്യ ഏറ്റവും കൂടുതൽ ബാധിച്ച ഇടങ്ങളിൽ ഒന്നാണ് നോർത്ത് ഈസ്റ്റ് ഡൽഹിയിലെ നസ്ബന്ദി 'vasectomy' കോളനി. വന്ധ്യംകരിക്കപ്പെടാൻ തയ്യാറാണ് എന്ന ഉറപ്പിന് പകരമായാണ് ആളുകൾ ഇവിടെ താമസിക്കപ്പെടുന്നത്[3].*

***കുറിപ്പുകൾ***

1. See Saba Rahman. "Why Shaheen Bagh Matters: It Offers Protest Template, Rejects Clergy, Challenges Patriarchy." The Indian Express, https://indianexpress.com/article/opinion/shaheen-bagh-caa-protests-6271972/.

2. Nivedita Menon, 'Is Feminism About "Women"? A Critical View on Intersectionaltiy from India' , Economic and Political Weekly, Vol. 50, No. 17 (2015): 37-44.

3. Isaac Chotiner in conversation with Raghu Karnad, "The Real Objective of Mob Violence against Muslims in India." The New Yorker, February 28, 2020

***References***

Ellen Anne McLarney. Soft Force: Women in Egypts Islamic Awakening. Princeton Universtiy Press, 2015.

Fleda Mask Jackson. " "In the Morning, When I Rise": My Hands in Spiritual Soil."

In My Soul Is a Witness: African-American Womens Spiritualtiy, edited by Gloria Jean Wade-Gayles.Beacon Press, 1995.

Ida B Wells-Barnett, et al. On Lynchings. Dover Publications, Inc., 2014

Ptaricia Hill Collins. Intersectionaltiy as Critical Social Theory. Duke Universtiy Press, 2019.

Rustom Bharucha. Terror and Performance. Routledge, 2014.

Sara R Farris. In the Name of Women's Rights: the Rise of Femonationalism. Duke Universtiy Press, 2017.

■



**ഷൈമ പി.**
അദ്ധ്യാപിക
ഇംഗ്ലീഷ് വിഭാഗം,
പയ്യന്നൂർ കോളേജ്

# ബഹുജൻ സ്ത്രീകളും ‘പൊതു’ രൂപീകരണവും

പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള ഏറ്റവും ശക്തവും ക്രിയാത്മകവുമായ സമരമാണ് ഡൽഹിയിലെ ഷഹീൻ ബാഗ് എന്ന സ്ഥലത്ത് കഴിഞ്ഞ രണ്ടു മാസത്തിലേറെയായി നടക്കുന്നത് മുസ്ലിം സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്ന ഈ സമരം ഒരു നിയമത്തിനെതിരെയുള്ള പ്രതിഷേധം എന്നതിലുപരി ആൺ മതേതര യുക്തിയിലധിഷ്ഠിതമായ ഒരു പൊതു ഇടം ന്യൂനപക്ഷ മത വിശ്വാസികളായ സ്ത്രീകൾ എന്ന നിലയിൽ തങ്ങളുടേതും ആണ് എന്ന പൗരത്വവകാശ പ്രഖ്യാപനം കൂടിയാണ്. “അവകാശങ്ങൾക്കു വേണ്ടിയുള്ള അവകാശം” തങ്ങൾക്കുമുണ്ടെന്ന് പ്രഖ്യാപിക്കുക വഴി മറ്റൊരു പൊതുവിനെ വിഭാവനം ചെയ്യുന്നുണ്ട് ഷഹീൻ ബാഗും അത് സാധ്യമാക്കിയ/ആക്കുന്ന സ്ത്രീകളും. ദലിത്/ബഹുജൻ സ്ത്രീകളുടെ നേതൃത്വത്തിലുണ്ടായ/പങ്കാളികളായ ചില സ്ത്രീ പൊതു ഇടപെടലുകളെ രേഖപ്പെടുത്തുന്നതോടൊപ്പം. ഷഹീൻബാഗ് എന്ന സമര പ്രതീകം എങ്ങനെ അത്തരത്തിലുള്ള ഒരു സവർണേതര സ്ത്രീ പ്രതിരോധ ചരിത്രത്തിന്റെ ഭാഗമായി എന്ന് കൂടെ കാണേണ്ടതുണ്ട് എന്ന് വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

ബ്രാഹ്മണിക്കൽ ഹിന്ദുയിസത്തിനും അതിന്റെ വക്താക്കളായ സവർണ ആണുങ്ങൾക്കും ആൺ ബോധം പേറുന്നവർക്കും മാത്രം പ്രാതിനിധ്യം ഉള്ള പൊതു എന്ന ഇടം പലമകളെ ഇല്ലാതാക്കിക്കൊണ്ടുള്ള ഒരുമ സാധ്യമാക്കുന്നതിലൂടെ ഹിംസാത്മകമായ ദേശീയത എന്ന വ്യവഹാരത്തിന് അനിവാര്യമാണ്. പൊതു എന്ന ഇടത്തിൽ നിന്നും, ബ്രാഹ്മണിക ഹിന്ദുക്കളല്ലാത്തവരെ, രാഷ്ട്രീയവത്ക്കരിച്ചും സ്വകാര്യ ഇടത്തിലേക്ക് പരിമിതപ്പെടുത്തുക്കൊണ്ടാണ് ഈ ഐക്യം നിർമ്മിക്കപ്പെടുന്നത് എന്നിരിക്കെ, പൊതു എന്നത് വ്യത്യസ്തകൾ ഉൾപ്പെടുത്തു കൊണ്ടുള്ള വിപുലീകരണം ആവശ്യപ്പെടുന്നുണ്ട്. ദേശീയത എന്ന വരേണ്യ വ്യവഹാരത്തെ അസ്ഥിരപ്പെടുത്തുന്ന, ജാതീയതയ്ക്കെതിരെയുള്ള സമരങ്ങൾ, ഇസ്ലാമോഫോബിക്ക് ആയ മതേതരത്വം എന്ന സങ്കലപ്പത്തോടുള്ള വിയോജിപ്പുകൾ രേഖപ്പെടുത്തുന്ന സമരങ്ങൾ തുടങ്ങിയ അവർണ ഇടപെടലുകൾ ബ്രാഹ്മണിക്കലായ പൊതുവിനെ പുനരാലോചിക്കുന്നവ കൂടിയാണ്. ഇതിൽ തന്നെ അവർണ സ്ത്രീകൾ നടത്തിയ ഇത്തരത്തിലുള്ള ഇടപെടലുകൾക്ക് ഊന്നൽ കൊടുക്കേണ്ടതുണ്ട്. തങ്ങൾക്കായി വക തിരിച്ചു വച്ച സ്വകാര്യം എന്ന ഇടത്തെ ധൈര്യപൂർവ്വം ഉപേക്ഷിച്ചു കൊണ്ട്, സ്വകാര്യ ഇടത്തെ രാഷ്ട്രീയവത്ക്കരിച്ചു കൊണ്ട്, പൊതു ഇടത്തെ occupy ചെയ്തു കൊണ്ട് – ഇങ്ങനെ പല രീതികളിലാണ് അവർണ സ്ത്രീകൾ പൊതു ഇടത്തിന്റെ ഹിംസാത്മകതയെ നേരിടുന്നത്. ഷഹീൻ ബാഗ് എന്നത് എങ്ങനെയാണ് അത്തരത്തിലുള്ള ഒരു പ്രതിഷേധ ചരിത്രത്തിന്റെ ഭാഗമാകുന്നത് എന്ന് രേഖപ്പെടുത്താനാണിവിടെ ശ്രമിക്കുന്നത്.

ഫ്യൂഡൽ, കൊളോണിയൽ സാമൂഹ്യ ഘടനകളിൽ നിലനിന്നിരുന്ന ജെൻഡറിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവാദിത്വ വിഭജനങ്ങൾ ദേശീയത

എന്ന വ്യവഹാരത്തിന്റെ സ്ഥാപനവത്ക്കരണവുമായി ബന്ധപ്പെട്ട് കൂടുതൽ സൂക്ഷ്മമായി ക്രമീകരിക്കപ്പെട്ടു. സ്വകാര്യ ഇടത്തിന്റെ ഉത്തരവാദിത്വം സ്ത്രീകൾക്ക് ഏൽപ്പിച്ചു കൊടുത്തുകൊണ്ടാണ് ദേശീയത സ്ത്രീകളുടെ പ്രശ്നങ്ങളെ പരിഹരിച്ചു എന്ന് വരുത്തി തീർത്തത് എന്ന് പാർഥാ ചാറ്റർജി 'Nationalist Resolution of the Women's Question' എന്ന ലേഖനത്തിൽ പറയുന്നുണ്ട്. സവർണ്ണ പൊതുഇടത്തിന് ഗുണകരമാകുന്ന രീതിയിൽ ആൺ പെൺ പൗരരെ വളർത്തിയെടുത്ത്, വീടകങ്ങളുടെ കെടാവിളക്കാക്കി. ഭാരത സംസ്ക്കാരം നിലനിർത്താനുള്ള ഉത്തരവാദിത്വം സ്ത്രീകളിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, അങ്ങനെ ഉത്തരവാദിത്വ ബോധത്തോടെ ജീവിക്കുന്ന സ്ത്രീകളെ ദേവിയായും അമ്മയായും പൂജിച്ചുകൊണ്ടും, പൊതുഇടത്തിൽ സ്ത്രീകൾക്ക് ഇടപെടാനുള്ള അവസരങ്ങൾ ദേശീയത എന്ന വ്യവഹാരം പരിമിതപ്പെടുത്തി. പൊതു ഇടത്തിൽ തന്റെ ശരീരം, ലൈംഗികത, വിശ്വാസം, അവകാശം, വികാരം തുടങ്ങിയവയെക്കുറിച്ച് സംസാരിക്കുന്ന





സ്ത്രീകൾ അപഥസഞ്ചാരികളായി. അതേപോലെ വീട്ടകങ്ങളെ രാഷ്ട്രീയവത്ക്കരിക്കുന്ന സ്ത്രീകൾ, രാഷ്ട്രീയവത്ക്കരിച്ച പൊതു ഇടത്തിൽ സ്ത്രീ എന്ന രീതിയിൽ ഇടപെടുന്നവർ – ഇവരൊക്കെ അനഭിമതരായി. എന്തായാലും ദലിത്-ബഹുജൻ സ്ത്രീകൾ ദേശീയ നിർമ്മിതികളായ സ്ത്രീ ബിംബത്തെ പല രീതികളിൽ പ്രതിരോധിക്കുന്നതായി കാണാം. സ്വകാര്യ/പൊതു എന്ന ദ്വന്ദ്വത്തെ അസ്ഥിരപ്പെടുത്തുന്നുണ്ട് ഇവരിൽ പലരുടേയും ഇടപെടലുകൾ.

6-ാം നൂറ്റാണ്ട് BCE ഓളം പഴക്കമുണ്ടെന്ന് കരുതുന്ന, ആദ്യകാല ഇന്ത്യൻ പെണ്ണെഴുത്ത് എന്ന് വിളിക്കാവുന്ന തെരിഗാഥ എന്ന പേരിൽ ഇറങ്ങിയ ബുദ്ധഭിക്ഷുണികളുടെ കവിതകളുടെ സമാഹാരം ബ്രാഹ്മണിക്കൽ ആണധികാര ഇടങ്ങളായി മാറുന്ന വീടുകളിൽ നിന്നും പൊതുഇടങ്ങളിൽ നിന്നും രക്ഷപ്പെട്ട് ബുദ്ധ സംഘത്തിൽ ചേർന്ന പല സ്ത്രീകളുടെ അനുഭവങ്ങൾ കൂടി ഉൾപ്പെടുന്ന ഒന്നാണ്. അടുക്കള/ഉപകരണങ്ങളിൽ നിന്നും വയസ്സനും വക്രബുദ്ധിക്കാരനുമായ ഭർത്താവിൽ നിന്നും, വികാരങ്ങളിൽ നിന്നും, പ്രായമാകുന്നതിന്റെ വൈഷമ്യങ്ങളിൽ നിന്നും, മരണഭീതിയിൽ നിന്നും, മരിച്ചുപോയ പ്രിയപ്പെട്ടവരുടെ ഓർമ്മകൾ നൽകുന്ന വേദനകളിൽ നിന്നും, തത്കാലമോ സ്ഥിരമോ ആയ രക്ഷപ്പെടൽ ആഗ്രഹിച്ചു കൊണ്ട് ബുദ്ധിസം രൂപപ്പെടുത്തിയ പൊതുവിനെ തങ്ങളുടെ വീടകങ്ങൾക്കു പകരമായി തെരഞ്ഞെടുത്ത സ്ത്രീ അനുഭവങ്ങൾ ഏറെയുണ്ട് തെരിഗാഥ എന്ന പുസ്തകത്തിൽ. പെൺ ലൈംഗികത, ശരീരം, വൈകാരികത എന്നിവയെ അഭിസംബോധന ചെയ്യുന്നതിൽ ബുദ്ധിസത്തിനുണ്ടായിരുന്ന പരിമിതികളെക്കുറിച്ചുള്ള പഠനങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, തങ്ങളുടെ വീടകങ്ങളിൽ നിലനിന്നിരുന്ന ഹിംസാത്മകതയെ മറികടക്കാൻ, അവിടം ഉപേക്ഷിക്കുകയും യാത്രകളും ഭിക്ഷാടനവും സന്യാസവും ആവശ്യപ്പെടുന്ന സംരക്ഷണം കുറഞ്ഞു ബുദ്ധിസത്തിന്റെ പൊതു എന്ന ഇടം സ്ത്രീകൾ തിരഞ്ഞെടുത്തു എന്നത് ഈ സ്ത്രീകളുടെ നിർവാഹകത്വം സൂചിപ്പിക്കുന്ന ഒന്ന് കൂടെയാണ്. അതേ പോലെ മോക്ഷം ആഗ്രഹിച്ച് വരുന്ന ബുദ്ധസന്യാസിമാരെ പ്രലോഭിപ്പിക്കുന്ന ഭീഷണമായ സാന്നിധ്യങ്ങളായി പലപ്പോഴും സ്ത്രീകൾ മാറുന്നതായി ജാതക കഥകളെ അവലംബിച്ചുകൊണ്ട് ഉമ ചക്രവർത്തി നിരീക്ഷിച്ചിട്ടുണ്ട്. അങ്ങനെയൊരവസ്ഥയിൽ ബുദ്ധ ഭിക്ഷുണികളുടെ വരവ് ബുദ്ധ സംഘം എന്ന പൊതുവിന് ഉണ്ടാക്കിയ മാറ്റങ്ങളും അസ്ഥിരപ്പെടുത്തലുകളും നോക്കേണ്ടതാണ്. വീടകങ്ങളും ബ്രാഹ്മണിക "പൊതു"വും ഉപേക്ഷിച്ചു കൊണ്ടാണ് സംഘം എന്ന 'പൊതു' സ്ത്രീകൾ തിരഞ്ഞെടുത്തത് എന്നത് ഏറെ പ്രസക്തമാണ്. തങ്ങളുടെ സ്വകാര്യ ഇടത്തെ ഉപേക്ഷിച്ചു കൊണ്ടാണ് ഈ സ്ത്രീകൾ പൊതുവിനെ പുനരാലോചിക്കാൻ പ്രേരിപ്പിക്കുന്നതെങ്കിൽ മറ്റു ചിലർ തങ്ങളുടെ സ്വകാര്യ ഇടത്തെ രാഷ്ട്രീയവത്ക്കരിച്ചു കൊണ്ടാണ് 'പൊതു'വിനെ വിപുലീകരിക്കുന്നത്.

സാവിത്രി ഭായി ഫുലേയുടെ ജീവിതം എടുക്കുകയാണെങ്കിൽ അവർ ഏതൊക്കെ രീതിയിലാണ് പൊതു/സ്വകാര്യം എന്നീ വിഭജനത്തെ അസ്ഥിരപ്പെടുത്തുന്നതെന്ന് കാണാം. തന്റെ വീട് വിധവകൾക്കും അനാഥർക്കും തുറന്ന് കൊടുത്ത്

ഈ ഇടത്തെ തന്റെ ജാതി വിരുദ്ധ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കി രാഷ്ട്രീയവത്ക്കരിക്കുന്നുണ്ട് സാവിത്രി ഭായി ഫുലേ. സത്യ ശോധക് സമാജ് എന്ന സംഘടനയിലൂടെ ആദ്യകാലത്ത് ഭർത്താവായ ജ്യോതി ഭായി ഫുലേയോടൊപ്പവും അദ്ദേഹത്തിന്റെ മരണശേഷം ഒറ്റയ്ക്കും. ജാതി വിരുദ്ധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചും മുന്നിൽ നിന്നു നയിച്ചും. ജാതീയതയെ പൊതുവെ ബാധിക്കുന്ന




പ്രശ്നമായി സ്ഥാപിക്കുന്നതിൽ വിജയിച്ചു. ശൂദ്ര/ ആദിശൂദ്ര വിഭാഗങ്ങളിൽ നിന്ന് വരുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പു വരുത്തുക, വിധവ വിവാഹങ്ങൾ, മിശ്ര വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഫുലെ ജാതിവിരുദ്ധമായ മറ്റൊരു പൊതുവാണ് വിഭാവനം ചെയ്തത്.

അതേപോലെ Against the Madness of Manu എന്ന പുസ്തകത്തിൽ രമാബായി എന്ന അംബേദ്ക്കറുടെ ആദ്യ ഭാര്യ എങ്ങനെയാണ്. തന്റെ വീടകത്തെ ഒരു രാഷ്ട്രീയ സമുദായത്തെ ഉൾക്കൊള്ളിക്കുന്ന രീതിയിൽ മാറ്റിയത് (38) എന്നു പറയുന്നുണ്ട്. രാഷ്ട്രീയവത്ക്കരിക്കപ്പെട്ട സ്വകാര്യ ഇടത്തിന്റെ പ്രതിനിധി എന്ന രീതിയിലാണ് അവർ പൊതു ഇടത്തിൽ ബഹുജനങ്ങളുടെ ഇടയിൽ സ്വീകാര്യയാകുന്നത് എന്ന് കാണാം. മഹാ മഹദ് സത്യാഗ്രഹത്തിൽ ഭക്ഷണം ഉണ്ടാക്കികൊടുത്തുള്ള അവരുടെ ഐക്യപ്പെടൽ സൂചിപ്പിക്കുന്നത് അതാവാം. ഉപജാതി വിഭാഗങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള പന്തിഭോജനത്തിലേക്ക് മുഖ്യാതിഥി ആയി ദയാബായിക്ക് ക്ഷണം കിട്ടുന്നത് അംബേദ്ക്കറുടെ ഭാര്യ എന്നതിലുപരി സ്വകാര്യ ഇടത്തെ, സാമൂഹ്യമായി ബഹിഷ്കൃതരായവരെ ഉൾപ്പെടുത്തി രാഷ്ട്രീയവത്ക്കരിച്ച സ്ത്രീ എന്നതുകൊണ്ടാകാം. പൊതുഇടം എന്ന സവർണ ആണധികാര കേന്ദ്രത്തിൽ ജാതി വിരുദ്ധ പ്രസ്ഥാനത്തിന് കൂടുതൽ ദൃശ്യത ഉണ്ടാക്കാനും അതേപോലെ തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ആ ഇടത്തിന്റെ ഹിംസാത്മകമായി ഉണ്ടാക്കിയെടുത്ത ഒരുമയെ അസ്ഥിരപ്പെടുത്താനും ദലിത് ബഹുജൻ സ്ത്രീകളുടെ ഇടപെടലുകൾക്ക് സാധിച്ചിട്ടുണ്ട്. We also made History എന്ന പുസ്തകം ഇത്തരത്തിൽ പൊതു ഇടത്തിൽ ജാതിയെക്കുറിച്ചും ജാതീയതയെ കുറിച്ചും സംസാരിച്ച ജാതി വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട അംബേദ്ക്കറൈറ്റ് സ്ത്രീകളുടെ ചരിത്രമാണ്.

ജാതി എന്നതു പോലെ തന്നെ ന്യൂനപക്ഷ മതവിഭാഗങ്ങൾക്ക് പ്രാതിനിധ്യം കൊടുക്കാത്ത ഒരു ഇടമായാണ് പൊതു നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഈയൊരു വിഷയത്തെ അഭിസംബോധന ചെയ്യുന്നു എന്നതാണ് ഷഹീൻ ബാഗിനെ പ്രസക്തമാക്കുന്നത്. മുസ്ലിം സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്വസമുദായത്തിലെ ആണധികാരത്തോടൊപ്പം ലോകവ്യാപകമായ ഇസ്ലാമോഫോബിയയേയും അവർക്കെതിരെയുള്ള വിമോചനങ്ങളുടെ ആഴം കൂട്ടുന്നുണ്ട്. ഇസ്ലാം മതത്തോടുള്ള അസഹിഷ്ണുത ഇസ്ലാംമത ചിഹ്നങ്ങളായ ബുർക്ക, ഹിജാസ്, നിക്കാബ് തുടങ്ങിയവ ധരിക്കുന്ന സ്ത്രീകളെ നിർവാഹകത്വം ഇല്ലാത്തവരായും സ്വന്തമായി അഭിപ്രായങ്ങളോ തീരുമാനങ്ങളോ എടുക്കാൻ കഴിവില്ലാത്തവരും അതുകൊണ്ടുതന്നെ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ പറ്റി സംസാരിക്കാൻ യോഗ്യത ഇല്ലാത്തവരുമാക്കി മാറ്റുന്നു. Its Not about the Burga എന്ന മറിയം ഖാൻ എഡിറ്റ് ചെയ്ത പുസ്തകത്തിൽ മുസ്ലിം സ്ത്രീകളുടെ നിർവാഹകത്വം എന്ന വിഷയം എങ്ങനെയാണ് പലപ്പോഴും ബുർഖ എന്ന വസ്ത്രത്തിൽ ചെന്ന് അവസാനിക്കുന്നതെന്ന് ബുർക്ക ധരിക്കുന്നവരും ധരിക്കാത്തവരുമായ എഴുത്തുകാരും പത്രപ്രവർത്തകരും മെക്കാനിക്കൽ എൻജിനിയർമാരും റിസർച്ചർമാരും പെർഫോർമേഴ്സും മാനസികാരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവരുമായുള്ള

മുസ്ലിം സ്ത്രീകൾ തങ്ങളുടേ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നുണ്ട്.

റേസിസ്റ്റ് ആയ ഇസ്ലാമോഫോബിസ്റ്റുകൾക്കൊപ്പം ചേരാതിരിക്കുകയും എന്നാൽ അതേ സമയം സ്വസമുദായത്തിലെ ആൺ അധികാരങ്ങളെ കുറിച്ച് നിശബ്ദമാകാതിരിക്കുകയും ചെയ്യുന്നതിന് ബുർക്ക ഒരു തടസ്സമല്ല എന്നും ഈ സ്ത്രീകൾ അടിവരയിടുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ സ്ത്രീവാദിയാകാൻ വിശ്വാസത്തെ പടിക്കു പുറത്തു നിർത്തേണ്ട ആവശ്യമില്ലെന്ന് വിശ്വസിക്കുന്നു. സ്ത്രീകൾ പൊതു എന്ന മതേതര, അഥവ പ്രബല മത ജീവിതങ്ങൾക്കു മാത്രം പ്രാതിനിധ്യമുള്ള ഇടത്തെ തങ്ങളുടെ മത വിശ്വാസങ്ങളെ ഊന്നിക്കൊണ്ടുള്ള ജീവിതങ്ങൾ കൊണ്ട് മാറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്.

1984ൽ ജീവനാംശം ആവശ്യപ്പെട്ടു കൊണ്ട് ഭർത്താവായിരുന്ന മുഹമ്മദ് അഹമ്മദ് ഖാനിനെതിരെ കേസു കൊടുത്ത ഷാബാനു എന്ന സ്ത്രീക്ക് ആദ്യം സുപ്രീം കോടതി ജീവനാംശം അനുവദിക്കുകയും എന്നാൽ പിന്നീട് ശരിയത്ത് എന്ന ഇസ്ലാമിക നിയമപ്രകാരം മൂന്ന് മാസത്തിൽ കൂടുതലുള്ള ജീവനാംശം അനുവദിക്കേണ്ടതില്ല എന്ന ഭർത്താവായിരുന്ന ആളുടെ വാദം കണക്കിലെടുത്ത് വിധി വന്നത് ഏറെ ചർച്ചകൾക്ക് വഴി വച്ചിരുന്നു. എന്നാൽ ശരിയത്ത് എന്ന ഇസ്ലാമിക നിയമത്തിന്റെ സ്ത്രീ വിരുദ്ധതയെ ആഘോഷിക്കാൻ അവസരം കിട്ടുന്ന വിധികൾക്ക് മാത്രമേ പൊതുഇടത്തിൽ കൂടുതൽ ദൃശ്യത കിട്ടുകയുള്ളൂ എന്നും അങ്ങനെയല്ലാത്ത ജീവനാംശം നല്കപ്പെട്ട കേസുകൾ മറന്നു പോവുകയാണ് പതിവ് എന്നും ഉമ്മുൽ ഫായിസ തന്റെ "വ്യക്തിനിയമത്തിലെ മുസ്ലിം സ്ത്രീ: അധികാരവും സംഘർഷങ്ങളും" എന്ന ലേഖനത്തിൽ വിശദീകരിക്കുന്നുണ്ട്.

സമുദായത്തിലെ ആണധികാരികളുടെ ചൂഷണത്തോടൊപ്പം ഇസ്ലാം എന്ന മതത്തിന്റേതായതു കൊണ്ടു മാത്രം, ശരിയത്ത് എന്ന മതാധിഷ്ഠിത നിയമാവലിയെ പ്രാകൃതവും മാറ്റങ്ങൾക്കു വിധേയമാക്കാൻ പറ്റാത്ത സ്ത്രീ വിരുദ്ധമായ ഒന്നായും സ്ഥാപിക്കാനുള്ള ബ്രാഹ്മണിക ദേശീയത നിർമ്മിച്ച ഇസ്ലാമോഫോബിയ ആയ പൊതുഇടത്തിന്റെ വംശീയമായ ഹിംസ കൂടി പ്രതിരോധിക്കേണ്ടി വരുന്നുണ്ട് സ്ത്രീകൾക്ക് എന്ന് തെളിയിക്കുന്ന ഒന്നാണ് ഷാബാനു കേസ്. അതുകൊണ്ടു തന്നെ വിശ്വാസിയായ മുസ്ലിം സ്ത്രീ എന്ന പൗരയുടെ പൊതു പ്രവേശം എന്ന് പറയുന്നത് സ്വസമുദായത്തിലെ ആണധികാരത്തോടൊപ്പം ദേശീയത എന്ന വ്യവഹാരത്തിന്റെ ആധുനിക യുക്തിയെ അടിസ്ഥാനപ്പെടുത്തിയുള്ള ഫോബിക് ആയ പൊതു ഇടത്തെ മതേതരത്വം എന്ന ഭൂരിപക്ഷമല്ലാത്ത ഒരു മതവിശ്വാസത്തിനും ഇടമില്ലാത്ത സങ്കല്പത്തെ പല രീതികളിൽ അസ്ഥിരപ്പെടുത്തുന്ന ഒന്നാണ്. അതുകൊണ്ടു തന്നെയാണ് ഷഹീൻബാഗ് എന്നത് സി.എ.എ.ക്കെതിരെയുള്ള പൗരത്വാവകാശത്തിനു വേണ്ടിയുള്ള കരുത്തുറ്റ പ്രതിഷേധമാകുന്നതോടൊപ്പം വംശീയ ഉന്മൂലത്തിനെതിരെയുള്ള ഏറ്റവും ശക്തമായ സമരമായി മാറുന്നത്.

ദേശീയത എന്ന വ്യവഹാരം ജാതിമതാടിസ്ഥാനത്തിലുള്ള പല നിബന്ധനകൾക്കനുസരിച്ച് നൽകേണ്ടുന്ന ഒന്നായി പൗരത്വത്തെ മാറ്റുമ്പോൾ പൗരരെക്കാൾ കൂടുതൽ അഭയാർത്ഥികൾ ഉണ്ടാകുന്നുണ്ട്. ദേശീയതയുടെ ഹിംസാത്മകതയെക്കുറിച്ച് ആൻഡേഴ്സൻ മുതൽ ഹന്ന ആർനോൾഡ് വരെ പല രീതികളിൽ വിശദീകരിച്ചിട്ടുണ്ട്. മനുഷ്യനായി അംഗീകരിക്കാനുള്ള ഒരു യോഗ്യത ദേശീയ പൗരനാവുക (ഹന്ന ആർനോൾഡ്) എന്നതാകുമ്പോൾ, മതാടിസ്ഥാനത്തിലുള്ള പൗരത്വ നിഷേധം വംശീയമായ ഉന്മൂലനമാണ് സാധ്യമാക്കുന്നത്. അങ്ങനെയുള്ള സാഹചര്യത്തിലാണ് ഇസ്ലാം മതവിശ്വാസികളായ സ്ത്രീകളുടെ നേതൃത്വത്തിൽ ഷഹിൻ ബാഗ് പോലുള്ള ഒരു പൊതു വിഭാവനം ചെയ്യപ്പെടുന്നത്. വ്യത്യസ്ത ജാതി മത സമുദായങ്ങളുടെ സാഹോദര്യവും പ്രതിരോധങ്ങളും ഉൾപ്പെടുന്ന കലാ പ്രകടനങ്ങളും വിദ്യാഭ്യാസവും അംബേദ്ക്കറൈറ്റ് രാഷ്ട്രീയത്തിന്റെ വായനകളും ചർച്ചകളും സാധ്യമാക്കുന്ന അമ്മമാരും കുട്ടികളും ഉമ്മൂമ്മമാരും അടങ്ങുന്ന അടുപ്പുകളും വായനാസ്ഥലങ്ങളും ഉള്ള പലമകൾക്കും ഉൾപ്പെടുത്തലുകൾക്കും പ്രാധാന്യവും പ്രാതിനിധ്യവും കൊടുത്തു കൊണ്ടുള്ള മറ്റൊരു പൊതു എന്ന സാധ്യതയാണ് ഷഹിൻ ബാഗ്.


B. R Ambedkar and Sharmila Rege. Against the Madness of Manu: B R Ambedkar's Writings on Brahmanical Ptariarchy. Delhi: Navayana, 2013.

Braj Ranjan Mani and Pamela Sardar (ed.). A Forgotten Liberator: The Life and tSruggle of Savtiribai Phule. Delhi: Mountain Peak, 2015.

Hannah Arendt . The Origins of Totalitarianism. London: Penguin, 2017.

Mariyam Khan (ed.). It's Not About the Burqa. London: Picador, 2019.

Partha Chatterjee. "The Nationalist Resolution of the Women's Question" in Recasting Women: Essays in Colonial History, 233-253. Eds. Kumkum Sangari and Sudhesh Vaid. Delhi: Kali for Women, 1989.

Uma Chakravarti. Beyond the Kings and Brahmanas of 'Ancient' India. Delhi: Tulika Books, 2006.

Urmila Pawar and Meenakshi Moon. We Also Made History. Trans. Wandana Sonalkar. Delhi: Zubaan, 2008.

ഉമ്മുൽ ഫായിസ. 'വ്യക്തി നിയമത്തിലെ മുസ്ലിം സ്ത്രീ: അധികാരവും സംഘർഷങ്ങളും.' പച്ചക്കുതിര മാസിക. ജനുവരി, 2017.


■



**ബാസിമ മുഹമ്മദ്**
പി.എച്ച്.ഡി ഗവേഷക,
സോഷ്യോളജി വിഭാഗം
ക്വീൻ മേരീസ് കോളേജ്,
ചെന്നൈ

# ഇന്ത്യൻ ദേശീയതയിലെ മാതൃബിംബങ്ങളും ഷഹീൻബാഗ് എന്ന പ്രതിരോധവും

മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ലിംഗപദവിക്കനുസൃതമായുള്ള വിഭജനമെന്നോണം ചിത്രീകരിക്കുന്നതിന് ചരിത്രപരമായി തന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. ആധുനിക ദേശ രാഷ്ട്ര രൂപീകരണത്തിനു ശേഷവും കൃത്യമായ അതിർ വരമ്പുകളാൽ നിർണിതമായ ഭൂപ്രദേശത്തെ (territory) മാതാവായും അതിലെ പൗരന്മാരെ (citizens) മക്കളായും സങ്കൽപിക്കുന്ന രീതി തുടരുകയാണുണ്ടായത്. ദേശവുമായി ബന്ധപ്പെട്ടിട്ടുള്ളതിനെ മാതൃഭൂമി, മാതൃഭാഷ എന്നിങ്ങനെയൊക്കെ വിളിക്കപ്പെടുന്നതിലെ സാംഗത്യവും ഇതാണ്. പൗരന്മാരുടെ പ്രാഥമിക കർത്തവ്യം മാതാവിന്റെ സംരക്ഷണമായും പൗരന്മാർക്ക് വളരാനാവശ്യമായ സാഹചര്യം പ്രദാനം ചെയ്യലും, സന്താന പരിപാലനവുമാണ് മാതാവായ ദേശം ചെയ്യേണ്ടതെന്നും ഇതിലൂടെ വിവക്ഷിക്കപ്പെടുന്നു.

തീവ്രഹിന്ദു സാംസ്കാരിക ദേശീയതയും വംശീയ ഉന്മൂലന സിദ്ധാന്തവും മൂലധനമാക്കി ഇന്ത്യയിൽ ശക്തിയാർജിച്ച സംഘ്പരിവാർ, മുസ്ലിം അപരവത്കരണത്തിന്ന് മാതൃത്വം എന്ന പരികൽപനയെ ഉപയോഗപ്പെടുത്തിയതിനെ സംബന്ധിച്ചുള്ള വിശകലനമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്. അതോടൊപ്പം തന്നെ സി.എ.എ വിരുദ്ധ പ്രക്ഷോഭങ്ങൾ, വിശിഷ്യ ഷഹീൻ ബാഗ് മോഡൽ സമരങ്ങൾ എങ്ങനെ തീവ്രദേശീയതാ സങ്കൽപത്തിലെ മാതൃബിംബങ്ങൾക്ക് പ്രതിരോധം തീർക്കുന്നു എന്നു കൂടി ഈ ലേഖനം അന്വേഷിക്കുന്നു.

**ഇന്ത്യൻ ദേശീയതയിലെ മാതൃബിംബങ്ങൾ**

ഇന്ത്യൻ പശ്ചാത്തലത്തിൽ മാതൃഭൂമി (mother land) പ്രത്യക്ഷത്തിൽ തന്നെ സവർണ ഹിന്ദു പരിവേഷം നൽകപെട്ട ഭാരതമാതാവായാണ് സങ്കൽപിക്കപ്പെട്ടത്. സാരിയുടുത്ത് സവർണ / ഹൈന്ദവ പുരാണവേദ കഥാപാത്രങ്ങളായ ദുർഗ്ഗ, സീത, സരസ്വതി, ശക്തി തുടങ്ങിയ മാതൃഭാവമുള്ള ദേവതകളായാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. ഇത്തരം ഭാരതമാതാ സങ്കൽപങ്ങൾ കൊളോണിയൽ കാലത്ത് തന്നെ വളരെ ശക്തമായിരുന്നു എന്ന് ചാരു ഗുപ്ത, Sexualtiy, Obscentiy and Communtiy: Women, Muslims and Hindu Public in Colonial India



എന്ന പഠനത്തിൽ പറയുന്നുണ്ട്. ഗാന്ധിയടക്കമുള്ള ദേശീയ പ്രസ്ഥാനത്തിലെ ഒട്ടുമിക്ക വക്താക്കളും ഭാരതമാതാ സങ്കൽപത്തിന്റെ പ്രചാരകരായിരുന്നു.

സവർണേതര സ്ത്രീ സമൂഹത്തെ ഇന്ത്യൻ സ്വത്വത്തിൽ നിന്ന് ബഹിഷ്കരിക്കുന്നതിനുള്ള പ്രഥമ മാനദണ്ഡമായി വേഷവിധാനരീതി ഉപയോഗിക്കുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഭാരത മാതാവ് എന്ന സങ്കൽപം. വസ്ത്രധാരണത്തിലെ മതപരമായ ചിഹ്നങ്ങൾ ഉപേക്ഷിച്ച് സവർണ ഹിന്ദു വേഷങ്ങൾ സ്വീകരിച്ച് 'പൊതു' ആവുക എന്നുള്ളതാണ് ഭാരതമാതാവ് സങ്കൽപം ഇന്ത്യയിലെ സ്ത്രീകൾക്ക് നൽകുന്ന ഒരേയൊരു സാധ്യത.

സവർണ ഹിന്ദു ദേവത പരിവേഷത്തിൽ നിന്നും വിഭിന്നമായി 1936ൽ ശിവപ്രസാദ് ഗുപ്ത എന്ന ദേശീയവാദി പണികഴിപ്പിച്ച ഭാരതമാതാ അമ്പലത്തിനെക്കുറിച്ച് ചാരു ഗുപ്തയുടെ പ്രസ്തുത പഠനത്തിൽ പറയുന്നുണ്ട്. മാർബിളിൽ ഇന്ത്യൻ ഭൂപടത്തിന്റെ മാതൃക ആലേഖനം ചെയ്ത് പൂജ നടത്തുന്ന ആ അമ്പലം ഉദ്ഘാടനം ചെയ്തത് ഗാന്ധിയാണ്. ഇത് ഹിന്ദുവിനും മുസൽമാനും ഉയർന്ന ജാതിക്കാരനും കീഴ്ജാതിക്കാരനും പ്രവേശിക്കാനും ആരാധിക്കാനുമുള്ള അമ്പലമാണ് എന്ന് ഗാന്ധി അതിന്റെ ഉദ്ഘാടന വേളയിൽ പറയുകയുണ്ടായി.

രാഷ്ട്രത്തിന്റെ ഭൂപടം പ്രതിഷ്ഠയാക്കുന്നതിലൂടെ സ്ത്രീ ശരീരമെന്ന രാഷ്ട്രം ആരാധിക്കപ്പെടണം എന്നതിൽ നിന്നു മാറി രാഷ്ട്രഭൂമി ആരാധിക്കപ്പെടണം എന്നതിലേക്ക് വികസിക്കുന്നതോടെ സവർണ ഹിന്ദു വിശ്വാസങ്ങൾക്കും, ഹിന്ദുത്വ ആശയങ്ങൾക്കും രാഷ്ട്രീയ മാനം നൽകപ്പെട്ടു. സവർണ്ണേതര ആചാരങ്ങളുടെ ദേശക്കൂറിനെ ചോദ്യം ചെയ്യാനും സവർണ്ണ സങ്കൽപങ്ങളെ സ്ഥാപനവൽക്കരിക്കാനും ഭാരതമാതാ അമ്പലത്തിന് പ്രയോഗത്തിൽ കഴിഞ്ഞു. സവർണ്ണ ആചാരങ്ങളുമായി ഇന്ത്യൻ ദേശീയതയെ കണ്ണി ചേർത്ത് കൊണ്ട് ഹിന്ദുത്വത്തിനു രാഷ്ട്രീയ മാനം നൽകുന്നതിനുള്ള അടിത്തറ പാകാൻ സഹായിച്ചത് പ്രത്യക്ഷത്തിൽ ആർ.എസ്.എസ് വിരുദ്ധരെന്ന് കരുതപ്പെടുന്ന ദേശീയവാദികൾ തന്നെയാണ്.

ഭാരതമാതാ എന്ന സങ്കൽപത്തെ ഭൂപടമായി പരിവർത്തിപ്പിക്കുന്നതിലൂടെ ഭൂപട നിർമാണ വൈദഗ്ധ്യം കൂടി സവർണ ഹിന്ദു ദേശീയവാദികളിൽ പതിച്ചു നൽകാനും അവരെ ആധുനിക ശാസ്ത്ര പരിജ്ഞാനമുള്ളവരായി പ്രദർശിപ്പിക്കാനും കഴിഞ്ഞു എന്നും ചാരുഗുപ്ത പറയുന്നു. ആർ. എസ്.എസിന്റെ മേൽനോട്ടത്തിലുള്ള മിക്ക സ്കൂളുകളിലും ഇന്ത്യയുടെ ഭൂപടം ആലേഖനം ചെയ്യുന്നതും കോമ്പൗണ്ടിനകത്ത് അമ്പലങ്ങൾ നിർമിക്കുന്നതും ഇതുമായി കൂട്ടിവായിക്കണമെന്ന് ചാരു ഗുപ്ത പറയുന്നു.

സമാനമായി മുസ്ലിങ്ങളേയും ഇതര കീഴാള വിഭാഗങ്ങളേയും മനുഷ്യ പദവിയിൽ നിന്ന് നിഷ്കാസനം ചെയ്യുന്നതിനായി രൂപപ്പെടുത്തിയ ബിംബമാണ് ഗോമാതാവ് എന്നത്. ഇന്ത്യയിൽ 19ാം നൂറ്റാണ്ടിൽ തന്നെ ഈ ബിംബം സജീവത പ്രാപിക്കാൻ തുടങ്ങിയിരുന്നു. പശുവിനെ മുഴുവൻ ഹിന്ദുക്കളുടെയും മാതാവാണെന്നും ഒരു പശുവിനെ അപായപ്പെടുത്തുന്നവൻ മുഴുവൻ ഹിന്ദുവിനെയും അവഹേളിക്കുന്നതിന് തുല്യമാണെന്നുമാണ് ഗോമാതാ സങ്കൽപത്തിലൂടെ തീവ്രഹിന്ദു ദേശീയവാദികൾ പ്രചരിപ്പിച്ചത്.



പാലുതരുന്ന പശുവിനെ പാലൂട്ടുന്ന മാതാവിനോട് സമീകരിക്കുന്ന ഗോമാതാവ് സങ്കൽപ്പത്തിൽ ഗോ സംരക്ഷണ സമിതികൾ ദേശത്തിന്റെ ആരോഗ്യ സാമ്പത്തിക മേഖലകൾ സംരക്ഷിക്കുന്ന സംഘങ്ങളായും വ്യാഖ്യാനിക്കപ്പെട്ടു. സ്ത്രീ എന്നാൽ അമ്മയാവേണ്ടവളാണെന്നും വീടുമായി ബന്ധപ്പെട്ടയിടങ്ങളിൽ ഇണക്കി മെരുക്കി (domesticate) എടുക്കേണ്ടവൾ ആണെന്നും അവളുടെ ധർമം കുടുംബാംഗങ്ങളുടെ ശാരീരിക സാമ്പത്തിക പരിപാലനവുമാണെന്ന ആർ.എസ്.എസിന്റെ സ്ത്രീ സങ്കൽപത്തിന്റെ പരിച്ഛേദമായാണ് (cross section) ഗോമാതാവിനെ മനസ്സിലാക്കേണ്ടത്. ആർ.എസ്. എസ് വിഭാവനം ചെയ്യുന്ന സമൂഹത്തിൽ സ്ത്രീകളുടെ ചലനാത്മകത (mobiltiy) എപ്രകാരമായിരിക്കുമെന്നും ഇതിലൂടെ ഊഹിക്കാവുന്നതാണ്. വിദ്യാഭ്യാസം കൂടുന്നതാണ് വിവാഹമോചന നിരക്ക് വർധിക്കുന്നതിന്റെ മുഖ്യകാരണമെന്ന ആർ.എസ്. എസ് തലവൻ മോഹൻ ഭഗവതിന്റെ സമീപകാലത്തുണ്ടായ പ്രസ്താവന ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്.

ആർ.എസ്.എസിന്റെ സ്ത്രീ സങ്കൽപങ്ങൾക്ക് സ്ത്രീ വിരുദ്ധമാവാനും അതിനെക്കാൾ വിഷലിപ്തമാവാനും കഴിയും എന്നതിന് ഉത്തമ ഉദാഹരണം കൂടിയാണ് ഗോമാതാവ് സങ്കൽപം. മാതാവായ പശുവിനെ അപായപ്പെടുത്തുന്നവർ, അഥവാ ദലിതരും മുസ്ലിങ്ങളും ക്രിസ്ത്യാനികളും തങ്ങളുടെ വീട് /കുടുംബ/ സ്വകാര്യയിടങ്ങൾക്ക് ഭീഷണിയാണെന്ന് പ്രചരിപ്പിക്കാനും പിന്തുണ നേടിയെടുക്കാനും അവർക്ക് കഴിഞ്ഞു. അതിന് തടയിടേണ്ടത് ഗോമാതാവിന്റെ മക്കളായ ഹിന്ദുക്കളാണെന്നുമുള്ള ideologyയാണ് ഗോരക്ഷയുടെ മറവിൽ ഇന്ന് നടന്ന് കൊണ്ടിരിക്കുന്ന സംഘ്പരിവാർ ആസൂത്രിത അക്രമ പരമ്പരകൾ.

തങ്ങളുടെ പെൺമക്കളെ തട്ടിയെടുത്ത് ഹിന്ദുകുടുംബഘടനയെ തകർക്കാനിറങ്ങിയിട്ടുള്ള മുസ്ലിങ്ങൾ എന്തുകൊണ്ടും പുറന്തള്ളപ്പെടേണ്ടവരാണെന്നുള്ള സംഘ്പരിവാർ ദുഷ്പ്രചരണങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യതയാണ് അമ്പലങ്ങൾ

ക്കകത്ത് പോലും നടക്കുന്ന സി.എ.എ അനുകൂല യോഗങ്ങൾ പ്രതിഫലിപ്പിക്കുന്നത്.

**ഹിന്ദുത്വ ആണത്തവും മുസ്ലീം സ്ത്രീ ശരീരങ്ങളും**

സെൻസസ് കണക്കുകൾ ഊതി പെരുപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1909 ലാണ് യു.എൻ. മുഖർജിയുടെ Hindu: A Dying Race എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നത്. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഹിന്ദുക്കൾ, പെറ്റുപെരുകുന്ന മുസ്ലിങ്ങൾ എന്ന സംഘ്പരിവാർ വ്യാജ പ്രചാരണത്തിന് വൈജ്ഞാനിക അടിത്തറയൊരുക്കുന്നതും യു.എൻ മുഖർജിയെ പോലുള്ളവരാണ്. മുസ്ലിം പുരുഷന്റെ അമിത ലൈംഗികതയുടെ ഇരകളായ സ്ത്രീകൾ പ്രജനനം മാത്രം തൊഴിലാക്കിയവരാണെന്ന് ആർ.എസ്.എസ് രൂപീകരണ കാലം മുതൽ തന്നെ സംഘ്പരിവാർ നേതാക്കൾ ആവർത്തിച്ച് കൊണ്ടിരിക്കുന്നു. ഇതുവഴി പൊതു സമൂഹത്തിൽ അപരിഷ്കൃതരായ, ആധുനിക വിരുദ്ധരായ, രാജ്യപുരോഗതിക്ക് തടസ്സം നിൽക്കുന്ന വിഭാഗമായി മുസ്ലിങ്ങളെ മുദ്രകുത്താൻ സംഘ് പരിവാറിന് സാധിച്ചു. രണ്ടിൽ കൂടുതൽ കുട്ടികളുള്ളവർക്ക് ഗവൺമെന്റ് ആനുകൂല്യങ്ങൾ റദ്ദാക്കുക, അധിക നികുതി ചുമത്തുക തുടങ്ങിയ ഭേദഗതി വരുത്താനുദ്ദേശമുള്ള പുതിയ ബില്ലും വംശവർധനവിനെക്കുറിച്ചുള്ള പുതിയ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. ജനസംഖ്യാ നിയന്ത്രണത്തിന് ഉപരിയായി മുസ്ലീങ്ങളെ ഗവൺമെൻറ് ആനുകൂല്യങ്ങളിൽ നിന്നും പുറന്തള്ളുക എന്നും ഈ ബില്ല് ലക്ഷ്യംവെക്കുന്നു എന്നത് മനസ്സിലാക്കാവുന്നതാണ്.

മുസ്ലിം ജനസംഖ്യയെക്കുറിച്ചുള്ള ഭീതിയാണ് സംഘപരിവാർ ആസൂത്രിത മുസ്ലിം വംശഹത്യകളിൽ മുസ്ലിം സ്ത്രീകൾക്കും കുട്ടികൾക്കും എതിരിൽ അത്യന്ത്യം ഹീനമായ മർദ്ദനമുറകൾ പ്രയോഗിക്കപ്പെടുന്നതിന്റെ കാരണം. പ്രമുഖ ചരിത്രകാരി തനിക സർക്കാർ തന്റെ സെമിയോട്ടിക്ക്സ് ഓഫ് വയലൻസ്, മുസ്ലിം ചിൽഡ്രൻ ആൻഡ് വുമൺ ഇൻ ഹിന്ദു രാഷ്ട്ര എന്ന ലേഖനത്തിൽ ഗുജറാത്തിൽ മുസ്ലിം വംശഹത്യയുടെ പശ്ചാത്തലത്തിൽ സംഘപരിവാർ ഗർഭസ്ഥശിശുക്കളോടും സ്ത്രീകളോടും കാണിച്ച ഹിംസകൾ വിശകലന വിധേയമാക്കുന്നുണ്ട്. മരിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുക്കൾ / സ്വയം അധികരിക്കുന്ന മുസ്ലീങ്ങൾ, ലൈംഗികശേഷി കുറഞ്ഞ ഹിന്ദുക്കൾ/ അമിത പ്രത്യുൽപാദനശേഷിയുള്ള മുസ്ലീങ്ങൾ, വന്ധ്യരായ ഹിന്ദു സ്ത്രീകൾ / മുസ്ലീങ്ങളിലെ അനിയന്ത്രിത പ്രജനനം തുടങ്ങിയ ദ്വന്ദങ്ങളാൽ ഹിന്ദുക്കളെ ജനസംഖ്യാടിസ്ഥാനത്തിൽ മുൻകടന്ന് മുസ്ലിങ്ങൾ ഭൂരിപക്ഷമാകുമെന്ന ഭീതിയുടെ പരിണിതഫലം എങ്ങനെ സംഘ് അനുകൂലമാവും എന്ന് തനിക സർക്കാർ വിശദീകരിക്കുന്നുണ്ട്.

മുസ്ലിം സ്ത്രീകളെ കുഴിമാടത്തിൽ നിന്ന് പുറത്തെടുത്ത് ബലാത്സംഗം ചെയ്യണമെന്ന് ആഹ്വാനിക്കുന്നവർ അധികാരത്തിൽ വരുന്നത്, മുസ്ലിം ജനസംഖ്യ പെരുപ്പത്തെക്കുറിച്ചുള്ള ഭയം സംഘപരിവാർ ഇതര ഭാഗങ്ങളിലേക്ക് വരെ വ്യാപിപ്പിച്ചു എന്നതിന്റെ തെളിവാണ്. സംഘപരിവാർ ഇന്നോളം നടത്തിയ എല്ലാ മുസ്ലിം വംശഹത്യകളിലൊക്കെയും വ്യാപകമായി മുസ്ലിം സ്ത്രീകൾ ക്രൂരമായി ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. ഏറ്റവും പുതിയ ഡൽഹി മുസ്ലിം വംശഹത്യയിലും ധാരാളം ബലാൽസംഗക്കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

എതിരാളികളിൽ മാനസിക ആഘാതങ്ങൾ ഏൽപ്പിക്കുക അവരുടെ വംശശുദ്ധിക്ക് കളങ്കം ഏൽപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് രാഷ്ട്രീയ ആയുധമായി ബലാൽസംഗം ഉപയോഗിക്കുന്നതിലൂടെ പൊതുവിൽ ആർ.എസ്.എസ് ലക്ഷ്യം വെക്കുന്നത്. എന്നാൽ സംഘപരിവാർ മുസ്ലിം സ്ത്രീ ശരീരങ്ങളിൽ പ്രയോഗിക്കുന്ന ഹിംസ ഇതിൽ ഒതുങ്ങുന്നില്ല. സ്ത്രീകളെ മക്കളുടെയും രക്ഷിതാക്കളുടെയും ഭർത്താവിന്റെയും സഹോദരന്മാരുടെയും മുമ്പിൽവെച്ച് ബലാൽസംഗം ചെയ്യുക, ഗർഭിണികളെ ബലാത്സംഗം ചെയ്ത്, ഗർഭസ്ഥ ശിശുക്കളെപ്പോലും ത്രിശൂലത്തിൽ കുത്തി പുറത്തെടുത്തു കൊണ്ട് മനുഷ്യത്വരഹിതമായ പീഡനമുറകളാണ് സ്ത്രീ ശരീരങ്ങളിൽ സംഘപരിവാർ അഴിച്ചുവിടാറുള്ളത്. ഒരു സമുദായത്തിന്റെ ഭാവിയും അഭിവൃദ്ധിയും ഇല്ലാതാക്കി മുസ്‌ലിം വംശവർദ്ധനവിന്റെ എല്ലാ സാധ്യതകളും ഉറവിടത്തിൽ തന്നെ നശിപ്പിക്കുന്നതിനാണ് സ്ത്രീകളെയും കുഞ്ഞുങ്ങളെയും പ്രത്യേകം സംഘപരിവാർ ഉന്നം വെക്കുന്നത്. അനിയന്ത്രിതമായി പെറ്റുപെരുകുന്നത് കൊണ്ട് മുസ്‌ലിം സ്ത്രീകളും കുഞ്ഞുങ്ങളും സകല ഹിംസകൾക്കും പാത്രമാവേണ്ടവരാണെന്ന ബോധത്തിൽ നിന്നാണ് ഗർഭനിരോധനഗുളികകൾ പൈപ്പ് വെള്ളത്തിൽ കലക്കി മുസ്‌ലിം സ്ത്രീകളെ വന്ധ്യരാക്കാനുള്ള ആഹ്വാനങ്ങൾ ഉണ്ടാകുന്നത്. പൗരത്വ ഭേദഗതി നിയമത്തിലൂടെ പൗരത്വം ഇല്ലാതാക്കി സ്ത്രീകളെയും കുട്ടികളെയും പുരുഷന്മാരെയും പ്രത്യേകം ഡിറ്റൻഷൻ സെന്ററുകളിൽ എത്തിക്കുന്നതിലൂടെ മുസ്‌ലിം കുടുംബ ബന്ധങ്ങളെ വേർപെടുത്തി ഉന്മൂലന വിധേയരാക്കാം എന്നും ആർ.എസ്.എസ് ലക്ഷ്യം വെക്കുന്നതായി നമുക്ക് നിരീക്ഷിക്കാൻ സാധിക്കും. പ്രസ്തുത നിയമത്തിനെതിരെ മുമ്പെങ്ങുമില്ലാത്ത വിധം മുസ്‌ലീങ്ങൾ തെരുവിലിറങ്ങുന്നത് ഇതിന്റെ ഭീകരത തിരിച്ചറിഞ്ഞുകൊണ്ട് തന്നെയാണ്.

**ഷഹീൻ ബാഗ് എന്ന പ്രതിരോധം**

സി.എ.എ വിരുദ്ധ പ്രക്ഷോഭങ്ങളുടെ തുടക്കം മുതൽ തന്നെ ചർച്ചയായതാണ് സമര രംഗത്തെ മുസ്‌ലിം സ്ത്രീ സാന്നിധ്യം. പൗരത്വ നിഷേധത്തിന് എതിരെയുള്ള സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടത് ക്യാമ്പസുകളിൽ നിന്നാണ്. മുസ്‌ലിം വിദ്യാർഥികൾ നയിച്ച ഈ പ്രക്ഷോഭം ദിവസങ്ങൾക്കുള്ളിൽ തന്നെ സ്ത്രീകൾ ഏറ്റെടുത്തു. ഇരുപത് ദിവസം പ്രായമായ കുഞ്ഞു മുതൽ തൊണ്ണൂറ് വയസ്സുള്ള ദീദിമാർ വരെ സംഘപരിവാറിനോട്



**ഷഹീൻ ബാഗിലെ 'ദാദി'മാർ**

നേർക്കുനേർ നിന്ന് സമര പ്രഖ്യാപനം നടത്തി.

ഭരണഘടന ഉയർത്തിപ്പിടിച്ച് സ്ത്രീകളും കുട്ടികളും നയിക്കുന്ന റോഡ് തടസ്സപ്പെടുത്തൽ സമരരീതി രാജ്യമെമ്പാടും തെരുവുകളിലേക്ക് പടർന്നു. ഇന്ത്യയിലെ പൗരത്വ ബില്ലിനെതിരെയുള്ള സമരങ്ങൾ മുസ്ലിം വിദ്യാർത്ഥിനികളുടേയും ഉമ്മമാരുടെയും ഹിന്ദുത്വ ഭരണകൂടത്തോടുള്ള പ്രക്ഷോഭമായി അന്താരാഷ്ട്ര തലത്തിൽ വരെ ചർച്ച ചെയ്യുകയുണ്ടായി. 2014 മുതലുള്ള ബിജെപി ഭരണത്തിന് ഇത്രയധികം വെല്ലുവിളിയുയർത്തിയ മറ്റൊരു പ്രതിഷേധത്തിനും ഇന്ത്യൻ പൊതുമണ്ഡലം സാക്ഷിയായിട്ടില്ല.

വിദ്വേഷ പ്രചരണങ്ങളും, ആക്രമണ സാധ്യതകളും ഉണ്ടായിട്ടും ഷഹീൻ ബാഗിലെ സമരം കൂടുതൽ കരുത്തോടെ തന്നെ മുന്നോട്ടു പോവുകയാണുണ്ടായത്. ആർ.എസ്.എസിന്റെ സ്ത്രീ സങ്കൽപത്തെയും, അവർ പൊതു സമൂഹത്തിൽ മുസ്‌ലിം സ്ത്രീകളെക്കുറിച്ച് നിർമ്മിച്ച വാർപ്പു മാതൃകകളേയും കൂടിയാണ് ഷഹീൻബാഗിലെ ഉമ്മമാർ തകിടം മറിക്കുന്നത്. അതോടൊപ്പം വർത്തമാന ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖമായി മാറിക്കൊണ്ട്, ന്യൂനപക്ഷ വിരുദ്ധ ഹിന്ദുത്വ മാതൃനിർമിതികളെ ചോദ്യം ചെയ്യാനും ഷഹീൻ ബാഗിലെ ഉമ്മമാർക്ക് കഴിഞ്ഞു. കൈകുഞ്ഞുമായി സമരം ചെയ്യുന്ന ഉമ്മമാരോട് അവരുടെ മാതാവ് എന്ന രീതിയിലുള്ള ധർമ്മത്തെ ചോദ്യം ചെയ്തു കൊണ്ടും സമരപ്പന്തലിൽ കുഞ്ഞുങ്ങളുമായി ഇരിക്കുന്നത് ആ കുഞ്ഞുങ്ങളോടുള്ള അവകാശ ലംഘനം ആയി വ്യാഖ്യാനിച്ചും സമരത്തെ അട്ടിമറിക്കാൻ വലിയ രീതിയിൽ ശ്രമങ്ങൾ നടന്നിരുന്നു. ഈ സമരം ഞങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവിക്ക് വേണ്ടിയാണ് എന്ന മറുവാദം ഉയർത്തിക്കൊണ്ടാണ് ഉമ്മമാർ അതിനെ നേരിട്ടത്. പ്രധാനമന്ത്രിക്ക് കുടുംബമില്ലാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള നിയമനിർമാണങ്ങൾ ഉണ്ടാവുന്നതെന്നും ഷഹീൻ ബാഗിലെ ഉമ്മമാർ ആരോപിച്ചു.

മാതാക്കളുടെ ഇടം വീടിനകത്ത് ആണ് എന്നും അവരുടെ പ്രഥമ ജോലി മക്കളുടേയും മറ്റു കുടുംബാംഗങ്ങളുടേയും പരിചരണം ആണെന്നും മാതാവിന്റെ സുരക്ഷ മകളുടെ കർത്തവ്യം ആണെന്നുള്ള സംഘപരിവാറിന്റെ സങ്കല്പത്തിന് നേർ വിപരീതമായാണ് ഷഹീൻ ബാഗിലെ പ്രക്ഷോഭകാരികൾ സ്വയം അടയാളപ്പെടുത്തുന്നത്.

ഷഹീൻബാഗിലെ സമരങ്ങൾ ഏതുവിധേനയും അവസാനിപ്പിച്ച് രാജ്യമൊട്ടാകെ നടക്കുന്ന സി.എ.എ വിരുദ്ധ സമരങ്ങളെ തകർത്തു മുസ്ലിം വംശീയ ഉന്മൂലനം സാധ്യമാക്കുക എന്നതാണ് സംഘപരിവാർ ഉന്നമിടുന്നത്. ഭരണകൂട ഒത്താശയോടെ നടക്കുന്ന സംഘപരിവാർ ഹിംസകൾ ഷഹീൻ ബാഗിലേക്ക് ഏതുനിമിഷവും എത്തും എന്ന ആശങ്ക സി.എ.എ വിരുദ്ധ നിലപാടുള്ളവർക്കൊക്കെയുമുണ്ട്. എന്നിരുന്നാലും പൗരത്വ ഭേദഗതി നിയമം പിൻവലിക്കും വരെ ഭരണകൂടത്തോട് രാജിയാവാൻ ഇല്ലെന്നാണ് സമര നായികമാർ പറയുന്നത്.

ചരിത്രാതീതകാലം മുതൽ വേരുറച്ചുപോയ സകല പുരുഷാധിപത്യ വ്യവസ്ഥകളെയും തിരുത്തി എഴുതുകയാണ് ഷഹീൻ ബാഗിലെ ഉമ്മമാർ. നിഷ്ക്രിയമായ, പ്രതിരോധ ക്ഷമതയില്ലാത്ത മാതാവ് എന്ന അരിസ്റ്റോട്ടിലിന്റെ മാതൃസങ്കല്പങ്ങളെ മുതൽ അവർ തള്ളിക്കളയുന്നു. സ്നേഹം, വാത്സല്യം, പരിലാളനം തുടങ്ങിയവ സത്താപരമാണെന്നു ആരോപിക്കപ്പെടുന്ന ഒരു വിഭാഗം സ്ത്രീവാദികളുടെ മാതൃത്വത്തെ കുറിച്ചുള്ള സിദ്ധാന്തങ്ങളെ ശരിവെക്കുകയും എന്നാൽ മാതൃത്വം സ്ത്രീകളുടെ വിമോചന പദ്ധതിയെക്കുറിച്ചുള്ള അന്വേഷണത്തെ ഇല്ലാതാക്കുന്നുവെന്ന മറ്റൊരു വിഭാഗം സ്ത്രീവാദത്തെ തള്ളിക്കളയുകയും ചെയ്യുന്നുണ്ട് ഷഹീൻ ബാഗിലെ ഈ സമരങ്ങൾ. ഈ സ്ത്രീകളുടെ സമരവീര്യവും അതേസമയം അവർ പ്രതിഫലിപ്പിക്കുന്ന വാത്സല്യവും സൈദ്ധാന്തിക വൽക്കരിക്കുന്ന പുതിയ സ്ത്രീപക്ഷ നിലപാടുകൾ ആവശ്യമാണ്.

■



**ഗാർഗി ഹരിതകം**
എഴുത്തുകാരി,
രാഷ്ട്രീയ പ്രവർത്തക
The Land of Lamp Bearers എന്ന
നോവലിന്റെ രചയിതാവ്

# "മർദ്ദിതരന്നീ നാടു ഭരിക്കും, ദൈവത്തിന്റെ നാടു പിറക്കും അത്യുച്ചത്തിൽ നമ്മൾ വിളിക്കും, ഞാനാണുടയോൻ, ഞാനാണുടയോൻ!"*

**പാ**കിസ്താനിലെ ഫാഷിസ്റ്റ് പട്ടാള ഭരണത്തിനെതിരെ കറുത്ത സാരിയുടുത്ത് 50,000 പേരുടെ നിറഞ്ഞ വേദിയിൽ അതിക്രമിച്ചു കയറി ഇക്ബാൽ ബാനു പാടിയ ഹം ദേഖേംഗേ എന്ന ഉറുദു കവിത എന്തുകൊണ്ടാവും, ഏകദേശം നാൽപ്പത് വർഷങ്ങൾക്കു ശേഷം സി.എ.എ, എൻ.ആർ.സി, എൻ.പി.ആർ തുടങ്ങിയ നടപടികൾ വരുമ്പോൾ ഇന്ത്യ മുഴുവൻ ഏറ്റുപാടുന്ന, പല ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെടുന്ന സാഹചര്യമുണ്ടായത്? എന്താവും അവിടെ അന്ത കാലവും ഇവിടെ ഇന്നും ഒരുപോലടിക്കുന്ന ആ അല?

അത് മർദ്ദിതരുടെ ഐക്യമാണ് എന്നാണ് തോന്നുന്നത്. പല ഭ്രംശങ്ങളും ദ്രംഷ്ടകളുമുള്ള, അങ്ങിനെയെളുപ്പം വിളക്കിച്ചേർക്കാൻ പറ്റാത്ത ഈ ഐക്യമുണ്ടായിക്കൊണ്ടിരിക്കുന്നത് പക്ഷേ, പാകിസ്താനിലെ അന്നത്തെ അതേ കാരണങ്ങൾ കൊണ്ടല്ല. ഹിന്ദു ബ്രാഹ്മണിസമെന്ന് ഒറ്റ വാക്കിൽ പറയാവുന്ന, മുതലാളിത്തവും പിതൃമേധാവിത്തവും ജാതീയതയും വംശീയതയുമൊക്കെ ചേർന്ന സങ്കീർണമായ ഒരധികാര വ്യവസ്ഥയാണ് ഇന്നിവിടത്തെ ജനങ്ങൾ പല തോതുകളിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ചില വംശങ്ങളും ജാതികളും വംശഹത്യ തന്നെ നേരിടുന്നുണ്ടെങ്കിൽ മറ്റു ചിലർ നിത്യ ജീവിതത്തിലതനുഭവിക്കുന്നു. ഏബിൾഡ്/ഹെറ്ററോസെക്ഷ്വൽ/ബ്രാഹ്മണ പുരുഷനല്ലാത്ത എല്ലാവരും തന്നെ പല അളവുകളിൽ ഈ അന്യവൽക്കരണം അനുഭവിക്കുന്നു.

**ഹിന്ദു ബ്രാഹ്മണിസം**

സി.എ.എയും എൻ.ആർ.സിയും എൻ.പി.ആറും നടപ്പിലാക്കാൻ പോകുന്നത് കൊണ്ടാണ് ഇന്നു രാജ്യം മുഴുവൻ ഷഹീൻ ബാഗുകളുള്ളത്. എന്നാൽ ഈ നടപടികൾ പിൻവലിച്ചാൽ മാത്രം ഈ ഹിന്ദു ബ്രാഹ്മണിസ്റ്റ് ഫാഷിസത്തിന് മറുപടിയാവുമോ? ഡൽഹിയിൽ ദാക്ഷിണ്യം കൊല്ലപ്പെട്ട മുസ്ലീം സഹോദരരുടെ, ബലാത്സംഗത്തിനിരയാക്കപ്പെട്ട സ്ത്രീകളുടെ ചോരയ്ക്കും കണ്ണീരിനും നീതിയാകുമോ? ഇന്നുയർന്നു വരേണ്ട ചർച്ചകളിൽ ഏറ്റവും പ്രധാനം ഹിന്ദു ബ്രാഹ്മണിസം എങ്ങിനെ ഒരിന്ത്യൻ പ്രത്യയശാസ്ത്രമായി



**ഇക്ബാൽ ബാനു**

വളർന്നു എന്നും എങ്ങിനെ ചിന്നിക്കിടക്കുന്ന മർദ്ദിതർക്ക് അതിനെ കൂട്ടമായി നേരിടാം എന്നുമാണെന്ന് കരുതുന്നു. അതിന്റെ ചരിത്രപരമായ അടരുകളെ കൂട്ടമായി പഠിക്കുകയും അതിന്റെതന്നെ തന്ത്രങ്ങൾ എങ്ങിനെ അതിനെതിരെ ഉപയോഗിക്കാം എന്നു തീരുമാനമെടുക്കുകയും വേണം.

ബ്രാഹ്മണരുടെ അറിവഹങ്കാരം ചരിത്രപരമായിത്തന്നെ പ്രസിദ്ധമാണ്. ബ്രാഹ്മണാധിനിവേശ കാലത്ത് തങ്ങൾക്ക് എല്ലാമറിയാം എന്ന് തർക്കിച്ച് തദ്ദേശീയരുടെ മേൽ അറിവധികാരം സ്ഥാപിക്കുകയും ഓരോ നാട്ടിലും പ്രത്യേക സ്ഥാനങ്ങൾ നേടിയെടുക്കുകയും ചെയ്തു ഇവർ. തങ്ങളുടെ അറിവുകൾ മികച്ചതാണെന്നു കരുതുക മാത്രമല്ല, തദ്ദേശീയരുടെ അറിവുകൾ ശരിയാണെന്നു കണ്ടാൽ സ്വാംശീകരിക്കുകയും തങ്ങൾക്ക് പ്രിയം തോന്നാത്തതിനെ പുച്ഛിക്കുകയും ചെയ്താണ് ഇവരിതൊക്കെ നേടിയത്.

കൊളോണിയൽ കാലത്ത് കൊളോണിയൽ അധികാരികളുടെ തോക്കും മറ്ററിവുകളും കണ്ട് അൽഭുതപ്പെടുകയും അവർക്ക് കൂടുതൽ സമ്പത്തു




# BUT WHAT DOES IT REALLY MEAN?

ണ്ടാക്കാൻ സഹായിക്കുകയും ചെയ്തവരാണ് ബ്രാഹ്മണ സമൂഹം. തിരിച്ച് ബ്രിട്ടീഷുകാർ ചെയ്ത ഉപകാരമാണ് പല ധർമ്മങ്ങളിൽ ഒന്നു മാത്രമായിരുന്ന മനുസ്മൃതിയെ ഹിന്ദു വ്യക്തിനിയമത്തിന്റെ അടിസ്ഥാനമാക്കിയതും സംസ്കൃതത്തിൽ എഴുതപ്പെട്ടവയെ മാത്രം വൈവിദ്ധ്യമായ ജീവിതരീതികളിലും വിശ്വാസങ്ങളിലുമൊക്കെ ജീവിച്ച ബഹുസ്വരതയുടെ സ്വത്വവും അടയാളപ്പെടുത്തലുമായി മനസ്സിലാക്കിയതും. ബ്രിട്ടീഷുകാരുടെ ഭരണസംവിധാനത്തിൽ ബ്രാഹ്മണർക്ക് കയറിപ്പറ്റാൻ ബുദ്ധിമുട്ടുണ്ടായില്ല; നാട്ടിലെ ഭൂമിക്കും സമ്പത്തിനും ഏകാധികാരികളായി അടയാളപ്പെടുത്തപ്പെടുന്നതിൽ പ്രയാസമുണ്ടായില്ല.

സ്വാതന്ത്ര്യസമര നേതൃത്വങ്ങളിലും പലയിടത്തും ഈ ബ്രാഹ്മണ മേൽക്കോയ്മ ഈ സമൂഹം അനുഭവിച്ചു, പല അധികാര സ്ഥാനങ്ങളിലും എളുപ്പം കയറിയിരുന്നത് അവരാണ്. സ്വാതന്ത്ര്യാനന്തരകാലത്തും ഇത് നിലനിർത്താനും വളർത്താനുമൊക്കെ ഇവർക്കു സാധിച്ചു. ഇന്ന് ഈ ബ്രാഹ്മണാധികാരം സാംസ്കാരിക, രാഷ്ട്രീയ ശക്തിയായി മാറി ഇന്ത്യ മുഴുവൻ വിഴുങ്ങാൻ പാകത്തിൽ വേരുറച്ചതിന്റെ നേർസാക്ഷ്യമായിട്ടാണ് ഇപ്പോഴത്തെ പൗരത്വ ഭേദഗതി നിയമത്തെയും മനസ്സിലാക്കാവുന്നത്.

ലോകം മുഴുവനും അതിക്രൂരമായ സൂര്യനസ്തമിക്കാത്ത സാമ്രാജ്യം ഉണ്ടാക്കുന്നതിൽ ഏറ്റവും വലിയ പങ്കുവഹിച്ചത് തോക്കാണ്, വെടിമരുന്നാണ്. വാളിന്റെയോ അമ്പിന്റെയോ പോലെ തടുക്കാനോ തടയാനോ കഴിയാത്ത, അങ്ങോട്ട് ഒരു യുക്തിയും സ്വീകരിക്കാത്ത ഏറ്റവും മനുഷ്യത്വരഹിതമായ ആയുധമാണത്. അതുകൊണ്ടുതന്നെയാണ് ഇന്ന് വംശഹത്യയ്ക്കായി തെരുവിൽ ഇറങ്ങുന്നവർ ഗോലി മാറോ സാലോം കോ എന്നലറുന്നത്.

**മർദ്ദിതരുടെ ഐക്യം**

കാലാകാലങ്ങളായി മർദ്ദിതരെ വിഭജിച്ചു ഭരിക്കുന്നത് ബ്രാഹ്മണിസത്തിന്റെ നൂറ്റാണ്ടുകൾ പഴക്കമുള്ള തന്ത്രമാണ്. കാശ്മീരിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ആഫ്സ്പ (AFSPA) തുടങ്ങിയ ക്രൂരമായ നിയമങ്ങൾ നടപ്പിലാക്കപ്പെട്ടപ്പോൾ ബാക്കി ഇന്ത്യാക്കാരൊന്നും പ്രതികരിച്ചില്ല. കാലാകാലങ്ങളായി ദലിതരും ആദിവാസികളും വംശഹത്യ ചെയ്യപ്പെട്ടപ്പോഴും വിഭവരഹിതരാക്കപ്പെട്ടപ്പോഴും ഒരു ജനവികാരവുമുണർന്നില്ല. മുസ്ലിങ്ങൾ കാലാകാലങ്ങളായി അനുഭവിക്കുന്ന അന്യവൽക്കരണവും വംശഹത്യകളും കണ്ടില്ലെന്നു നടിക്കാൻ നമ്മൾക്കായി. പല തുറകളിലുള്ള സ്ത്രീകൾ അനുഭവിച്ച വിവേചനങ്ങളെ ഒരു വ്യവസ്ഥയുടെ പ്രശ്നമായി മനസ്സിലാക്കാതെ ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമായി. ലിംഗ ലിംഗത്വ ന്യൂനപക്ഷങ്ങളുടെ വംശഹത്യയെ ലക്ഷ്യമാക്കിയ ട്രാൻസ് ബില്ല് വന്നിട്ട് ആരും ഒന്നും പറഞ്ഞില്ല.

ഇത്തവണത്തെ മോദി ഭരണത്തിലും കഴിഞ്ഞ ഭരണത്തിലും നടപ്പിലാക്കപ്പെട്ട വിവേകരഹിതമായ നോട്ടുനിരോധനം മുതൽ അയോദ്ധ്യാവിധി വരെ നമ്മൾ മിണ്ടാതിരുന്നു. സി.എ.എ, എൻ.ആർ.സി, എൻ.പി.ആർ നടപടികൾ, ആസാമിലും കാശ്മീരിലും ഇപ്പോൾ ഡൽഹിയിലും നടപ്പിലാക്കപ്പെട്ട വംശീയ ക്രൂരതകൾ ഇന്ന് മർദ്ദിത ഐക്യം എന്ന അവസാനത്തെ സമവാക്യത്തിലെത്തിച്ചിരിക്കുകയാണ്. മുസ്ലീം, ആദിവാസി സ്ത്രീകൾ നയിക്കുന്ന സമരങ്ങൾ; അങ്ങിനെ ഒരിക്കലും സമരമുഖങ്ങളിലില്ലാതിരുന്നവർ ഇന്ന് വീടുകളിൽ സ്വസ്ഥതയില്ലാതെ തെരുവുകളിൽ കിടന്നുറങ്ങുന്നു.

ഇത് ശരിക്കും രണ്ടാം സ്വാതന്ത്ര്യ സമരമായി മാറണമെങ്കിൽ, മർദ്ദിതരുടെ രാജ്യം വരണമെന്ന് നമ്മൾ കൂട്ടമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇത് ചരിത്രത്തിലൊരിക്കലുമില്ലാതിരുന്ന തുറസ്സ് അവളവളിലും പരസ്പരവും ഉണ്ടാക്കേണ്ട കാലമാണ്. അതിന് പല അതിരുകളും ഭേദിക്കാനുള്ള ഊർജമുണ്ടെങ്കിൽ മാത്രമേ ഹിന്ദു ബ്രാഹ്മണിസ്റ്റ് ഫാഷിസത്തെ സ്പർശിക്കാൻ നമുക്കാകൂ. പ്രത്യാശയോടെ.

**ഫൈസ് അഹമ്മദ് ഫൈസിന്റെ ഹം ദേഖേംഗെ; എന്ന കവിതയുടെ ഷമീന ബീഗത്തിന്റെ പരിഭാഷയിൽ നിന്ന്.*

■



**ആയിഷ നൗറിൻ**
എം.എ. മീഡിയ
ഗവേണൻസ് വിദ്യാർത്ഥിനി,
ജാമിയ്യ മില്ലിയ്യ ഇസ്ലാമിയ
സർവ്വകലാശാല

# പൗരത്വവും കശ്മീരി സ്ത്രീകളും




**കാണാതാക്കപ്പെട്ടവരുടെ ചിത്രങ്ങളുമായി ഉടയവർ**

**2019** ആഗസ്റ്റ് 5നാണു കശ്മീരിനു പ്രത്യേക പദവി അനുവദിച്ചിരുന്ന ഇന്ത്യൻ ഭരണഘടനയിലെ മുന്നൂറ്റി എഴുപതാം (370) വകുപ്പ് നരേന്ദ്ര മോഡി-അമിത് ഷാ സർക്കാർ നീക്കിയത്. തീർത്തും ഏകപക്ഷീയവും ഹിന്ദുത്വ/തീവ്ര ദേശീയതാപരവുമായ നടപടിയായിരുന്നു അത്. ശേഷമുണ്ടായ സംവാദങ്ങളിൽ 'കശ്മീരി സ്ത്രീകളുടെ ഉന്നമനം' നിരവധി തവണ പരാമർശിച്ചു കൊണ്ടായിരുന്നു അമിത്ഷാ നടപടിയെ ന്യായീകരിച്ചത്. സമാനമായി ഈ നീക്കത്തെ കാശ്മീരി സ്ത്രീകൾ സ്വാഗതം ചെയ്യുന്നതായി വരുത്തിത്തീർക്കാനുള്ള ശ്രമങ്ങൾ സംഘ് പരിവാരിന്റെ നേതൃത്വത്തിൽ നടന്നു കൊണ്ടേയിരുന്നു. ജമ്മുവിലെ ആക്ടിവിസ്റ്റുകളും, രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വിവാഹിതരായ കശ്മീരി പണ്ഡിറ്റ് സ്ത്രീകളും ഈ നീക്കത്തെ പിന്തുണക്കുന്നുവെന്ന വാർത്താ റിപ്പോർട്ടുകളും പ്രചരിപ്പിക്കപ്പെട്ടു.

ഇതിനു പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നത് ഇന്ത്യൻ ഭരണഘടനയിലെ 35 എ വകുപ്പാണ്. അത് സ്ഥിര താമസക്കാർ ആരാണെന്ന് നിർവചിക്കാൻ ജമ്മു കശ്മീർ നിയമസഭയെ അനുവദിക്കുന്നുണ്ട്. അതുപ്രകാരം, സ്ത്രീകൾ സംസ്ഥാനത്തിനു പുറത്ത് വിവാഹം കഴിച്ചുകഴിഞ്ഞാൽ, അവരുടെ പൗരത്വത്തിന്റെ രൂപം തന്നെ മാറുന്നതായി കാണാനാവും. അവർക്ക് പിന്നെ സ്ഥാവര വസ്തുക്കൾ കൈവശം വയ്ക്കാനും സംസ്ഥാനത്ത് സ്ഥിരമായ തസ്തികകളിൽ ജോലി ചെയ്യാനുമുള്ള അവകാശം നഷ്ടപ്പെടും എന്നു മാത്രമല്ല, സ്കോളർഷിപ്പിനോ സംസ്ഥാന സർക്കാർ നൽകുന്ന മറ്റ് സഹായങ്ങൾ സ്വീകരിക്കുന്നതിനോ ഉള്ള അവകാശം പോലും നഷ്ടമാവുന്നു. ചുരുക്കിപ്പറഞ്ഞാൽ, പൂർണ്ണാർത്ഥത്തിലുള്ളൊരു പരിവർത്തനമാണ് കശ്മീരി സ്ത്രീകളുടെ കാര്യത്തിൽ അത്തരത്തിലുള്ള വിവാഹത്തിനു ശേഷം സംഭവിക്കുക.

അതോടൊപ്പം തന്നെ മറ്റു ചില വസ്തുതകൾ കൂടി പരിശോധിക്കേണ്ടതുണ്ടെന്നു തോന്നുന്നു. ഭരണകൂട ക്രൂരതയുടെ കനത്ത ആഘാതം നേരിടുന്നവരെന്ന നിലയിൽ കശ്മീർ താഴ്വരയിൽ താമസിക്കുന്ന സ്ത്രീകൾ പലപ്പോഴും വലിയ വിഷയമാകാറില്ല എന്നത് രേഖപ്പെടുത്തേണ്ട വസ്തുതയാണ്. അവരും കശ്മീരിന്റെ തുല്ല്യ പങ്കാളികളാണെന്ന വസ്തുത അംഗീകരിക്കപ്പെടാറില്ല. അവർ നിരന്തരമായി കനത്ത അവഗണനക്ക് വിധേയമാക്കപ്പെടുകയും മറപ്പിക്കപ്പെടുകയും ചെയ്യുന്നു. സൈനികവൽക്കരണത്തിന്റെയും തീവ്രവാദത്തിന്റെയുമൊക്കെ ബാക്കി പത്രങ്ങൾ പതിറ്റാണ്ടുകളായി നേരിടുന്നവരാണ് താഴ്വരയിലെ സ്ത്രീകൾ. അവരുമായി ഇടപഴകാൻ രാഷ്ട്രീയ പാർട്ടികളോ

ഭരണകൂടമോ ഇതുവരെ തയ്യാറായിട്ടില്ല.

സാമ്പത്തിക, രാഷ്ട്രീയ അസമത്വങ്ങൾ, മനുഷ്യാവകാശ ലംഘനങ്ങൾ, മനുഷ്യ സുരക്ഷയുടെ അഭാവം, ഭരണകൂടം ഏകപക്ഷീയമായി പ്രവർത്തിക്കുമെന്ന നിരന്തരമായ ഭയം എന്നിവ ദീർഘകാലമായി അവിടെ തുടരുകയാണ്. എന്നാൽ ഇതൊക്കെ അവഗണിക്കപ്പെടാറാണ് പതിവ്. കാര്യങ്ങൾ മറന്നുപോകുന്നതുവരെ അവ അങ്ങനെ തന്നെ ആയിരിക്കട്ടെ എന്ന സ്റ്റേറ്റ് പുലർത്തി പോരുന്ന അപ്രഖ്യാപിത ഔദ്യോഗിക സമീപനമാണിതിന് കാരണം.

**ലൈംഗിക അതിക്രമങ്ങളും സ്റ്റേറ്റ് ഇംപ്യൂണിറ്റിയും**

കശ്മീരി സ്ത്രീകൾക്കെതിരെയുള്ള ഇന്ത്യൻ സേനയുടെ ലൈംഗിക അതിക്രമങ്ങൾ വലിയൊരു ഉദാഹരണമാണ്. വളരെ എളുപ്പത്തിൽ, നിലനിൽക്കുന്ന സ്റ്റേറ്റ് ഇംപ്യൂണിറ്റിയുടെ സഹായത്തിൽ ലോകത്തെ ഏറ്റവും വലിയ സൈനികവൽകൃത പ്രദേശത്ത് അവ ചർച്ച പോലുമാവാതെ തുടർന്നുകൊണ്ടിരിക്കുന്നു. പക്ഷെ, കശ്മീർ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ഈ പ്രദേശത്തെ സ്ത്രീകൾ സൈനികവൽക്കരണത്തിനും ലൈംഗിക അതിക്രമങ്ങൾക്കും സാക്ഷ്യം വഹിച്ചതും അനുഭവിച്ചതും ഒരിക്കലും കണക്കിലെടുത്തിട്ടില്ല. മാത്രമല്ല, കശ്മീരിലെ സ്ത്രീകൾ നേരിടുന്ന അക്രമങ്ങളെയും അതോടൊപ്പം സൈനികവൽക്കരണം അവരുടെ ദൈനംദിന ജീവിതത്തിൽ വരുത്തിയ പരോക്ഷ ഫലങ്ങളെയും അദൃശ്യമാക്കാൻ സ്റ്റേറ്റ് സജീവമായി ശ്രമിച്ചുകൊണ്ടേയിരിക്കുന്നു എന്നതാണ് വസ്തുത.

സ്ത്രീകളെ ക്രൂരമായി പീഡിപ്പിച്ച സംഭവങ്ങളാൽ നിറഞ്ഞു നിൽക്കുകയാണ് കശ്മീരിലെ പോരാട്ട ചരിത്രം. ഒരു വശത്ത് കുനൻപോഷ്പോറയുടെ വിചാരണ സംസ്ഥാനം നീട്ടിക്കൊണ്ടിരിക്കുമ്പോൾ, മറുവശത്ത്, അതിജീവിച്ചവർക്കും അവരുടെ കുടുംബങ്ങൾക്കും കിരാതമായ ആ ആക്രമണത്തിന്റെ വാർഷികങ്ങൾ അനുസ്മരിക്കാനുള്ള അനുവാദം പോലും നൽകാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു.

മുബീന ഘാനി, ഹസീന, 1992 ൽ സോപോറിലെ ചക്സാദിപോരയിൽ ബലാത്സംഗം ചെയ്യപ്പെട്ട ആറോളം സ്ത്രീകൾ, അതേ വർഷം ഹരാനിൽ നടന്ന ഗുരിഹാഖർ, അടുത്തിടെ 2009 ൽ നടന്ന ആസിയ, നീലോഫാർ എന്നിവർക്ക് നേരെയുണ്ടായ ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയവ സമാനമായ പ്രധാനപ്പെട്ട സംഭവങ്ങളാണ്. ഇവ കശ്മീരിലെ ജനങ്ങളുടെ പ്രതിഷേധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ കാരണമായ രേഖപ്പെടുത്തപ്പെട്ട കേസുകളാണ്.

സ്ത്രീകളുടെ ശരീരത്തിനു മേലുള്ള അക്രമവും കുറ്റവാളികളുടെ മഹത്വവൽക്കരണവുമാണ് ഇത്തരത്തിലുള്ള സംഭവങ്ങളെ അടയാളപ്പെടുത്തുന്നതിനുള്ള പ്രതിഷേധത്തിന്റെ പ്രേരകശക്തിയായി വർത്തിക്കുന്നത്. അത് പിന്നീട്, എല്ലാവരുടെയും സ്വയം നിർണ്ണയത്തിനുള്ള അവകാശ സമരങ്ങളിലേക്ക് നീങ്ങുന്നതായി കശ്മീരിലെ സമരങ്ങളെ പരിശോധിച്ചാൽ നമുക്ക് മനപ്പിലാക്കാനാകും. അവിടെ, ലൈംഗിക അതിക്രമത്തിന്റെ ഒരു കേസിൽ പോലും പ്രോസിക്യൂഷന് സ്റ്റേറ്റ് ഉത്തരവിട്ടിട്ടില്ല എന്നത് എത്രത്തോളമാണ് താഴ്‌വരയിലെ മുസ്ലിം സ്ത്രീകൾക്ക് നൽകപ്പെടുന്ന പൗരത്വപരിഗണന എന്നത് മനസ്സിലാക്കിത്തരുന്നതാണ്.

കശ്മീരിൽ സ്ത്രീകൾക്ക് അവരുടെ മുഴുവൻ അവകാശങ്ങളും തിരിച്ചറിയാൻ കഴിയാത്തതിന്റെ ഒരു തിരഞ്ഞെടുത്ത ചിത്രം ആഭ്യന്തരമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ചിരുന്നു. സർക്കാർ തർക്ക പ്രദേശമായി പ്രഖ്യാപിച്ചിട്ടില്ലാത്തതും എന്നാൽ അഫ്സ്പ പോലുള്ള ക്രൂരമായ നിയമങ്ങൾ നിലവിലുള്ളതുമായ ഒരു സംസ്ഥാനത്ത് താമസിക്കുന്ന കശ്മീരി സ്ത്രീകളെ, രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലെ സ്ത്രീകളുമായി താരതമ്യപ്പെടുത്തി അവകാശപട്ടിക തയ്യാറാക്കാനും അവർക്ക് തുല്യമായി കശ്മീരിലെ സ്ത്രീകളെ മാറ്റിയെടുക്കാൻ താൽപ്പര്യമുണ്ടെന്ന സർക്കാരിന്റെ വാദം തന്നെ വസ്തുതാവിരുദ്ധമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സ്ത്രീ വിമോചനത്തിനായാണ് വകുപ്പ് 370 നീക്കം ചെയ്യുന്നത് എന്ന വാദം തന്നെ പൂർണ്ണമായും അർത്ഥശൂന്യമാണ്. അവിടെയാണ് കശ്മീരിൽ നിലനിൽക്കുന്ന വിവേചനങ്ങളെക്കാൾ കശ്മീരിനോടുള്ള സ്റ്റേറ്റിന്റെ വിവേചനം എങ്ങനെയാണ് അവരോടുള്ള ക്രൂരതയായി മാറുന്നത് എന്നത് മനസ്സിലാക്കിത്തരുക. അതും കൂടാതെ, കശ്മീരി മുസ്ലിങ്ങൾക്ക് നേരെ സംഘ് പരിവാറിന്റെ ടാർഗറ്റിങ്ങ് കൂടിയാകുമ്പോൾ കാര്യങ്ങൾ കൂടുതൽ വഷളാക്കുന്നു. അല്ലെങ്കിലും, തങ്ങൾക്കെന്താണ് വേണ്ടതെന്ന് കാലങ്ങളായി വിളിച്ചു പറഞ്ഞുകൊണ്ടേയിരിക്കുന്ന അവരുടെ ശബ്ദങ്ങളെ വകവെക്കാത്ത ഭരണകൂടത്തിൽ നിന്ന് എങ്ങനെയാണവർ നീതി പ്രതീക്ഷിക്കുക?

കശ്മീർ സ്ത്രീകളോടുള്ള ഇന്ത്യൻ സൈനിക സമീപനം അവരുടെ ജീവിതത്തെ കൂടുതൽ ചുരുക്കുകയാണ് ചെയ്യുന്നത്. ഭരണകൂടത്തിന്റെ ഉത്തരവാദിത്തക്കുറവും ശിക്ഷാനടപടിയുടെ പ്രശ്നം പരിഹരിക്കുന്നതിലും ഈ സ്ത്രീകൾക്ക് നീതി നൽകുന്നതിലും പരാജയപ്പെടുന്നത് എല്ലായ്പ്പോഴും 'ദേശീയ താൽപ്പര്യം' ആയി വേഷം മാറി, ശക്തികളുടെ മനോവീര്യം ഉയർത്തിപ്പിടിക്കുന്ന ആ പൊതു ബോധമാണ്. സായുധ സേനയുടെ പ്രത്യേക അധികാര നിയമപ്രകാരം (AFSPA) ശിക്ഷാ ഇളവ് ചൂണ്ടിക്കാട്ടി താഴ്‌വരയിലെ മിക്ക ഗുരുതരമായ കുറ്റകൃത്യങ്ങളും സാധാരണമാക്കപ്പെടുന്നു.

ആഭ്യന്തര സുരക്ഷയെ സംബന്ധിച്ച്, സ്ത്രീ



കൾക്കെതിരായ അതിക്രമങ്ങൾ നിയമാനുസൃത മാക്കിയതിന് അഫ്സ്പ അവലോകനം ചെയ്യണ മെന്ന് ജസ്റ്റിസ് വർമ്മ കമ്മിറ്റി 2013ൽ ശുപാർശ ചെയ്തിരുന്നു. പക്ഷെ, ശുപാർശയുടെ തുടർനട പടികളോ ചർച്ചകളോ ഉണ്ടായിരുന്നില്ല. CEDAW, യുഎൻ പ്രമേയങ്ങൾ 1325, 1820, ജനീവ കൺവെ ൻഷനുകളുടെ ആർട്ടിക്കിൾ 3, മനുഷ്യാവകാശങ്ങ ളുടെ സാർവത്രിക പ്രഖ്യാപനം എന്നിവ പരാമർ ശിച്ച് ഇന്ത്യയിലെ സ്ത്രീ സംഘടനകളും ലോക മെമ്പാടുമുള്ള മനുഷ്യാവകാശ സംഘടനകളും ഈ ആശങ്കകൾ വീണ്ടും വീണ്ടും ഉന്നയിച്ചിട്ടുണ്ട്.

വ്യക്തിഗത സ്വാതന്ത്ര്യം അവസാനിക്കുന്നി ടത്താണ് അഫ്സ്പ ആരംഭിക്കുന്നത്. അഫ്സ്പ യുടെ നിഴലിൽ ജീവിക്കുന്ന കശ്മീരി സ്ത്രീകൾക്ക്, 370-ാം വകുപ്പ് നീക്കംചെയ്യുന്നത് ഒരിക്കലും സ്വീകാര്യമാകില്ലെന്നും അവരോടുള്ള നീതിയാവി ല്ലെന്നും തിരിച്ചറിയാൻ ബുദ്ധിമുട്ടില്ലാത്തൊരു വസ്തുതയാണ്. അതുകൊണ്ടു തന്നെ, കശ്മീരി സ്ത്രീകളുടെ വിമോചനത്തെയും ശാക്തീകരണ ത്തെയും കുറിച്ച് തീരുമാനമെടുക്കുന്നതിന് മുമ്പ് ഈ കാര്യങ്ങൾ പരിഗണിക്കേണ്ടത് പ്രധാനമാണ്.

സൈന്യവുമായി മുഖാമുഖം വരുന്ന സ്ത്രീ കളുടെ, പ്രത്യേകിച്ചും ഉൾപ്രദേശങ്ങളിലുള്ളവരുടെ, ദൈനംദിന അനുഭവങ്ങളും, ഇവ അവരുടെ സാമൂ ഹിക ഇടപെടലുകളെയും സ്റ്റേറ്റിനോടുള്ള മനോഭാവത്തെയും എങ്ങനെ രൂപപ്പെടുത്തുന്നു എന്നതും, ഒരിക്കലും സ്റ്റേറ്റോ പൊതുജനങ്ങളോ ഡീകോഡ് ചെയ്തിട്ടില്ല.

**ആൺകോയ്മ ഭരണകൂടവും പൗരത്വത്തിന്റെ പരിമിതികളും**

ലൈംഗിക അതിക്രമങ്ങൾക്കു പുറമെ സൈനികവൽക്കരണവും കശ്മീരി സ്ത്രീകളെ സാമൂഹിക ജീവിതത്തിൽ നിന്നും പൊതു ഇട ങ്ങളിൽ നിന്നും മാറ്റി നിർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. അത് കുടുംബത്തിലടക്കമുള്ള അവ രുടെ ഇടപെടലുകളെ രൂപപ്പെടുത്തുന്നുണ്ട്. കാല ങ്ങളായി അക്രമത്തിന് സാക്ഷ്യം വഹിക്കുകയും അതിന്റെ ഇരകളാക്കപ്പെടുകയും ചെയ്യപ്പെട്ട അവ രെയിത് കേവലം ഓർമ്മയുടെ സൂക്ഷിപ്പുകാരാക്കി മാറ്റി. അങ്ങനെ, വർഷങ്ങളായി സ്റ്റേറ്റ് കേൾക്കാൻ വിസമ്മതിക്കുന്ന വിധത്തിൽ ആ ആഘാതങ്ങൾ അവർ പ്രകടിപ്പിക്കുന്നതിനു പുതിയ വഴികൾ തേടി. മറ്റൊരർത്ഥത്തിൽ ഇത് പൊതുജീവിതത്തിലേ ക്കുള്ള അവരുടെ പ്രവേശനം പരിമിതപ്പെടുത്തു കയും അവരുടെ സ്വകാര്യ ജീവിതങ്ങളെ പൊതു മണ്ഡലത്തിലേക്ക് വലിച്ചെറിയുകയും അവരുടെ ബന്ധങ്ങളെ രാഷ്ട്രീയവൽക്കരിക്കുകയും ചെയ്തു.

അപ്രത്യക്ഷരായ വ്യക്തികളുടെ രക്ഷാകർതൃ അസോസിയേഷനിലെ (APDP) വനിതാ അംഗ ങ്ങൾ, ഈ സാധാരണമല്ലാത്ത സാഹചര്യങ്ങൾ എങ്ങനെയാണ് സ്ത്രീകളെ പൊതുസഞ്ചയത്തി ലേക്ക് വലിച്ചെറിയുകയും മാതൃത്വത്തെ രാഷ്ട്രീയ വൽക്കരിക്കുകയും ചെയ്യുന്നത് എന്നതിന്റെ ജീവി

*(ശേഷം പേജ് 60)*



**ആദില ടി.**
നിയമ വിദ്യാർത്ഥിനി
നോയിഡ

# പൗരത്വ സമരം: ഷഹീൻ ബാഗിലെ സ്ത്രീ മുന്നേറ്റം




**പൗ**രത്വ നിയമ ഭേദഗതിക്കെതിരായ സമരങ്ങൾക്ക് ഷഹീൻ ബാഗ് ഇന്നൊരു ക്രിയാത്മക മാതൃകയാണ്. എന്നാൽ പ്രസ്തുത സമരങ്ങൾ ശക്തിയാർജ്ജിച്ചത് അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയിൽ നിന്നാണ്. അവിടുത്തെ വിദ്യാർത്ഥികൾ വൻ ജനസഞ്ചയമായി അലിഗഡ് പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തുകയും ഏകദേശം 25000 ത്തോളം വരുന്ന വിദ്യാർത്ഥികൾ അന്ന പാനീയങ്ങൾ ഉപേക്ഷിച്ച് ക്യാമ്പസിനകത്ത് മെസ്സ് അടച്ച് സമരം നടത്തുകയും ചെയ്തു. ആ സമരത്തെ ജാമിഅ: മില്ലിയ യൂനിവേഴ്സിറ്റി വിദ്യാർത്ഥികൾ ഏറ്റെടുക്കുകയും ജാമിഅ: കാമ്പസിനകത്തും പുറത്തും പൗരത്വ നിയമ ഭേദഗതിക്കെതിരെയുള്ള പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

ഇതിന്റെ തുടർച്ചയെന്നോണം ജാമിഅയിലെ വിവിധ വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ 2019 ഡിസംബർ 13 ന് പാർലമെന്റിലേക്ക് മാർച്ച് നടത്തുകയും ആ മാർച്ചിനെ പോലീസും ഹിന്ദുത്വ അക്രമകാരികളും ചേർന്ന് അതിദാരുണമായി അടിച്ചമർത്തുകയുമായിരുന്നു. തികച്ചും ഒരു യുദ്ധ ഭൂമിയിൽ നിൽക്കുന്ന പ്രതീതി അവിടെ ഉള്ള ഓരോ വിദ്യാർത്ഥിക്കും അനുഭവപ്പെട്ടു. ക്യാമ്പസിനകത്ത് പോലീസ് പ്രവേശിക്കുകയും ലൈബ്രറിയിൽ വായിച്ച് കൊണ്ടിരിക്കുന്ന നിരവധി വിദ്യാർത്ഥികളെ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് അതി ക്രൂരമായി അക്രമിക്കുകയും ചെയ്തു. അതിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പിന്നീട് പുറത്ത് വരുകയും ചെയ്തു. നിരവധി പഠന സാധന സാമഗ്രികൾ തകർക്കുകയും കേടുപാടുകൾ വരുത്തു



കയും ചെയ്തിരുന്നു. ഭരണകൂടത്തിന്റെ ഒത്താശയോടെ പോലീസും സംഘപരിവാറും ഒരുമിച്ചാണ് അക്രമം നടത്തിയത്.

ഇത്തരത്തിൽ വിദ്യാർത്ഥികളെ അതിക്രൂരമായി അക്രമിച്ചതിൽ പ്രതിഷേധിച്ചാണ് ജാമിഅ മില്ലിയ യൂണിവേഴ്സിറ്റിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളായ ഷഹീൻ ബാഗിലെയും ജാമിഅ നഗറിലെയും സ്ത്രീകൾ ചേർന്ന് കൊണ്ട് ഹൈവേ ഉപരോധിച്ച് ചരിത്രപരമായ പൗരത്വ നിയമ ഭേദഗതി സമരത്തിന് മാതൃക കാണിച്ച് തുടക്കം കുറിച്ചത്. ഷഹീൻ ബാഗിൽ മാത്രമല്ല രാജ്യത്തിന്റെ ഓരോ പ്രദേശങ്ങളിലും ഷഹീൻ ബാഗ് സ്ക്വയറുകൾ സ്ഥാപിക്കാൻ ഉള്ള ഊർജം അവരാണ് പകർന്ന് നൽകിയത്. പൗരത്വ പ്രക്ഷോഭങ്ങളിലെ സ്ത്രീകളുടെ പ്രാതിനിധ്യം ഇത്രയേറെ മുൻപന്തിയിലേക്ക് വരാൻ ഷഹീൻ ബാഗിൽ അവർ തീർത്ത ആ സമരാവേശം തന്നെയാണ് കാരണമായത്.



**സ്ത്രീകളും ഷഹീൻ ബാഗ് സമരവും**

ഷഹീൻ ബാഗിലെ സ്ത്രീകൾ ഇതിന് മുമ്പ് ഭരണഘടനാപരവും ജനാധിപത്യപരവുമായ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിന് വേണ്ടി ഇത് പോലെ പൊതു ഇടങ്ങളിലോ സമരപന്തലുകളിലോ ഒരുമിച്ച് ഇരുന്നിട്ടില്ല. അവർ ഇന്ന് രാവെന്നോ പകലെന്നോ മഴയെന്നോ മഞ്ഞെന്നോ വ്യത്യാസമില്ലാതെ ഒരേ സ്വരത്തിൽ ഒരുമിച്ച് ഹൈവേ ഉപരോധിച്ച് സമരം ചെയ്യുന്നു. അവർ അങ്ങനെ റോഡ് ഉപരോധിച്ച് ഇരിക്കുന്നത് അവരും വേട്ടയാടപെടുന്നു എന്ന ഉത്തമ ബോധ്യം ഉള്ളത് കൊണ്ട് മാത്രമാണ്. നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ തണുപ്പിൽ ഡൽഹി നഗരം തണുത്തപ്പോഴും ഷഹീൻ ബാഗിന്റെ തെരുവ് രാജ്യത്തിന് തന്നെ ഊർജം നൽകുന്ന പ്രതിഷേധത്തിന്റെ ജ്വാല തീർത്തു. ഈ സമരത്തിന് അവർ മുന്നിട്ടിറങ്ങിയത് കൊണ്ട് തന്നെ ചിലരുടെ യാഥാസ്ഥിതിക മനോഭാവങ്ങളുടെ പൊളിച്ചെഴുത്തിനും സ്ത്രീ ശബ്ദങ്ങളുടെ ഉയിർത്തെഴുന്നേൽപ്പിനും കാരണമായി.

പൗരത്വ ഭേദഗതി നിയമ വിരുദ്ധ സമരങ്ങളുടെ കേന്ദ്ര ബിന്ദു ഡൽഹിയിലെ ഷഹീൻ ബാഗാണ്. പ്രസ്തുത സമരാവേശത്തിന്റെ അനുരണനമായാണ് രാജ്യത്ത് ഉടനീളം കാണുന്ന ഷഹീൻ ബാഗ് സ്ക്വയറുകളും മറ്റ് അനവധി പൗരത്വ നിയമ ഭേദഗതി വിരുദ്ധ സമര വേദികളും രൂപം നൽകിയിട്ടുള്ളത്. കൊൽക്കത്തയിലെ പാർക്ക് സർക്കസ്, ബിഹാറിലെ സബ്ജി ബാഗ്, ചെന്നൈയിലെ ഷഹീൻ ബാഗ് സ്ക്വയർ, തിരുവനന്തപുരത്തെ ഷഹീൻ ബാഗ് സ്ക്വയർ എന്നിവ ഉദാഹരണം. രാജ്യം മൊത്തം ഷഹീൻ ബാഗ് മാതൃക സ്വീകരിച്ച് മുന്നേറുകയാണ് ചെയ്തത്.

സ്വാതന്ത്ര്യവും സമത്വവും നില നിൽക്കുന്ന ഒരു രാജ്യത്ത് അവകാശങ്ങൾക്ക് വേണ്ടി പോരാടുക എന്നത് ഓരോ മനുഷ്യന്റെയും കടമയാണ്. അതിന് ജനാധിപത്യ രീതിയിലുള്ള സമര മാർഗങ്ങൾ




പിൻപറ്റുക എന്നത് തികച്ചും ഭരണഘടനാപരമായ അവകാശമാണ്. ജനാധിപത്യ രീതിയിലുള്ള ഒരു സമര പോരാട്ടമാണ് ഷഹീൻ ബാഗിൽ നടന്ന് കൊണ്ടിരിക്കുന്നത്. ഭരണകൂടം ഇന്ന് ആ ഷഹീൻ ബാഗിനെ ഭയപ്പെടുന്നു. കാരണം തികച്ചും സാധാരണക്കാരായ സ്ത്രീകൾ ആണ് ആ സമരത്തിന് നേതൃത്വം നൽകുന്നത്. ഈ പൗരത്വ നിയമം ഇന്ത്യയിലെ ഓരോ സാധാരണക്കാരെയും മത ന്യൂനപക്ഷങ്ങളെയും ബാധിക്കുന്ന പ്രശ്നം ആയത് കൊണ്ട് തന്നെയാണ് അവരുടെ പ്രാതിനിധ്യം ഈ സമരങ്ങളിൽ എല്ലാം കാണാൻ കഴിയുന്നത്.

പൗരത്വ സമരങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഷഹീൻ ബാഗ് നൽകുന്ന ആവേശം പറഞ്ഞറിയിക്കുന്നതിലും മുകളിലാണ്. ഇന്ന് സമരം എന്നത് ഷഹീൻ ബാഗ്കാർക്ക് അവരുടെ ജീവിത ദിനചര്യയുടെ ഭാഗമായി തീർന്നിരിക്കുന്നു. ഈ നിയമത്തിനെതിരെയും അത് പാസാക്കാൻ മുന്നിട്ടിറങ്ങിയ ഫാഷിസ്റ്റ് ശക്തികൾക്കെതിരേയുമുള്ള വ്യത്യസ്ഥ ശൈലിയിലും ഭാഷയിലും താളത്തിലുമുള്ള മുദ്രവാക്യങ്ങൾ വിളിച്ച് ഇന്ത്യൻ ത്രിവർണ പതാകയുമായി നടക്കുന്ന കുട്ടികൾ ഷഹീൻ ബാഗിലെ തെരുവുകളിലെയും ഗല്ലികളിലെയും ആവേശകരമായ കാഴ്ചകളിൽ ഒന്നാണ്. കലയും, വരയും, സംഗീതവും, കവിതയും, മുദ്രാവാക്യം വിളികളും, നാടകങ്ങളും അടങ്ങിയ സർഗാത്മകമായ പ്രതിഷേധ സ്വരങ്ങളും അടങ്ങിയതാണ് സമരത്തിന്റെ മറ്റൊരു കാഴ്ച. ഒട്ടും സ്വര തളർച്ചയില്ലാതെയും മറ്റുള്ളവർക്ക് ആവേശം പകർന്ന് നൽകിയും സമരക്കാരിൽ 2 മാസം പ്രായം ആയ കുഞ്ഞ് മുതൽ 80–90 വയസ്സായ ദാദിമാർ വരെ ഉണ്ട്. അവരോരുത്തരും ഉയർത്തുന്ന സ്വരം ഒന്നാണ്. അവർക്ക് പറയാനുള്ളതും ഒരേ വിഷയത്തെ സംബന്ധിക്കുന്നതാണ്. അത് കേൾക്കാനുള്ള ക്ഷമ ഭരണകൂടത്തിന് ഇല്ല. അവർ ഉയർത്തിയ ഒരേ ഒരു ആവശ്യം രാജ്യത്തിന്റെ പ്രധാനമന്ത്രിയെയോ ആഭ്യന്തരമന്ത്രിയോ ഞങ്ങളെ കേൾക്കാൻ തയ്യാറാകണം എന്നതാണ്. എന്നാൽ വെറുപ്പിന്റെ പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഭരണകൂടം ആ സ്ത്രീകളുടെ ശബ്ദങ്ങളെ വെറുക്കുക മാത്രമാണ് ചെയ്തത്. ആ വെറുപ്പിനെ ഡൽഹി ഇലക്ഷനിൽ അവർ രാഷ്ട്രീയപരമായി ഉപയോഗപ്പെടുത്താനും ശ്രമിച്ചു. പക്ഷെ അതിൽ അവർ പരാജയപ്പെടുകയാണ് ചെയ്തത്.

ഇന്ത്യയിൽ ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നതും ഒരു പക്ഷെ ലോകത്ത് തന്നെ ഇന്ത്യയെക്കുറിച്ച് ചർച്ച ചെയ്യപ്പെടുന്നതും രാജ്യത്ത് തുടർന്ന് കൊണ്ടിരിക്കുന്ന പൗരത്വ പ്രക്ഷോഭങ്ങളെയും സമരങ്ങളെയും സംബന്ധിച്ചായിരിക്കും. ഈ പൗരത്വ പ്രക്ഷോഭങ്ങൾ ഇത്രയും



ജനകീയമാക്കിയതിലെ മുഖ്യ പങ്ക് സ്ത്രീകളുടെതാണ്. ജാമിഅ മില്ലിയ യൂണിവേഴ്സിറ്റിയിലേയും ഷഹീൻബാഗിലെയും പെൺകുട്ടികളുടേയും സ്ത്രീകളുടേയും ധീരമായ ചുവടുകൾ ആണ് അതിന് മുഖ്യ കാരണമായത്.

സൗത്ത് ഡൽഹിയിലെ ജാമിഅ നഗറും, ഷഹീൻ ബാഗും, ജാമിഅ മില്ലിയ യൂണിവേഴ്സിറ്റിയുമെല്ലാം നാളെ ചരിത്രത്തിന്റെ ഭാഗമാകാൻ പോകുന്ന പ്രദേശങ്ങളാണ്. ഇന്ത്യയുടെ രണ്ടാം സ്വാതന്ത്ര്യ സമരം എന്ന് പോലും നാമകരണം ചെയ്യപ്പെട്ട ഒരു സമരത്തിൽ മുമ്പെ നടന്നവർ എന്ന യാഥാർത്ഥ്യമാണ് അതിന് കാരണം. നാളെയുടെ ചരിത്രത്തിന്റെ ഭാഗമാകാൻ പോകുന്നത് നിരവധി സാധാരണ സ്ത്രീകൾ ആണെന്നുള്ളതാണ് അതിലെ ആകർഷണീയത.

ചരിത്രം സൃഷ്ടിക്കുമ്പോൾ ചരിത്രത്തെ വികലമാക്കി അവതരിപ്പിക്കുന്നവർക്കെതിരെയും ഇന്നലെയുടെ ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ യാതൊരുവിധ സംഭാവനകളും പങ്കും ഇല്ലാത്തവർക്കെതിരെയുമാണ് സമരം ചെയ്യുന്നത് എന്നതാണ് വസ്തുത.

ഈ പൗരത്വ സമരങ്ങളിൽ ഇന്ത്യയിലെ സ്ത്രീകളുടേയും പെൺകുട്ടികളുടേയും പങ്കാളിത്തം പറഞ്ഞറിയിക്കുന്നതിലും വലുതാണ്. അവരുടെ നേതൃത്വപരമായ മുന്നേറ്റമാണ് ഈ സമരങ്ങളിലെ പ്രധാന ആകർഷക ഘടകവും. സ്ത്രീകളുടെ ജനാധിപത്യ ബോധ്യത്തെയും സാമൂഹിക പ്രശ്നങ്ങളിലെ തങ്ങളുടേതായ ഇടങ്ങൾ മനസ്സിലാക്കിയുള്ള ഇടപെടലുകളുമാണ് ഈ സമരങ്ങളിൽ വ്യക്തമാകുന്നത്. രാജ്യം ഭരിക്കുന്നത് ഹിന്ദുത്വ ഫാഷിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റെ വക്താക്കളാണ്. അങ്ങനെയുള്ള ഒരു ഭരണകൂടത്തിന് കീഴിൽ സ്ത്രീ സ്വാതന്ത്ര്യവും സമത്വവും തുല്യ നീതിയുമെല്ലാം എത്രമാത്രം സങ്കുചിതമാണെന്ന് നാം കണ്ടറിയേണ്ടതും കണ്ടറിയുന്നതുമാണ്. സ്ത്രീകൾ സ്ത്രീകളുടെ മാത്രം സബ്ജക്ടീവായ പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തുന്നതിലുപരി പൊതു പ്രശ്നങ്ങളിലും സ്ത്രീകളുടെ ശബ്ദം കൂടുതൽ കരുത്തോടെ തന്റേതായ ഇടങ്ങൾ സൃഷ്ടിച്ച് മുന്നേറണ്ടതുണ്ട് എന്നാണ് പൗരത്വ സമരങ്ങളിലെ സ്ത്രീ പ്രാതിനിധ്യം വിളിച്ച് പറയുന്നത്.

**അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടം**

പൗരത്വ പ്രക്ഷോഭങ്ങൾ ഇത്രയും വലിയ രീതിയിൽ രാജ്യത്തുടനീളം ശക്തി പ്രാപിക്കാൻ കാരണം ഇതൊരം ഭരണഘടനാപ്രശ്നമാണ് എന്നതാണ്. ഇന്ത്യയുടെ ഭരണഘടന ഇന്ത്യയിൽ ജീവിക്കുന്ന ഓരോ വ്യക്തിക്കും നൽകുന്നത് തുല്യ അവകാശവും സ്വാതന്ത്ര്യവും സമത്വവുമാണ്. ഈ ഭരണഘടനാമൂല്യങ്ങൾക്ക് ഘടകവിരുദ്ധമാണ് പൗരത്വനിയമഭേദഗതി.

2020 ലെ അന്താരാഷ്ട്ര വനിത ദിനത്തിന്റെ പ്രമേയം 'ഞാനാണ് തുല്യതയുടെ തലമുറ' എന്നതാണ്. എന്നാൽ ഇന്ത്യയിലെ സ്ത്രീകൾ ഇന്ന് തെരുവുകളിൽ ഇറങ്ങി ചോദിക്കുന്നത് തുല്യതക്ക് വേണ്ടി മാത്രമല്ല. ഇന്ത്യയുടെ ബഹുസ്വരതക്കും ഐക്യത്തിനും നിലനിൽപിനും പ്രശ്നമായ സംഘപരിവാർ അജണ്ടകൾ നടപ്പാക്കുന്ന രണ്ടാം മോദി സർക്കാറിന്റെ വർഗീയ അജണ്ടകൾക്കും രാഷ്ട്രത്തിലെ ജനങ്ങളെ മതത്തിന്റേയും ജാതിയുടേയും അടിസ്ഥാനത്തിൽ വേർതിരിച്ച് പൗരത്വം നൽകുന്ന പൗരത്വ നിയമ ഭേദഗതിക്കെതിരെയും കൂടിയാണ്.

സ്വന്തം അവകാശങ്ങൾ ചോദിച്ച് വാങ്ങുന്നിടത്ത് നിന്ന് സമൂഹത്തിന്റെ രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തി സ്ത്രീകളുടെ ആവശ്യകത പൊതു പ്രശ്നങ്ങളിൽ എത്രമാത്രം പ്രാധാന്യം അർഹിക്കുന്നു എന്ന് സമൂഹത്തിന് മുമ്പിൽ വ്യക്തമാക്കി കൊടുക്കുന്നു. സമൂഹത്തിലെ പ്രശ്നങ്ങളുടെ പരിഹാരത്തിന് സ്ത്രീ അവരുടേതായ പരിഹാര മാർഗങ്ങളും പ്രതികരണ ശേഷിയും സമര പാടവങ്ങളും കണ്ടെത്തി എന്നിടത്താണ് പൗരത്വ സമരങ്ങളിലെ സ്ത്രീകളുടെ നേതൃത്വപരമായ പങ്ക് വ്യക്തമാകുന്നത്. ഈ പൗരത്വ സമരങ്ങളിൽ സമര നായകൻമാർക്ക് ഉപരിയായി സമര നായികമാർ പ്രാധാന്യം അർഹിക്കുന്നതും അത്കൊണ്ട് തന്നെയാണ്.

ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഭരണഘടന സംരക്ഷിക്കാൻ ഇറങ്ങി തിരിച്ച ഏതൊരു സമരത്തിനും നേരിടേണ്ട പ്രതിസന്ധികൾ തന്നെയാണ് ഷഹീൻ ബാഗിനെയും തേടിയെത്തിയിരിക്കുന്നത്. സ്വത്വത്തേയും സ്വത്വ ബോധത്തേയും വംശീയമായും വർഗീയമായും ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്ന വെറുപ്പിന്റെ ഫാഷിസ്റ്റ് പ്രത്യയ ശാസ്ത്രത്തിൽ അധിഷ്ടിതമായ ഭരണകൂടം അവരുടെ സ്വത്വ ബോധത്തെ ദേശ ദ്രോഹത്തിന്റേയും തീവ്രവാദത്തിന്റേയും മുദ്രകളാൽ അടച്ചമർത്താൻ ശ്രമിക്കുന്നതാണ് കണ്ട് കൊണ്ടിരിക്കുന്നത്.

'ഗോലി മാരോ സാലോം കോ' എന്ന മുദ്രാവാക്യമാണ് രാജ്യത്തുടനീളം സംഘപരിവാരം അഴിച്ച് വിട്ടത്. അത്തരത്തിൽ ഒരു വാക്ക് പറഞ്ഞതിന്റെ പേരിൽ ഒരു സംഘപരിവാർ വക്താവിനെയും രാജ്യത്തെവിടെയും അറസ്റ്റ് ചെയ്തതായി കണ്ടിട്ടില്ല, പക്ഷെ റോഡ് ഉപരോധിച്ച് സമരം ചെയ്യുന്നതിന് തീവ്രവാദ പട്ടവും രാജ്യദ്രോഹ കുറ്റവുമാണ് ചാർത്തപ്പെടുന്നത്. ഇത്തരത്തിലാണ് ഇന്ന് ഇന്ത്യയിലെ ജനങ്ങളോട് ഭരണകൂടത്തിനുള്ള കാഴ്ചപ്പാട്. സംഘപരിവാർ വക്താക്കൾ അത്തരത്തിലുള്ള ഒരു വാക്ക് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പൗരത്വ സമരങ്ങളിൽ ഡൽഹിയിലും യുപിയിലും കർണാടകയിലുമായി നഷ്ടപ്പെട്ടത് 80ൽ പരം മനുഷ്യ ജീവനുകളാണ്.

ജാമിഅ മില്ലീയ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് നേരെയും ഷഹീൻ ബാഗിലെ സമരക്കാർക്ക് നേരെയും സംഘപരിവാർ ഭീകരർ വെടിയുതിർക്കുകയുണ്ടായി. അതിൽ ജാമിഅ: മില്ലിയ യൂണിവേഴ്സിറ്റിയിൽ വെടിയുതിർത്ത ഹിന്ദുത്വ ഭീകരനെ പ്രായപൂർത്തി ആയിട്ടില്ല എന്ന ന്യായം പറഞ്ഞ് വസ്തുതാ പരമല്ലാത്ത കൃത്രിമ രേഖകൾ കാണിച്ച് കേസിൽ ഇളവ് വരുത്തി. ഷഹീൻ ബാഗിൽ വെടിയുതിർത്ത കപിൽ ഗുജ്ജാറിന് ജാമ്യം അനുവദിക്കുകയും ചെയ്തു. അതെ സമയം ഡോ കഫീൽ ഖാനെയും ഷർജീൽ ഇമാമിനെയും പോലെയുള്ള നിരവധി സാമൂഹികരാഷ്ട്രീയ പ്രവർത്തകർ എൻ.എസ്. എയും (NSA) പി.എസ്.എയും (PSA) ചുമത്തി ജയിലറകൾക്കുള്ളിലാണ്.

പ്രതിഷേധത്തിന്റെ സ്വരങ്ങൾ ഉയർന്ന് വരുന്ന ഓരോ ഇടങ്ങളും ഇനിയും കൂടുതൽ ശക്തിപ്പെടുകയും സംഘപരിവാറിന്റെ വർഗീയ അജണ്ടകളെ എതിർത്തും ജനകീയമായി ജനാധിപത്യത്തെയും ഭരണഘടനയെയും മുറുകെ പിടിച്ചും രാജ്യത്ത് ഇനിയും ഷഹീൻ ബാഗുകൾ ഉയർന്ന് വരേണ്ടതുണ്ട്. ഇരകൾക്ക് നീതി ലഭിക്കാൻ ഭരണഘടനയിലുള്ള അവരുടെ വിശ്വാസം നഷ്ടപ്പെടാത്ത രീതിയിൽ കൂടുതൽ ദൃഢതയുള്ളതാക്കേണ്ടതുണ്ട്. ഈ പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള സമരങ്ങളിൽ കക്ഷി രാഷ്ട്രീയങ്ങൾക്കും സംഘടന സങ്കുചിതത്വങ്ങൾക്കും, ജാതി, മത, വർഗ ഭേദങ്ങൾക്കും ഉപരിയായ ഒരു ഐക്യം കാലഘട്ടത്തിന്റെ അനിവാര്യതയാണന്നോണം ഉണ്ടായിത്തീരേണ്ടതുണ്ട്. ഷഹീൻ ബാഗ് പറഞ്ഞ് തരുന്ന പാഠവും അത് തന്നെയാണ്.

ഷഹീൻ ബാഗിൽ നിന്ന് ഉയർന്ന ഓരോ ആസാദിയും പ്രതീക്ഷയുടേതാണ്. ഒരു വിപ്ലവത്തിന് ശേഷമുള്ള വസന്തത്തിന് വേണ്ടിയുള്ള കാത്തിരിപ്പിലാണ് രാജ്യത്തെ ജനാധിപത്യ മതേതര വിശ്വാസികളും ഭരണഘടന സംരക്ഷകരും. ■

---

*(തുടർച്ച പേജ് 49)*

ക്കുന്ന ഉദാഹരണങ്ങളാണ്. കാശ്മീരി സ്ത്രീകൾ, ഡോഗ്ര ഭരണകാലം മുതൽ ഇന്നുവരെ, രാഷ്ട്രീയത്തിൽ ഏർപ്പെടാനുള്ള വഴികൾ എല്ലായ്പ്പോഴും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അവർക്ക് നേരിടേണ്ടി വന്നത് മാരകമായ അക്രമങ്ങൾ മാത്രമാണ്. ഇപ്പോൾ 2019 ലും ഇത് ആവർത്തിക്കുന്നു.

സമാധാനം പുന:സ്ഥാപിക്കുന്നതിലും തീരുമാനങ്ങൾ എടുക്കുന്നതിലും സ്ത്രീകളെ ഒഴിവാക്കുന്ന ഭരണകൂടം അധികാരത്തെ, അനിയന്ത്രിതമായി ഉപയോഗിക്കുന്നതിനെ ന്യായീകരിക്കുന്നതിന് അവരെ മുൻനിരയിൽ നിർത്തുന്നത് പല തലങ്ങളിലും പ്രശ്നമുയർത്തുന്ന കാര്യമാണ്. ഒരു കൊളോണിയൽ ഡിപ്ലോമസിയാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. മുത്തലാഖിന്റെ ക്രിമിനലൈസേഷനും ഹാദിയയുടെ വിവാഹത്തെ ലവ് ജിഹാദാക്കി മാറ്റിത്തീർക്കാൻ ശമിച്ചതുമൊക്കെ മറ്റു പല സർക്കാറുകളും കാണിച്ചിട്ടുള്ള ഒരു ഭരണകൂട, ഇസ്ലാമോഫോബിക്ക് നിലപാടിനെ ഇവിടെയും കാണാനാകും. സ്ത്രീകളുടെ അവകാശങ്ങൾ കണക്കിലെടുക്കാതെയും അവകാശ ലംഘനങ്ങൾക്ക് കൂട്ട് നിന്നുമുള്ള ദേശ രാഷ്ട്ര ആൺകോയ്മയാണ് ഇവിടെ പ്രവർത്തിച്ചിക്കുന്നത്.

സംഘപരിവാർ ഭരണകൂടം കശ്മീരിലെ സ്ത്രീകളുടെ രക്ഷകരാവാൻ ശ്രമിക്കുമ്പോൾ, ഒരു ഇരമിശിഹാ ദ്വന്ദത്തെ സൃഷ്ടിക്കുന്നുണ്ട്. ഇത് കാശ്മീരി പുരുഷന്മാരെ വെറുക്കപ്പെട്ട നിയമലംഘകരാക്കി മാറ്റുന്നു. അങ്ങനെ സൃഷ്ടിക്കപ്പെട്ട ശത്രു കശ്മീരി പുരുഷനായിരുന്നു. തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാണെന്ന ന്യായീകരണമുയർത്തിയതുകൊണ്ടു മാത്രം, നിരന്തരമായി തങ്ങളുടെ പുരുഷന്മാരെ വേട്ടയാടുന്ന ഭരണകൂടത്തെ അംഗീകരിക്കാൻ കശ്മീരി സ്ത്രീകൾ എങ്ങനെ തയ്യാറാകും? 24 വർഷങ്ങൾക്ക് മുമ്പ് കാണാതാക്കപ്പെട്ട തങ്ങളുടെ പ്രിയപ്പെട്ടവരെ കാത്തിരിക്കുന്നവരാണവർ. അതായത്, സ്റ്റേറ്റ് അവർക്ക് നൽകാൻ വിസമ്മതിക്കുന്നതും അവരിൽ നിന്ന് മറച്ചുവെക്കുന്നതുമായ ഉത്തരങ്ങളെയാണ് അവർ തേടിക്കൊണ്ടിരിക്കുന്നത്.

ഭരണകൂടത്തിന്റേയും പട്ടാളത്തിന്റേയും അതിക്രമങ്ങൾക്ക് ദൈനംദിന ജീവിതത്തിൽ ഇരയാക്കപ്പെടുന്ന കശ്മീരിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കും 'വികസനം' കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്നത് അമിത്ഷാ വിശദീകരിച്ചതായി കണ്ടില്ല. എന്നാൽ അടിസ്ഥാന അവകാശങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന പുരുഷന്മാരുടെ ഭരണപരിധിയിലേക്ക് ഔദ്യോഗികമായി കശ്മീരി സ്ത്രീകളെ തള്ളിയിട്ട കാഴ്ചയാണ് നാം കാണുന്നത്. ഇത് സൂചിപ്പിക്കുന്നത് കശ്മീരിന്റെ സാഹചര്യത്തിൽ സ്ത്രീ അവകാശങ്ങൾ എന്നത് ഭരണകൂട നടപടികളെ ന്യായീകരിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമായി മാറുന്നു എന്നതാണ്. ഇത് പൗരത്വത്തെ കുറിച്ചുള്ള പുനഃരാലോചനകൾക്ക് ആക്കം കൂട്ടുന്നുണ്ട്. പൗരന്മാരെന്ന നിലയിലുള്ള അവകാശങ്ങളും മനുഷ്യരെന്ന പരിഗണനയും പലപ്പോഴും നിഷേധിക്കപ്പെടുന്ന കശ്മീരി സ്ത്രീകളുടെയും പുരുഷൻമാരുടെയും കാര്യത്തിൽ ഒരു പക്ഷെ, ഈ പൗരത്വചർച്ചകളത്രയും നിരർത്ഥകമായേക്കാം.

■



**ഫൗസിയ ഷംസ്**
സബ് എഡിറ്റർ,
ആരാമം മാസിക

# പൗരത്വ സമരങ്ങളിലെ മുസ്ലിംസ്ത്രീ: ചരിത്രവും വർത്തമാനവും

**ജ**നാധിപത്യ താങ്ങിന്റെ എല്ലാ തൂണുകളും ഇന്ന് തുരുമ്പിച്ച അവസ്ഥയിലാണ്. അല്പം പ്രതീക്ഷ പരത്തിയ കോടതിമുറികൾ പോലും നിഷ്പക്ഷതയുടെ മുഖം മൂടി സ്വയം വലിച്ചെറിയാനുള്ള ശ്രമത്തിലാണ്. അടുത്തിടെ നമ്മുടെ കോടതികൾ സ്ത്രീ വിഷയവുമായി ബന്ധപ്പെട്ട് പ്രമാദമായ പല കേസുകൾക്കും വിധി പറഞ്ഞിരുന്നു. ശബരിമല സ്ത്രീ പ്രവേശം, മുത്തലാഖ് എന്നിവ ഉദാഹരണം. എന്നാൽ മുസ്‌ലിം സ്ത്രീകളുമായി നേരിട്ടു ബന്ധമില്ലാത്ത കേസുകളിൽ കോടതി വിധിപ്രസ്ഥാവം നടത്തുമ്പോൾ മുസ്ലിം സ്ത്രീയുടെ ചില വിഷയങ്ങൾ കോടതിക്കു മുമ്പാകെ വരികയും കോടതി സ്വയം ചില സൂചനകൾ നല്കുകയും ചെയ്തിരുന്നു.

ശബരി മലയിൽ സ്ത്രീകൾക്ക് പ്രവേശിക്കാൻ നല്കിയ അനുമതിക്കെതിരെ റിവ്യു പെറ്റീഷൻ നല്കിയ കേസിൽ വാദം കേട്ട അന്നത്തെ ചീഫ് ജസ്റ്റിസ് ശബരിമല യുവതീപ്രവേശം വിശാലബെഞ്ചിന് വിട്ടുകൊണ്ട്, ശബരിമലയിൽ മാത്രം ഒതുങ്ങുന്നതല്ല സ്ത്രീകളോടുള്ള വിവേചനം എന്നു സൂചിപ്പിച്ചു. മുസ്‌ലിം സ്ത്രീകളുടെ പള്ളിപ്രവേശം അടക്കമുള്ള ചില വിഷയങ്ങൾ കോടതി പരാമർശിച്ചിരുന്നു. അതു പോലെ ഇന്ത്യൻ സ്ത്രീ ജീവിതം പഠിക്കാൻ 2012-ൽ പഞ്ചാബ് സർവ്വകലാശാല പ്രൊഫസറായിരുന്ന രാജ്പുത്തിന്റെ നേതൃത്വത്തിൽ നിയോഗിച്ച ഉന്നത സമിതി റിപ്പോർട്ടിൽ മുത്തലാഖ് പരാമർശം ഉണ്ടായിരുന്നു. യഥാർഥത്തിൽ മുസ്‌ലിം സ്ത്രീകൾ ആ വിഷയവുമായി കോടതി കയറുന്നതിന് മുൻപാണിത്. അതേതുടർന്നാണ് മുത്തലാഖ് വിഷയം സജീവമാകുകയും നിയമനിർമാണം നടപ്പിലാവുകയും ചെയ്തതത്. ഇങ്ങനെ ഇരട്ട നീതിപോലും നടത്താൻ ബന്ധപ്പെട്ടവരെ പ്രേരിപ്പിച്ചത് ഫാസിസത്തോടുള്ള 'ചായ്‌വ് മാത്രമല്ല' ഇന്ത്യയിലെ മുസ്‌ലിം പെണ്ണിനോടുള്ള വല്ലാത്ത സഹതാപമാണു പോലും. ഏക സിവിൽ ക്കോഡ് വാദമുഖങ്ങൾ ഉയർന്നുവരുമ്പോഴൊക്കെ പറഞ്ഞുകേൾക്കാറുള്ളത് മുസ്‌ലിം സ്ത്രീയുടെ ലിംഗസമത്വവും ശാക്തീകരണവുമൊക്കെ തന്നെയാണ്.

അർഥവത്തായ സ്ത്രീശാക്തീകരണ ചിന്തയും സമത്വത്തിന്റെ സന്ദേശവുമൊക്കെ ലോകത്തെങ്ങും അലയടിച്ചുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ ചിന്താധാരകളൊക്കെയും ജാതീയാധിഷ്ഠിത മൂലപ്രമാണങ്ങളാൽ ബന്ധിക്കപ്പെട്ട ഇന്ത്യൻ രാഷ്ട്രീയ സാമൂഹികാവസ്ഥയിലെ സ്ത്രീകൾക്കും ധൈര്യപൂർവ്വം സാമൂഹികധാരയോട് സംവദിക്കാനും ക്രിയാത്മക ഇടപെടലുകൾ നടത്താനും സാധ്യതകൾ തെളിഞ്ഞു വരികയാണ്. ക്ഷേമരാഷ്ട്ര സങ്കല്പം സാധ്യമാകണമെങ്കിൽ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീസമൂഹത്തെ സാമൂഹിക പുറംപോക്കിൽ നിർത്തുന്നത് ഗുണകരമാവില്ലെന്ന തിരിച്ചറിവ് പതിയെ പതിയെ രാഷ്ട്രീയ സാമൂഹിക മത പ്രസ്ഥാനങ്ങൾ ആർജ്ജിക്കുകയാണ്. അതനുസരിച്ച് വിവിധങ്ങളായ പദ്ധതികൾ സ്ത്രീകൾക്കായി ഗവൺമെന്റു തലത്തിലും വിവിധ സംഘടനാ തലത്തിലും നടപ്പിലാക്കപ്പെട്ടു. അങ്ങനെ സ്ത്രീ ശാക്തീകരമാറ്റത്തെ ഉൾകൊള്ളാനുള്ള പക്വത പുരുഷ സമൂഹത്തിനുണ്ടാവുകയും അത് സ്വമേധയാ സ്വീകരിക്കാനും കരസ്ഥമാക്കാനും സ്ത്രീ സമൂഹം തയ്യാറാവുകയും ചെയ്യുമ്പോൾ അതിന്റെ ഗുണഫലം നമ്മുടെ സമൂഹത്തിൽ ദൃശ്യമായിക്കൊണ്ടിരിക്കും. എല്ലാ മതജാതി സമൂഹങ്ങളിലും ഈ ഉണർവ്വ് കാണാനാകും. പ്രത്യേകിച്ചും വിദ്യാഭ്യാസ മേഖല മാത്രം എടുത്തു നോക്കിയാൽ മതി സ്ത്രീ വിഭാഗത്തിന്റെ കാര്യശേഷി ബോധ്യമാകാൻ. ഉന്നതകലാലയങ്ങളിലും ഉയർന്ന മത്സരപരീക്ഷകളിലും ഇത്തരത്തിൽ സ്ത്രീപങ്കാളിത്തം ദൃശ്യമാണ്. ഈ മുന്നേറ്റം മുസ്ലിം സ്ത്രീയിലും വർദ്ധിച്ച തോതിൽ കാണാം.

എന്നാലും പുറംപോക്കിൽ ജീവിക്കുന്ന




മുസ്ലിം സ്ത്രീയെ സമുദ്ധരിക്കാനും ശാക്തീകരണ പാതയിൽ നടത്താനും മതേതര പുരോഗമന പ്രസ്ഥാനങ്ങളും, തെറ്റിലേക്കു വഴുതിപ്പോകാതിരിക്കാൻ അവളുടെ മേൽ എല്ലാ അതിരുകളും നിർണയിച്ചു കണ്ണു മൂടിക്കെട്ടി കൈപിടിച്ചു നടത്താൻ മത പൗരോഹിത്യ നേതൃത്വവും കൊണ്ടു പിടിച്ച പണിയിലാണ്. അവൾക്കുമേൽ ഒരു രക്ഷാകർതൃത്തിന്റെ ആവശ്യമുണ്ടെന്നു ധരിച്ചുവശായവർ ഒരു വശത്തും, മുസ്ലിം സ്ത്രീയുടെ പുറം ലോക ചുവടുവെപ്പുകളെ പരിഹാസ്യതയോടെ കാണുന്ന വത്തക്കാ കമന്റുകളും എരുമ വിളിയുമൊക്കെയുള്ള മതയഥാസ്ഥിതിക പാരമ്പര്യവാദികൾ മറുവശത്തും. ഈ രണ്ടു പുരുഷാധികാരഘടയിലാണ് മുസ്ലിം സ്ത്രീ എന്നാണ് ധാരണ. അതിനപ്പുറമുള്ള സാധ്യതകൾ ഏറെയുള്ള മുസ്ലിം പെണ്ണിനെ വകവെച്ചു കൊടുക്കാൻ ഈ രണ്ടു വിഭാഗങ്ങൾ പലപ്പോഴും തയാറായിരുന്നില്ല. മതമെന്ന നിലയിൽ ഇസ്ലാം നല്കുന്ന സമ്പൂർണ സമത്വാധികാരങ്ങളെ കാണാനാകാതെ അടച്ചുറപ്പുള്ള കള്ളിയിൽ പ്രതിഷ്ഠിക്കുന്ന മത യഥാസ്ഥികവും മതേതര പുരുഷസംരക്ഷണ വലയത്തിനകത്തേ മുസ്ലിം സ്ത്രീക്ക് സാധ്യതകൾ ഉള്ളൂ എന്നു ധരിച്ചുവശായ മറ്റൊരു വിഭാഗവും. ഈ രണ്ടു അധികാര ധാരയോടും സമരസപ്പെട്ടും അല്പ്പം കീഴ്പ്പെട്ടും ജീവിക്കുന്ന സ്ത്രീകളും ഇല്ലാതില്ല. എന്നാൽ ഈ രക്ഷാകർതൃമേലാളന്മാരുടെ മുന്നിലേക്കാണ് ആകസ്മികമായി ചില ചോദ്യങ്ങൾ ഇട്ടുകൊണ്ട് നാടു നീളെ ഷഹീൻ ബാഗുകൾ രൂപപ്പെട്ടുവന്നത്. ഞങ്ങളെ ആരും നയിക്കേണ്ടതോ നിയന്ത്രിക്കേണ്ടതോ ഇല്ല, ഞങ്ങൾ നിങ്ങൾക്കു ദിശ കാണിച്ചു തരാം എന്ന് ഊക്കോടെ പറഞ്ഞു കൊണ്ടാണ് അവ നമുക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടത്.

**പൗരത്വ സമരവും മുസ്‌ലിം സ്ത്രീസാന്നിധ്യവും**

ഇന്ന് ഇന്ത്യ എത്തിപ്പെട്ട അപകടകരമായ അവസ്ഥയെ ലോകത്തിനു മുന്നിൽ ചൂണ്ടിക്കാട്ടിക്കൊടുത്തു ധീരമായി പൗരത്വബില്ലിനെതിരെ നാടിനെ നീങ്ങാൻ പ്രേരിപ്പിച്ച ജാമിഅ മില്ലിയ ഇസ്ലാമിയ്യ വിദ്യാർഥികളായ ആയിശ റെന്നയും ലദീദയും ചന്ദനയും കൂട്ടുകാരും. അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഡൽഹി തെരുവോരത്തെ തണുപ്പിൽ വാർധക്യത്തെ കൂസാതെ സമരത്തിനു മുന്നിട്ടിറങ്ങിയ ദീദിമാരും. അവർക്കു പിറകിൽ നാനാഭാഗങ്ങളിലായി അണിനിരന്ന ആയിരക്കണക്കിന് സ്ത്രീകളും. മുസ്ലിം സ്ത്രീയെ കുറിച്ച് ചില എല്ലാ 'പാരമ്പര്യ'ചിന്തകളെയും പുനർ വിചിന്തനത്തിനു വിധേയമാക്കണമെന്ന സന്ദേശമാണ് അവ സമൂഹത്തിനു മേൽ തുറന്നിടുന്നത്.

പൗരത്വ ബില്ലിനെതിരെ പാർലമെന്റിനു അകത്ത് ഇരു സഭകളിലും വിമർശനങ്ങളുയർത്തി എന്നതൊഴിച്ചാൽ അടങ്ങിയിരുന്ന ഇന്ത്യൻ വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളെ പിന്നിലാക്കി പൗരബോധമുള്ള രാജ്യത്തെ ജനങ്ങളെയൊന്നാകെ പൗരത്വബില്ലിന്റെയും എൻ.ആർ.സിയുടെയും എൻ.പി.ആറിന്റെയും ദൂരവ്യാപക ഫലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കിയതും അതിനെതിരെ ശക്തമായ സമരം തുടങ്ങിയതും നയിച്ചതും യഥാർഥത്തിൽ ഈ സ്ത്രീ കൂട്ടായ്മയാണ്. ഇന്ത്യയിലെ പുരുഷന്മാരാൽ നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, യഥാർഥത്തിൽ പൗരത്വ ബില്ലിനെതിരെ ഉണർന്നത് ഈ പെൺകൂട്ടം തെരുവിലേക്കു വന്നപ്പോഴാണ്.

നിഷ്പക്ഷബുദ്ധ്യാ സമീപിക്കുന്നവർക്കു

മുന്നിൽ വളരെ വ്യക്തതയോടെ കാണുന്ന മുസ്‌ലിംസ്ത്രീ മുന്നേറ്റത്തെ വലിയ തോതിൽ മനസ്സറിഞ്ഞ് അംഗീകരിക്കാനുള്ള ധൈര്യം ഇന്നു പലരിലും കാണുന്നില്ല. മുസ്‌ലിം സ്ത്രീ മുന്നേറ്റത്തെയും വിദ്യാഭ്യാസ സാമൂഹിക ഉണർവ്വിനെയും അംഗീകരിക്കാനും അവ കണ്ടില്ലെന്നു നടിക്കാനുള്ള പ്രവണതയും ബോധപൂർവ്വം മറുഭാഗത്ത് ചിലരെങ്കിലും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പ്രത്യേകിച്ചും അക്കാദമിക മതേതര രംഗത്തെ പ്രമുഖരെന്നു പറയപ്പെടുന്നവരിൽ. അവരെ സംബന്ധിച്ചിടത്തോളം മതപരമായ ചിഹ്നങ്ങൾ അണിയുന്ന മുസ്‌ലിം സ്ത്രീ എത്രതന്നെ വിദ്യാഭ്യാസമുള്ളവളാണെങ്കിലും ഉന്നത നിലയിലാണെങ്കിലും അവളെ അംഗീകരിക്കാൻ കഴിയാത്തത്ര മാനസികാവസ്ഥ വളർന്നിട്ടുണ്ട്. പുരുഷ മേൽക്കോയ്മ അടിച്ചേല്പ്പിക്കുന്ന തീരുമാനങ്ങൾക്കപ്പുറത്ത് സാധ്യതകൾ കാണാൻ കഴിയാത്തവരാണ് മുസ്‌ലിം സ്ത്രീ എന്ന ധാരണ ബോധപൂർവ്വം ഉണ്ടാക്കാൻ ശ്രമിക്കുന്നുമുണ്ട്. അതുകൊണ്ടു തന്നെ ബാഹ്യമായ കർതൃത്വ പരിരക്ഷയും മേൽനോട്ടവും സംരക്ഷണവും അവൾക്കു വേണ്ടതുണ്ട് എന്നാണ് പൊതുബോധം തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

**മുസ്‌ലിം സ്ത്രീ പോരാട്ടത്തിന്റെ ചരിത്രം**

എന്നാൽ ഈ ധാരണകളെ സാമൂഹികമായ സ്വയം തിരിച്ചറിവില്ലാത്തതിന്റെ പേരിലാണെന്നു അടിവരയിട്ടു പറയുകയാണ് നാടൊട്ടുക്കും ഉയർന്നു പൊങ്ങിയ ഷഹീൻ ബാഗുകൾ. സമാനമായ രീതിയിൽ ഇന്ത്യയിലെ മുസ്‌ലിം സ്ത്രീത്വം തെരുവിലിറങ്ങിയ ചില ചരിത്ര സാഹചര്യങ്ങളുണ്ട്. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ അവരുടെ പങ്കാളിത്തമുണ്ട്. മക്കളും ഭർത്താക്കന്മാരും ആങ്ങളമാരും സ്വാതന്ത്ര സമരപോരാട്ടത്തിനായി ഇറങ്ങിത്തിരിക്കുമ്പോൾ കണ്ണുകള് മൂടിക്കെട്ടി വാതിൽപ്പടിയിൽ മറഞ്ഞിരിക്കുകയായിരുന്നില്ല അവരൊന്നും. മാപ്പിള സമരമെന്നു പേരിട്ടു വിളിച്ചും പറഞ്ഞും ചരിത്രത്തിന്റെ തിരസ്കൃത കൊട്ടയിലേക്ക് വലിച്ചടുപ്പിക്കാൻ സവർണ അധീശത്വ ബോധം ശ്രമിക്കുന്ന ഇന്ത്യയിലെ ആദ്യ സ്വാതന്ത്ര്യ സമരമെന്നു വിശേഷിപ്പിക്കാവുന്ന 1920 ലെ മലബാർ കലാപത്തിൽ ദേശാഭിമാനത്താലും രാജ്യ സ്നേഹത്താലും ആവേശം കൊണ്ട് ജീവനും ജീവിതവും ബലിയർപ്പിച്ച മുസ്‌ലിം പെണ്ണിന്റെ ചരിത്രവും വിസ്മരിക്കപ്പെടരുത്. ബ്രിട്ടീഷുകാരന്റെ യന്ത്രത്തോക്കിനു മുന്നിൽ പതറാതിരിക്കാൻ പൂക്കോട്ടൂർ യുദ്ധത്തിന് ബദർപ്പാട്ടും പടപ്പാട്ടും പാടി മക്കളെയും ഭർത്താക്കന്മാരെയും പറഞ്ഞയച്ച ഉശിരുള്ള പെണ്ണാണവൾ. സ്വതന്ത്ര ചരിത്രത്തിൽ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയോടൊപ്പം തന്നെ ചേർത്തുനിർത്തേണ്ടതുണ്ട് അവരുടെ പ്രിയ പത്നി മാളു ഹജ്ജുമ്മയെ. പിതാവിനോടൊപ്പം ബ്രിട്ടീഷ് പട്ടാള തോക്കിനു മുന്നിൽ വെടിയേറ്റു വീണ ഫാത്തിമയെന്ന കൗമാരക്കാരിയും കദിയുമ്മയും അങ്ങനെ അനേകായിരം വിസ്മൃതിയിലാഴ്ത്തപ്പെട്ടവർ ഇവിടെയുണ്ട്.

1920-ൽ ഹൈദരാബാദ് കോൺഗ്രസ്സിൽ ഹസ്രത്ത് മൊഹാനി പൂർണ സ്വാരാജ് എന്ന ആവേശോജ്ജ്വല മുദ്രാവാക്യം വിളിക്കുമ്പോൾ അത്യുച്ചത്തിൽ അതേറ്റുവിളിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രിയ പത്നി, നിശാത്തുന്നിസാ ബീഗം അവിടെ അഹമദാബാദിലെ ആ സമ്മേളന വേദിയിലുണ്ടായിരുന്നു. 'യുവ തലമുറ ഈ ദേവിയുടെ കാല് ചുവട്ടിലിരുന്നു വേണം ആത്മാഭിമാനത്തിന്റെയും രാജ്യസ്നേഹത്തിന്റയും ഉദാത്ത മാതൃക പഠിക്കാൻ' എന്നു പണ്ഡിറ്റ് ബ്രിജ് നാരായൺ വിശേഷിപ്പിച്ച സ്വാതന്ത്ര സമരനായികയായിരുന്നു അവർ. ഗാന്ധിയോടും നെഹ്റുവിനോടുമൊപ്പം ഷൗക്കത്തലിയും മുഹമ്മദലിയും മർദ്ദനങ്ങളേറ്റു വാങ്ങി ജയിലിലടക്കപ്പെടുമ്പോൾ ജയിലുവരെ അനുഗമിക്കാനും സമരത്തിനു ആവേശം പകരാനും ബീ അമ്മാൻ എന്ന മാതാവ് അവിടെയുണ്ടായിരുന്നു. ഇന്ത്യ ജയിക്കട്ടെ ഇന്ത്യ നീണാൾ വാഴട്ടെ എന്ന വിജയാഹ്വാനമായ ജയ്ഹിന്ദ് മുഴക്കി ധീരമായി പൊരുതിയതും ആബിദാ ഹസൻ സഫാരി എന്ന മുസ്ലിം സ്ത്രീ തന്നെ. ബ്രിട്ടീഷ് ഫയറിംഗ് സക്വാഡിന്റെ വെടിയേറ്റ് അഖ്ദരീ ബീഗം വീണതും നേപ്പാളിലെ നിബിഡവനത്തിൽ ജീവിതാന്ത്യം ചെലവഴിച്ച് അംജദീ ബീഗം അലഞ്ഞു നടന്നതും ഇന്ത്യയെന്ന സ്വാതന്ത്ര്യ സ്വപ്നം നെഞ്ചിലേറ്റിയായിരുന്നു. "മകനേ ഈ ഉമ്മയുടെ കൈകൾ വാർധക്യം പിടിച്ചതാണെന്നു നീ ധരിക്കരുത് നീയെങ്ങാനും ബ്രിട്ടീഷുകാരന്റെ കരാറിൽ ഒപ്പിടുകയാണെങ്കിൽ ആ കഴുത്ത് ഞെരിച്ചു കൊല്ലാനുള്ള ശക്തി ഈ കൈകൾക്കുണ്ട് എന്ന് നീ മറക്കരുത്" ബ്രിട്ടീഷുകാരാൽ പിടിക്കപ്പെടുകയും നിരന്തര മർദനത്തിനിരയാവുകയും ചെയ്യുന്ന അലി സഹോദരന്മാരെ ബ്രിട്ടീഷുകാർ പിടിച്ചുകൊണ്ടുപോയി അബാല ജയിലിടച്ചപ്പോഴായിരുന്നു 27-ാം വയസ്സിൽ വിധവയായ വാർധക്യത്തോടുക്കുന്ന ബീ അമ്മാൻ എന്ന മാതാവ് ഉറച്ച ശബ്ദത്തിൽ മക്കളോടായി പറഞ്ഞത്. മതസൗഹാർദ്ദത്തിന്റെയും സാമൂഹിക സഹവർത്തിത്വത്തിന്റെയും മാതൃകകയായി സ്വാതന്ത്ര്യ സമരത്തിൽ മുന്നണി പോരാളികളായ ഒരുപാട് മുസ്‌ലിം സഹോദരിമാരെ സ്വാതന്ത്ര്യ സമരത്തിന്റെ ഏടുകൾ നിഷ്കപടമായി പരതിയാൽ കാണാം. കൈവിരലിൽ എണ്ണിപ്പറയാനാവുന്നതല്ല ആ പേരുകളൊന്നും തന്നെ. ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിക്കൊടുത്ത് രാജ്യത്തെ ഒറ്റിക്കൊടുക്കാൻ കൂട്ടുനിന്നുവരുടെ കൈകളിലേക്ക് ചരിത്ര നിർമിതി എത്തിപ്പെട്ടപ്പോൾ അതിനെ നമ്മള് പഠിച്ച പാഠഭാഗങ്ങളിൽ കാണാതെ പോയി എന്നു മാത്രം.

*(ശേഷം പേജ് 65)*

ലദീദ ഫർസാന / അസ്മ മൻഹാം



**അസ്മ മൻഹാം**
ജെ.എൻ.യുവിൽ നിന്നും
എം.എ. പൂർത്തിയാക്കി

# പൗരത്വ പ്രക്ഷോഭവും മുസ്‌ലിംസ്ത്രീ ആക്ടിവിസവും

● *കുടുംബം, പശ്ചാത്തലം തുടങ്ങിയവ പരിചയപ്പെടുത്താമോ? നിങ്ങൾ വളർന്നുവന്ന സാഹചര്യത്തിലെ സ്ത്രീകളുടെ പങ്കിനെ എങ്ങനെ മനസ്സിലാക്കുന്നു? നിങ്ങൾ അതെങ്ങനെ മറികടക്കുന്നു?*

ഞാൻ കണ്ണൂരിലാണ് ജനിച്ചതും വളർന്നതും. എന്റെ മാതാപിതാക്കൾ തൊഴിലാളിവർഗ്ഗ പശ്ചാത്തലത്തിലുള്ളവരും സാമൂഹിക പ്രവർത്തകരുമാണ്. അവരുടെ വിശ്വാസത്തിലൂന്നിയ ആക്ടിവിസവും പ്രവർത്തനവും എന്നെ ഞാനാക്കുന്നതിൽ വളരെയേറെ സഹായകമായിട്ടുണ്ട്. ഒരു നീതിനിഷ്ഠവും തുല്യതയും അനുഭവിക്കാൻ ഉതകുന്ന സമൂഹത്തെ മെനഞ്ഞെടുക്കാൻ വളരെ പാർശ്വവത്കൃതരുടെ കൂടെ സമരം ചെയ്യുന്ന ഒരു ചുറ്റുപാടിനെ കണ്ടുകൊണ്ടാണ് ഞാൻ വളർന്നത് എന്റെ മാതാപിതാക്കളും പല സാമൂഹിക-രാഷ്ട്രീയ-ഇസ്ലാമിക പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്നവരാണ്. ഇതെല്ലാമാണ് എന്നെ ആക്ടിവിസത്തിലേക്ക് തിരിയാൻ പ്രചോദിപ്പിച്ചത്.



ലദീദ ഫർസാന

മുഖ്യധാരാ വിവരണങ്ങൾ മിക്കപ്പോഴും മുസ്ലിം വനിതകളെ ഇരയാക്കി ചിത്രീകരിക്കുന്നത് എന്നെ വളരെയേറെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. കാരണം എനിക്ക് ചുറ്റുമുള്ള വനിതകൾ - എന്റെ ഉമ്മയടക്കം - തങ്ങളുടേതായ സ്പേസും ടൂളും ഉപയോഗിച്ച് നിരന്തരം പോരാടുന്നവരായിരുന്നു എന്നതാണ് പ്രശ്നം. എന്നാൽ ഈ സ്ത്രീജീവിതങ്ങൾ മനസ്സിലാക്കാനോ അംഗീകരിക്കാനോ മുഖ്യധാരാ ചിന്തകരോ മാധ്യമങ്ങളോ ഒരിക്കലും തുനിഞ്ഞില്ല എന്നതാണ് വസ്തുത.

● *CAA ക്കെതിരെ പോരാടാനുള്ള കാരണം?*

വളരെ പ്രശ്നമുള്ളതും അതിനെതിരെ ശക്തമായി തന്നെ സമരം ചെയ്യേണ്ടതുമായ നിയമങ്ങളാണ് ഇന്ത്യൻ ഗവൺമെന്റ് പാസാക്കിയ സി.എ.എ.യും മറ്റു ഡ്രാക്കോണിയൻ നിയമങ്ങളും പാർശ്വവൽകൃത സമുദായത്തിലെ ഒരു വിദ്യാർഥി എന്ന നിലക്ക് ഇതിനെയെല്ലാം നോക്കിക്കാണുമ്പോൾ തീർച്ചയായും പ്രതിഷേധിക്കപ്പെടേണ്ടവയാണെന്ന് ഞാൻ മനസ്സിലാക്കി.

ജാമിയ മില്ലിയ ഇസ്ലാമിയ്യയിലെ വിദ്യാർത്ഥി സമൂഹം യൂണിവേഴ്സിറ്റിയുടെയും ഗവൺമെന്റിന്റെയും നിഷ്ഠൂര നയങ്ങൾക്കെതിരെ നിരന്തരം പ്രതിഷേധിക്കുന്നവരാണ്, ഒരു ന്യൂനപക്ഷ സ്ഥാപനം എന്നിരിക്കെയും ഇവിടുത്തെ വിദ്യാർത്ഥികൾ വിശിഷ്യ മുസ്ലിം വിദ്യാർത്ഥികൾ സമുദായത്തിന്റെയും ഇന്ത്യയുടെയും ഭാവിയോർത്ത് വ്യാകുലപ്പെട്ടുപോന്നു. നമ്മുടെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യപ്പെടുന്നു എന്ന തിരിച്ചറിവാണ് ഇതിനെതിരെ പോരാടാൻ നമ്മെ നയിച്ചത്. നിലവിലെ ഇന്ത്യൻ ഫാഷിസ്റ്റ് ഭരണകൂടം വ്യക്തമായ മുസ്ലിം വംശഹത്യയിലേക്ക് നീങ്ങുന്നതിന്റെ സൂചനകളും പ്രായോഗിക അജണ്ടകളും ആണ് ഇതെല്ലാമെന്ന് ഞാൻ മനസ്സിലാക്കുന്നു. സി.എ.എ. ഈ വംശഹത്യയിലേക്കുള്ള ഒരു നിയമാടിത്തറ മാത്രമാണ്. ഇതിനെതിരെ പോരാടൽ നിർബന്ധമാണ്. ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോഴാണ്?

● *ഇത്രയും കാലം മുന്നിലില്ലാതിരുന്ന സ്ത്രീകൾ - വിശിഷ്യ മുസ്ലിം സ്ത്രീകൾ - എന്തു*



*കൊണ്ടായിരിക്കാം ഇപ്പോൾ സമരത്തിനിറങ്ങുന്നത്?*

എനിക്ക് ഈ ചോദ്യം തന്നെ പലപ്പോഴും മനസ്സിലാകാറില്ല. 2006ൽ രണ്ടാം മണ്ഡൽ സംവരണത്തിന് ശേഷം കേന്ദ്ര സർവകലാശാലകളിൽ വന്നു ചേരുന്ന പല വിശ്വാസികളായ മുസ്ലിംസ്ത്രീകളും ദലിത്-ബഹുജൻ-മുസ്ലിം മുന്നേറ്റങ്ങളിലെ അവിഭാജ്യമാണ് അന്നും ഇന്നും തമ്മിൽ ഞാൻ മനസ്സിലാക്കുന്ന ഏക അന്തരം മീഡിയ വിസിബിലിറ്റിയാണ്. സ്ത്രീകൾ മറയത്ത് അല്ലെങ്കിൽ ഇപ്പോൾ പൊടുന്നനെ വെളിച്ചത് എന്നുള്ളതെല്ലാം മനഃപൂർവ്വ നിർമിതങ്ങളാണ്. മാറ്റം വന്നത് മീഡിയ വിസിബിലിറ്റിയാണ്.

ഉദാഹരണത്തിന് ജെ.എൻ.യുവിലെ സ്റ്റുഡന്റ് കൗൺസിലർ ആയി തെരഞ്ഞെടുക്കപ്പെട്ട അഫ്രീൻ ഫാത്തിമ തന്റെ മുസ്ലിം സ്ത്രീ സ്വത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് തന്നെ ആണ് മത്സരിച്ചതും വിജയിച്ചതും EFLU Hyderabadലെ സമർ അലിയും തന്റെ മതമോ ജെൻഡറോ അടിയറവ് വെച്ചല്ല ജനറൽ സെക്രട്ടറി ആയി തെരഞ്ഞെടുക്കപ്പെട്ടത്.

തദ്ദേശ മുസ്ലിം പ്രസ്ഥാനങ്ങളെ എടുത്ത് നോക്കുകയാണെങ്കിൽ മനസ്സിലാക്കാൻ സാധിക്കും. ഇവയിൽ പ്രവർത്തിക്കുന്ന മുസ്ലിം സ്ത്രീകളാരും തന്നെ തന്റെ മതമോ ജെൻഡറോ ത്യജിച്ചു കൊണ്ടല്ല സമരത്തിനിറങ്ങുന്നതും പോരാടുന്നതും. എന്നാൽ ഇവയെ എല്ലാം അടഞ്ഞ കണ്ണോടെ മാത്രം ദർശിക്കാൻ കിണഞ്ഞു ശ്രമിക്കുന്ന മുഖ്യധാര മതേതര ലിബറൽ ഹിന്ദുത്വ നരേറ്റിവുകൾ ഇപ്പോഴും ഉണ്ടെന്ന വാസ്തവം ആണ് മറുപക്ഷത്ത് മീഡിയ ഹൗസുകളിലെയും അക്കാദമിക സെഷനുകളിലെയും എ.സി.യിട്ട മുറികളിലെ സൗകര്യവും ആനന്ദവും മാത്രം അനുഭവിച്ചു ശീലിച്ച ഇവർ ഒരിക്കലെങ്കിലും സ്വത്വത്തെയും മുറുകെപ്പിടിച്ച് ഒരു ജനാധിപത്യ സ്പേസിനു വേണ്ടി പോരാടുന്ന മുസ്ലിം സ്ത്രീകളുടെ ഇടയിലേക്ക്, അവരുടെ പോരാട്ടങ്ങളെ കാണാൻ ശ്രമിക്കേണ്ടതുണ്ട്.

● *സ്ത്രീകൾ പുരുഷന്മാരിൽ നിന്ന് വ്യത്യസ്തമായാണോ സമരം ചെയ്യുന്നത്?*

ഇസ്ലാമിക് ഫെമിനിസം, ബ്ലാക്ക് ഫെമിനിസം, ദലിത് ഫെമിനിസം തുടങ്ങിയവയുടെ ഉത്ഭവത്തിനു ശേഷം നാം മനസ്സിലാക്കേണ്ടത് പാർശ്വവൽകൃത സമുദായങ്ങളുടെ പോരാട്ടങ്ങളൊന്നും ജെൻഡറെന്ന ശക്തിയിൽ മാത്രം പരിമിതപ്പെടുന്നില്ല എന്നാണ്. ശക്തിയുടെ മറ്റു പല ഘടകങ്ങൾ – മതം, ജാതി, ദേശം, പ്രദേശം, സെക്ഷ്വലിറ്റി തുടങ്ങിയവ – ജെൻഡറിനൊപ്പം തന്നെ പരിഗണിക്കപ്പെടേണ്ടതുണ്ട്.

കശ്മീരിലെയും മണിപ്പൂരിലേയും സമരം ചെയ്യുന്ന പാർശ്വവൽകൃത സ്ത്രീകൾ, ദലിത് രാഷ്ട്രത്തിലെ രാധിക വെമുല, ഫാത്തിമ നഫീസ് മറ്റനേകം സ്ത്രീ പോരാളികൾ/സമരക്കാർ എന്നെ സംബന്ധിച്ചിടത്തോളം ഇവരെല്ലാം മിക്ക പുരുഷ രാഷ്ട്രീയ നേതാക്കന്മാരേക്കാൾ കരുത്തും ക്രിയാത്മകതയും പോരാട്ടങ്ങളിൽ കാണിക്കുന്നുണ്ട് എന്നതാണ്.

ഇന്ത്യയിലെ സാമൂഹ്യനീതിക്ക് വേണ്ടി പോരാടുന്ന ഓരോ പാർശ്വവൽകൃത സമുദായങ്ങളിലെ സ്ത്രീ പോരാട്ടങ്ങളും സവിശേഷമാക്കപ്പെടേണ്ടതാണ്. അതുപോലെ തന്നെയാണ് നിലവിലെ ഹിന്ദുത്വ ഫാഷിസ്റ്റ് ഭരണകൂട ഭീകരതയ്ക്കെതിരായുള്ള പാർശ്വവൽകൃത – ഒ.ബി.സി. – മുസ്ലിം – ദലിത് – ആദിവാസി മുന്നേറ്റങ്ങൾ. ഇവയെല്ലാം നിർണ്ണായക മുന്നേറ്റങ്ങളാണ്, പോരാട്ടങ്ങളാണ്. ഇവരെയും ഏതെങ്കിലും ഒരു പാർട്ടിയിൽ പരിമിതപ്പെടുത്താവതല്ല. സമുദായത്തെ നന്നായറിയുന്ന അവരിലെത്തന്നെ സ്ത്രീകളെയാണ് ഇന്നത്തെ നേതൃത്വത്തിനാവശ്യം.

● *സ്ത്രീകളുടെ വിശിഷ്യ മുസ്ലിം സ്ത്രീകളുടെ – വിസിബിലിറ്റി വല്ല മാറ്റവും സൃഷ്ടിച്ചേക്കാമോ?*

എന്റെ നിരീക്ഷണത്തിൽ മുസ്ലിം സ്ത്രീകൾ വളരെയേറെ സമരവീര്യമുള്ളവരും പോരാളികളുമാണ്. പക്ഷേ ഈ പോരാട്ടങ്ങളോടും സമരങ്ങളോടും മുഖ്യധാരാ വിവരണങ്ങളും പൊളിറ്റിക്കൽ സ്പേസും കാണിച്ച അവജ്ഞ ചെറുതല്ല. മുസ്ലിം സമുദായത്തിനെതിരെ തന്നെ പോരാടുന്ന സെക്കുലർ മുസ്ലിം സ്ത്രീകളെ മാത്രമേ മുഖ്യധാര വിവരണങ്ങളിൽ അടയാളപ്പെടുത്തിയുള്ളൂ. അവർക്കു മാത്രമേ മുഖ്യധാര ഇടം കൊടുത്തുള്ളൂ. ഈ ഒരു പതിവിൽ നിന്നു മാറി വിശ്വാസാധിഷ്ഠിത ആക്ടിവിസത്തിൽ നിന്ന് സംസാരിക്കുന്ന രാഷ്ട്രീയ ബോധ്യമുള്ള സ്ത്രീകളിലേക്ക് നമ്മുടെ കണ്ണുകളെല്ലാം

നീങ്ങേണ്ടതുണ്ട്.

ജാമിഅ പോരാട്ടത്തിനുശേഷം ഒരുപക്ഷേ, മുസ്ലിം സ്ത്രീ പോരാട്ടങ്ങൾക്ക് കുറെക്കൂടെ വിസിബിലിറ്റി വന്നു എന്നിരിക്കാം. ഇത് തെല്ലൊന്നുമല്ലാത്ത ആത്മവിശ്വാസമാണ് മുസ്ലിം സമുദായത്തിന് നൽകിയിട്ടുള്ളത്. നമ്മുടെ പോരാട്ടങ്ങളൊന്നും ഇതര പാർശ്വവൽകൃത സമൂദായങ്ങൾക്കുള്ള ഉയർച്ചയുടെ തടസ്സങ്ങളാവതല്ല. അവരെ ഉൾക്കൊള്ളാനും അംഗീകരിക്കാനും ഉതകുന്ന ഒരു രാഷ്ട്രീയത്തിലേക്കുള്ള വളർച്ചയായിരിക്കണം ഈ മുന്നേറ്റങ്ങൾ. ഇത്തരത്തിൽ മുസ്ലിം സ്ത്രീകൾക്ക് ലഭിക്കുന്ന വിസിബിലിറ്റി തീർച്ചയായും സമുദായത്തിനു തന്നെ ആത്മധൈര്യം നൽകുന്നതാണ്.



● *സമരങ്ങളിലെ താങ്കളുടെ പങ്ക്, ഭാവി തുടങ്ങിയവയെക്കുറിച്ച് മറ്റെന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടോ?*

ഈ പോരാട്ടങ്ങളൊന്നും എന്നിലൊതുങ്ങുന്നവയല്ല ജാമിയയിലെ വിദ്യാർത്ഥികൾ ആരംഭിച്ചതാണ്, അവരാണ് ഇവിടുത്തെ ഹീറോസ്.

പലയിടങ്ങളിലായി പല സമരങ്ങളിലും പങ്കെടുക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. രോഹിത് വെമുലയുടെ നീതിക്കായുള്ള പോരാട്ടങ്ങളിലും കേരളത്തിലെ പല ജാതി വിരുദ്ധ സമരങ്ങളിലും ഞാൻ ഭാഗമായിരുന്നു. ഐക്യദാർഢ്യത്തിലൂന്നിയുള്ള സമര പോരാട്ടങ്ങളിലാണ് ഞാൻ വിശ്വസിക്കുന്നത്. എന്നാൽ ഇതാദ്യമായാണ് എനിക്ക് പറയാനുള്ളതിനെ കേൾക്കുന്ന ഒരു സ്പേസ് എനിക്ക് ലഭിക്കുന്നത്. ആയതിനാൽ തന്നെ ഞാൻ പ്രതിനിധാനം ചെയ്യുന്ന ഈ പാർശ്വവൽകൃത മുന്നേറ്റ പോരാട്ടങ്ങളെക്കുറിച്ച് എനിക്ക് മിണ്ടാതിരിക്കാനാവില്ല.

എന്റെ മത-ആത്മീയ വിശ്വാസാടിസ്ഥാനത്തിൽ, ഞാൻ മനസ്സിലാക്കുന്നത്, നമ്മുടെ അഹംബോധ വിമോചനം സാധ്യമാകുന്നത് നമ്മുടെ സമയവും ഊർജ്ജവും പാർശ്വവത്ക്കരിക്കപ്പെടുകയും ആപരവത്ക്കരിക്കപ്പെടുകയും ചെയ്തവരുടെ പോരാട്ടത്തിനു വേണ്ടി പങ്കുചേരുമ്പോൾ മാത്രമാണ് എന്നുള്ളതാണ്.

എന്നെ സഹായിച്ച ചിലർക്ക് എന്റെ ചില നിലപാടുകളിൽ അതൃപ്തിയുള്ളതായി ഞാൻ മനസ്സിലാക്കുന്നു. ഞാൻ ബഹുസ്വരതയിൽ വിശ്വസിക്കുന്ന ആളു തന്നെയാണ്. പക്ഷേ അതേ സമയം എന്റെ ചിന്താധാരകളും എന്റെ വിശ്വാസങ്ങളും ആത്യന്തികമായി എന്റെ സ്വത്വത്തിലധിഷ്ഠിതമാണ്. അതാണെന്റെ കരുത്തും. ഒരു തരത്തിൽ പറയുകയാണെങ്കിൽ ബഹുസ്വരത അംഗീകരിക്കുന്നതോടൊപ്പം തന്നെ വ്യക്തിസ്വത്വത്തെയും ഉൾക്കൊള്ളുന്ന ആളാണ് ഞാൻ. നമ്മുടെ ഈ മുന്നേറ്റം നിവലിലെ ഹിന്ദുത്വ ഭരണ ഭീകരയ്ക്കെതിരാണ് എന്ന സമവായം ഉള്ളിടത്തോളം കാലം, ചില്ലറ അഭിപ്രായ വ്യത്യാസങ്ങളെല്ലാം മാറ്റിവച്ച്, ഒരുമിച്ച് മുന്നേറാം എന്നാണ് എന്റെ വിശ്വാസം.

● *ഇന്ത്യൻ രാഷ്ട്രീയത്തിലെ മുസ്ലിം സ്ത്രീയുടെ വരവാണോ ഇത് സൂചിപ്പിക്കുന്നത്?* എന്തുകൊണ്ട് ഇത്ര താമസം വന്നു ഇതിൽ?

മുസ്ലിം സ്ത്രീകൾ ആദ്യമേ ഇന്ത്യൻ രാഷ്ട്രീയത്തിൽ പങ്കാളികളായിരുന്നു. എന്നാൽ മുഖ്യധാരാ വരേണ്യ വ്യവഹാരങ്ങളിൽ - ഇടതാവട്ടെ, വലതാകട്ടെ - മുസ്ലിം സ്ത്രീകളെ ഒരേ രീതിയിൽ മുസ്ലിം ആൺകോയ്മയുമായി ബന്ധപ്പെടുത്തി മാത്രമാണ് ചിത്രീകരിക്കാറുള്ളത്. ഇതാദ്യമായിട്ടായിരിക്കും ഇടതും ഹിന്ദുത്വവിരുദ്ധരും മുസ്ലിം സ്ത്രീയുടെ ഊർജ്ജത്തെ മനസ്സിലാക്കുന്നതും അംഗീകരിക്കുന്നതും. ഇത് തന്നെ വലിയ ഒരു മാറ്റമാണ്. ഇനി അവരെങ്ങനെ നാമുമായി സമ്പർക്കപ്പെടണം എന്നുള്ളത് അവരുടെ തലവേദനയാണ്.

സി.എ.എ., എൻ.ആർ.സി., എൻ.പി.ആർ - തുടങ്ങിയവക്കെതിരായ സമരത്തിൽ ഈ രാജ്യത്തെ യുവത ഒരുമിച്ച് പോരാടിക്കൊണ്ടേയിരിക്കും. അതിനെ ഏത് വിധേന പ്രതിരോധിക്കാനും നാം സദാ തയ്യാറുമാണ്.

■

കവിത



**ബഹിയ**
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്,
അധ്യാപിക

# രാജ്യത്തെ തൊട്ടിലിലാട്ടുന്നവർ

ഭയത്തിന്റെ മേലങ്കിയെ
അവ നെയ്യാനുപയോഗിച്ച
നൂലുണ്ടകൾ സഹിതം
എത്ര പെട്ടെന്നാണവൾ
ഊരിയെറിയുന്നത്.
ഒരൊറ്റ വിരലിനാൽ
ഏതേതു തോക്കുകളോടാണ്
യുദ്ധം പ്രഖ്യാപിച്ചു കളയുന്നത്.
യുദ്ധത്തിന്റെ ഭക്ഷണം
അവളും
പൈതങ്ങളുമാണെന്ന്
വെളിപ്പെട്ടിരിക്കുന്നു.
നിനക്കു വേണ്ടി
ഞാനുണ്ടെന്ന
വാക്കുകൾ
ഊണിനൊപ്പം
മാനത്തു വിളമ്പിയ
അമ്പിളിമാമനത്രെ!
തനിക്ക് താനും
പുരക്ക് തൂണുമെന്ന്
അവൾക്കിപ്പോൾ
നന്നായറിയാമത്രെ.
റദ്ദ് ചെയ്യപ്പെട്ട ജനത
മാളമില്ലാത്ത പാമ്പുകളും
ആകാശമില്ലാത്ത പറവകളുമെന്നത്
അതിമോഹം മാത്രം !

മാളമില്ലെങ്കിലും
പാമ്പുകൾ പാമ്പുകളെന്നും
മാനമില്ലാഞ്ഞിട്ടും
പറവകൾ പറവകളെന്നും
വിളിക്കപ്പെടുന്നു.
ചത്തുവീഴുമ്പോൾ
പിറന്നമണ്ണിൽ
അഴുകിച്ചേരുന്നു.
എന്നാൽ,
റദ്ദ് ചെയ്യപ്പെട്ട പൗരത്വം
അസാധുവാക്കപ്പെട്ട നോട്ടെന്ന്
ഒരിക്കൽ,
പിറന്നവീട്ടിൽ നിന്നും
അസാധുവാക്കപ്പെട്ടവളേക്കാൾ നന്നായി
മറ്റാർക്ക് തിരിയാനാണ്?
ഓരോ കലാപകാലവും
ഓരോ യുദ്ധപരിസരവും
അവളിലേക്കാഴ്ത്തി വിട്ട
പീഡനപർവ്വങ്ങൾ
അവളെങ്ങിനെ മറന്നുകളയാനാണ്?
മരിക്കുന്നയത്ര എളുപ്പമല്ല
ജീവിക്കുവാനെന്ന്
ഇനിയുമൊരൊറ്റ തത്ത്വസംഹിതയും
അവളെ പഠിപ്പിക്കേണ്ടതുമില്ല.
അതിനാലാണ്
വീണ്ടും വീണ്ടുമവൾ
നാക്കു കൊണ്ടും
വാക്കു കൊണ്ടും
സാന്നിദ്ധ്യം കൊണ്ടും
അസാന്നിദ്ധ്യം കൊണ്ടും
പ്രതിരോധത്തിന്റെ
ഈണം തീർക്കുന്നത്.

ഒരോ തവണയും
തൊട്ടിലാട്ടുമ്പോൾ തീർത്ത
അതേ ഈണം.

*'മഴയുറങ്ങാത്ത രാത്രി', 'കസായിപ്പുരയിലെ ആട്ടിൻകുട്ടികൾ' എന്നീ കവിതാ സമാഹാരങ്ങളുടെ കർത്താവാണ്*

**വഴിത്താരകൾ**



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# വിഷാദരോഗവും ഞാനും

(സാറ എലിസബത്ത് കുര്യൻ ജൂലൈ 4,2020 ൽ ടൈംസ് ഓഫ് ഇന്ത്യ പത്രത്തിൽ എഴുതിയ കുറിപ്പിന്റെ സ്വതന്ത്ര വിവർത്തനം)

**മുൻകുറിപ്പ്**

*സാറ എലിസബത്ത് കുര്യൻ ഓസ്ട്രേലിയയിൽ, സിഡ്നിയിൽ, താമസമാക്കിയ ഒരു മലയാളി പെൺകുട്ടിയാണ്. ഡോക്യുമെന്ററി സംവിധായികയാണ്. കുറച്ചു ദിവസങ്ങൾക്കു മുൻപ് ടൈംസ് ഓഫ് ഇന്ത്യയിൽ സാറ എഴുതിയ കുറിപ്പ് എന്റെ സഹപാഠിയും സാറയുടെ അമ്മയുമായ ഗീതാഞ്ജലി കുര്യന്റെ ഫേസ്ബുക് അക്കൗണ്ടിൽ നിന്നാണ് ഞാൻ വായിച്ചത്.തീക്ഷ്ണമായ ആ എഴുത്തിനു പിന്നിൽ ഇരുപതു വർഷത്തോളം വിഷാദ രോഗവുമായി മല്ലിട്ട ഒരു പെൺകുട്ടിയുടെ മുറിവടയാളങ്ങളുണ്ട്. വിയർപ്പും തളർച്ചയുമുണ്ട്. കണ്ണീരും വിവേകവുമുണ്ട്.പക്ഷെ അത് വായിച്ച ഉടനെ എന്നിലേക്ക് പ്രസരിച്ചതു ജീവിതത്തോടുള്ള അദമ്യമായ സ്നേഹമാണ്.അതിജീവിക്കുവാനുള്ള മനുഷ്യന്റെ ത്വരയാണ്. ആ രോഗവുമായി ഓരോ നിമിഷവും ഏറ്റുമുട്ടുന്ന അനവധി സഹപീഡിതരോടുള്ള അഗാധമായ സഹാനു ഭൂതിയാണ്. ഈ രോഗത്തിന്റെ വിങ്ങലുകൾ ഇത്ര മിഴിവോടെ, അലിവോടെ വരച്ചിടുന്ന എഴുത്തുകൾ ഞാൻ അധികം കണ്ടിട്ടില്ല. ശൈലിയിലും സമീപനത്തിലും അനന്യത സ്ഫുരിക്കുന്ന സാറയുടെ ചിന്തകളെ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യാൻ ഞാൻ ശ്രമിക്കുന്നത് ഈ എഴുത്തിന്റെ മികവ് കൊണ്ട് മാത്രമല്ല. എന്നെ അമ്പരപ്പിച്ചു കൊണ്ട് മിടുക്കരായ ഒരുപാട് വിദ്യാർഥികൾ ഈ രോഗത്തിന്റെ പിടിത്തത്തിൽ നിന്ന് കുതറാനാകാതെ എനിക്ക് മുന്നിൽ വന്നു നിറഞ്ഞ കണ്ണുകളോടെ ഇരുന്നിട്ടുണ്ട്.അവർക്ക് മുന്നിൽ നിസ്സഹായയായി, ഒരു സിദ്ധാന്തത്തിന്റെയും പിൻബലമില്ലാതെ ഹൃദയം നുറുങ്ങി ഞാൻ ഇരുന്നിട്ടുണ്ട്. സംഗീത ശ്രീനിവാസന്റെ ആസിഡ് എന്ന നോവലിൽ ഡിപ്രൂ എന്ന അരുമപ്പേരിട്ടു വിളിക്കാൻ മാത്രം മലയാളിക്കും ഈ അവസ്ഥ സുപരിചിതമാണ്. സാറയുടെ ആത്മകഥനം അതിന്റെ ദൈനംദിനതയിലേക്കു നമ്മെ ഉണർത്തുകയാണ്.*



**സാറ ഇ. കുര്യൻ**

**കേ**രളത്തിലേക്കുള്ള എന്റെ മടക്കത്തിനൊപ്പം തന്നെ, മറ്റു പ്രദേശങ്ങളെ പോലെ നാട്ടിലും സംഭവിച്ച ലോക്ഡൗൺ കാലം ഞാൻ ചിലവിട്ടത്, ഭയാനകവും ദാരുണങ്ങളുമായ വാർത്തകളിലൂടെ ദിവസങ്ങളോളം കണ്ണോടിച്ചു കൊണ്ടാണ്. എന്തു കൊണ്ടോ സുശാന്ത് സിങ് രാജ്പുതിന്റെ മരണത്തെ പോലെ വ്യക്തിപരമായി എന്നെ പിടിച്ചുകുലുക്കിയ മറ്റൊന്നുമില്ല.അതിനെ പിന്തുടർന്നുണ്ടായ ദേശീയ തലത്തിൽ തന്നെയുള്ള കോലാഹലങ്ങൾ വളരെ ധാർമികവും നൈതികവും ആയിരുന്നെങ്കിലും, മാനസിക ആരോഗ്യത്തെ കുറിച്ചുള്ള യാഥാർഥ്യങ്ങൾ കുറെ തെറ്റിധാരണകളിൽ കുഴഞ്ഞു മറിയുകയായിരുന്നു എന്ന് തോന്നുന്നു.

വിഷാദരോഗവും ഞാനും പഴയ ചങ്ങാതിമാരാണ്. മൂന്നു ദശകങ്ങളായി അവൾ എന്റെ വിശ്വസ്ത സുഹൃത്താണ്. ഞാനും അവളും ഒരു വീടും ഒരു ഹൃദയവും ഒരു തലച്ചോറും പങ്കു വെക്കാത്ത ഒരു കാലം ഇന്നെനിക്കു ഓർമയില്ല. പക്ഷെ ഞാനും അവളും തമ്മിലുള്ള ബന്ധം വളരെ ആരോഗ്യകരമാണെന്നു പറഞ്ഞു കൂടാ. അനവധി തവണകൾ

എന്നെ ഇല്ലാതാക്കാൻ ശ്രമിക്കുകയും, വെറും നിമിഷങ്ങളുടെ പഴുതിൽ ഞാൻ അവളെ അതിനു അനുവദിക്കാതിരിക്കുകയും ചെയ്തതിനു ശേഷം, എങ്ങിനെയാണ് അത് ആരോഗ്യകരമാവുക? മരുന്ന് കഴിച്ചു അവളെ ഇല്ലാതാക്കാൻ ഞാൻ ശ്രമിക്കുന്നതിൽ അവൾ അത്ര ഹരം കൊള്ളാൻ വഴിയില്ല. അതല്ലെങ്കിൽ എന്നെ വെറുതെ വിടാൻ പറഞ്ഞു കൊണ്ട് ഞാൻ അപേക്ഷിക്കും, അവളെ തൊഴിക്കും, നിലവിളിക്കും. എനിക്കല്പം സമാധാനം തരൂ ഒരു ദിവസത്തേക്ക്, ഉദാര മനസ്ഥിതി ഉണ്ടെങ്കിൽ ഒരാഴ്ച. ഇടക്കൊക്കെ അവൾ സഹകരിക്കാറുണ്ട്.

പക്ഷെ അത് നീണ്ടു നിൽക്കില്ലെന്നു ഞങ്ങൾ രണ്ടു പേർക്കും അറിയാം. അവൾക്കു പോകാൻ വേറെ ഇടമില്ല. അവളുടെ വാസം എനിക്കുള്ളിലാണ്. എന്റെ തലക്കകത്ത്.എന്റെ മനസ്സിൽ, എന്റെ വീട്ടിൽ. അവളില്ലാത്ത എന്റെ രൂപം എന്തായിരിക്കും, പെരുമാറ്റം എങ്ങിനെയിരിക്കും, ശബ്ദം എങ്ങിനെയായിരിക്കും എന്ന് അറിയാൻ പറ്റാത്ത വിധം അവൾ എന്റെ കൂടെ അത്ര നീണ്ട കാലം ജീവിച്ചിരിക്കുന്നു. എവിടെയോ ഒരു ബദൽ യാഥാർഥ്യത്തിൽ, എനിക്ക് നഷ്ടപ്പെട്ടു പോയ എന്റെ ആദ്യ പതിപ്പുണ്ട്. വിഷാദരോഗത്തെ കണ്ടുമുട്ടാത്ത എന്റെ പതിപ്പ്. ഞാൻ ഉള്ളത് കൊണ്ട് മാത്രം സാക്ഷാത്കരിക്കപ്പെടാത്ത എന്റെ പതിപ്പ്. എനിക്ക് ആ പെൺകുട്ടിയെ കാണണമെന്നുണ്ട്. എനിക്ക് ആകാൻ കഴിയാത്ത, എന്നാൽ ഞാൻ എന്തൊക്കെ സ്വയം ആകണമെന്ന് ആഗ്രഹിക്കുന്ന ആളാണോ അവൾ എന്ന് എനിക്കറിയണമെന്നുണ്ട്.

അവളുടെ ആദ്യ കാല കഴിവുകളുടെ ഭാരം അവൾ അനായാസമായി പേറിയിരുന്നോ എന്നെനിക്കു അറിയണമെന്നുണ്ട്. അവളുടെ കുടുംബത്തിന് അഭിമാനിക്കാനായി അവൾ തന്റെ ജീവിതം കൊണ്ട് എന്തെങ്കിലും ചെയ്തോ എന്ന് അറിയണമെന്നുണ്ട്. അവളുടെ ജീവിതം കൊണ്ട് എന്തെങ്കിലും അവൾക്കു ചെയ്യാൻ കഴിഞ്ഞോ എന്ന് അറിയണമെന്നുണ്ട്. അവൾ പ്രണയിച്ചിരുന്നോ? വിവാഹം ചെയ്തോ? അവൾക്കു കുഞ്ഞുങ്ങൾ ഉണ്ടായോ? ഒരു തകർപ്പൻ ഉദ്യോഗം? അവൾ ഒരു ഭ്രമകൽപനയാണ്. ഞാൻ അവളെക്കുറിച്ചു സ്വപ്നം കാണുന്നു. ചിലപ്പോൾ ഞാൻ അവളാണെന്നു നടിക്കുന്നു. ഞാൻ ഈ ലോകത്തിന്റെ മുന്നിലേക്ക് വെക്കാൻ ശ്രമിക്കുന്ന വ്യക്തിത്വം അവളുടേതാണ്.

വളരെ അനായാസമായി നിരപ്പായ തറയിലൂടെ മറ്റുള്ളവർ നടക്കുമ്പോൾ ഏതു നിമിഷവും നിലംപതിക്കാവുന്ന കിഴുക്കാം തൂക്കായ പാറയിൽ കയറാത്ത പെൺകുട്ടി. ഉറക്കത്തിന്റെയും ഉണരലിന്റെയും അനന്തമായ ചക്രത്തിലൂടെ തന്റെ ബെഡ് റൂമിൽ ജീവിക്കാത്ത പെൺകുട്ടി. തന്റെ വൈകാരിക ഊർജ്ജത്തിന്റെ ശേഖരമെല്ലാം പല്ലു തേക്കാനും കുളിക്കാനും ചിലവാക്കാത്ത പെൺകുട്ടി. ഭക്ഷണം കഴിക്കാൻ മറക്കാത്ത പെൺകുട്ടി. പൊതുജനത്തിന് മുന്നിൽ തന്റെ തീവ്രമായ ഉത്കണ്ഠകളെയും പൊട്ടിക്കരച്ചിലുകളെയും മറച്ചു പിടിക്കേണ്ടി വരാത്ത പെൺകുട്ടി. ജനങ്ങളെ വിസ്മയിപ്പിക്കുന്ന പെൺകുട്ടി. ഞാൻ ഒരിക്കലും വിസ്മയിപ്പിച്ചിട്ടില്ല. അത് രസകരമായിരിക്കും എന്ന് ഞാൻ സങ്കല്പിക്കാറുണ്ട്. അതിനു മാത്രാമേ എനിക്ക് കഴിയൂ. ഞാൻ ആയേക്കാമായിരുന്ന എന്നെ സങ്കൽപ്പിക്കുക.

നിങ്ങളോട് വിഷാദരോഗം ചെയ്യുന്നത് അതാണ്. നിങ്ങളെ നിങ്ങളാക്കുന്ന എന്തിനെയും ഏതിനെയും അത് കാർന്നു തിന്നുന്നു. നിങ്ങളെക്കാൾ കൂടുതലായി അത് മാത്രം ബാക്കി ആവുന്നത് വരെ. നിങ്ങൾ ഒരു വ്യക്തി അല്ലാതാകുന്നതു വരെ, നിങ്ങളെ ഒരു വ്യക്തി ആക്കുന്ന എല്ലാത്തിനെയും അത് ഉരിഞ്ഞെടുക്കുന്നു. ഈ രോഗവും ഒത്തുള്ള ഒരു ജീവിതത്തിൽ രേഖീയമായി ഒന്നും തന്നെയില്ല. എല്ലാം ശുഭമായി അവസാനിക്കുന്നതിനു മുൻപുള്ള ഒരു മഹത്തായ സമരമല്ലിത്. ആകെ കുഴഞ്ഞു മറിഞ്ഞ സങ്കീർണമായ, ശാരീരികമായി വേദനാജനകമായ ഒരു അവസ്ഥയാണത്. ഒരു ദിവസം നിങ്ങൾ കൊടുമുടിയുടെ ഉയരത്തിലാണെങ്കിൽ അടുത്ത ദിവസം കിഴുക്കാംതൂക്കായ പാറയുടെ താഴെയായിരിക്കും. ഇതിൽ ഒരു ക്രമമോ യുക്തിയോ ഇല്ല. എന്റെ മാതാപിതാക്കൾക്ക് എന്നെ നഷ്ടപ്പെടുന്നതിന്റെ വളരെ അടുത്ത് അവർ എത്തിയിരുന്നു എന്ന അറിവിൽ നിന്ന്, അവരെ സംരക്ഷിക്കാനുള്ള വിചിത്രമായ ശ്രമത്തിൽ ഞാൻ എത്രമാത്രം ആ വീഴ്ചയെ ഉൾക്കൊണ്ടിരുന്നു എന്ന് മനസ്സിലാക്കാം. മറ്റൊരു താങ്ങുമില്ലാതെ തന്നെ എന്റെ അലക്ഷ്യമായ ജീവിതം അവരെ വേണ്ടത്ര വേദനിപ്പിച്ചതല്ലേ? എന്തായാലും എനിക്ക് മരിക്കണമെന്നില്ല. ഞാൻ യുക്തിപൂർവം വാദിച്ചു.ഞാൻ ഉണ്ടായിരിക്കരുത് എന്ന് മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. ആത്മഹത്യയെ കുറിച്ചുള്ള ചിന്തകളോ അഥവാ ആ പ്രവൃത്തി തന്നെയോ ഒരു ഒളിച്ചോട്ടമോ, ആത്മബലം ഇല്ലായ്മയോ അല്ല. ഈ അസ്തിത്വത്തിന്റെ ഭാരത്താലുള്ള കുഴഞ്ഞു വീഴലാണ്.

ഈ ജീവിതം ഉൽക്കടമായ വേദനയും, പീഡനവും ആകുമ്പോൾ പിന്നെ ആകെയുള്ള യുക്തിസഹമായ പരിഹാരം ജീവിക്കാതിരിക്കുക എന്നതാണ്. നമ്മുടെ സൗത്ത് ഏഷ്യൻ സമൂഹത്തിനുള്ളിൽ നമ്മൾ വേണ്ട വിധം മാനസിക ആരോഗ്യത്തെ കുറിച്ച് സംസാരിക്കാറില്ല. ഒരു വിലക്ക്, ഒരു തമാശ ടാബ്ലോയിഡുകളിലെ എരി കേറ്റുന്ന ഒരു വാർത്ത എന്ന ഈ അവസ്ഥ മാറേണ്ടതുണ്ട്. നിങ്ങൾ ഇത് വായിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ പോലെ ആണെന്നതും, ഞാൻ ഇപ്പോഴും ഇവിടെ തന്നെയുണ്ട് എന്നതും നിങ്ങൾക്ക് ഒരു ആശ്വാസം ആവട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു. ഞാൻ ഒരു യോദ്ധാവോ സൂപ്പർ നായികയോ അല്ല. ഏറ്റവും അപഹാസ്യമാം വണ്ണം ഒരു മനുഷ്യനാണ്. ഒരു വിധം, വൈകാരിക സ്ഥിരത ഉണ്ടാക്കി എടുക്കാൻ എനിക്ക് മരുന്നുകൾ കഴിക്കേണ്ടി വന്നിട്ടുണ്ട്. മറ്റുള്ളവർക്ക് അത് തെറാപ്പി ആയിരിക്കാം. സഹായം തേടാതിരിയ്ക്കാൻ തക്കവണ്ണം അപ്രധാനമാണ് നിങ്ങൾ എന്ന് നിങ്ങളുടെ ബുദ്ധി നിങ്ങളെ വിശ്വസിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ പ്രധാനമാണ്. കാരണം നിങ്ങൾ ജീവിച്ചിരിപ്പുണ്ട് എന്നത് തന്നെയാണ്.

■

ശാസ്ത്രം

സീമ ശ്രീലയം



**പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ**

# ഫാബിയോള ജനോട്ടി

# കണഭൗതികത്തിലെ വിസ്മയ വനിത

കണഭൗതികത്തിൽ വിസ്മയങ്ങൾ വിരിയിച്ചുകൊണ്ടിരിക്കുന്ന തുരങ്ക പരീക്ഷണശാലയാണ് സ്വിസ്സ് ഫ്രാൻസ് അതിർത്തിയിൽ ഭൂമിക്കടിയിൽ സ്ഥിതി ചെയ്യുന്ന ലാർജ് ഹാഡ്രോൺ കൊളൈഡർ. ദ്രവ്യത്തിനു പിണ്ഡം എന്ന ഗുണം നൽകുന്ന ഹിഗ്ഗ്സ് ബോസോൺ എന്ന കണത്തെ കണ്ടെത്തിയത് ഇവിടെ നടന്ന കണികാ പരീക്ഷണത്തിലൂടെയാണ്. യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച് (സേൺ) ആണ് വിസ്മയങ്ങൾ വിരിയിച്ചുകൊണ്ടിരിക്കുന്ന കണികാ പരീക്ഷണത്തിനു മേൽനോട്ടം വഹിക്കുന്നത്. ഇപ്പോൾ സേണിന്റെ ഡയറക്റ്റർ ജനറൽ ഒരു വനിതയാണ്. ഫാബിയോള ജനോട്ടി എന്ന കണഭൗതിക ശാസ്ത്രജ്ഞയാണത്. 2016ലാണ് ഫാബിയോള സേൺ ഡയറക്റ്റർ ജനറൽ ആയി സ്ഥാനമേറ്റത്.



ഫാബിയോള ജനോട്ടി

1960 ഒക്റ്റോബർ 29 ന് ഇറ്റലിയിലാണ് ഫാബിയോളയുടെ ജനനം. കുട്ടിക്കാലത്തുതന്നെ പ്രകൃതിയിലെ വിസ്മയക്കാഴ്ചകൾ ഫാബിയോളയെ ഏറെ ആകർഷിച്ചിരുന്നു. മാതാപിതാക്കളാവട്ടെ മകളിൽ ശാസ്ത്രാഭിമുഖ്യം വളർത്താൻ ശ്രമിക്കുകയും ചെയ്തു. മാഡം ക്യൂറിയുടെ ജീവിതകഥ ഫാബിയോളയെ ഏറെ സ്വാധീനിച്ചു. ശാസ്ത്രഗവേഷണത്തിൽ പുതിയ സാധ്യതകൾ തേടിയ ഫാബിയോള ജനോട്ടി മിലാൻ സർവ്വകലാശാലയിൽ നിന്നും 1989ൽ കണഭൗതികത്തിൽ ഡോക്റ്ററേറ്റ് നേടി.1996ൽ ഫെല്ലോഷിപ്പോടെ സേണിൽ ഗവേഷകയായ ഈ വനിത ചുരുങ്ങിയ കാലം കൊണ്ടു തന്നെ മികവു തെളിയിക്കുകയും മുഴുവൻ സമയ ഗവേഷകയാവുകയും ചെയ്തു. 2009ൽ പ്രോജക്റ്റ് ലീഡറായി സ്ഥാനക്കയറ്റം ലഭിച്ച ഫാബിയോള കണികാപരീക്ഷണത്തിലെ നിർണ്ണായക ചുവടായ അറ്റ്ലസ് പ്രോജക്റ്റിലും നിർണ്ണായക സാന്നിധ്യമായി. ഈ പരീക്ഷണത്തിലൂടെയാണ് ദൈവകണം എന്നു വിശേഷിപ്പിക്കപ്പെടുന്ന, കാലങ്ങളായി ഭൗതിക ശാസ്ത്രജ്ഞരുടെ ഉറക്കം കെടുത്തിക്കൊണ്ടിരുന്ന ഹിഗ്ഗ്സ് ബോസോണിന്റെ കണ്ടെത്തൽ സാധ്യമായത്. 2012 ജൂലൈ 4 ന് ഈ വിസ്മയം ലോകത്തെ അറിയിച്ചതും ഫാബിയോള തന്നെ. ലാർജ് ഹാഡ്രോൺ കൊളൈഡർ പരീക്ഷണം പ്രമേയമായ പാർട്ടിക്കിൾ ഫീവർ എന്ന ഡോക്യുമെന്ററി ഫിലിമിൽ അവർ പ്രധാന റോൾ കൈകാര്യം ചെയ്യുകയും ചെയ്തു. അഞ്ഞൂറോളം പ്രസിദ്ധീകരണങ്ങളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ഫാബിയോള.

പ്രധാനപ്പെട്ട നിരവധി അന്താരാഷ്ട്ര ശാസ്ത്ര കമ്മിറ്റികളിലും അംഗമാണ് ഈ ശാസ്ത്രജ്ഞ. പുരുഷ മേധാവിത്വം കൊടികുത്തിവാണിരുന്ന മേഖലയിലാണ് എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചുകൊണ്ട് ഫാബിയോള വെന്നിക്കൊടി പാറിച്ചത്. സുപ്രധാനമായ അറ്റ്ലസ് പ്രോജക്റ്റിൽ വെറും 20 ശതമാനം മാത്രമായിരുന്നു വനിതാ ഗവേഷകരുടെ സാന്നിധ്യം. ചുരുങ്ങിയ കാലം കൊണ്ടു തന്നെ ഫാബിയോളയുടെ ഗവേഷണ മികവും നേതൃത്വ പാടവവും ശ്രദ്ധേയമായി. അങ്ങനെ സേണിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു വനിത ഡയറക്റ്റർ ജനറൽ സ്ഥാനത്തെത്തി. 2011ൽ ഗാർഡിയൻ പത്രം ലോകത്തെ സ്വാധീനിച്ച വനിതകളെ തെരഞ്ഞെടുത്തപ്പോഴും 2012ൽ ടൈം മാഗസിന്റെ പേർസണാലിറ്റി ഓഫ് ദ് ഇയറിലും 2018ൽ ബിബിസിയുടെ 100 വിമൺ ലിസ്റ്റിലുമൊക്കെ ഈ ശാസ്ത്രജ്ഞ ഇടം നേടി. ഇറ്റാലിയൻ ഗവൺമെന്റിന്റെ ഓർഡർ ഓഫ് മെറിറ്റ്, എന്റിക്കോ ഫെർമി പ്രൈസ്, നീൽസ് ബോർ ഇൻസ്റ്റിറ്റ്യൂട്ട് മെഡൽ തുടങ്ങി നിരവധി പുരസ്ക്കാരങ്ങളും ഫാബിയോളയെ തേടിയെത്തി. ■

(തുടർച്ച പേജ് 58)

രണ്ടാം സ്വാതന്ത്ര്യസമരം എന്ന് നിർവ്വചിക്കാവുന്ന തരത്തിൽ ഇന്ത്യ പാകപ്പെട്ടുവരുമ്പോൾ അതിന് നേതൃപരമായ പങ്കുവഹിക്കാൻ തീർത്തും യോഗ്യരായവർ മുസ്‌ലിം സ്ത്രീകളാണെന്നത് ചരിത്ര നിയോഗമെന്നു പറയാൻ വേണ്ടി ചില പേരുകൾ സൂചിപ്പിച്ചു വെന്നു മാത്രം. ആ സ്വാതന്ത്രസമരത്തിന്റെ സമരജ്വാലകൾ സിരകളിലൂടെ കത്തിപ്പടരുന്നതുകൊണ്ടാണ്, അവരുടെ തലമുറ കൂടി ഭാഗഭാക്കായി സ്വാതന്ത്ര്യം നേടിയത് നേരിൽ കണ്ടതുകൊണ്ടാണ് ഒരു പ്ലേറ്റ് ബിരിയാണിക്കും 500 രൂപക്കുമല്ല ഞങ്ങൾ സമരം ചെയ്യുന്നത്, ഈ സമരം ഞങ്ങൾ പാതി വഴിയിൽ ഉപേക്ഷിക്കുകയില്ല എന്നും പറഞ്ഞു ഡൽഹിയുടെ തണുപ്പിൽ എൺപത്തിരണ്ടുകാരി ബിൽക്കീസ് ബാനുവും തൊണ്ണൂറുകാരി അസ്മ ഖാത്തൂനും എൺപത്തഞ്ചുവയസ്സുകാരി സർവരിയും സമര മുഖത്തേക്കെത്തിയത്. ആ തെരുവിലെത്തുമ്പോൾ സ്വാതന്ത്ര സമരപോരാട്ടത്തിന്റെ വലിയൊരു പാരമ്പര്യവും നേർക്കാഴ്ചകളുടെ സ്വാധീനവും മാത്രമാണവർക്ക് കൈമുതൽ. അവരുടെ പൂർവ്വികർ കൈമെയ് മറന്നു സാഹോദര്യത്തിലൂടെ കാത്ത ഇന്ത്യ ഇനി ലോകത്തിനു മുന്നിൽ വർഗീയ ഫാസിസത്തിലൂടെ നാണം കെടാൻ അനുവദിക്കുകയില്ലാ എന്നാണവർ പറയുന്നത്.

**പൗരത്വ സമരവും ഇന്ത്യയുടെ ഭാവിയും**

മുസ്‌ലിം സ്ത്രീയുടെ നാനാവിധ സർഗാത്മക ആവിഷ്കാരങ്ങളെയാണ് യഥാർഥത്തിൽ ഇത് തുറന്നുവിട്ടത്. ആടിയും പാടിയും കവിത രചിച്ചും ചിത്രം വരച്ചും പ്രസംഗിച്ചും രചനകൾ നടത്തിയും ഒരുപാടൊരുപാടു പേർ ഇന്ന് തെരുവിനെ സർഗാത്മകമായി ആവിഷ്കരിക്കുകയാണ്. ഈ സമരങ്ങളൊന്നും തന്നെ പാഴായിപ്പോകില്ലായെന്നുറപ്പിച്ചു പറയാം. യഥാർഥത്തിൽ അവർ പൊരുതുന്നത് നാളെയുടെ മക്കൾക്കുവേണ്ടിയാണ്. തങ്ങളുടെ മക്കൾ ഇന്ത്യൻ മണ്ണിൽ കാലുറപ്പിച്ചു നിർത്താൻ വേണ്ടിയാണ്. അവരുടെ പ്രതിരോധം ഇന്ത്യയിലെ ഓരോ മുസ്‌ലീമായ ആണിനും കൂടി വേണ്ടിയാണ്. അവരെത്രയോ കണ്ടിട്ടുണ്ട്, നിന്ന നിൽപ്പിൽ ഭരണകൂടത്താൽ ഇല്ലാതായിപ്പോയ അവരുടെ ആൺമക്കളെ. കലാലയ മുറ്റത്തുവെച്ച് എങ്ങോട്ടെന്നില്ലാതെ മറഞ്ഞുപോയ നജീബും ജുനൈദും തബ്രീസ് അൻസാരിയും അങ്ങനെ നരേന്ദ്രമോദി നേതൃത്വം നല്കിയ ഒന്നും രണ്ടും ഫാസിസ്റ്റു ഭരണകൂടങ്ങൾ ഇല്ലാതാക്കിയ മക്കൾ നിരവധിയാണ്. ഇന്ത്യൻ തെരുവേരങ്ങളിൽ നിന്ന് കണ്ണു ചിമ്മിതുറക്കും മുന്നേ കാണാതായിപ്പോകുന്ന ഇല്ലാതായിപ്പോകുന്നവരാണ് അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ മുസ്‌ലിം യുവാക്കൾ. ഒരു സമുദായത്തിലെ ആണിനുപോലും രാജ്യത്ത് സുരക്ഷിതമാല്ലാത്തപ്പോൾ എങ്ങനെയാണ് അവരിലെ സ്ത്രീകൾ മാത്രമായി ഉയർന്നുവരിക. നിലനില്പ്പിനു വേണ്ടി പൊരുതുമ്പോൾ എങ്ങനെയാണ് സ്വയം ശാക്തീകരിക്കാൻ കഴിയുക. എന്നിട്ടും ആത്മാഭിമാനത്തോടെ എല്ലാവർക്കും മുന്നിലായി മുസ്‌ലിം സ്ത്രീ ഉയര്ത്തെഴുന്നേറ്റിരിക്കയാണ്. നാളെയുടെ നല്ല ഇന്ത്യക്കായി.

■

## കാർട്ടൂൺ

**കടപ്പാട് : ടൂൺ പൂൾ**




Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# "പൗരത്വനിയമം, വല്ലാത്ത പഹയത്തരം"






മർവ റംല ഖാദർ
ഫ്രീലാൻസ് റൈറ്റർ
& ഗ്രാഫിക് ഡിസൈനർ